ജി. ചേടിയത്ത്

# നമ്മുടെ കർത്താവായ
# യേശുമിശിഹാ



malankaralibrary.com

# നമ്മുടെ കർത്താവായ
# യേശുമിശിഹാ

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

ജി. ചേടിയത്ത്

# നമ്മുടെ കർത്താവായ
# യേശുമിശിഹാ

പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പാ രചിച്ച
നസ്രത്തിലെ യേശു
എന്ന ഗ്രന്ഥത്തെ മുഖ്യമായും ആധാരമാക്കി തയാറാക്കിയ ഗ്രന്ഥം

പത്തനംതിട്ട

2017

malankaralibrary.com

**G.Chediath, Nammude Karthavaya Jesu Msiha**
(Our Lord Jesus Christ), Pathanamthitta, 2017.

© G.Chediath, 2017

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@ gmail.com

Price : 80/-



malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 7 |
| | ഗുരുമൊഴി | 10 |
| 1. | യേശു ആര്? | 11 |
| 2. | മംഗളവാർത്ത | 15 |
| 3. | യേശുവിന്റെ ജനനം-ബേത്‌ലഹേമിൽ | 21 |
| 4. | ജ്ഞാനികളുടെ വരവ് | 25 |
| 5. | ദൈവാലയസമർപ്പണം | 29 |
| 6. | യേശു പന്ത്രണ്ടാം വയസ്സിൽ-ദൈവാലയത്തിൽ | 31 |
| 7. | യേശുവിന്റെ സ്നാനവും പരീക്ഷകളും | 33 |
| 8. | ദൈവരാജ്യം | 38 |
| 9. | മലയിലെ പ്രസംഗം | 40 |
| 10. | അഷ്ടസൗഭാഗ്യങ്ങൾ | 42 |
| 11. | കർതൃപ്രാർത്ഥന | 48 |
| 12. | യേശുവിന്റെ ശിഷ്യന്മാർ | 54 |
| 13. | യേശുവിനെ മനസ്സിലാക്കിയവർ | 56 |
| 14. | യേശുവിന്റെ ഉപമകൾ | 58 |
| 15. | നാലാം സുവിശേഷത്തിന്റെ പ്രത്യേകതകൾ | 62 |
| 16. | യേശു സാക്ഷാൽ മുന്തിരിച്ചെടി | 65 |
| 17. | യേശു ജീവന്റെ അപ്പം | 68 |




malankaralibrary.com

18. നല്ല ഇടയനായ യേശു 70
19. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം 72
20. യേശുവിന്റെ രൂപാന്തരീകരണം 75
21. യേശു-പുതിയ മോശ 77
22. പുതിയ ദാവീദും സങ്കീർത്തനങ്ങളും 80
23. യേശുവിന്റെ നാമങ്ങൾ 82
24. ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനം 87
25. ദൈവാലയശുദ്ധീകരണം 91
26. യേശുവിന്റെ യുഗാന്ത്യ പ്രഭാഷണം 96
27. സത്യത്താലുള്ള വിശുദ്ധീകരണം 103
28. ഒറ്റുകാരനും തള്ളിപ്പറഞ്ഞവനും 109
29. യേശുവിന്റെ മഹാപുരോഹിതപ്രാർത്ഥന 112
30. യേശുവിന്റെ പെസഹാ 118
31. ഗത്സമെൻതോട്ടം 125
32. നിരന്തരജാഗരൂകത 128
33. യേശുവിന്റെ വിസ്താരവും വിധിയും 129
34. യേശു കുരിശിൽ 133
35. കുരിശുമരണവും അനുരഞ്ജനവും
പാപപരിഹാരവും രക്ഷയും 138
36. യേശുവിന്റെ ഉത്ഥാനം 141
37. നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം 146
മലയാളത്തിലുള്ള ചില പട്രിസ്റ്റിക് ടെക്സ്റ്റുകൾ 149
ചേടിയത്തച്ചന്റെ പുസ്തകങ്ങൾ 153
Bibliography 156
മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ 156



malankaralibrary.com

# ആമുഖം

പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പാ നസ്രത്തിലെ യേശു എന്ന തലക്കെട്ടിൽ (Josef Ratzinger/Pope Benedict XVI, Jesus von Nazareth) മൂന്നു വാല്യങ്ങളിലായി 2007, 2011, 2012 എന്നീ വർഷങ്ങളിൽ ഒരു മഹാഗ്രന്ഥം പ്രസിദ്ധീകരിച്ചു. ജർമൻ ഭാഷയിൽ രചിച്ച പ്രസ്തുത ഗ്രന്ഥത്തിന് വിവിധ ഭാഷകളിൽ വിവർത്തനങ്ങൾ ഉണ്ടായി. എന്റെ വത്സല ശിഷ്യനും പ്രിയ സ്നേഹിതനുമായ റവ. ഡോ. ജോസ് മാണിപ്പറമ്പിൽ അച്ചൻ ഈ വിശിഷ്ട ഗ്രന്ഥം മലയാളത്തിൽ വിവർത്തനം ചെയ്ത് ബിബ്ലിയാ പബ്ലിക്കേഷനിലൂടെ പ്രസിദ്ധീകരിച്ചു (വാല്യം, 1, 2013, പേജ്, 591; വാല്യം, 2, 2011, പേജ്, 510; വാല്യം, 3, 2013, പേജ്, 195). ലോകഗുരുവായ ബനഡിക്ട് മാർപാപ്പായുടെ ഈ ഗ്രന്ഥം മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച ബ. ജോസ് അച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ. മലയാളത്തിൽ മൂന്നു വാല്യങ്ങളും കൂടി 1300 പേജുകൾ വരും.

ഈ ഗ്രന്ഥങ്ങളുടെ ഒരു സംഗ്രഹം 150 പേജിൽ ഇപ്പോൾ ഇവിടെ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. സാധാരണക്കാരെ സംബന്ധിച്ച് ഈ മൂന്നു വാല്യങ്ങൾ വായിച്ച് ഗ്രഹിക്കാൻ അൽപം പ്രയാസമാണ്. വളരെയധികം ആഴവും പരപ്പുമുള്ള ഗ്രന്ഥമാണ് മാർപാപ്പായുടെ "നസ്രത്തിലെ യേശു" എന്ന കൃതി. വളരെയധികം ഉൾക്കാഴ്ച നൽകുന്ന നിരവധി പ്രമേയങ്ങൾ ആ ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു. അവയിൽ നിന്ന് കുറേ പ്രമുഖ വിഷയങ്ങൾ തെരഞ്ഞെടുത്ത് സുഗ്രഹമായും ലളിതമായും ഇവിടെ അവതരിപ്പിക്കുന്നു.

സത്യമായും യേശു ആരാണ് എന്ന ചോദ്യത്തിന് ഉത്തരം നൽകാനാണ് പരിശുദ്ധ പിതാവ് ഉദ്യമിക്കുന്നത്. തിരുലിഖിതത്തെ അടിസ്ഥാനമാക്കിയാണ് മാർപാപ്പാ ഈ മഹാദൗത്യം നിറവേറ്റിയിരിക്കുന്നത്. യേശുവിന്റെ യഥാർഥചിത്രം തെളിഞ്ഞു കാണുന്നത് തിരുലിഖിതത്തിലാണ്. പഴയനിയമം ഉടനീളം യേശുവിനെ വ്യംഗ്യഭാഷ



malankaralibrary.com

യിൽ വരച്ചുകാട്ടുന്നു. എന്നാൽ പുതിയനിയമം യഥാതഥം അവതരിപ്പി ക്കുന്നു. യേശുവിനെപറ്റി എഴുതിയിട്ടുള്ള മുൻകാല ദൈവശാസ്ത്ര ജ്ഞന്മാരിൽ മിക്കവരെയും മാർപാപ്പാ പരാമർശിക്കുകയും അവരുടെ കൃതികളിലെ നേട്ടങ്ങളും കോട്ടങ്ങളും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. യേശുവിനെപ്പറ്റി രചിക്കപ്പെട്ട അനേകം ഗ്രന്ഥങ്ങളേക്കാൾ മഹത്തരമാണ് പരിശുദ്ധ പിതാവിന്റെ ഈ ഗ്രന്ഥത്രയം.

മാർപാപ്പായുടെ ദീർഘനാളത്തെ ധ്യാനവും വിചിന്തനവും പഠനവുമാണ് നാം ഈ ഗ്രന്ഥത്തിൽ കാണുക. യേശുമിശിഹാ എന്ന മഹാരഹസ്യത്തെ ഒരു മഹാധിഷണാശാലി ധ്യാനിച്ചതിന്റെ അനന്തര ഫലമാണ് ഈ കൃതി. യേശു ആരാണ്, യേശുവിന്റെ തനിമ എന്താണ്, യേശു ലോകത്തിന് ചെയ്തത് എന്താണ്, യേശുവിന്റെ പ്രസക്തി എന്താണ്, യേശു എനിക്ക് ആരാണ് എന്നു തുടങ്ങിയ ചോദ്യങ്ങളെല്ലാം മാർപാപ്പാ ധ്യാനവിഷയമാക്കി.

നസ്രായനേശു ദൈവത്തെ ധരയിൽ എത്തിച്ചു. പഴയനിയമ കാലത്ത് ദൈവദർശനം ഭാഗികമായിരുന്നു. എന്നാൽ ഇപ്പോൾ ദൈവ മിതാ മനുഷ്യരുടെ മധ്യത്തിൽ മനുഷ്യനായി അവതരിച്ചിരിക്കുന്നു. ദൈവത്തിന്റെ സ്നേഹം മനുഷ്യവേഷം ധരിച്ച് നമ്മുടെ പക്കലേക്ക് വന്നിരിക്കുന്നു. യേശു സത്യദൈവചിത്രം മനുഷ്യന് കാട്ടിക്കൊടുത്തു. ദൈവത്തിലേക്കുള്ള പാത തുറന്ന പ്രവാചകന്മാരുടെ വഴിയിലൂടെ നവമായ രീതിയിൽ യേശു നടന്നെത്തി. ദൈവത്തെ എല്ലാവർക്കുമായി കൊണ്ടുവന്നു. എല്ലാവർക്കും ദൈവമായി യേശുവെത്തി. "സമസ്ത ലോകത്തിനുമുള്ള മഹാസന്തോഷമായി" അവൻ കടന്നുവന്നു.

പിതാവുമായുള്ള ഗാഢമായ യോജിപ്പിന്റെ വെളിച്ചത്തിൽ യേശു വിനെ കാണാൻ പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പാ ശ്രമിച്ചു. ദൈവപിതാവാണ് യേശുവിന്റെ വ്യക്തിത്വത്തിന്റെ യഥാർഥ കേന്ദ്രം. സുവിശേഷങ്ങളിലെ യേശുരൂപമാണ് യഥാർഥ യേശു രൂപമെന്ന് മാർപാപ്പാ കണ്ടെത്തി. യേശു തന്റെ ദൈവത്വം നമുക്ക് പങ്കുവച്ചുതന്നു. കർത്താവിന്റെ മുഖം തേടിയുള്ള അന്വേഷണത്തിൽ നിന്ന് രൂപപ്പെട്ട താണ് മാർപാപ്പായുടെ ഗ്രന്ഥത്രയം. യേശുവിനോടൊപ്പം സഞ്ചരി ക്കാൻ ഈ ശ്രേഷ്ഠാചാര്യൻ ശ്രമിച്ചു. തദ്ഫലമായി ഈ മഹാവിശുദ്ധൻ പിതാവുമായി ഐക്യത്തിലേക്ക് എടുക്കപ്പെട്ടു. അതായത്, രക്ഷയും വീണ്ടെടുപ്പും എന്താണെന്ന് ലോകഗുരുവായ മാർപാപ്പാ മനസ്സിലാക്കി.



malankaralibrary.com

"മനുഷ്യസ്വഭാവത്തിന്റെ പരിമിതികളിൽ നിന്ന് അതിനപ്പുറത്തേക്ക് ചുവടു വയ്ക്കാൻ കഴിയുന്നതാണ് വീണ്ടെടുപ്പ്" എന്ന് മാർപാപ്പാ പറഞ്ഞുവച്ചു.

പഴയനിയമത്തിന്റെ തുടർച്ചയായി മാത്രമേ യേശുവിനെ മനസ്സിലാക്കാൻ കഴിയൂ. ദൈവത്തിന്റെ എല്ലാ പ്രവചനങ്ങളുടെയും വാഗ്ദാനങ്ങളുടെയും പൂർത്തീകരണമായി, എല്ലാ നിഴലുകളുടെയും യാഥാർത്ഥ്യമായി, യേശു കാലപൂർണതയിൽ മന്നിലവതരിച്ചു. "ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ അയയ്ക്കും" എന്ന് മോശയിലൂടെ ദൈവം നൽകിയ വാഗ്ദാനവും (നിയമാവർത്തനം,18,15), "നിന്റെ സന്തതിയിലൂടെ ലോകജനത മുഴുവൻ അനുഗ്രഹിക്കപ്പെടും" എന്ന് അബ്രഹാമിനു ലഭിച്ച വാഗ്ദാനവും (ഉൽപ്പ. 22,18), "നിന്റെ സിഹാസനം ശാശ്വതമായിരിക്കും" എന്ന് ദാവീദിനു ലഭിച്ച അനുഗ്രഹവും (2 സാമു.7,16) യേശുവിലൂടെ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടു. പഴയനിയമത്തിൽ അർത്ഥം കണ്ടെത്താൻ കഴിയാതിരുന്ന, അഥവാ അർത്ഥം കാത്തിരുന്ന, അനേകം പ്രവചനങ്ങൾ യേശുവിൽ അർത്ഥപൂർണമായി.

ഈ മഹാഗ്രന്ഥത്തിന്റെ ഉള്ളിലേക്ക് നേരിട്ടു കടക്കാൻ വായനക്കാരെ ക്ഷണിക്കുക മാത്രമാണ് എന്റെ ഗ്രന്ഥത്തിന്റെ ലക്ഷ്യം. നസ്രത്തിലെ യേശുവിനെപ്പറ്റി കൂടുതലായി ഗ്രഹിക്കാൻ മാർപാപ്പായുടെ ഗ്രന്ഥം തന്നെ വായിക്കണം. അതിനുള്ള പ്രേരണ ഈ ചെറു ഗ്രന്ഥത്തിലൂടെ വായനക്കാരന് ലഭിക്കട്ടെ. പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പായുടെ 90-ാം ജന്മദിനമായ ഏപ്രിൽ 16-ന് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇതിന്റെ മുദ്രണം ഭംഗിയായി നിർവഹിച്ച ബഥനിപ്രസിലെ അധികാരികൾക്കും സഹപ്രവർത്തകർക്കും കൂപ്പുകൈ. ഈ ഗ്രന്ഥം സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ

കാതലിക് ബിഷപ്പ്സ് ഹൗസ്,
പത്തനംതിട്ട.689645.
16.04.2017.



malankaralibrary.com

# ഗുരുമൊഴി

"പിതാവുമായുള്ള സമ്പൂർണ യോജിപ്പിന്റെ വെളിച്ചത്തിൽ യേശുവിനെ കാണുകയാണ് ഈ പുസ്തകം. യേശുവിന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രം ദൈവപിതാവാണ്. ഈ കേന്ദ്രത്തിൽ നിന്നാണ് അവിടുന്ന് ഇന്നും നമുക്ക് സന്നിഹിതനാകുന്നത്...അവിടുന്ന് മാംസം ധരിച്ചാണ് ധരയിലേക്ക് എഴുന്നെള്ളിയത്. അങ്ങനെ ദൈവം സത്യമായും ചരിത്രത്തിലേക്ക് പ്രവേശിച്ചു...സുവിശേഷങ്ങളിലെ യേശുരൂപം യഥാർഥ യേശുരൂപമായി ചിത്രീകരിക്കാൻ ഞാൻ ആഗ്രഹിച്ചു. ചരിത്രത്തിലെ യേശു സുവിശേഷങ്ങളിലെ യേശുവാണെന്ന് ചിത്രീകരിക്കാൻ ഞാൻ പരിശ്രമിച്ചു. അവിടുത്തെ ദൈവത്വം അവിടുന്ന് നമുക്ക് പങ്കുവച്ചുതന്നു. കർത്താവിന്റെ മുഖം തേടിയുള്ള എന്റെ അന്വേഷണത്തിൽ നിന്ന് രൂപപ്പെട്ടതും അതിന്റെ പ്രകാശനവുമാണ് ഈ പുസ്തകം. കർത്താവിന്റെ രൂപത്തിന്റെ ഒരുൾക്കാഴ്ച, ഒരന്തർദർശനം, എനിക്കു ലഭിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ആ ഉൾക്കാഴ്ച യേശുവുമായുള്ള കൂടിക്കാഴ്ച തേടുന്നു, അവനിൽ വിശ്വസിക്കാൻ വേണ്ടി അന്വേഷണം നടത്തുന്നു. എല്ലാ വായനക്കാർക്കും ഈ ഗ്രന്ഥം ഉപകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു"(നസ്രത്തിലെ യേശു).

**ബനഡിക്ട് മാർപാപ്പാ**



malankaralibrary.com

# 1
## യേശു ആര്?

ന്യായവിസ്താരവേളയിൽ പ്രെത്തോറിയത്തിൽ വച്ച് അപ്രതീക്ഷിതമായി പീലാത്തോസ് യേശുവിനോട് ചോദിച്ചു: "നീ എവിടെ നിന്നാണ്? യേശു മറുപടിയൊന്നും പറഞ്ഞില്ല" (യോഹ.19,9). "യേശു തന്നെത്തന്നെ ദൈവപുത്രനാക്കി. അതിനാൽ അവൻ മരണാർഹനാണ്" എന്നായിരുന്നു യഹൂദന്മാരുടെ ആരോപണം. അവൻ തിന്മ പ്രവർത്തിക്കുന്നവനായി അവർ ആരോപിച്ചു (യോഹ.18,30). "നീ രാജാവാണല്ലേ?" എന്ന് പീലാത്തോസ് പറഞ്ഞപ്പോൾ, "നീ തന്നെ പറഞ്ഞല്ലോ. ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. എന്നാൽ എന്റെ രാജ്യം ഐഹികമല്ല...സത്യത്തിനു സാക്ഷ്യം വഹിക്കാൻ ഞാൻ വന്നിരിക്കുന്നു" എന്ന് യേശു പ്രത്യുത്തരിച്ചു (യോഹ. 18,36-37).

യേശുവിനെ പറ്റി ചില യഹൂദന്മാർ കരുതിയിരുന്നത്, അവൻ സ്വർഗത്തിൽ നിന്നോ, ദൈവപിതാവിൽ നിന്നോ, ഉന്നതത്തിൽ നിന്നോ അല്ല വന്നത് എന്നത്രേ. അവൻ എവിടെ നിന്നാണെന്ന് അവർ കൃത്യമായി പറഞ്ഞു: "ഇവൻ ജോസഫിന്റെ മകനായ യേശുവല്ലേ? ഇവന്റെ അപ്പനേയും അമ്മയേയും നമുക്ക് അറിഞ്ഞുകൂടേ? പിന്നെങ്ങനെയാണ്, ഞാൻ സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നിരിക്കുന്നു എന്ന് ഇവൻ പറയുന്നത്?" (യോഹ.6,42).

നസറേത്തിലെ സിനഗോഗിൽ വച്ച് ഏശായാ പ്രവാചകന്റെ പുസ്തകം വായിച്ചിട്ട് നമ്മുടെ കർത്താവ് അതിന്റെ പൊരുൾ നൽകി. മറ്റുള്ള റബിമാർ നൽകിയിരുന്ന വ്യാഖ്യാനങ്ങളിൽ നിന്ന് വ്യത്യസ്തമായി അവിടുന്ന് അവയെ വ്യാഖ്യാനിച്ചു. തന്നെയും തന്റെ ദൗത്യത്തെയും കുറിച്ചാണ് ഈ ഭാഗമെന്ന് ആധികാരികമായി പഠിപ്പിച്ചു. കേട്ടവരെല്ലാം ഞെട്ടിപ്പോയി. അവർ അവനെ തിരസ്കരിച്ചുകൊണ്ട് പറഞ്ഞു: "ഇവൻ ജോസഫിന്റെ മകനല്ലേ?" (ലൂ.4,22). മർക്കോസ്



malankaralibrary.com

പറയുന്നത് ഇപ്രകാരമാണ്: "ഇവൻ മറിയത്തിന്റെ മകനും, യാക്കോബ്, യോസേ, യൂദാ, ശിമയോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലേ? ഇവന്റെ സഹോദരിമാരും ഇവിടെ നമ്മുടെ കൂടെയില്ലേ? അങ്ങനെ അവർക്ക് അവനിൽ ഇടർച്ച ഉണ്ടായി" (മർക്കോ.6,3).

'യേശു അവരിൽ ഒരുവനാണ്, അവന്റെ അവകാശവാദം ധാർഷ്ഠ്യമാണ്' എന്നാണ് ആ ജനം കരുതിയത്. കാരണം, നസ്രേത്ത് വളരെ അപ്രധാനമായ സ്ഥലമായിരുന്നു. "നസ്രേതിൽ നിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു" എന്ന് ഫീലിപ്പോസ് നഥാനിയേലിനോട് പറഞ്ഞപ്പോൾ, "നസ്രേതിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?" എന്ന് നഥാനിയേൽ പറഞ്ഞു. അത് അന്നത്തെ പൊതുവികാരം പ്രകടിപ്പിക്കലാണ് (യോഹ. 1,45-46). എന്നാൽ യേശു എവിടെ നിന്നാണെന്ന് തങ്ങൾക്കറിഞ്ഞുകൂടാ എന്ന ചിന്താഗതിയും നിലനിന്നു. കാഴ്ച ലഭിച്ച അന്ധനോട് ഫരിസേയർ പറയുന്നു: "ഈ മനുഷ്യൻ എവിടെ നിന്നാണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ" (യോഹ.9,29).

കേസറിയാ ഫിലിപ്പിയിൽ വച്ച് യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ചു: "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" (മത്താ.16,13). ആരാണ് യേശു? അവൻ എവിടെ നിന്നാണ്? ജനങ്ങൾ നൽകിയ വൈവിധ്യമാർന്ന മറുപടി ശ്രവിച്ച ശേഷമാണ് ശിഷ്യരുടെ പ്രതികരണം അറിയാൻ യേശു താൽപ്പര്യപ്പെട്ടത്: "ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?" (മത്താ.16,15). യേശുവിനെ ഒരു പ്രവാചകനായി കാണുന്ന കാഴ്ചപ്പാടായിരുന്നു പലർക്കും ഉണ്ടായിരുന്നത്. എന്നാൽ പത്രോസ് പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആണ്" (മത്താ.16,16). നാലു സുവിശേഷകരും യേശുവിന്റെ ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ശ്രമിക്കുന്നു.

വി. മത്തായി സുവിശേഷം ആരംഭിക്കുന്നത് യേശുവിന്റെ വംശാവലി പട്ടികയോടെയാണ്: "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം" (1,1). വി. മത്തായി അബ്രഹാമിൽ തുടങ്ങി ദാവീദിലൂടെ യേശുവിൽ അവസാനിപ്പിക്കുന്നു. അബ്രഹാമിനോടുകൂടി വാഗ്ദത്തചരിത്രം ആരംഭിക്കുന്നു (ഉൽപ.12). വിശ്വാസതീർത്ഥാടനം നടത്തിയ പഥികനായിരുന്നു അബ്രഹാം (എബ്രാ.11,10). "ഭൂമിയിലെ ജനപദങ്ങളെല്ലാം അബ്രഹാമിന്റെ സന്തതിയിലൂടെ അനുഗ്രഹിക്കപ്പെടും" എന്ന ദൈവികവാഗ്ദാനം (ഉൽപ്പ.18,18) ഇസഹാക്കിൽ നിന്ന് പിന്നെയും മുൻപോട്ട് കണ്ണു പായിക്കുന്നു. സുവിശേഷത്തിന്റെ അവസാനഭാഗത്ത് വി. മത്തായി രേഖപ്പെടുത്തുന്നു: "സകല ജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ" (28,19).



malankaralibrary.com

വംശാവലി നങ്കൂരമിട്ടിരിക്കുന്നത് ദാവീദിലാണ്: "നിന്റെ സിംഹാസനം എന്നേക്കും നിലനിൽക്കും" (2 സാമു.7,16). പതിന്നാല് തലമുറകളുടെ മൂന്നു ഗണങ്ങളായി മത്തായി വംശാവലി സംവിധാനം ചെയ്തിരിക്കുന്നു: "അബ്രഹാം മുതൽ ദാവീദുവരെ പതിന്നാല്, ദാവീദു മുതൽ ബാബിലോൺ പ്രവാസം വരെ പതിന്നാല്, ബാബിലോൺ പ്രവാസം മുതൽ മിശിഹാ വരെ പതിന്നാല് തലമുറകളാണ് ആകെയുള്ളത്." യേശുവിൽ വാഗ്ദാനം പൂർത്തീകരിക്കപ്പെടുന്നു (മത്താ.1,17). നിത്യം നിലനിൽക്കാനുള്ള രാജാവ് പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദാവീദിന്റെ സിംഹാസനം എന്നും നിലനിൽക്കുമെന്ന് വ്യക്തമായിരിക്കുന്നു. എന്നാൽ ജനം പ്രതീക്ഷിച്ചത് ദാവീദിന്റെ രൂപമാതൃകയിലുള്ള രാജാവിനെയാണ്. രാജാധിരാജനായ യേശുവാകട്ടെ തികച്ചും വ്യത്യസ്തനായിരുന്നു. പ്രവാചകന്മാർ പ്രവചിച്ച തരത്തിലുള്ളവനായിരുന്നു അവൻ.

വംശാവലി പട്ടികയിൽ വി. മത്തായി നാലു സ്ത്രീകളെ ഉൾപ്പെടുത്തുന്നു: താമാർ, റാഹാബ്, റൂത്ത്, ഊറിയായയുടെ ഭാര്യ. ഈ നാലു പേരും പാപിനികളായിരുന്നു. അവരുടെ പാപം യേശു സ്വന്തം സ്വത്വത്തിൽ വഹിച്ചുകൊണ്ട്, ലോകപാപം മുഴുവൻ ഏറ്റെടുക്കുന്നെന്ന് വ്യക്തമാക്കുന്നു. പാപികളെ നീതീകരിക്കയാണ് യേശുവിന്റെ ദൗത്യമെന്ന് മത്തായി ഇതിലൂടെ വെളിപ്പെടുത്തുന്നു. ഈ നാലു സ്ത്രീകളും യഹൂദരല്ലായിരുന്നു. ഇവരിലൂടെ വിജാതിയലോകം യേശുവിന്റെ വംശാവലിയിൽ കയറിക്കൂടുന്നു. യേശു എല്ലാവരുടെയുമാണെന്ന് ഇത് കാട്ടുന്നു.

മറിയം എന്ന സ്ത്രീയിൽ വംശാവലി അവസാനിക്കുന്നു. അവൾ പുതിയ തുടക്കം കുറിക്കുന്നു: "യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു" (മത്താ.1,16). വംശാവലിയിലെ അവസാന വാക്യം: "മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്" (1, 20). നിയമത്തിന്റെ മുമ്പിൽ ജോസഫാണ് യേശുവിന്റെ പിതാവ്. നിയമാനുസൃതമായി ദാവീദുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് ജോസഫ്. എന്നാൽ യേശു സ്വർഗീയപിതാവിൽ നിന്നാണ്.

വി. മർക്കോസ് സുവിശേഷം തുടങ്ങുന്നത്, "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" എന്നാണ് (1,1).

വി. ലൂക്കാ യേശുവിൽ നിന്നാരംഭിച്ച് ദൈവത്തിൽ അവസാനിപ്പിക്കുന്ന പട്ടികയാണ് നൽകുന്നത് (3,23-38). പരസ്യജീവിത സംഭവങ്ങൾ പറയാൻ ആരംഭിക്കുന്നിടത്താണ് ലൂക്കാ വംശാവലി പട്ടിക നൽകുന്നത്. പരസ്യജീവിതത്തിൽ യേശുവിന് നിയമസാധുത നൽകുക



malankaralibrary.com

യാണ് ലൂക്കായുടെ ലക്ഷ്യം: "യേശു ജോസഫിന്റെ മകനായി കരുതപ്പെട്ടിരുന്നു"(ലൂ.3,23). പട്ടികയിലെ പേരുകളിലും അന്തരമുണ്ട്. സുവിശേഷകർ വ്യക്തികളുടെ പേരിൽ അത്ര ശ്രദ്ധിച്ചില്ല. ചരിത്രത്തിൽ യേശുവിന്റെ സ്ഥാനം എന്താണെന്ന് പ്രതീകാത്മക ഘടനയിലൂടെ അവതരിപ്പിക്കാൻ അവർ ശ്രമിച്ചു. മത്തായി 42 പേരുകളും ലൂക്കോസ് 76 പേരുകളും നൽകുന്നു. ലൂക്കോസിന്റെ വംശാവലി പട്ടികയിൽ പതിനൊന്ന് തലമുറകളുടെ ഏഴ് പിൻതുടർച്ചകളുണ്ട്. ഏഴിന്റെ ഗുണിതങ്ങൾ ആയിട്ടാണ് ലൂക്കാ വംശാവലി തിട്ടപ്പെടുത്തിയിരിക്കുന്നത്. യേശുവിൽ മനുഷ്യവംശം തീർത്തും നവമായി ആരംഭിക്കുന്നു. മനുഷ്യ വംശത്തെ മുഴുവൻ ബാധിക്കുന്ന വാഗ്ദാനമാണ് ലൂക്കാ അവതരിപ്പിക്കുന്നത്.

യോഹന്നാൻ വംശാവലി പട്ടിക നൽകുന്നില്ല. എന്നാൽ ആരംഭത്തിൽ തന്നെ യേശു ആരാണെന്ന് സ്പഷ്ടമാക്കുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ദൈവത്തോടു കൂടെ ആയിരുന്നു. ആ വചനം ദൈവമായിരുന്നു...വചനം മാംസമായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു" (യോഹ.1,1-5.14). ദൈവവചനം ഈ ലോകത്തിൽ നമ്മുടെ ഇടയിൽ വസിക്കുന്ന കൂടാരമാണ് മനുഷ്യനായ യേശു. പഴയ നിയമത്തിലെ സമാഗമ കൂടാരമാണ് സൂചന. കൂടാരവും ദൈവാലയവും നൽകിയ സൂചനകളുടെ യാഥാർഥ്യമാണ് യേശു. അവൻ ലോകം സൃഷ്ടിച്ച് ക്രമപ്പെടുത്തി. നമ്മിലേക്കു വന്ന ആരംഭം നവമായ തരത്തിലുള്ള മനുഷ്യാസ്തിത്വമായി തുറക്കപ്പെടുന്നു. "തന്നിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി... അവൻ ജനിച്ചത് ദൈവത്തിൽ നിന്നാണ് (യോഹ.1,12-13). അത് കന്യകയിൽ നിന്നുള്ള ജനനത്തിന്റെ വ്യക്തമായ സൂചനയാണ്. മൗലിക ഗ്രീക്ക് കൈയെഴുത്തു പ്രതികളിൽ "അവർ ജനിച്ചത്" എന്നാണ്. പി.ഓ.സി. ബൈബിൾ "അവർ ജനിച്ചത്" എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. അതായത് ക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർ. വിശ്വാസത്തിലൂടെ വിശ്വാസികൾ യേശുവിന്റെ തനിമയാർന്ന ഉത്ഭവത്തിലേക്ക് കടന്നു ചെല്ലുന്നു. അങ്ങനെ ആ ഉത്ഭവം തങ്ങളുടെ സ്വന്തം ഉത്ഭവമായി അവർ സ്വീകരിക്കുന്നു. നമ്മുടെ യഥാർഥ വംശാവലി യേശുവിലുള്ള വിശ്വാസമാണ്. യേശു നമുക്ക് പുതിയൊരുത്ഭവം നൽകുന്നു. അവൻ നമ്മെ ദൈവത്തിൽ നിന്നുള്ള ജനനത്തിലേക്ക് കൊണ്ടുവരുന്നു.

യേശു എവിടെ നിന്നാണ്? യേശു ദൈവത്തിൽ നിന്നാണ്. യേശു മറിയത്തിൽ നിന്നാണ്. നിയമപ്രകാരം ജോസഫിന്റെ മകനായി അറിയപ്പെട്ടു. എന്നാൽ അവന്റെ പിതാവ്, സ്വർഗീയ പിതാവാണ്. ഇതാണ് അവന്റെ സ്വത്വം.



malankaralibrary.com

# 2

# മംഗളവാർത്ത

യേശുവിന്റെ ശൈശവകാല സംഭവങ്ങളെ വി. മത്തായിയും വി. ലൂക്കോസും പഴയനിയമ സംഭവങ്ങളുമായി ബന്ധിക്കുന്നു. എന്നാൽ വ്യത്യസ്ത രീതിയിലാണ് ഇരുവരും അവതരിപ്പിക്കുന്നതെന്നു മാത്രം. ഓരോ സംഭവത്തിനും ചേരുന്ന പഴയനിയമഭാഗം മത്തായി ഉദ്ധരിക്കുന്നു. ലൂക്കായാകട്ടെ പഴയനിയമ ഭാഷയിലാണ് ബാല്യകാല വിവരണങ്ങൾ അവതരിപ്പിക്കുന്നത്. ഒരു യഹൂദ സെമിറ്റിക് ശൈലി ലൂക്കാ ഉപയോഗിക്കുന്നു. പഴയനിയമ ഭാഗങ്ങളിൽ നൂറ്റാണ്ടുകളായി മറഞ്ഞിരുന്നതും പൂർത്തീകരിക്കപ്പെടാതിരുന്നതുമായ സംഗതികൾ രക്ഷകന്റെ വരവോടുകൂടി ഇപ്പോൾ തെളിഞ്ഞു കാണുന്നു. ആ പ്രവചനങ്ങളുടെ ആന്തരികാർഥം ഇപ്പോൾ ആഴത്തിൽ വെളിപ്പെടുന്നു. ഈ ചരിത്രം അവതരിപ്പിക്കുന്നതുവരെ ആ തിരുവചനങ്ങളുടെ ശരിയായ പൊരുൾ വ്യക്തമല്ലായിരുന്നു എന്നു ചുരുക്കം.

മറിയത്തിന്റെ കുടുംബപാരമ്പര്യങ്ങളിൽ നിന്നാണ് മത്തായിക്കും ലൂക്കായ്ക്കും ബാല്യകാലചരിത്രം ലഭിച്ചത്. അതിന്റെ ഒന്നാമത്തെ ഉറവിടം മറിയം തന്നെ. മറ്റു ദൃക്സാക്ഷികൾ ഇല്ലാത്തതിനാൽ മറിയത്തിനു മാത്രമേ മംഗളവാർത്തയും ബന്ധപ്പെട്ട മറ്റു സംഗതികളും റിപ്പോർട്ടു ചെയ്യാൻ കഴിയുമായിരുന്നുള്ളു. മറിയം ഈ സംഗതികളൊക്കെ കുടുംബത്തിലെ ഏറ്റവും അടുത്ത സുഹൃദ് വലയത്തിൽ പറഞ്ഞിരുന്നു. മറിയവും അവരും അവ നിധിപോലെ സൂക്ഷിച്ചിരുന്നു: "മറിയമാകട്ടെ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് അവയെ കുറിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂ.2,19). "അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ നിധിയായി സൂക്ഷിച്ചു" (ലൂ.2,51). നമ്മുടെ



malankaralibrary.com

കർത്താവിന്റെ ഉത്ഥാനാനന്തരം അവർ അത് കൊട്ടിഘോഷിച്ചു. വി. ലൂക്കായും വി. മത്തായിയും അവ രേഖപ്പെടുത്തി.

എന്നാൽ പഴയനിയമത്തിന്റെ ചുവടുപിടിച്ചാണ് സുവിശേഷകർ ഈ കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ചരിത്രത്തിൽ സത്യമായും നടന്ന സംഗതികൾക്ക് പഴയനിയമ പശ്ചാത്തലത്തിൽ അവർ പ്രകാശനം നൽകുന്നു. യഥാർത്ഥവും പൂർണവും അന്തിമവുമായ അർത്ഥം നൽകുന്നു. അഥവാ, അവർ അർത്ഥം കണ്ടെത്തുന്നു. അവർ കേട്ട ചരിത്ര സത്യം പഴയനിയമ പശ്ചാത്തലം ഉപയോഗിച്ച് വിവരിക്കുന്നു. അവർ അവതരിപ്പിക്കുന്നത് ചരിത്രമാണ്. അവതരണരീതി വ്യത്യസ്തമാണ്. അത് അവർ തെരഞ്ഞെടുത്തതാണ്. എന്നാൽ ആ ശൈലി ദൈവ വചനത്തിന് അന്യമല്ല. തിരുലിഖിതശൈലി തന്നെയാണത്. നവജാത വിശ്വാസ സമൂഹത്തിന് ആവശ്യമായവ മാത്രം അവർ രേഖപ്പെടുത്തി. അതുകൊണ്ട് ബാല്യകാലചരിത്രം, വ്യാഖ്യാനിക്കപ്പെട്ട ചരിത്രമാണ്. സ്നാപക യോഹന്നാന്റെയും യേശുവിന്റെയും ജനനത്തെ കുറിച്ചുള്ള മംഗളവാർത്താവിവരണം ബാല്യകാല രേഖയിൽ കാണാം.

## സ്നാപകയോഹന്നാൻ

പഴയനിയമവുമായി വളരെ ബന്ധപ്പെട്ട ചരിത്രമാണ് സ്നാപക യോഹന്നാന്റേത്. പുരോഹിത കുടുംബത്തിൽ പെട്ട യോഹന്നാൻ പുരോഹിതനായിരുന്നു (ലൂ.1,5). യോഹന്നാന്റെ മാതാപിതാക്കൾ നീതി മാന്മാരായിരുന്നു. അതായത്, നിയമത്തിലെ പ്രമാണങ്ങൾ അനുസരിച്ച് ദൈവതിരുമുമ്പാകെ വ്യാപരിച്ചിരുന്നു. കർത്താവിനായി ഹൃദയം സദാ തുറന്നിടുകയും ചെയ്തിരുന്നു. അവർ പ്രായം ചെന്നവരായിരുന്നു (ലൂ.1,6-7). അബ്രഹാമിന് ഇസഹാക്ക് ജനിച്ചതുപോലെയും ഹന്നായ്ക്ക് സാമുവേൽ ജനിച്ചതുപോലെയുമാണ് സക്കറിയായ്ക്കും എലിസബ ത്തിനും യോഹന്നാൻ ജനിച്ചത് (ഉൽപ്പ.18,10-14; 1സാമു.1). മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ യോഹന്നാൻ പരിശുദ്ധാത്മാവിനാൽ നിറയ പ്പെട്ടവനായിരുന്നു (ലൂ.1,15). മാലാക്കി പ്രവാചകനും (3,1) ഏശായാ പ്രവാചകനും (40,3-5) യോഹന്നാനെ പറ്റി പ്രവചിച്ചിരുന്നു (ലൂ.3,1-6). കർത്താവിന് വഴിയൊരുക്കാൻ ഏലിയായുടെ ചൈതന്യത്തോടെ അയ ക്കപ്പെട്ട ദൂതനാണവൻ. അങ്ങനെ യോഹന്നാനെ പ്രവാചക ഗണത്തി ലും ഉൾച്ചേർത്തിരിക്കുന്നു (ലൂ.7,26-27). യഹൂദ പൗരോഹിത്യവും പ്രവാചകത്വവും യോഹന്നാൻ വരെ വന്നു.



malankaralibrary.com

## മറിയത്തിനുള്ള മംഗളവാർത്ത

ലൂക്കാ "ആറാംമാസം" എന്ന പ്രയോഗം കൊണ്ട് യോഹന്നാൻ സ്നാപകന്റെ ചരിത്രവുമായി മറിയത്തിനുള്ള മംഗളവാർത്തയെ ബന്ധിക്കുന്നു. ദൈവദൂതന്റെ ആശംസ ശ്രദ്ധേയമാണ്: എബ്രായ ഭാഷയിൽ ഷാലോം - സമാധാനം. ലൂക്കാ ഗ്രീക്കിൽ എഴുതിയിരിക്കുന്നത്, "കൈറേ കെക്കറിത്തോമെനെ" എന്നാണ്. "ദൈവകൃപ ലഭിച്ചവളേ, ആനന്ദിച്ചാലും" എന്നാണ് കൃത്യമായ വിവർത്തനം. "നന്മ നിറഞ്ഞവളേ, സ്വസ്തി" എന്നും "കൃപ നിറഞ്ഞവളേ, സമാധാനം" എന്നും മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു.

"കൈറേയും" അതിനോട് ബന്ധപ്പെട്ടവയുമായ പല വാക്കുകളും സുവിശേഷത്തിൽ കാണാം. ദൂതന്മാർ ഇടയന്മാരോട് അറിയിച്ചത് "വലിയ ആനന്ദത്തിന്റെ സദ്വാർത്തയാണ്"(ലൂ.2,10). ഉത്ഥാനം ചെയ്ത കർത്താവിനെ കണ്ട് ശിഷ്യന്മാർ ആനന്ദിച്ചു (യോഹ.20,20). ഈശോയുടെ വിടവാങ്ങൽ പ്രസംഗത്തിലും ഇതു കാണുന്നു: "ഞാൻ നിങ്ങളെ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം ആനന്ദിക്കും. നിങ്ങളുടെ ആനന്ദം ആരും നിങ്ങളിൽ നിന്ന് എടുത്തു കളയുകയില്ല" (യോഹ.16,22). ആനന്ദം പരിശുദ്ധാത്മദാനമാണ്. "കൈറേ" എന്ന വാക്ക് വിജാതിയരുടെ ഗ്രീക്കിൽ നിന്നുള്ള വാക്കാണ്. ഇതിലൂടെ ലോകത്തിലുള്ള സകല മനുഷ്യർക്കും വാതിൽ തുറക്കപ്പെടുകയാണ്. ഇതിലൂടെ യഹൂദർക്കും വിജാതിയർക്കും കടക്കാം. ക്രൈസ്തവ സന്ദേശത്തിന്റെ സാർവത്രികത ഇതിലൂടെ വ്യക്തമാക്കപ്പെടുന്നു.

*ആനന്ദം* എന്ന പദം പഴയനിയമ പശ്ചാത്തലമുള്ളതാണ്. "സീയോൻപുത്രീ, ആനന്ദിച്ചാലും. ഇസ്രായേലേ, ആർത്തുവിളിച്ചാലും... ഇസ്രായേലിന്റെ രാജാവായ കർത്താവ് നിന്റെ മധ്യത്തിലുണ്ട്" (സെഫ. 3,14-17). "അവൻ നിന്റെ മധ്യത്തിലുണ്ട് "എന്നതാണ് ആനന്ദകാരണം. ആക്ഷരികമായ വിവർത്തനം "അവൻ നിന്റെ ഉദരത്തിലുണ്ട്" എന്നാണ്. ഇതു തന്നെയാണ് ഗബ്രിയേൽ മറിയത്തോട് പറഞ്ഞത്: "നീ നിന്റെ ഉദരത്തിൽ ഗർഭം ധരിക്കും" (ലൂ.1,31). ഇവിടെ സീയോൻ പുത്രിയായി മറിയം പ്രത്യക്ഷപ്പെടുന്നു. അവളിൽ സെഫനിയാ പ്രവചനം നിറവേറി.

മറിയത്തെ ദൈവത്തിന്റെ സജീവകൂടാരമായി അവതരിപ്പിച്ചിരിക്കുന്നു: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും." (ലൂ.1,35). വാഗ്ദാനപേടകത്തെ മറച്ചി



malankaralibrary.com

രുന്നതും ദൈവസാന്നിധ്യത്തിന്റെ പ്രതീകവുമായ മേഘം (ഷെക്കീനാ) പോലെ പരിശുദ്ധാത്മാവ് നിന്റെ മേൽ ആവസിക്കും. "ആവസിക്കും" എന്ന പദം അർഥസംപുഷ്ടമാണ്. ഇവിടെ പിതാവാണ് പ്രവർത്തിക്കുന്നതും പുത്രനെ അയക്കുന്നതും. പരിശുദ്ധാത്മാവാണ് ആവസിക്കുന്നത്. അതായത്, ഇവിടെ ത്രിത്വസാന്നിധ്യം വെളിപ്പെടുന്നു. പുതിയ വാഗ്ദാനപേടകമായി മറിയം മാറുന്നു. അഥവാ, പഴയനിയമ വാഗ്ദാന പേടകത്തിന്റെ പൊരുളും യാഥാർഥ്യവും പൂർത്തീകരണവും മറിയത്തിൽ നാം കാണുന്നു.

"നീ അവന് യേശു എന്ന് പേരിടണം". "യേശുനാമം" രക്ഷിക്കുന്ന നാമമാണ്. സീനായ് മലയിൽ വച്ച് അപൂർണമായി വെളിപ്പെട്ട "യാഹ്വെ "എന്ന നാമം ഇവിടെ പൂർണതയിൽ എത്തുന്നു. "ആയിരിക്കുന്ന" ദൈവം, രക്ഷിക്കുന്ന ദൈവമാണ്. അവനിതാ ചരിത്രത്തിലേക്ക് ഇറങ്ങിത്തിരിക്കുന്നു. അവനിതാ രക്ഷകനായി അവതരിക്കുന്നു. നാഥാൻ പ്രവാചകൻ ദാവീദിനു കൊടുത്ത വാഗ്ദാനം അവനിലൂടെ നിറവേറിയിരിക്കുന്നു (2സാമു.7,16). ഈ വാഗ്ദാനം നിത്യമാണ്. എന്നാൽ ദാവീദിന്റെ ഭൗമിക രാജ്യതരത്തിലുള്ളതല്ല അത് എന്ന സംഗതി 89-ാം സങ്കീർത്തനം വരച്ചു കാട്ടുന്നു. "അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല". "എന്റെ രാജ്യം ഐഹികമല്ല" എന്ന് നമ്മുടെ കർത്താവ് അസന്നിഗ്ധമായി പീലാത്തോസിനോട് പറഞ്ഞു (യോഹ. 18,36).

ദൂതന്റെ അഭിവാദനം കേട്ടപ്പോൾ മറിയം അസ്വസ്തയും ചിന്താഗ്രസ്തയുമായി. ഇതിന്റെ അർഥമെന്തെന്ന് അവൾ ഹൃദയത്തിൽ ചിന്തിച്ചു (ലൂ.1,29). മറിയത്തിന്റെ സ്വഭാവസവിശേഷതയാണിത്. ആദ്യം അസ്വസ്തയായെങ്കിലും ദൈവവചനത്തെപ്പറ്റി ചിന്തിക്കുകയും അർഥം ആരായുകയും ചെയ്ത ഭയരഹിതയും ശാന്തയും ഹൃദയത്തിന്റെയും മനസ്സിന്റെയും ഐക്യവും ലയവും കാത്തുസൂക്ഷിച്ചവളുമായിരുന്നു മറിയം എന്ന കന്യക.

ദിവ്യരക്ഷകന്റെ അമ്മയാകാൻ ദൈവം അവളെ തെരഞ്ഞെടുത്തെന്ന് ദൂതൻ അറിയിച്ചപ്പോൾ, "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്ന് അവൾ പ്രത്യുത്തരിച്ചു (ലൂ.1,34). "ദൈവത്തിന് ഒന്നും അസാധ്യമല്ല" എന്നു പറഞ്ഞ് ദൂതൻ വിശദീകരിക്കുന്നു. അതായത്, സാധാരണ ഭാര്യാഭർതൃ ബന്ധത്തിലൂടെയല്ല



malankaralibrary.com

മിശിഹാ ഉരുവാകുന്നത്, പിന്നെയോ, പരിശുദ്ധാത്മാവാസത്താലാണ്. "അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിക്കും". അപ്പോൾ മറിയം പറഞ്ഞു: "ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനം പോലെ എന്നിലാകട്ടെ" (ലൂ.1,38). അപ്പോൾ മുതൽ മറിയം മാതാവായി.

## ജോസഫിനുള്ള മംഗളവാർത്ത

വി. ലൂക്കാ മറിയത്തിന് പ്രാധാന്യം നൽകി ബാല്യകാലചരിത്രം എഴുതിയപ്പോൾ, വി. മത്തായി ജോസഫിന് പ്രാധാന്യം നൽകി. ദാവീദിന്റെ വംശപരമ്പരയിലെ ഒരംഗം എന്ന നിലയിൽ ജോസഫാണ് യേശുവിനെയും ദാവീദിനു ലഭിച്ച വാഗ്ദാനത്തെയും ബന്ധിപ്പിക്കുന്ന കണ്ണി.

മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞതിനാൽ, മറിയം ജോസഫിന്റെ ഭാര്യയായി അറിയപ്പെട്ടു (മത്താ.1,18.24). അപ്പോഴും ജോസഫ് അവളെ സ്വഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയിട്ടില്ല. അവൾ ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ, അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിക്കുന്നു. പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ മറിയത്തെ അംഗീകരിക്കാനും മനസ്സാ സ്വീകരിക്കാനും ജോസഫ് സന്നദ്ധനാകുന്നു (1,18). കാരണം, ജോസഫ് നീതിമാനായിരുന്നു (1,19).

എല്ലാ പഴയനിയമ നീതിമാന്മാരുടെയും കൂട്ടത്തിൽ മത്തായി ജോസഫിനെ ഉൾപ്പെടുത്തുന്നു. ഭക്തിജീവിതത്തിന്റെയും മതജീവിതത്തിന്റെയും ആകെത്തുക ഉൾക്കൊള്ളുന്ന പദമാണ് നീതിമാൻ. തിരുലിഖിതത്തിലെ ആദർശജീവിതം മുറുകെ പിടിച്ച് ജീവിക്കുന്നവനാണ് നീതിമാൻ. ഒന്നാം സങ്കീർത്തനത്തിൽ നീതിമാന്റെ ചിത്രം വരച്ചുകാട്ടിയിട്ടുണ്ട്. അവൻ ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുന്നതിൽ സന്തോഷിക്കുന്നു (1,2). ഇതുതന്നെ ജറമിയാ 17,7-ലും കാണുന്നു. അവൻ നിരന്തരം ദൈവിക സംസർഗത്തിൽ കഴിയുന്നു. ദൈവഹിതം തേടുന്നു. അതനുസരിച്ച് പ്രത്യാശാപൂരിതനായി ജീവിക്കുന്നു. അത്തരക്കാരനായിരുന്നു ജോസഫ്.

ജോസഫിന് സ്വപ്നത്തിൽ ദർശനമുണ്ടായി. അഭൗമവും അപരിമേയവുമായ ദിവ്യതയെ വീക്ഷിക്കാനുള്ള മനസ്സിന്റെ നേരും അത് തിരിച്ചറിയാനുള്ള സിദ്ധിയും അത്യസാധാരണ വിശ്വാസവും അവനുണ്ടായിരുന്നു. "മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്" എന്ന സന്ദേശം സംശയം കൂടാതെ ജോസഫ് സ്വീകരിച്ചു



malankaralibrary.com

(മത്താ.1,20). ജോസഫിനെ "ദാവീദിന്റെ പുത്രൻ" എന്നു ദൂതൻ വിളിച്ചിരിക്കുന്നു. ദാവീദിനോടു ചെയ്ത വാഗ്ദാനങ്ങളുടെ അവകാശിയായി അവൻ മാറുന്നു. "നീ ഭയപ്പെടേണ്ട" എന്നു പറഞ്ഞ് സ്വപ്നദർശനം അവനെ സാന്ത്വനപ്പെടുത്തുന്നു. "ശിശുവിന് നീ യേശു എന്നു പേരിടണം" എന്നും വെളിപ്പെടുത്തപ്പെട്ടു. യെഷുവാ-യാഹ്‌വെ രക്ഷയാണ്-എന്ന് എബ്രായ ഭാഷയിൽ. "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും" (1, 21). ഈ ശിശു പാപം മോചിക്കുന്ന ദൈവത്തിന് സമനായിരിക്കും. എന്നാൽ അനേകരുടെ പ്രതീക്ഷയെ അവൻ തകിടം മറിക്കും. കാരണം, ലൗകികമായ രാജകീയ മിശിഹായെ ആണ് അക്കാലത്തുള്ള യഹൂദർ പ്രതീക്ഷിച്ചത്.

കന്യകയിൽ നിന്നുള്ള ജനനത്തിന് ഏശായാ പ്രവാചകനിൽ നിന്നുള്ള തെളിവും മത്തായി നിരത്തുന്നു (ഏശാ.7,14; മത്താ.1,22-23). അർത്ഥമില്ലാതെ കിടന്ന വേദവാക്യത്തിന് കാലപൂർത്തിയിൽ അർത്ഥമായി. ഇതാ, അമ്മാനുവേൽ - ദൈവം നമ്മോടുകൂടെ. "കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ ജോസഫ് പ്രവർത്തിച്ചു. അവൻ മറിയത്തെ ഭാര്യയായി സ്വീകരിച്ചു. പുത്രനെ പ്രസവിക്കുന്നതുവരെ അവൻ അവളെ അറിഞ്ഞില്ല. അവൻ ശിശുവിന് യേശു എന്ന് പേരിട്ടു" (1,25). ഇതിലൂടെ, യേശു ജോസഫിന്റെ സ്വാഭാവിക മകനല്ല, യേശു ജനിച്ചത് പരിശുദ്ധാത്മ കൃപയാലാണ് എന്ന് ഒരിക്കൽ കൂടി മത്തായി അടിവരയിട്ട് രേഖപ്പെടുത്തിയിരിക്കയാണ്. എന്നാൽ നിയമപരമായി യേശു ജോസഫിന്റെ മകനും ദാവീദിന്റെ വംശാവലിയിൽ പെട്ടവനുമാണ്. എന്നാൽ യേശു സത്യമായും മറിയത്തിന്റെ മകനാണ്. മറിയം പുരോഹിതഗണത്തിൽ പെട്ട എലിസബത്തിന്റെ ചാർച്ചക്കാരി ആയതിനാൽ, യേശു പുരോഹിത ഗണത്തിലും പെടുന്നു.

മറിയത്തിന്റെ അനുസരണം ദൈവത്തിന് വാതിൽ തുറന്നു കൊടുത്തു. ദൈവത്തിന്റെ വചനം, അവന്റെ ചൈതന്യം, അവളിൽ പ്രവേശിച്ചു. അവളുടെ അനുസരണമാകുന്ന കവാടത്തിലൂടെയാണ് ദൈവം ഇത് ചെയ്തത്. ഇങ്ങനെ യേശു കളങ്കപ്പെടാത്ത പുതിയ ആദമാണ്. ഒരു നവസൃഷ്ടി ഉദയം ചെയ്യുന്നു. എന്നാലത് മറിയത്തിന്റെ സമ്മതത്തോട് ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ മനുഷ്യാവതാരവും കല്ലറയിൽ നിന്നുള്ള ഉത്ഥാനവും ഭൗതിക ലോകത്തിൽ ദൈവം നേരിട്ട് ഇടപെട്ട രണ്ടു നിമിഷങ്ങളാണ്. ഇവ രണ്ടും അനേകർക്ക് ഇടർച്ചക്കല്ലും തടങ്കൽ പാറയുമാണ്. എന്നാൽ വിശ്വാസികൾക്ക് ഇവ വിശ്വാസത്തിന്റെ മൂലക്കല്ലുകളാണ്.



malankaralibrary.com

# 3

# യേശുവിന്റെ ജനനം-ബേത്‌ലഹേമിൽ

അഗസ്റ്റസ് സീസറിന്റെ കൽപ്പനയാൽ പേരെഴുതിക്കാനായി യൂദയായിലെ ബേത്‌ലഹേമിലേക്ക് നസ്രേത്തിൽ നിന്ന് ജോസഫും ഗർഭിണിയായ മറിയവും പുറപ്പെട്ടു (ലൂ.2,1). സീസറിന്റെ കൽപ്പന ആകസ്മികമായി തോന്നിയാലും, മീക്കാ പ്രവാചകൻ പ്രവചിച്ചത് നിറവേറാനാണ് ഇപ്രകാരം സംഭവിച്ചത് (മീക്കാ.5,1-3). ഇസ്രായേലിന്റെ ഇടയൻ അവിടെയാണ് ജനിക്കുന്നത് എന്നായിരുന്നു പ്രവചനം. പലസ്തീനാ പ്രദേശം അക്കാലത്ത് റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. അതുകൊണ്ടാണ് പലസ്തീനയിലും ജനസംഖ്യാക്കണക്കെടുപ്പ് നടത്തിയത്. നികുതി നിശ്ചയിക്കാനും പിരിക്കാനുമാണ് ജനസംഖ്യാകണക്കെടുപ്പ് നടത്തിയിരുന്നത്. ഓരോരുത്തർക്കും ഭൂസ്വത്തുള്ളിടത്തു തന്നെ പേരെഴുതിക്കണമായിരുന്നു. ദാവീദിന്റെ ഭവനത്തിൽ പെട്ട ജോസഫിന് ബേത്‌ലഹേമിൽ ഭൂസ്വത്ത് ഉണ്ടായിരുന്നതിനാലാണ് പേരെഴുതിക്കാനായി അവിടേക്ക് പോകേണ്ടിവന്നത്.

യേശുവിന്റെ ജനനം ലൂക്കാ അവതരിപ്പിക്കുന്നത് ലോകചരിത്രത്തിന്റെ വിശാലമായ ചട്ടക്കൂട്ടിലാണ്. ബി.സി.ആറിലായിരിക്കാം ഈ പേരെഴുത്ത് നടന്നത്. ബി.സി.ആറിനും നാലിനും ഇടയ്ക്കായിരിക്കാം യേശു ബേത്‌ലഹേമിൽ ജനിച്ചത്. കിട്ടാവുന്ന രേഖകളെല്ലാം ശേഖരിച്ച് ക്രമത്തിലും കൃത്യമായുമാണ് ലൂക്കാ എഴുതിയത് (ലൂ.1,3). യേശു ജനിച്ചത് കാലത്തിനുള്ളിലാണ്. കൃത്യമായി കണ്ടെത്താൻ കഴിയുന്ന തീയതിയോട് ബന്ധപ്പെട്ടാണ് ജനനം (ലൂ.3,1). ഇവിടെ കാലവും കാലാതീതവും സംഗമിക്കുന്നു. നിത്യനായ ദൈവം മർത്യനായത് കൃത്യമായ കാലത്തിലും ദേശത്തിലുമാണ്.



malankaralibrary.com

## യേശുവിന്റെ ജനനം-ബേത്‌ലഹേമിൽ

"ബേത്‌ലഹേമിൽ അവർക്കു വേണ്ട സ്ഥലം സത്രത്തിൽ ലഭിച്ചില്ല" (ലൂ.2,7). ദൈവപുത്രൻ "സ്വന്തം ഭവനത്തിലേക്കു വന്നു. എന്നാൽ സ്വന്തക്കാർ അവനെ സ്വീകരിച്ചില്ല" എന്ന് യോഹന്നാൻ പറയുന്നത് ഇതുമായി ചേർന്നുപോകുന്നു (യോഹ.1,11). "കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്ക് കൂടുകളുമുണ്ട്. എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല" (മത്താ.8,20). പ്രപഞ്ചനിർമാതാവിന്, ആ ലോകരക്ഷകന്, ജനിക്കാൻ ഇടം കിട്ടിയില്ല. അവൻ ജനിച്ചത് നഗരത്തിനു വെളിയിൽ. അവനെ ക്രൂശിച്ചത് നഗരത്തിനു വെളിയിൽ. അവൻ മരിച്ചത് കുരിശിൽ. അവനെ അടക്കിയത് അന്യന്റെ കല്ലറയിൽ. - യേശുവിന്റെ ഭൗമിക ജീവിതകാലത്ത് യേശുവിന്റെ സ്ഥാനം "ശക്തരുടെയും പ്രബലരുടെയും" മേഖലയ്ക്ക് വെളിയിലായുന്നു. എന്നാൽ അവൻ സുപ്രധാനനും ശക്തനുമായി തെളിയിക്കപ്പെട്ടു.

മറിയം ശിശുവിനെ പ്രസവിച്ചത് കാലിത്തൊഴുത്തിലാണ് (ലൂ.2,7). വാസയോഗ്യമല്ലാത്ത സാഹചര്യത്തിലാണ് അവൻ പിറന്നു വീണത്. ബേത്‌ലഹേമിനു ചുറ്റും പാറയിടുക്കുകളും ഗുഹകളും, കാലിത്തൊഴുത്തുകളായി പണ്ടുമുതലേ ഉപയോഗിച്ചിരുന്നു. യേശു ജനിച്ച ഗുഹ കാട്ടിത്തരാൻ പലസ്തീനായിലെ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞിരുന്നു. റോമാസാമ്രാജ്യാധിപന്മാർ ആ ഗുഹ തമ്മൂസ്- അദോണീസ്- എന്ന സുമേറിയൻ കൃഷിദേവന്റെ തീർഥാടന കേന്ദ്രമാക്കി മാറ്റി. യേശുവിന്റെ ഓർമ ഇല്ലാതാക്കാമെന്ന് കരുതിയാണ് അവർ അപ്രകാരം ചെയ്തത്. യേശുവിന്റെ ജന്മസ്ഥലം നശിപ്പിക്കേണ്ടത് അനിവാര്യമായി വിജാതിയ ഭരണകൂടം കരുതി. എന്നാൽ പിന്നീട് ആ സ്ഥലത്ത് ഒരു മനോഹരദേവാലയം ഉണ്ടായി.

ഈ പുൽത്തൊട്ടിയിൽ കാളയും കഴുതയും ഉണ്ടായിരുന്നിരിക്കാം. "കാള തന്റെ ഉടമസ്ഥനെ അറിയുന്നു. കഴുത തന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഗ്രഹിക്കുന്നില്ല. എന്റെ ജനം മനസ്സിലാക്കുന്നില്ല" എന്ന ഏശായായുടെ പ്രവചനം പുൽക്കൂട്ടിൽ നിറവേറി (ഏശാ.1,3). ഹബക്കൂക്ക് പ്രവാചകന്റെ പുസ്തകത്തിന്റെ ഗ്രീക്കു പതിപ്പിൽ ഇങ്ങനെ കാണുന്നു: "രണ്ടു ജീവികളുടെ ഇടയിൽ നീ അംഗീകരിക്കപ്പെടും. സമയമാകുമ്പോൾ നീ പ്രത്യക്ഷപ്പെടും" (3,2). വാഗ്ദാന പേടകത്തിലെ കൃപാസനത്തെ ചിറകുകൾ കൊണ്ട് മൂടുന്ന ക്രോബകളാണ് രണ്ടു ജീവികൾ (പുറ.25,18-20). പുൽത്തൊഴുത്ത് വാഗ്ദാന പേടകമായി മാറുന്നു. എന്നാൽ സമയമാകുമ്പോൾ പ്രത്യക്ഷപ്പെടാ



malankaralibrary.com

നായി അവൻ മറഞ്ഞിരുന്നു. അതിനു മുമ്പിൽ രണ്ടു ജീവികൾക്ക്-കാളയ്ക്കും കഴുതയ്ക്കും-വരാൻ സമയമായി. യഹൂദരെയും വിജാതിയരെയും കുറിക്കുന്ന പ്രതീകമാണ് കാളയും കഴുതയും. രണ്ടു കൂട്ടരും ദൈവത്തെ അംഗീകരിക്കാനുള്ള സമയമായി എന്നർഥം: അവിടെ നിന്നുകൊണ്ട് മനുഷ്യകുലം ദൈവത്തെ തിരിച്ചറിയാൻ പഠിക്കുന്നു. ഇടയന്മാരും ജ്ഞാനികളും ഈ രണ്ടുകൂട്ടരെയും പ്രതിനിധീകരിക്കുന്നു.

"മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു" (ലൂ.2,7). കടിഞ്ഞൂൽ പുത്രൻ അഥവാ ആദ്യജാതൻ എന്ന പദം സാംഖിക തുടർച്ച സൂചിപ്പിക്കുന്നില്ല. ഇസ്രായേലിന് ഇതൊരു ദൈവശാസ്ത്ര ഗുണവിശേഷമാണ് (പുറ.13,1-2.12-13). "ആദ്യജാതനെ എനിക്കു സമർപ്പിക്കുക. കടിഞ്ഞൂലുകൾ എനിക്കുള്ളതാണ്. ആദ്യജാതരെ വീണ്ടെടുക്കണം". യേശു "അനേകം സഹോദരന്മാരിൽ ആദ്യജാതനാണ്" (റോമ.8,29). "അവൻ മരിച്ചവരിൽ നിന്നുള്ള ആദ്യജാതനാണ്" (കൊളോ.1,18). മരിച്ചവരിൽ നിന്ന് ഉയിർത്തപ്പോൾ, പുതിയ മനുഷ്യകുലത്തിന് തുടക്കം കുറിച്ചതിനാൽ, അവൻ ആദ്യജാതനാണ്. അവൻ അനേകം സഹോദരന്മാരുടെ ആരംഭവുമാണ്. മാമോദീസായിൽ അനേകർ അവനോടൊപ്പം മരിക്കുകയും ഉയിർക്കുകയും ചെയ്യുന്നു. "അവൻ സൃഷ്ടികളുടെയെല്ലാം ആദ്യജാതനാണ്" (കൊളോ.1,5) എല്ലാം അവനിൽ സൃഷ്ടിക്കപ്പെട്ടു (കൊളോ.1,16). അവൻ എല്ലാറ്റിലും അതിശ്രേഷ്ഠനും ഉന്നതനുമാണ് (കൊളോ.1,18). എല്ലാം അവനിൽ നിന്നും അവനിലേക്കുമാണ്. നവസൃഷ്ടിയുടെ ആരംഭവും ലക്ഷ്യവും അവനാണ്. അവൻ നമ്മുടെ ഇടയിൽ മറിയത്തിന്റെ കടിഞ്ഞൂൽ പുത്രനായി ജനിച്ചു.

ആ പ്രദേശത്തെ ഇടയന്മാരെ കർത്താവിന്റെ ദൂതൻ ഈ വാർത്ത അറിയിച്ചു."കർത്താവിന്റെ തേജസ്സ് അവർക്കു ചുറ്റും പ്രകാശിച്ചു" (ലൂ.2,8-9). പുൽത്തൊഴുത്തിലേക്ക് ആദ്യം വിളിക്കപ്പെട്ടത് ഇടയന്മാരാണ്. യേശു അനുഗ്രഹിക്കാനിരിക്കുന്ന ദരിദ്രരുടെ ഭാഗമായിരുന്നു അവർ. ദൈവികരഹസ്യങ്ങളിലേക്ക് ഈ നിന്ദിതർക്ക് പ്രവേശനം കിട്ടി (ലൂ.10,21-24). അവർ ജാഗരൂകതയോടെ ആടുകളെ കാത്തു പരിപാലിച്ചു. വാർത്ത കേട്ടയുടൻ തിടുക്കത്തിൽ പോയി ശിശുവിനെ വന്ദിച്ചു. അവർ ആന്തരികമായ ഉണർവും ജാഗരൂകതയും ഉള്ളവരായിരുന്നു. ദൈവികസാന്നിധ്യത്തിന്റെ അടയാളങ്ങളിലൂടെ കടന്നെത്തുന്ന



malankaralibrary.com

ദൈവത്തിന്റെ വിളി സ്വീകരിക്കാനുള്ള തുറന്ന ഹൃദയമാണ് ഈ ജാഗരണവും ജാഗരൂകതയും കാട്ടുന്നത്. ആ മഹാഇടയൻ ജനിച്ചു വീണത് ഇടയന്മാരുടെ ഇടയിൽ, ഇടയനായ ദാവീദിന്റെ നഗരത്തിലാണ് (1 സാമു.16,1-13; 2 സാമു.5,2; മീക്കാ.5,1-3; മത്താ.2,6; 1പത്രോ.2,25; എബ്രാ. 13,20). "സമസ്ത ജനപദങ്ങൾക്കും ഉണ്ടാകുവാനിരിക്കുന്ന മഹാസന്തോഷത്തിന്റെ സദ്വാർത്തയാണ്" ഇടയന്മാർക്കു ലഭിച്ചത്. കാരണം, "നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ, ഇന്നു ജനിച്ചിരിക്കുന്നു" (ലൂ.2,10-11). യേശു ജനിച്ച ദിവസം തന്നെ ഇടയന്മാർ സന്ദർശിച്ചു.

കർത്താവിന്റെ ജനനത്തിൽ വലിയൊരു സ്വർഗീയ സൈന്യം കാണപ്പെട്ടു. അവർ ദൈവത്തിനു മഹത്വം നൽകി. മനുഷ്യർക്ക് സമാധാനം ആശംസിച്ചു. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവസംപ്രീതി ലഭിച്ചവർക്ക് സമാധാനം" (ലൂ.2,12-14). മഹത്വീകൃതനും തേജോമയനും യശസ്വിയും അക്ഷയസത്യവും അനശ്വരനന്മയുമായ ദൈവത്തിന് മഹത്വം നൽകുക ഉചിതമാണ്. ദൈവസ്നേഹത്തിന് പാത്രീഭൂതരായവർക്ക്, അതായത്, ദൈവകൃപയുള്ളവർക്ക്, ദൈവം സംപ്രീതരായവർക്ക്, ദൈവത്തിന്റെ നല്ല പ്രീതി ലഭിച്ചവർക്ക്, സമാധാനം. യേശുവിന്റെ സ്നാനാവസരം സ്വർഗം തുറന്ന് പിതാവുച്ചരിച്ചത്, "നീയെന്റെ പ്രിയപുത്രൻ. നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു" എന്നാണ് (ലൂ.3,22). ദൈവം സംപ്രീതനായിരിക്കുന്ന ആൾ യേശുവാണ്. അവന്റെ ജീവിതം പൂർണമായി പിതാവിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു. ഈ പുത്രന്റെ മനോഭാവത്തിൽ പങ്കുചേരുന്നവരാണ് ദൈവസംപ്രീതിയുള്ള മനുഷ്യർ. അവർക്കാണ് സമാധാനം. ദൈവമഹത്വം സംരക്ഷിക്കാനും ദൈവസംപ്രീതി നേടാനും നമുക്ക് കടമയുണ്ട്. ആ ഇടയന്മാർ തിടുക്കത്തിൽ പുൽക്കൂട്ടിലേക്ക് പോകാനുള്ള കാരണം, കാത്തിരുന്ന മിശിഹാ തമ്പുരാൻ പ്രത്യക്ഷപ്പെട്ടതിലുള്ള ആനന്ദമാണ്. തിടുക്കത്തിൽ ചെയ്യേണ്ടത് ദൈവികകാര്യമാണ്.

"പിള്ളക്കച്ചകൾ ചുറ്റി പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ കാണും" എന്നാണ് അവർക്കു ലഭിച്ച അടയാളം. ദൈവത്തിന്റെ ദാരിദ്ര്യമാണ് അവന്റെ ശരിയായ അടയാളം. "തങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്രതി ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് അവർ മടങ്ങി "(ലൂ.2,20).



malankaralibrary.com

# 4

# ജ്ഞാനികളുടെ വരവ്

യൂദയായിലെ ബേത്‌ലഹേമിൽ യൂദന്മാർക്കു ജനിച്ച രാജാവിനെ കാണാൻ പൗരസ്ത്യദേശത്തുനിന്ന് ജ്ഞാനികൾ ജറുസലേമിലെത്തി (മത്താ.2,1-2). അത് ഹേറോദേസിന്റെ കാലത്തായിരുന്നു. ജ്ഞാനികൾ രാജകൊട്ടാരത്തിലെത്തി ശിശുവിനെ പറ്റി അന്വേഷിച്ചു."ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കയാണ്"എന്ന് ജ്ഞാനികൾ പറഞ്ഞു. ഇതേപ്പറ്റി ഹേറോദേസ് നിയമജ്ഞരോടും പ്രധാന പുരോഹിതന്മാരോടും ആരാഞ്ഞു. അവർ പറഞ്ഞു: "യൂദയായിലെ ബേത്‌ലഹേമിൽ". അവർ മീക്കായിൽ നിന്ന് ഉദ്ധരിച്ചു: "യൂദയായിലെ ബേത്‌ലഹേമേ, നീ യൂദയായിലെ പ്രമുഖ നഗരങ്ങളിൽ ഒട്ടും താഴെയല്ല. എന്റെ ജനമായ ഇസ്രായേലിനെ ഭരിക്കാനുള്ളവൻ നിന്നിൽ നിന്നാണ് ഉത്ഭവിക്കുക" (മീക്കാ.5,1; 2 സാമു. 5,2; മത്താ.2,6). യാക്കോബിന്റെ അനുഗ്രഹം യൂദായ്ക്ക് ലഭിച്ചിരുന്നു: "ചെങ്കോൽ യൂദായെ വിട്ടുപോകില്ല... ജനതകളുടെ അനുസരണം അവനുള്ളതായിരിക്കും" (ഉൽപ്പ.49,10). യൂദായ്ക്കു ലഭിച്ച ഈ അനുഗ്രഹം ബേത്‌ലഹേമിൽ ജനിച്ച യഹൂദരാജാവിൽ വന്നു നിൽക്കുന്നു എന്ന് മത്തായി മനസ്സിലാക്കിയതിനാലാണ് "യഹൂദയായിലെ ബേത്‌ലഹേം" എന്ന് എഴുതിയത്.

വിജാതിയനായ ബാലാം പറഞ്ഞ ഒരു പ്രവചനം ഈ പുത്രനെ പറ്റിയുള്ള അറിവ് പൗരസ്ത്യർക്ക് നൽകിയിരുന്നു എന്നു വേണം കരുതാൻ. "ഞാൻ അവനെ കാണുന്നു, എന്നാൽ ഇപ്പോഴല്ല. ഞാൻ അവനെ ദർശിക്കുന്നു, എന്നാൽ സമീപത്തല്ല. യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിച്ചുയരും, ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" (സംഖ്യ,



malankaralibrary.com

24,17). ഈ നക്ഷത്രം വരാനിരുന്ന ഇസ്രായേൽ രാജാവാണ്. യേശുവിന്റെ ജനനത്തോടുകൂടി ഈ പ്രവചനം യാഥാർത്ഥ്യമായി. ഈ പ്രവചനത്തിന്റെ വെളിച്ചത്തിലും ആകാശഗോളങ്ങളുടെ നിരീക്ഷണത്തിലും ജ്ഞാനികൾ യഹൂദരുടെ രാജാവിന്റെ ജനനം കണക്കുകൂട്ടി മനസ്സിലാക്കിയിട്ടാണ് ജറുസേലേമിലെത്തി ശിശുവിനെ പറ്റി ആരാഞ്ഞത്.

ഈ ജ്ഞാനികൾ പൗരസ്ത്യരായിരുന്നു. ശരിയായ പാതയിൽ ഇറങ്ങിത്തിരിക്കാൻ മതപരവും തത്വശാസ്ത്രപരവുമായ ജ്ഞാനം, അവർക്ക് പ്രേരണ നൽകി. ക്രിസ്തുവിലേക്കു നയിച്ച ജ്ഞാനമാണ് ആത്യന്തികമായി അവർക്കുണ്ടായിരുന്നത്. ബി.സി. 7-6 കാലയളവിൽ മീനം രാശിയിൽ വ്യാഴവും ശനിയും സംഗമിച്ചപ്പോളാണ് ജ്ഞാനികൾ യഹൂദരുടെ രാജാവിനെപ്പറ്റി കണക്കുകൂട്ടിയതും യാത്ര തിരിച്ചതും. അവർ ജ്യോതിശാസ്ത്രജ്ഞന്മാരായിരുന്നു. യൂദയായിൽ നിന്ന് ലോകഭരണാധികാരി ഉദയം ചെയ്യാൻ സമയമായി എന്നൊരൂഹം അക്കാലത്ത് പരക്കെ പ്രചരിച്ചിരുന്നെന്ന് ടാസിറ്റസ് (56-117), സ്വെറ്റോണിയസ് (69-122) എന്നീ റോമൻ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ആ പ്രതീക്ഷ വെസ്പാസ്യൻ എന്ന റോമൻ ചക്രവർത്തിയിൽ പൂർത്തിയായി എന്ന് വ്യാഖ്യാനിച്ച് യൂദനായ ഫ്ളാവിയസ് ജൊസേഫുസ് (37-100) റോമാചക്രവർത്തിയുടെ പ്രീതി നേടി.

ദൈവത്തിന്റെ വിളികേട്ട് യാത്ര തിരിച്ച അബ്രഹാമിന്റെ പിൻഗാമികളായി ഈ ജ്ഞാനികളെ പരിഗണിക്കാം. അവർ സത്യം തേടിയിറങ്ങി. ഇവരുടെ സന്ദർശനത്തെ സങ്കീർത്തനവും ഏശായാ പ്രവചനവും കൊണ്ട് വ്യാഖ്യാനിക്കാം: “തർഷീഷിലേയും ദ്വീപുകളിലേയും രാജാക്കന്മാർ അവനു കപ്പം കൊടുക്കട്ടെ. ഷേബായിലേയും സേബായിലേയും രാജാക്കന്മാർ അവനു കാഴ്ചകൾ കൊണ്ടുവരട്ടെ” (സങ്കീ. 72,10). “ഷേബായിൽ നിന്നുള്ളവർ സ്വർണവും വെള്ളിയും കൊണ്ടുവരും” (ഏശാ.60,9-10). യേശുവിലേക്കുള്ള മനുഷ്യവർഗത്തിന്റെ യാത്രയെ ഈ ജ്ഞാനികൾ പ്രതിനിധാനം ചെയ്യുന്നു. അവർ ഈ യാത്രയ്ക്ക് തുടക്കം കുറിക്കുന്നു.

ഇങ്ങനെ കാളയും കഴുതയും, ഇസ്രായേൽക്കാരും വിജാതിയരും, ഇടയന്മാരിലൂടെയും ജ്ഞാനികളിലൂടെയും യേശുനാഥന് ആരാധനയർപ്പിക്കാൻ ഓടിക്കൂടുന്നു. മനുഷ്യകുലം മുഴുവൻ ഈ ഇരുകൂട്ടരിലൂടെ യേശുവിനെ ആരാധിക്കുന്നു എന്നു സാരം. ലോകരക്ഷകനെ



malankaralibrary.com

തേടിയുള്ള വിജാതിയ ലോകത്തിന്റെ സഞ്ചാരമാണ് ജ്ഞാനികളുടെ ഈ യാത്ര. ഈ സൃഷ്ടപ്രപഞ്ചം യേശുവിനെപ്പറ്റി സംസാരിക്കുന്നു. എന്നാൽ അതു ശ്രവിക്കാൻ പലർക്കും കഴിയുന്നില്ല. "ആകാശം ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു" എന്ന് സങ്കീർത്തകൻ പറഞ്ഞത് (19,1) ഇതേപ്പറ്റിയാണെന്ന് വി.അഗസ്റ്റിൻ ഒരു ദനഹാ പ്രസംഗത്തിൽ പറയുന്നു.

യൂദന്മാരുടെ രാജാവിനെ തേടിയിറങ്ങിയവർ ഹേറോദേസിന്റെ രാജകൊട്ടാരത്തിൽ തിരക്കിയത് സ്വാഭാവികം മാത്രം. എന്നാൽ കൊട്ടാരത്തിൽ വച്ച് തിരുലിഖിതം അവരെ ബേത്‌ലഹേമിലേക്ക് തിരിച്ചുവിട്ടു. നക്ഷത്രത്തിന്റെ ഗതി നിശ്ചയിച്ചത് ശിശുവാണ്. ശിശുവിന്റെ ഭാഗധേയം നിശ്ചയിച്ചത് നക്ഷത്രമല്ല. നിയമജ്ഞർക്കും പ്രധാന പുരോഹിതന്മാർക്കും ജ്ഞാനികളെ അനുഗമിക്കാൻ തോന്നിയില്ല. അവർ അവിടെ ചർച്ച ചെയ്തുകൊണ്ടും തർക്കിച്ചുകൊണ്ടുമിരുന്നു.

"യൂദന്മാരുടെ രാജാവ്" എന്ന പ്രയോഗം വിജാതിയരായ ജ്ഞാനികളിൽ നിന്നും പടയാളികളിൽ നിന്നും പീലാത്തോസിൽ നിന്നും മാത്രമേ വന്നതായി സുവിശേഷം രേഖപ്പെടുത്തിയിട്ടുള്ളു (മത്താ.2,2; മർക്കോ.15,19; യോഹ.19,19-22). ജ്ഞാനികളുടെ ചോദ്യം കേട്ട് ഹേറോദേസ് അത്യന്തം അസ്വസ്തനായി. അവനോടൊപ്പം ജറുസലേം മുഴുവനും" (മത്താ.2,3). ജറുസലേമിലെ ഈ അസ്വസ്തത ഓശാന ദിവസവും നാം കാണുന്നു: "നഗരം മുഴുവൻ ഇളകിവശായി" (മത്താ. 21,10). തന്റെ സിംഹാസനത്തിന് ഒരെതിരാളി ഉണ്ടാകുന്നു എന്ന വാർത്ത ഹേറോദേസിനെ അത്യന്തം അസ്വസ്തനാക്കി (മത്താ.2,4).

ജ്ഞാനികൾ ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കാണുകയും അവനെ കുമ്പിട്ടാരാധിക്കുകയും ചെയ്തു. കന്യകാജനനത്തെ കുറിച്ച് നമ്മെ ഓർമപ്പെടുത്തുകയും യേശുവിനെ ദൈവപുത്രനായി ചിത്രീകരിക്കുകയും ചെയ്യുന്ന മത്തായിയുടെ ശൈലിയുടെ ഭാഗമായി ജോസഫിനെ ഇവിടെ വിട്ടുകളഞ്ഞു. ജ്ഞാനികൾ ശിശുവിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തി. ദൈവികരാജകുമാരന് നൽകിയ ആരാധനയാണത്. അത് ശിശുവിന്റെ രാജകീയാന്തസ്സും തനിമയും വെളിപ്പെടുത്തുന്നു. ഇസ്രായേലിന്റെ ദൈവത്തിന്റെ മുമ്പിൽ വിജാതിയർ കാഴ്ച വയ്ക്കുന്ന ആദരവിന്റെ പ്രതീകങ്ങളാണ് സ്വർണവും മീറയും കുന്തിരിക്കവും. സ്വർണം രാജത്വത്തെയും കുന്തിരിക്കം ദൈവത്വത്തെയും മീറാ



malankaralibrary.com

പീഡാസഹനത്തെയും സൂചിപ്പിക്കുന്നു. ദൈവികവെളിപാട് അനുസരിച്ച് ജ്ഞാനികൾ രാജകൊട്ടാരത്തിൽ തിരികെ പോകാതെ മറുവഴിക്ക് തങ്ങളുടെ നാട്ടിലേക്ക് പോയി.

ജ്ഞാനികൾ പോയശേഷം ദൈവദൂതന്റെ നിർദേശം അനുസരിച്ച് മറിയത്തെയും ശിശുവിനെയും കൂട്ടി ജോസഫ് ഈജിപ്തിലേക്ക് ഓടിപ്പോയി. അങ്ങനെ ഹേറോദേസിന്റെ കൈകളിൽ നിന്ന് യേശു രക്ഷപെട്ടു. ക്രൂരനായ ആ രാജാവാകട്ടെ, "ബേത്ലഹേമിലും സമീപ പ്രദേശങ്ങളിലും രണ്ടും അതിൽ താഴെയും പ്രായമുള്ള എല്ലാ ആൺ കുട്ടികളെയും കൊല്ലിച്ചു" (മത്താ.2,16). ഇത് ജറമിയായുടെ പ്രവചന പൂർത്തീകരണമായി മത്തായി കാണുന്നു (ജറ.31,15).

"അവൻ നസ്രായൻ എന്നു വിളിക്കപ്പെടും എന്ന തിരുവെഴുത്ത് പൂർത്തിയാകാൻ" (മത്താ.2,23), ഹേറോദേസിന്റെ മരണശേഷം ജോസഫും കുടുംബവും നസ്രത്തിൽ വന്നു പാർത്തു (മത്താ.2,21). സുവിശേഷ രചനകാലത്ത് *നസ്രായനേശു* എന്ന പ്രയോഗം പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. വിജാതിയർ കൂടുതൽ ഉണ്ടായിരുന്ന ഗലീലിയിലേക്ക് പോയതും പ്രവചനപൂർത്തീകരണമായി വി. മത്തായി കാണുന്നു (മത്താ.4,14-16; ഏശാ.8,23-9,2). "ഈജിപ്തിൽ നിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു" എന്ന ഹോസിയാ പ്രവചനം (11,1) പൂർത്തിയായതായി വി.മത്തായി ചൂണ്ടിക്കാട്ടുന്നു. "അടുക്കലേക്ക് വിളിക്കുന്തോറും അകലേക്ക് ഓടിപ്പോകുന്ന" ഇസ്രായേലിനെ പോലെയല്ല ഈ പുത്രൻ (ഹോസി.11,2) എന്ന് വി.മത്തായി ചൂണ്ടി ക്കാട്ടുന്നു. ഇവിടെ ഇസ്രായേലിന്റെ ചരിത്രം യേശുവിൽ പുതുതായി തുടങ്ങുന്നു. യേശുവിന്റെ തിരിച്ചുവരവോടെ സുനിശ്ചിതവും അന്തിമവുമായ പുറപ്പാട് ആരംഭിക്കുന്നെന്ന് സൂചന. പ്രവാസത്തിൽ നിന്ന് സ്വദേശത്തേക്ക് കൊണ്ടുവരാനായി യേശു പ്രവാസത്തിലേക്കു പോയി.

സുവിശേഷങ്ങൾ അവതരിപ്പിച്ചിരിക്കുന്ന ബാല്യകാലവിവരണങ്ങൾ യഥാർഥ ചരിത്രമാണ്. നടന്ന സംഗതികളെപ്പറ്റി സുവിശേഷകർ ദൈവശാസ്ത്രപരമായി ധ്യാനിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തു. അതിന് മറിയത്തോട് ബന്ധപ്പെട്ട കുടുംബചരിത്രം സുവിശേഷകരെ സഹായിച്ചു. പരിശുദ്ധാത്മ നിവേശനത്താലാണ് അവർ ഇവ എഴുതി സഭയിലൂടെ കൈമാറിത്തന്നത്. സഭയുടെ സജീവപാരമ്പര്യത്തിന് ഈ രചനകളിൽ വലിയ സ്വാധീനമുണ്ടായിരുന്നു.



malankaralibrary.com

# 5

# ദൈവാലയസമർപ്പണം

ഇസ്രായേലിന്റെ ആചാരമനുസരിച്ച് എട്ടാം ദിവസം ശിശുവിന്റെ പരിച്ഛേദനം നടന്നു; ശിശുവിന് യേശു എന്ന പേരു നൽകി. അങ്ങനെ നിയമത്തിനു വിധേയനായി യേശു ജീവിച്ചു (ലൂ.2,21; ഗലാ.4,4-5). എബ്രായ ഭാഷയിൽ യേഷുവാ എന്നാണ് നാമം. "ദൈവം രക്ഷിക്കുന്നു" എന്ന് പദാർഥം. ആൺകുട്ടിയെ പ്രസവിക്കുന്ന സ്ത്രീ മോശയുടെ നിയമം അനുസരിച്ച് ഏഴുദിവസം അശുദ്ധയായിരിക്കും. ആരാധനയിൽ പങ്കെടുക്കാൻ അനുവാദമില്ലാത്ത കാലം എന്നർഥം. എട്ടാംദിവസമാണ് പരിച്ഛേദനം. രക്തശുദ്ധീകരണത്തിന് 33 ദിവസം നിശ്ചയിക്കപ്പെട്ടിരിക്കുന്നു (ലേവ്യ.12,1-4). നാൽപ്പതാം ദിവസം ശുദ്ധീകരണത്തിനായി കർതൃസന്നിധിയിൽ എത്തണം. ദരിദ്രർ ചെങ്ങാലിയെയും പ്രാവിനെയും പാപപരിഹാര ബലിക്കായി സമർപ്പിക്കണം (ലേവ്യ. 12,5-6). മറിയം ദരിദ്രരുടെ കാഴ്ചയർപ്പണം നടത്തി (ലൂ.2,24). യേശുവിന്റെ കുടുംബം ഇസ്രായേലിലെ ദരിദ്രരോട് ബന്ധപ്പെട്ടതായിരുന്നു. നിയമാനുസൃതം അവൾ ശുദ്ധീകരണ കർമത്തിന് വിധേയയാകുന്നു.

ഗർഭപാത്രം തുറക്കുന്ന ആൺകുട്ടിയെ ദൈവത്തിന് സമർപ്പിക്കണമെന്ന മോശയുടെ നിയമം അനുസരിച്ച് യേശുവിനെയും സമർപ്പിച്ചു (പുറ.13,2.12-15; ലൂ.2,23). ഇവിടെ യേശുവിനെ സമർപ്പിച്ച് "വീണ്ടെടുക്കുന്നതിനെപ്പറ്റി" ലൂക്കാ ഒന്നും പറയുന്നില്ല. യേശുവിനെ ദൈവാലയത്തിൽ വച്ച് ദൈവതൃക്കരങ്ങളിൽ നേരിട്ട് ഏൽപ്പിച്ചു എന്ന രീതിയിലാണ് പ്രസ്താവന. യേശു പൂർണമായി ദൈവത്തിന്റെ സ്വന്തമാണെന്ന് ഇത് അർഥമാക്കുന്നു. തദവസരം ശെമയോനും ഹന്നായും ശിശുവിനെ തിരിച്ചറിഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നു.



malankaralibrary.com

"ഈ ശിശു ദൈവജനമായ ഇസ്രായേലിന്റെ മഹത്വവും വിജാതിയർക്ക് വെളിപാടിന്റെ പ്രകാശവുമാണ്" (ലൂ.2,32; ഏശ.42,6;49,6). "ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും ഇവൻ കാരണമാകും. ഇവൻ തർക്കത്തിന്റെ അടയാളമായിരിക്കും" എന്ന് ശെമയോൻ ശിശുവിനെപ്പറ്റി പ്രവചിച്ചു. ശെമയോന്റെ അനുഗ്രഹത്തിൽ യേശുവിന്റെ ജീവിതദൗത്യത്തിലെ അനേകം സംഗതികൾ ഉള്ളടക്കം ചെയ്തിരിക്കുന്നു. ശെമയോൻ മറിയത്തോട് പറഞ്ഞു: "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും". പീഡാനുഭവത്തിലും കുരിശുമരണത്തിലും, കുരിശിനോടുള്ള മനുഷ്യരുടെ എതിർപ്പിലും മറിയം അനുഭവിച്ച വേദനയാണ് ആ വാൾ! മഹിമയുടെ ദൈവശാസ്ത്രം കുരിശിന്റെ ദൈവശാസ്ത്രവുമായി കൂട്ടിയിണക്കി ചേർത്തിരിക്കുന്നു. ദൈവത്തെ "ഇടർച്ചക്കല്ലും തടങ്കൽ പാറയുമായി" അവതരിപ്പിച്ചിരിക്കുന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു (ഏശ.8,14). യേശുവിനെ ദൈവവുമായി ബന്ധിക്കുന്ന കണ്ണി നാമിവിടെ കാണുന്നു.

ഹന്നാ നിരന്തരം ദൈവാലയത്തിൽ ചെലവഴിച്ചു. അവൾ ദൈവത്തോടൊപ്പം ജീവിച്ചു. തന്റെ ജീവിതം ആരാധനയിൽ ചെലവഴിച്ചു. അതിൽ അവൾ ആനന്ദം കണ്ടെത്തി. അവൾ അവിടെ ദൈവത്തെ കണ്ടുമുട്ടി. അതായിരുന്നു അവളുടെ ഭവനം. അവൾ ദൈവത്തെ സ്തുതിച്ചുകൊണ്ട്എല്ലാവരോടും ശിശുവിനെപ്പറ്റി സംസാരിച്ചു (ലൂ.2,38). അവസാനം ലൂക്കാ പറഞ്ഞു വയ്ക്കുന്നത് ഇപ്രകാരമാണ്: "ശിശു വളർന്നു. ജ്ഞാനം കൊണ്ട് നിറഞ്ഞു ശക്തനായി. ദൈവത്തിന്റെ കൃപ അവന്റെമേൽ ഉണ്ടായിരുന്നു" (ലൂ.2,40). ഈ സംഗതികളൊക്കെ മറിയത്തിന്റെ വ്യക്തിപരമായ ഓർമയിൽ നിന്ന് ലൂക്കായ്ക്ക് ലഭിച്ച അറിവുകളാണ്.



malankaralibrary.com

# 6

# യേശു പന്ത്രണ്ടാം വയസ്സിൽ ദൈവാലയത്തിൽ

മോശയുടെ ന്യായപ്രമാണം കൃത്യമായി അനുസരിക്കുന്നവരാകയാൽ യേശുവിന്റെ ഭക്തകുടുംബം എല്ലാ വർഷവും ജറുസലേമിലേക്ക് പെസഹാതിരുനാളിൽ തീർഥയാത്ര പോയിരുന്നു. പെസഹാ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ എന്നീ മൂന്ന് അവസരങ്ങളിലും ഭക്തരായ യഹൂദർ ജറുസലേമിൽ സന്നിഹിതരായിരുന്നു. ദൈവത്തിന്റെ തീർഥാടകജനമാണ് ഇസ്രായേൽ എന്ന് ഈ യാത്ര ഓർമപ്പെടുത്തുന്നു. തങ്ങളുടെ ദൈവത്തെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന ദൈവജനം എന്നർഥം. മടക്കയാത്രയിൽ യേശു യാത്രാസംഘത്തിന്റെ കൂടെ കാണുമെന്ന് മാതാപിതാക്കൾ കരുതി. എന്നാൽ കണ്ടെത്താഞ്ഞതിനാൽ മാതാപിതാക്കൾ തിരികെ പോകുകയും മൂന്നാംദിവസം ദൈവാലയത്തിൽ കണ്ടെത്തുകയും ചെയ്തു. യേശു മതപണ്ഡിതന്മാരോട് ചോദ്യം ചോദിക്കുകയും അവരെ ശ്രവിക്കയും ചെയ്യുന്നതായിട്ടാണ് അവർ ദൈവാലയത്തിൽ കണ്ടത് (ലൂ.2,46).

“കുഞ്ഞേ, നീ എന്തുകൊണ്ടാണ് ഞങ്ങളോട് ഇങ്ങനെ ചെയ്തത്? നോക്കൂ, നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു” (ലൂ.2,48) എന്ന മാതാവിന്റെ വാക്കുകൾക്ക് യേശു നൽകിയ മറുപടി ശ്രദ്ധാർഹമാണ്: “ഞാൻ എന്റെ പിതാവിന്റെ സംഗതികളിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ? (ലൂ.2,49). പിതാവിനോടൊപ്പം അവന്റെ ഭവനത്തിലാണ് എന്റെ ഇടം. യേശു പറയാൻ ഉദ്ദേശിച്ചത് ഇതാണ്: “യൗസേപ്പല്ല എന്റെ പിതാവ്. ദൈവമാണ് എന്റെ പിതാവ്. ഞാൻ അവന്റെ സ്വന്തമാണ്. ഇവിടെ ഞാൻ അവനോടൊപ്പം ഇരിക്കുന്നു.” - ഇതിലൂടെ ലൂക്കാ യേശുവിന്റെ ദൈവപുത്രത്വം ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. ഞാൻ നിർബന്ധമായും പിതൃഭവന



malankaralibrary.com

ത്തിൽ ആയിരിക്കണം. യേശു നിരന്തരം ദൈവികനിർബന്ധത്താൽ ബന്ധിതനാണ്. പുത്രനടുത്ത വിധേയത്വത്തിന്റെ പ്രകാശനമാണിത്.

"അവൻ തങ്ങളോട് പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല" (ലൂ.2,50) എന്നാണ് മാതാപിതാക്കളുടെ പ്രതികരണത്തെപ്പറ്റി ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്. "അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു" (ലൂ.2,51). അവ അവളുടെ ഹൃദയത്തിൽ കിടന്ന് പക്വത പ്രാപിച്ചു. സമയമായപ്പോൾ അവൾ അത് പകർന്നു കൊടുത്തു. ലൂക്കാ അത് രേഖപ്പെടുത്തി. ഹൃദയത്തിൽ ദൈവവചനം സൂക്ഷിക്കുകയും മറ്റുള്ളവരിലേക്ക് പ്രസരിപ്പിച്ച് കൈമാറുകയും ചെയ്യുന്ന സഭയുടെ പ്രതിരൂപമാണ് മറിയം.

"പിന്നെ അവൻ അവരോടൊപ്പം നസ്രേത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു...യേശു ജ്ഞാനത്തിലും ആകാരവടിവിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂ.2,51-52). സാമുവേലിനെ പറ്റിയുള്ള പരാമർശം മനസ്സിൽ വച്ചുകൊണ്ടാണ് ലൂക്കാ യേശുവിനെപ്പറ്റിയുള്ള പരാമർശം രേഖപ്പെടുത്തുന്നത് (ലൂ.2,52; 1 സാമു.2,26). സാമുവേലിന്റെ ബാല്യകാലചരിത്രവും യേശുവിന്റെ ബാല്യകാലചരിത്രവും തമ്മിൽ ലൂക്കാ ബന്ധം കാണുന്നു. മറിയത്തിന്റെ സ്തോത്രഗീതവും സാമുവേലിന്റെ അമ്മയായ ഹന്നായുടെ സ്തോത്രഗീതവും തമ്മിലുള്ള സാമ്യം ലൂക്കാ നേരത്തെ കണ്ടിരുന്നു.

"യേശു ജ്ഞാനത്തിൽ വളർന്നു." മറ്റു മനുഷ്യരെപ്പോലെ മനുഷ്യൻ എന്ന നിലയിൽ യേശുവും ജ്ഞാനത്തിൽ വളർന്നു. മാനുഷികജ്ഞാനത്തിലുള്ള വികാസം യേശുവിന് ഉണ്ടായി. തന്റെ ദൗത്യത്തെ പറ്റിയുള്ള പൂർണമായ അവബോധം മനുഷ്യനെന്ന നിലയിൽ, ജ്ഞാനത്തിൽ വളർന്നപ്പോൾ അവനുണ്ടായി എന്നു കരുതാവുന്നതാണ്. നിയോഗദൗത്യം തിരിച്ചറിയാൻ "പ്രായത്തിലും ജ്ഞാനത്തിലും" വളരേണ്ടിയിരിക്കുന്നു എന്നു ചിന്തിക്കുന്ന അനേകരുണ്ട്. യേശു ഒരു നിശ്ചിതസ്ഥലത്തും നിശ്ചിത കാലത്തും ചരിത്രത്തിൽ ജീവിച്ച സമ്പൂർണമനുഷ്യനാണ്. അവൻ മനുഷ്യജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ കൂടി കടന്നുപോയവനാണ്. എന്നാൽ മറുവശത്ത്, താൻ തന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണ് എന്ന അവബോധം പന്ത്രണ്ടാം വയസ്സിൽ തന്നെ അവൻ വെളിപ്പെടുത്തി. അവൻ സദാ പിതാവിനോടൊപ്പമാണ്. അവൻ എല്ലാം പിതാവിന്റെ വെളിച്ചത്തിൽ കാണുന്നു. അവൻ എല്ലാവരെയും പിതാവിന്റെ വെളിച്ചത്തിൽ വീക്ഷിക്കുന്നു.



malankaralibrary.com

# 7
# യേശുവിന്റെ സ്നാനവും പരീക്ഷകളും

യേശുവിന്റെ സ്നാനത്തെപ്പറ്റി സമാന്തരസുവിശേഷങ്ങൾ സാക്ഷിക്കുന്നു. നാലാം സുവിശേഷത്തിലും ഇതിന്റെ പരാമർശമുണ്ട് (യോഹ.1,29-34). ഏകദേശം മുപ്പത് വയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ യേശു യോർദാൻ നദിയിൽ വച്ച് സ്നാപക യോഹന്നാൻ നൽകിയ അനുതാപികളുടെ സ്നാനം സ്വീകരിച്ചു. യോഹന്നാൻ ആദ്യം തടസ്സം പറഞ്ഞെങ്കിലും, യേശുവിന്റെ നിർബന്ധത്താൽ പാപികളുടെ കൂടെ യേശുവിനെയും സ്നാനപ്പെടുത്തി. "ഇപ്പോൾ നീ ഇതു സമ്മതിക്കുക. അങ്ങനെ സർവ നീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്"എന്ന് യേശു പറഞ്ഞപ്പോഴാണ് യോഹന്നാൻ സമ്മതിച്ചത് (മത്താ.3,15).

സ്നാനാവസരം യേശു പ്രാർഥിച്ചുകൊണ്ടിരുന്നു (ലൂ.3,21). യേശു മനുഷ്യകുലത്തിന്റെ പാപഭാരമെല്ലാം തന്റെ ചുമലിലേറ്റി യോർദാന്റെ ആഴങ്ങളിലേക്ക് മുങ്ങി. സമസ്താപരാധങ്ങളും അവിടെ വച്ച് കഴുകിക്കളഞ്ഞു. പാപികളുമായി തന്നെത്തന്നെ താദാത്മ്യപ്പെടുത്തിക്കൊണ്ട്, പാപരഹിതനായ തമ്പുരാൻ പാപമോചനാർഥം യോർദാനിലെ വെള്ളത്തിലിറങ്ങി വെള്ളത്തെ ശുദ്ധീകരിച്ചു. അതിലൂടെ സമസ്ത ജലാശയങ്ങൾക്കും ശുദ്ധിവരുത്തി. അവിടുന്ന് വെള്ളത്തിൽ നിന്നു പൊങ്ങിയത് ഉത്ഥാനത്തിന്റെ പ്രതീകമാണ്. തദവസരം സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങിവന്നു. "നീ എന്റെ പ്രിയപുത്രൻ. നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു" എന്ന സ്വരം സ്വർഗത്തിൽ നിന്നുണ്ടായി (ലൂ.3,21-22). "ആകാശം പിളരുന്നതും ആത്മാവ് തന്റെമേൽ ഇറങ്ങിവരുന്നതും അവൻ കണ്ടു" എന്ന് മർക്കോസ് പറയുന്നു (1,10). സ്വർഗീയ സ്വര



malankaralibrary.com

ത്തെപ്പറ്റിയും മർക്കോസ് പറയുന്നു. പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിനെ യേശു കണ്ടതായിട്ടാണ് മത്തായിയും പറയുന്നത് (3,16). "ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ സംപ്രീതനായി രിക്കുന്നു" എന്നാണ് ആ സ്വർഗീയസ്വരത്തെപ്പറ്റി മത്തായി പറയുന്നത് (3,17). പ്രാവിനെപ്പോലെ ഇറങ്ങിവന്ന പരിശുദ്ധാത്മാവിനെ യോഹ ന്നാനും കണ്ടു എന്നാണ് നാലാം സുവിശേഷ സാക്ഷ്യം: "ഞാൻ അത് കാണുകയും ഇവൻ ദൈവപുത്രനാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (യോഹ.1,30-34) എന്നാണ് സ്നാപകൻ പറഞ്ഞത്. യേശുവിന് സാക്ഷ്യം വഹിക്കാനാണ് താൻ ജലസ്നാനത്തിന് വന്നിരി ക്കുന്നതെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തി. "പ്രാവിനെപ്പോലെ" എന്നത് വിശദീകരണാതീതമായ യാഥാർത്ഥ്യത്തിന്റെ മാനുഷികഭാവം എന്നാണ് മനസ്സിലാക്കേണ്ടത്.

"സ്വർഗം തുറക്കപ്പെട്ടു." യേശുവിനു മുകളിലാണ് സ്വർഗം തുറക്ക പ്പെടുന്നത്. ദൈവപിതാവുമായുള്ള യേശുവിന്റെ ഐക്യമാണ് ഇതു കാട്ടുന്നത്. ദൈവഹിതം നിറവേറ്റാനുള്ള അവസ്ഥയാണ് സ്വർഗം. "എല്ലാ നീതിയും പൂർത്തിയാക്കുക ഉചിതമെന്ന്" യേശു പറഞ്ഞപ്പോൾ, ഈ വിധേയത്വം നാം കാണുന്നു. അപ്പോഴാണ് സ്വർഗം തുറക്കപ്പെടുക. യേശു വിലൂടെ പിതാവിലേക്ക് കരേറുവാൻ നമുക്കായി സ്വർഗം തുറക്കപ്പെ ട്ടിരിക്കുന്നു. അടഞ്ഞു കിടന്ന പറുദീസായുടെ വാതിൽ തുറക്കപ്പെട്ടി രിക്കുന്നു. യേശു ആരാണെന്ന് ദൈവപിതാവ് വെളിപ്പെടുത്തുന്നു: "നീ എന്റെ പ്രിയപുത്രൻ." ദൈവികസത്ത പൂർണമായി ഉൾക്കൊള്ളുന്ന പുത്രൻ. ദൈവപുത്രനോടൊപ്പം പിതാവിന്റെയും പരിശുദ്ധാത്മാവിന്റെ യും വെളിപാട് ഇവിടെ നടക്കുന്നതിനാൽ, പരിപാവന ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ നടക്കുന്ന മഹനീയ സന്ദർഭമാണിത്.

യേശു പരിശുദ്ധ കന്യകയുടെ ഉദരത്തിൽ ഉരുവായ നാൾ മുതൽ എന്നേക്കും പരിശുദ്ധാത്മാവിനാൽ പൂർണമായി പൂരിതനായിരുന്നു. യോർദാനിലെ സ്നാനത്തിൽ ആ പരിശുദ്ധാത്മാവിന്റെ വെളിപ്പെടൽ സംഭവിച്ചു എന്നു മാത്രം. അത് യേശുവിനു വേണ്ടിയല്ല, സ്നാപകനു വേണ്ടിയാണ്, നമുക്കു വേണ്ടിയാണ്. യേശുവിന് സാക്ഷ്യം നൽകാ നുള്ള ദൗത്യനിർവഹണത്തിനു വേണ്ടിയാണ്. യേശുവിന് പാതയൊരു ക്കാൻ വേണ്ടിയാണ്. "ജലം കൊണ്ട് സ്നാനം നൽകാൻ കൽപ്പിച്ച വൻ എന്നോട് പറഞ്ഞിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ, അവനാണ് പരിശുദ്ധാത്മാവു



malankaralibrary.com

കൊണ്ട് സ്നാനം നൽകുന്നവൻ." (യോഹ.1,33). താൻ അത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു എന്ന് സ്നാപകൻ പറയുന്നു. മിശിഹാ എന്ന ദൗത്യത്തിന് അഭിഷേകം ലഭിച്ച മഹാകർമമാണ് സ്നാനത്തിൽ നടന്നത് എന്നു പറയാം. കർത്താവിന്റെ ആത്മാവ് വന്നുവസിക്കുന്നതാണ് അഭിഷേകം. രാജാക്കന്മാരെയും പുരോഹിതന്മാരെയുമാണ് അഭിഷേകം ചെയ്തിരുന്നത്. പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ യേശുവിനെ ദൈവം പുരോഹിതനും രാജാവുമായി അവരോധിച്ചു. പഴയനിയമ പ്രതീകങ്ങളെല്ലാം യോഹന്നാന്റെ കൈവയ്പിലൂടെ യേശുവിൽ വന്നുചേർന്നു. പഴയനിയമ പൗരോഹിത്യത്തിന് അന്ത്യം കുറിച്ചുകൊണ്ട്, പുരോഹിത കുടുംബത്തിൽ പെട്ട യോഹന്നാൻ പഴയനിയമ പൗരോഹിത്യം യേശുവിനു കൈമാറി. യോഹന്നാൻ പ്രവാചകനായിരുന്നതുകൊണ്ട് പഴയനിയമ പ്രവാചകദൗത്യവും യോഹന്നാനിൽ നിന്ന് യേശുവിൽ എത്തിച്ചേർന്നു. താൻ അഭിഷിക്തനാണെന്ന് ഏശായായെ ഉദ്ധരിച്ചുകൊണ്ട് നസ്രേത്തിലെ സിനഗോഗിൽ വച്ച് യേശു പ്രഖ്യാപിക്കയുണ്ടായി. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂ.4,18; ഏശാ.11,1-2).

സ്നാനാനന്തരം "ആത്മാവ് യേശുവിനെ മരുഭൂമിയിലേക്ക് നയിച്ചു." അവിടെ വച്ച് സാത്താൻ നാൽപ്പതു ദിവസം യേശുവിനെ പരീക്ഷിച്ചു. അവൻ വന്യമൃഗങ്ങളോടു കൂടെ ആയിരുന്നു (മർക്കോ. 1,12-13). തത്തുല്യമായിട്ടാണ് മത്തായിയും (4,1-11) ലൂക്കോസും (4,1-13) പറയുന്നത്.

മരുഭൂമിക്കടുത്ത് ചാവുകടൽ തീരത്ത് "കുംറാൻ സമൂഹം" (എസ്സീനികൾ) എന്നൊരു വിഭാഗം ജീവിച്ചിരുന്നു. യേശുവിന്റെ കുടുംബത്തിനും സ്നാപക യോഹന്നാനും അവരുമായി അടുപ്പമുണ്ടായിരുന്നു. "യേശു മരുഭൂമിയിലേക്കു പോയി" എന്നു പറഞ്ഞാൽ, അവിടേക്ക് പോയി എന്ന് അർഥം കൊടുക്കാം. ഒരുതരം തീവ്രവാദികളായിരുന്നു അവർ. സായുധവിപ്ലവത്തിലൂടെ വിദേശാധിപത്യം അവസാനിപ്പിക്കാമെന്ന് അവർ കരുതി. അവർ ഇടയ്ക്കിടെ പോരാട്ടം നടത്തിയിരുന്നു. ക്രിസ്തുവിന്റെ കാലത്തിനു തൊട്ടുമുമ്പ് യൂദാ എന്നൊരാൾ ഇത്തരം പ്രവർത്തനത്തിന് നേതൃത്വം നൽകി പരാജയപ്പെട്ട സംഭവം നടപടി പുസ്തകം ചൂണ്ടിക്കാണിക്കുന്നു(നടപടി,5,36-37). യഹൂദ പ്പെരുന്നാളുകൾക്ക് അവർക്ക് അവരുടേതായ പ്രത്യേക കലണ്ടർ ഉണ്ടായിരുന്നു. തീക്ഷ്ണനായ ശെമയോനും യൂദാ സ്കറിയോത്തായും



malankaralibrary.com

ഇവരിൽ ഉൾപ്പെട്ടിരുന്നതായി കരുതാം. സ്നാപകയോഹന്നാൻ മരുഭൂമിയിൽ ആയിരുന്നു എന്നു പറയുമ്പോൾ, ഈ സമൂഹത്തോടൊപ്പ മായിരുന്നു എന്നു വേണം കരുതാൻ. റോമൻ ആക്രമണത്തിൽ പിൽക്കാ ലത്ത് ഈ സമൂഹം നാമാവശേഷമായി. അവരുടെ ഗ്രന്ഥങ്ങളൊക്കെ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം കുംറാനിലെ ഗുഹകളിൽ നിന്ന് കണ്ടെടുക്കപ്പെട്ടു.

ഈ തീവ്രവാദികളെയാണ് "വന്യമൃഗങ്ങൾ" എന്നു വിളിക്കു ന്നത്. ഇവരുമായുള്ള അടുപ്പംകൊണ്ട് യേശു മരുഭൂമിയിലേക്ക് പോയി. ആത്മാവിനാൽ പൂരിതനായി തികഞ്ഞ ദൈവസംസർഗത്തിൽ തന്റെ ദൗത്യരീതി എങ്ങനെ ആയിരിക്കണമെന്ന് ധ്യാനിച്ചപ്പോൾ, വ്യത്യസ്ത ചിന്താധാരകൾ മനസ്സിലൂടെ കടന്നുപോയി. അവിടുന്ന് പരീക്ഷണ വിധേയനായി. കല്ല് അപ്പമാക്കുന്നതിന്റെയും ദൈവാലയ ഗോപുര ത്തിൽ നിന്ന് താഴേക്ക് ചാടുന്നതിന്റെയും ഭൗമിക ലോകപ്രതാപത്തി ന്റെയും രൂപത്തിൽ പ്രലോഭനചിന്ത പ്രത്യക്ഷപ്പെട്ടു. പോരാട്ടം നടത്തി റോമാക്കാരെ പരാജയപ്പെടുത്താനുള്ള പ്രലോഭനം യേശുവിന് ഉണ്ടാ യില്ല. അത് പലരും പലവട്ടം നടത്തി പരാജയപ്പെട്ടതായി യേശുവിന് അറിയാമായിരുന്നു. ഒരു അത്ഭുതപ്രവർത്തകനായി, ജനങ്ങളെ അമ്പര പ്പിച്ചുകൊണ്ട് പ്രത്യക്ഷനാകാനുള്ള പ്രലോഭനം ഉണ്ടായി. തീവ്രവാദി കളുമായുള്ള ഇടപഴകലിൽ നിന്നു ലഭിച്ച ആശയങ്ങളെല്ലാം യേശു തിരസ്കരിച്ചു. അവൻ ദൈവത്തോട് ചേർന്നു നിന്ന് "സഹന ദാസന്റെ" പാത തെരഞ്ഞെടുത്തു.

യേശു കല്ലുകൾ അപ്പമാക്കി അത്ഭുതം പ്രവർത്തിച്ചില്ല. എന്നാൽ പരസ്യജീവിതകാലത്ത് ദൈവത്തോട് ചേർന്നുനിന്ന് ഒന്നിലധികം പ്രാവശ്യം ജനത്തിന് അപ്പം വർധിപ്പിച്ചു കൊടുത്തു (മത്താ.14,13-21). ദൈവവചനത്തോടുള്ള അനുസരണം നടപ്പാക്കുമ്പോഴാണ് ലോക ത്തുള്ള എല്ലാവർക്കും കൃപ ലഭിക്കുന്നത്. രണ്ടാമത്തെ പ്രലോഭനത്തിന് യേശു നൽകിയ മറുപടി, "ദൈവമായ കർത്താവിനെ നീ പരീക്ഷി ക്കരുത്" എന്നതാണ് (ആവർത്ത.6,16). ഇസ്രായേൽക്കാർ മരുഭൂമിയിൽ 40 വർഷം ദൈവത്തെ പരീക്ഷിച്ച് പരാജയമടഞ്ഞു. പുതിയ ഇസ്രാ യേലായ യേശുവിന് പ്രലോഭനം ഉണ്ടായെങ്കിലും, അതിന് കീഴ്വഴ ങ്ങാതെ, ദൈവവചനം അവലംബിച്ച് ദൈവത്തിന് വിധേയനായി ഉറച്ചു നിലകൊണ്ടു. ഈ പരീക്ഷണം അവസാനം വരെ നിലനിന്നു. ലോക ത്തിന്റെ മേൽ സർവാധിപത്യവും രാജപദവിയുമാണ് മൂന്നാമത്തെ



malankaralibrary.com

പ്രലോഭനം. പ്രപഞ്ചത്തിൻ മേലുള്ള അധികാരം ദൈവത്തിനു മാത്രമാണ്. പിശാചിന് ലോകത്തിലെ തിന്മയുടെ മേൽ മാത്രമേ അധികാരമുള്ളു. “ഇതാ, ലോകത്തിന്റെ അധികാരി വരുന്നു” എന്ന് കർത്താവ് പറയുമ്പോൾ, ഇതാണ് അർഥമാക്കുന്നത്. യേശു ഇത് തിരിച്ചറിഞ്ഞു. സമസ്തവും ദൈവത്തിൽ സമർപ്പിച്ചു. തദ്ഫലമായി ഉത്ഥാനാനന്തരം അവനു പറയാൻ കഴിഞ്ഞു: “സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു” (മത്താ.28,18). സ്വർഗമില്ലാതെയുള്ള ഭൗമികാധികാരം ജലരേഖയും വെള്ളത്തിലെ കുമിളയുമാണ്. അതായിരുന്നു സാത്താൻ വച്ചുനീട്ടിയത്.

നാൽപ്പത് എന്ന സംഖ്യ ഒരു ബൈബിൾ പ്രയോഗമാണ്. ഇസ്രായേൽക്കാർ 40 വർഷം മരുഭൂമിയിലൂടെ അലഞ്ഞുതിരിഞ്ഞു. മോശ 40 ദിവസം സീനായ് മലയിൽ കൽപ്പനകൾക്കായി കാത്തിരുന്നു.

യേശു ദൈവത്തെ മനുഷ്യർക്ക് കാണിച്ചുകൊടുത്തു. ദൈവത്തിന്റെ മുഖം മനുഷ്യർക്ക് അനുഭവവേദ്യമാക്കിത്തീർത്തു. പിതാക്കന്മാരുടെ ദൈവം സമസ്തജനപദങ്ങളുടെയും ദൈവമായി. ദൈവം ദൈവമാണ്. ദൈവമാണ് മനുഷ്യന്റെ യഥാർഥ നന്മ എന്ന് യേശു വ്യക്തമാക്കി. പ്രലോഭനാവസാനം മാലാഖമാർ അവനു ശുശ്രൂഷ ചെയ്തു (മത്താ.4,11; മർക്കോ.1,13). 91-ാം സങ്കീർത്തനത്തിന്റെ നിറവേറലാണത്. എന്നാൽ സാത്താൻ ചൂണ്ടിക്കാണിച്ച രീതിയിൽ അല്ലെന്നു മാത്രം.



malankaralibrary.com

# 8

# ദൈവരാജ്യം

"സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക" എന്നു പറഞ്ഞുകൊണ്ടാണ് യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത് (മർക്കോ. 1,14-15). വി. മത്തായി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാവിധ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു" (4,23;9,35). മനുഷ്യകുലത്തെ മുഴുവൻ രക്ഷിക്കാനും രൂപാന്തരപ്പെടുത്താനുമായി ലോകത്തിലേക്ക് പ്രവേശിച്ച ഫലവത്തായ ശക്തിയാണ് സുവിശേഷം.

ദൈവരാജ്യം അഥവാ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നതിനാൽ, മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കാനാണ് ആഹ്വാനം. നമ്മുടെ കർത്താവു തന്നെ 90 പ്രാവശ്യം ദൈവരാജ്യം എന്ന പദം ഉപയോഗിക്കുന്നു. അതിനർഥം യേശുവിന്റെ പ്രഘോഷണത്തിന്റെയും പ്രവർത്തനത്തിന്റെയും കേന്ദ്രബിന്ദു ദൈവരാജ്യം ആണെന്നുള്ളതാണ്. പുതിയനിയമത്തിൽ മൊത്തം 122 പ്രാവശ്യവും സമാന്തരസുവിശേഷങ്ങളിൽ 99 പ്രാവശ്യവും ഈ പദം പ്രത്യക്ഷപ്പെടുന്നു.

യേശു തന്നെയാണ് ദൈവരാജ്യം. ദൈവരാജ്യം ഒരു വസ്തുവല്ല, ഒരു ദേശരാഷ്ട്രമല്ല, ഒരു ഭൂപ്രദേശമല്ല. യേശുവാണ് ലോകത്തിൽ ദൈവത്തിന്റെ സാന്നിധ്യം. ഇതാവിഷ്ക്കരിക്കയാണ് ദൈവരാജ്യം എന്ന പദം. ഈ രാജ്യം മനുഷ്യഹൃദയമാണ്. ദൈവം വസിക്കുന്നിടമാണ് ദൈവരാജ്യം. ദൈവം ഭരണം നടത്തുന്ന ഹൃദയം ദൈവരാജ്യം. അതായത്, പാപം ഭരണം നടത്താത്ത, ദൈവം തന്നെ നയിക്കുന്ന



malankaralibrary.com

ഹൃദയമത്രേ ദൈവരാജ്യം. "ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാണ്" എന്ന് കർത്താവ് പറഞ്ഞത് ഈ അർത്ഥത്തിലാണ് (മത്താ.12,28). ദൈവത്തോടു കൂടിയുള്ള ഈ വാസം വളർന്ന് പുറത്തേക്ക് ശോഭ പരത്തുമ്പോൾ, ദൈവരാജ്യം വളരുന്നു.

ധരയിലെ ദൈവരാജ്യമാണ് സഭ. ചരിത്രത്തിലെ ദൈവസാന്നിധ്യമാണ് സഭ. "ദൈവരാജ്യം നിങ്ങളുടെ ഇടയിലാകുന്നു" എന്ന് കർത്താവ് പറയുമ്പോൾ ഈയർത്ഥത്തിൽ മനസ്സിലാക്കാം (ലൂ.17,21). യേശു ദൈവരാജ്യത്തെ കുറിച്ച് പറയുമ്പോൾ, ദൈവത്തെ ജീവിക്കുന്ന ദൈവമായി പ്രഖ്യാപിക്കയാണ്. കർമനിരതനായ ദൈവത്തെ യേശു പ്രഖ്യാപിക്കുന്നു. ദൈവകേന്ദ്രീകൃതമായ പ്രഖ്യാപനമാണ് യേശു നടത്തുന്നത്. ഈ ദൈവകർതൃത്വം ഉപമകളിലൂടെ അവതരിപ്പിക്കാൻ നമ്മുടെ കർത്താവ് പരിശ്രമിച്ചു. അത് വിത്തുകളിൽ ഏറ്റവും ചെറുതാണ്. അത് പുളിമാവാണ്, വയലിൽ ഒളിച്ചുവയ്ക്കപ്പെട്ട നിധിയാണ്, ബലപ്രയോഗത്തിന് വിധേയമാക്കപ്പെടുന്ന യാഥാർത്ഥ്യമാണ്. കാണാൻ പറ്റുന്ന അടയാളങ്ങളോടു കൂടിയല്ല ദൈവരാജ്യം വരിക. ദൈവത്തിന്റെ പക്ഷത്തല്ലെങ്കിൽ ആർക്കും അത് കാണാൻ കഴിയില്ല. പരിശുദ്ധാത്മ നിറവിൽ യേശു ചെയ്യുന്ന പ്രവർത്തനത്തിലാണ് ദൈവരാജ്യം സ്ഥാപിതമായിരിക്കുന്നത്. അവനിലും അവനിലൂടെയുമാണ് ദൈവരാജ്യം ഇപ്പോൾ ഇവിടെ സന്നിഹിതമാകുന്നത്.

യേശുവിലൂടെ ദൈവം നവീന രീതിയിൽ സജീവമായി ലോകത്തിൽ കടന്നിരിക്കുന്നു. യേശുവിൽ ദൈവം നമ്മെ തന്നിലേക്ക് അടുപ്പിക്കുന്നു. ദൈവിക രീതിയിൽ ദൈവം ലോകത്തെ ഭരിക്കുന്നു. കുരിശോളം എത്തുന്ന സ്നേഹത്തിലൂടെയാണ് ഈ ദൈവികഭരണം. യേശുവാണ് ആ നിധി. അവനോടുള്ള ഐക്യമാണ് ഏറ്റവും വിലപിടിപ്പുള്ള രത്നം. അവനാണ് പുളിമാവ്.

ഇന്ന് ഇപ്പോൾ ഇത് അനുഭവവേദ്യമാകുന്നത് സഭയിലൂടെയാണ്. ദൈവരാജ്യവും സഭയും താദാത്മ്യപ്പെടുത്തി പറയാവുന്നതാണ്. യേശുവിന്റെ സാന്നിധ്യം നമുക്ക് അനുഭവവേദ്യമാകുന്നത് ദൃശ്യസഭയിലൂടെയാണ്. ദൈവരാജ്യം-സഭ- ഒരു നിഗൂഢയാഥാർത്ഥ്യമാണ്. എളുപ്പത്തിൽ അതിനാഴം കണ്ടെത്താൻ സാധ്യമല്ല. കുരിശിലൂടെ മാത്രമേ അതു മനസ്സിലാക്കാനാവൂ.



malankaralibrary.com

# 9

# മലയിലെ പ്രസംഗം

പഴയ ഉടമ്പടിയിൽ മോശ സീനായ് മലയിൽ കയറി ദൈവത്തിൽ നിന്ന് നിയമം സ്വീകരിച്ച് ഇസ്രായേൽ ജനത്തിനു നൽകി. മോശ മലയിൽ നിന്ന് ഇറങ്ങി വന്നപ്പോൾ മോശയുടെ മുഖം ദൈവിക കിരണത്താൽ പ്രശോഭിച്ചിരുന്നതിനാൽ അവന്റെ നേരേ നോക്കാൻ ഇസ്രായേൽക്കാർ ഭയപ്പെട്ടു. അതുകൊണ്ട് ഒരു മുഖാവരണം ധരിച്ചാണ് മോശ ജനത്തിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. സീനായ് മലയിലെ ദിവ്യാന്ധകാരത്തിനുള്ളിൽ കടന്ന് നാൽപ്പതുദിവസം ദൈവസംസർഗത്തിൽ കഴിച്ചതു കൊണ്ടാണ് മോശയ്ക്ക് ദിവ്യസന്ദേശം ലഭിച്ചത്(പുറ.34,28-35).

പഴയനിയമം യേശുവിലേക്ക് വിരൽ ചൂണ്ടുന്നു, എല്ലാ ദൃഷ്ടാന്തങ്ങളും നിഴലുകളും സാദൃശ്യങ്ങളും യേശുവിലേക്ക് ഓടിയെത്തുന്നു, ഒഴുകിയെത്തുന്നു. അങ്ങനെ പഴയനിയമം യേശുവിൽ പൂർത്തീകരിക്കപ്പെടുന്നു. നമ്മുടെ കർത്താവ് പറഞ്ഞതുപോലെ, നീക്കിക്കളയാനല്ല പൂർത്തീകരിക്കാനാണ് അവിടുന്ന് വന്നത് (മത്താ.5,17-18).

മലമുകളിൽ നിന്ന്, മോശയുടെ സ്ഥാനത്തിരുന്നുകൊണ്ട് പുതിയ മോശയായ യേശു തന്റെ ദിവ്യപ്രബോധനം അവതരിപ്പിക്കുന്നു. ദൈവപിതാവുമായി ആഴമായ ബന്ധം പുലർത്തിക്കൊണ്ടാണ്, നാൽപ്പതു ദിവസം മരുഭൂമിയിൽ ചെലവഴിച്ചതിനു ശേഷമാണ്, നമ്മുടെ കർത്താവ് തന്റെ പ്രബോധനം നൽകുന്നത്. അവിടുന്ന് കയറിയ മല പുതിയതും നിർണായകവുമായ സീനായ് മലയാണ്. അവിടുന്ന് അധികാരം ഉള്ളവനെപ്പോലെ മലയിൽ കയറി ഇരുന്നാണ്, സിംഹാസനാരൂഢനായിട്ടാണ്, സംസാരിക്കുന്നത്. ദൈവികശക്തി സൗമ്യഭാവത്തിൽ ഏലിയായ്ക്ക്



malankaralibrary.com

കാണപ്പെട്ടതുപോലെ (1രാജാ.19,1-13) അതിന്റെ പൂർണതയിൽ പുതിയ മലയിൽ യേശു കാണപ്പെടുന്നു. അവന്റെ ലാളിത്യവും സാമീപ്യവും, അവന്റെ മഹത്വവും വലിപ്പവും കുറയ്ക്കുന്നില്ല. കുരിശിന്റെ രൂപത്തിലാണ് ഇപ്പോൾ ആ മഹത്വം കാണപ്പെടുക.

മനുഷ്യൻ മനുഷ്യനോട് സംസാരിക്കുന്നതുപോലെ ദൈവം യേശുവിലൂടെ നമ്മോട് സംസാരിക്കുന്നു. മോശയെ നോക്കാൻ ഇസ്രായേൽക്കാർ ഭയപ്പെട്ടതിനേക്കാൾ കഠിനമായിരുന്നു യേശുവിന്റെ പ്രബോധനം. "ഈ വചനം കഠിനമാണ്, ഇതു ശ്രവിക്കാൻ ആർക്കു കഴിയും" എന്നാണ് യേശുവിന്റെ വചനത്തോട് ശ്രോതാക്കളിൽ ചിലർ പ്രതികരിച്ചത് (യോഹ.6,60). ഇന്ന് നമ്മിൽ അനേകരും ഇതേ ചോദ്യം യേശുവിനോട് ചോദിക്കുന്നു.

ദൈവസ്വരം ശ്രവിക്കണമെങ്കിൽ നമ്മുടേതെന്ന് നാം കരുതുന്നവ മരിക്കണം. ദൈവപിതാവുമായുള്ള അത്യഗാധമായ ഐക്യം കൊണ്ടേ യേശുവിന്റെ ന്യായപ്രമാണം ഗ്രഹിക്കാൻ കഴിയൂ. മലയിലെ പ്രസംഗം ഗ്രഹിക്കണമെങ്കിൽ നാം യേശുവിനെ അനുഗമിക്കണം. പുതിയ മോശ ലോകം മുഴുവനും വേണ്ടി തന്റെ ന്യായപ്രമാണം അവതരിപ്പിക്കുന്നു. അതാണ് മലയിലെ പ്രസംഗം.


malankaralibrary.com

# 10
# അഷ്ടസൗഭാഗ്യങ്ങൾ

മലയിലെ പ്രസംഗത്തിലാണ് അഷ്ടസൗഭാഗ്യങ്ങൾ നമ്മുടെ കർത്താവ് അവതരിപ്പിക്കുന്നത്. മോശയുടെ നിയമത്തിന് കാലാകാലങ്ങളിൽ വിവിധ രീതിയിലുള്ള വ്യാഖ്യാനങ്ങൾ യഹൂദറബ്ബിമാർ നൽകിയിരുന്നു. നമ്മുടെ കർത്താവിന്റെ കാലത്തെ നിയമജ്ഞർ തങ്ങളുടേതായ വികല വ്യാഖ്യാനങ്ങൾ നൽകി ജനത്തെ വഴിതെറ്റിച്ചിരുന്നു (മത്താ.23). തൽസ്ഥാനത്ത്, മോശയുടെ നിയമത്തിന് പൂർണത വരുത്താനാണ് നമ്മുടെ കർത്താവ് പരിശ്രമിച്ചത്.

യേശുവിന്റെ ഭൗമികജീവിതമാണ് അഷ്ടസൗഭാഗ്യങ്ങളിലൂടെ വെളിപ്പെടുന്നത്. അവിടെ യേശു മനുഷ്യനെന്ന നിലയിൽ താനായിരിക്കുന്ന അവസ്ഥയിൽ സന്നിഹിതനാകുന്നു. ഗോപ്യമായി വയ്ക്കപ്പെട്ട അവന്റെ ജീവിതകഥയാണിത്. അവന്റെ രൂപത്തിന്റെ ച്ഛായാചിത്രം. തല ചായ്ക്കാൻ ഇടമില്ലാത്ത ദരിദ്രനായിരുന്നു അവൻ (മത്താ.8,20). അവൻ ശാന്തശീലനും വിനീതഹൃദയനും ആയിരുന്നു (മത്താ.11,28-29). ഹൃദയശുദ്ധി ഉള്ളവനായ അവൻ സദാ ദൈവതിരുമുഖം ദർശിക്കയും ദൈവവുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അവനാണ് യഥാർഥ സമാധാന സംസ്ഥാപകൻ. അവനാണ് ദൈവത്തെ പ്രതി പീഡനം ഏറ്റത്. ക്രിസ്തുരഹസ്യം തന്നെയാണ് സൗഭാഗ്യങ്ങൾ അവതരിപ്പിക്കുന്നത്.

തന്റെ ശിഷ്യരുടെ നേരേ കണ്ണുകളുയർത്തിയ നോട്ടത്തിൽ നിന്നാണ്, അവരുടെ അവസ്ഥ കണ്ടിട്ടാണ്, നമ്മുടെ കർത്താവ് പഴയ നിയമ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ സൗഭാഗ്യങ്ങൾ ഉച്ചരിച്ചത്: കർത്താവിൽ ആശ്രയം വയ്ക്കുന്നവൻ ഭാഗ്യവാൻ (സങ്കീ.1; ജറ. 17,7-8).



malankaralibrary.com

യേശുവിന്റെ ശിഷ്യർ ദരിദ്രരും വിശപ്പു സഹിക്കുന്നവരും വിലപിക്കുന്നവരും വെറുക്കപ്പെടുന്നവരും പീഡിപ്പിക്കപ്പെടുന്നവരുമാണ് (ലൂ.6,20-23). ഇതാണ് സത്യം. അസത്യം എന്നു തോന്നാവുന്ന സത്യം. തന്റെ അനുയായികളുടെ ഭൗമിക ജീവിതാവസ്ഥയാണ് അഷ്ട സൗഭാഗ്യങ്ങളിലൂടെ വെളിപ്പെടുന്നത്. അതിനെ അവിടുന്ന് മഹത്വവത്കരിക്കയാണ്.

വി.പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിൽ, അഷ്ടസൗഭാഗ്യങ്ങൾ തന്റെ ജീവിതാനുഭവമായി അവതരിപ്പിക്കുന്നു (4,8-13;6,8-10). തന്റെ ക്ലേശങ്ങളിലും ദുരിതങ്ങളിലും അവൻ ആനന്ദം അനുഭവിക്കുന്നു. തന്റെ ക്ലേശങ്ങൾ യേശുവിന്റെ കുരിശിനോട് കൂട്ടിച്ചേർത്തപ്പോൾ, ഉത്ഥാനത്തിന്റെ സന്തോഷത്താൽ മതിമറന്ന് പൗലോസ് ആഹ്ലാദിക്കുന്നു. ഇതുതന്നെ വിശുദ്ധ യോഹന്നാനും അവതരിപ്പിക്കുന്നു. യേശുവിന്റെ കുരിശ് യേശുവിന്റെ മഹത്വീകരണമായി, ആരോഹണമായി അവൻ കാണുന്നു. അതിനർത്ഥം, യേശുവിന്റെ ശിഷ്യരും യേശുവിന്റെ ഈ കാഴ്ചപ്പാടുള്ളവരായിരിക്കണം എന്നത്രേ. ഇതിലൂടെ കടന്നുപോകണം. അതിനുള്ള ദൃഷ്ടാന്തം വിശുദ്ധ പൗലോസ് കാട്ടിത്തരുന്ന: "ഇനി ഞാനല്ല, ജീവിക്കുന്നത്, ക്രിസ്തു എന്നിൽ ജീവിക്കുന്നു (ഗലാ.2,20).

"*ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവരുടേതാകുന്നു.*" ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ അകപ്പെട്ട ഇസ്രായേൽക്കാർക്ക് തങ്ങൾ ദൈവത്തോട് അടുത്തു നിൽക്കുന്നവരായി അനുഭവപ്പെട്ടു. തങ്ങളിൽ തന്നെ ആശ്രയിക്കുന്ന പണക്കാർ ധാർഷ്ഠ്യം നിറഞ്ഞവരും ദൈവത്തിൽ നിന്ന് അകന്നവരുമായി കാണപ്പെട്ടു. യഥാർത്ഥ ദരിദ്രർ, ആത്മാവിൽ ദരിദ്രർ, കൃപയിൽ ദരിദ്രർ, തങ്ങളാണെന്ന് കുംറാൻ നിവാസികളായ എസ്സീനികൾ കരുതി. ദരിദ്രർ എന്നത് യഥാർത്ഥ ഭക്തർക്കുള്ള സംജ്ഞയായിത്തീർന്നു.

പല സങ്കീർത്തനങ്ങളും ദരിദ്രരുടെ ഭക്തിയെപ്പറ്റി പറയുന്നു. അവർ ദൈവനന്മയോട് ചേർന്നു നിൽക്കുന്നവരും ദൈവത്തിന്റെ രക്ഷ കാത്തിരിക്കുന്നവരും വിനയാന്വിതരായി മിശിഹായ്ക്ക് വാതിൽ തുറന്നു കൊടുക്കുന്നവരുമാണ്. ദൈവാലയത്തിലെ ശെമയോനും ഹന്നായും, സക്കറിയായും എലിസബത്തും, യൗസേപ്പും മറിയവും, ഇടയന്മാരുമൊക്കെ ഇത്തരക്കാരായിരുന്നു. ദൈവിക സന്ദർശനത്തിന്



malankaralibrary.com

കാതോർത്ത്, കണ്ണുംനട്ട് കാത്തിരുന്നവരാണവർ. ദൈവകൃപയാൽ നിറയാൻ, ശൂന്യമായ കരങ്ങളോടെ അവർ ദൈവത്തോട് ചേർന്നു നിൽക്കുന്നു. ദൈവകേന്ദ്രീകൃതമായി ജീവിക്കുന്നു, ദൈവസമർപ്പിതരായി കഴിയുന്നു, എല്ലാറ്റിലും ദൈവത്തിന് പ്രഥമസ്ഥാനം നൽകുന്നു, എല്ലാറ്റിനുമുപരി ദൈവത്തെ പ്രതിഷ്ഠിക്കുന്നു. വെറും ഭൗതിക സാമ്പത്തിക ദാരിദ്ര്യത്തിനുപരിയായ ഒന്നാണ് നമ്മുടെ രക്ഷകൻ വിഭാവന ചെയ്യുന്നത്. ഒന്നിനോടും ഒട്ടിച്ചേരാതെയുള്ള ആന്തരിക സ്വാതന്ത്ര്യമാണ് യഥാർഥ ദാരിദ്ര്യം. അതിൽ ഭൗതിക സമ്പത്തുള്ളവനും ദരിദ്രനുമെല്ലാം സ്ഥാനമുണ്ട്. സഭ ഇത്തരം ദരിദ്രരുടെ സഭയായിരിക്കണം, അത് മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുകയും വേണം.

അതിന്റെ കൂടെ നമ്മുടെ കർത്താവ് പറയുന്നു: "*ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും*" (*മത്താ.5,5*). ഇത് സങ്കീർത്തനം 31,11-ൽ നിന്നുള്ളതാണ്. മോശ ശാന്തനും സൗമ്യനും ആയിരുന്നു (സംഖ്യ 12,3). പുതിയ മോശയായ നമ്മുടെ കർത്താവ് തന്നെപ്പറ്റി പറയുന്നത്, "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്" (മത്താ. 11,29). പഴയനിയമത്തിലെ മോശയുടെ ശാന്തതയേക്കാൾ അനേകമടങ്ങ് ശാന്തത എല്ലാ നൈർമല്യത്തോടും നന്മയോടും കൂടി യഥാർഥ മോശയായ യേശുതമ്പുരാനിൽ കാണപ്പെടുന്നു. വിനീതനും ദരിദ്രനുമായ രാജാവിന്റെ വാഹനമായ കഴുതയെ അവിടുന്ന് തന്റെ വാഹനമൃഗമാക്കി (സഖ.9,9; മത്താ.21,5). "*ഭൂമി അവകാശമാക്കും*" എന്നത് യേശുവിനെ സംബന്ധിച്ച് വാച്യാർഥത്തിലല്ല എടുക്കേണ്ടത്. അവന്റെ രാജ്യം ഭൗമികമല്ല. പിന്നെയോ, സമുദ്രം മുതൽ സമുദ്രം വരെയാണ് (സഖ.9,10; സങ്കീ.72,8). മോശയിൽ തുടങ്ങി (സംഖ്യ 12,3) സക്കറിയായിലൂടെ വളർന്ന് ഓശാനയിലൂടെ പൂർണതയിൽ എത്തുന്ന ശാന്തത നിമിത്തമാണ് സമുദ്രം മുതൽ സമുദ്രം വരെ വിസ്തൃതമായ സാർവലൗകികവും സാർവത്രികവുമായ ദൈവരാജ്യത്തിൽ എത്തുന്നത്.

അവിടുന്ന് പ്രഖ്യാപിച്ച "ഭൂമി കൈവശമാക്കൽ" എന്നതിന് പറമ്പു സ്വന്തമാക്കുക എന്ന അർഥമല്ല നൽകുന്നത്. ഒരു ദേശരാഷ്ട്രധ്വനിയും അതിനില്ല. ഭൂമി മുഴുവന്റെ മേലും ദൈവത്തിന്റെ സർവാധിപത്യം. ലോകജനത മുഴുവൻ വിഗ്രഹാരാധന വിട്ട് സത്യദൈവത്തെ ആരാധിക്കാനും അനുസരിക്കാനുമുള്ള മനോഭാവം അഥവാ അവസ്ഥ. ദൈവത്തോടുള്ള തുറന്ന മനസ്സിന്റെ മേഖലയാണ് ദേശം. അതിർത്തി



malankaralibrary.com

കളെ മറികടക്കാൻ ഉന്നം വയ്ക്കുന്നതാണ് അവന്റെ ദേശം. ദൈവത്തിൽ നിന്നു വരുന്ന സമാധാനത്തിലൂടെ ഭൂമിയെ നവീകരിക്കാൻ ശ്രമിക്കുന്ന ശാന്തശീലർക്കുള്ളതാണ് ഭൂമി. ഈ ധര സമാധാന രാജാവിന്റെ ദേശമാകണം. കുർബാന അർപ്പണത്തിന് നാം സമ്മേളിക്കുന്ന ഓരോ സ്ഥലവും സമാധാനരാജാവ് വാണരുളുന്ന ഇടമാണ്.

*"സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും"* (മത്താ.5,9). ഇസ്രായേലിന് സമാധാനവും ശാന്തിയും നൽകുന്നവനെപ്പറ്റി ദൈവം ദാവീദിന് അരുളപ്പാടു നൽകി. "അവന്റെ ഭരണകാലത്ത് ഞാൻ ഇസ്രായേലിന് സമാധാനവും ശാന്തിയും നൽകും. അവൻ എന്റെ പുത്രനായിരിക്കും. ഞാൻ അവന് പിതാവുമായിരിക്കും (1 ദിന.22,9-10). ഇത് വാച്യാർത്ഥത്തിൽ സോളമനെപ്പറ്റിയാണ്. എങ്കിലും യേശുനാഥനിലാണ് ഇത് ചെന്നുനിൽക്കുന്നതും പൂർത്തീകരിക്കപ്പെടുന്നതും. ഈ അരുളപ്പാടിന്റെ പൂർത്തീകരണമായി നമ്മുടെ കർത്താവ് സമാധാന രാജാവായി അവതരിച്ചു. യേശു ദൈവത്തിന്റെ യഥാർത്ഥ പുത്രനാകയാൽ അവനാണ് യഥാർത്ഥ സോളമൻ. യഥാർത്ഥ സമാധാന സംസ്ഥാപകൻ അവൻ മാത്രമാണ്. ഈ ദൈവപുത്രൻ ഉയരത്തെയും ആഴത്തെയും സമാധാനത്തിൽ ഒന്നിപ്പിക്കാൻ എഴുന്നെള്ളി. ആ ദൗത്യമാണ് ശിഷ്യർക്കും അവിടുന്ന് നൽകുന്നത്.

ഒന്നാമത് ദൈവത്തോട് രമ്യതപ്പെടണം. "മിശിഹായെ പ്രതി ഞങ്ങൾ നിങ്ങളോട് കേണപേക്ഷിക്കുന്നു. നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ" (2കൊറി.5,20) എന്ന് വി.പൗലോസ് ശ്ലീഹാ താണുവീണ് അപേക്ഷിക്കുന്നു. ദൈവത്തോടുള്ള ശത്രുതയാണ് സമസ്ത തിന്മകളുടെയും ഹേതു. അതിനെ കീഴടക്കിയാലേ ലോകസമാധാനം കൈവരൂ. ദൈവത്തോട് അനുരഞ്ജനപ്പെട്ട ആൾക്കു മാത്രമേ തന്നോടു തന്നെ രമ്യതപ്പെടാനും സമാധാനത്തിലും സ്വച്ഛതയിലും കഴിയാനും സാധിക്കൂ. അപ്രകാരമുള്ളവന് ചുറ്റുപാടും സമാധാനവും രമ്യതയും ഐക്യവും ലയവും സംജാതമാക്കാൻ കഴിയും. ഈ ലോകത്തിൽ സമാധാനം സ്ഥാപിക്കാനുള്ള കടമ എല്ലാ മനുഷ്യർക്കുമുണ്ട്. എന്നാൽ ദൈവം നേർക്കാഴ്ചയിൽ നിന്നു മറയുമ്പോൾ, ദൈവത്തെ മാറ്റിനിർത്തുമ്പോൾ, ദൈവത്തോട് രമ്യതപ്പെടാതിരിക്കുമ്പോൾ, സമാധാനം നഷ്ടപ്പെടുന്നു, യുദ്ധങ്ങളും കലഹങ്ങളും ശണ്ഠകളും പെരുകുന്നു. ഭയാനകമായ അനന്തരഫലങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. അതാണ് ഇന്ന് ലോകത്തിൽ നടക്കുന്നത്. ദൈവത്തെ ആട്ടിപ്പുറത്താക്കി, വാതി



malankaralibrary.com

ലടച്ച്, തന്നിൽ തന്നെ ആശ്രയിച്ച് മുന്നേറുവാൻ ലോകം ശ്രമിക്കുന്നു, സമാധാനം സ്ഥാപിക്കാൻ മനുഷ്യർ നെട്ടോട്ടം ഓടുന്നു, ചർച്ചകൾ നടത്തുന്നു. ഫലമോ? വിപരീതഫലം. അനുനിമിഷം അക്രമം വർധിക്കുന്നു. സമാധാനം സ്ഥാപിക്കുന്നവരാണ് ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടുന്നവർ. സാക്ഷാൽ ദൈവപുത്രനെപ്പോലെ നിരന്തരം ദൈവോന്മുഖമായി ജീവിക്കുന്ന ദൈവപുത്രന്മാർക്കു മാത്രമേ ഭൂമിയിൽ സമാധാനം സ്ഥാപിക്കാൻ കഴിയൂ. അതാണ് ഇന്ന് ലോകത്തിൽ അസ്തമിച്ചിരിക്കുന്നത്.

*"വിലപിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും"* (മത്താ.5,4). മാനസ്സാന്തരത്തിലേക്കും തിന്മയെ ചെറുത്തുനിൽക്കാനുള്ള മനോനിലയിലേക്കും നയിക്കുന്ന വിലാപം സൗഖ്യമേകുന്നു. പ്രത്യാശ നിലനിർത്താനും വീണ്ടും സ്നേഹിക്കാനും നിരാശയുടെ പടുകുഴിയിൽ നിപതിക്കാതിരിക്കാനും ഈ വിലാപം സഹായിക്കുന്നു. പത്രോസിന്റെ വിലാപം ഇത്തരത്തിൽ പെട്ടതായിരുന്നു. സഹനത്തിലൂടെ തിന്മയുടെ ആധിക്യത്തിന് കടിഞ്ഞാണിടാൻ ഇത്തരം വിലാപം സഹായിക്കുന്നു. മറ്റുള്ളവരുടെ വേദനയുടെ മുമ്പിൽ ഹൃദയം കഠിനമാക്കി കൊട്ടിയടയ്ക്കാത്തവർ, ആത്മാവിനുള്ളിൽ തിന്മയ്ക്ക് പ്രവേശനം നൽകാത്തവർ, എന്നാൽ തിന്മയുടെ ശക്തിയാൽ സഹിക്കുന്നവർ, ദൈവത്തിന്റെ സത്യത്തെ അംഗീകരിക്കുന്നവർ - അവരാണ് വിലപിക്കുന്നവർ. അവർക്കാണ് ആശ്വാസം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്.

*''നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവരുടേതാണ്''*(മത്താ.5,10). സ്വർഗരാജ്യം ഇത്തരക്കാരുടേതാണ്. അതുപോലെ ദരിദ്രർക്കും ഉള്ളതാണ്. ദൈവത്തിന്റെ കരവലയത്തിൽ കഴിയുകയും അവിടെ സുരക്ഷിതത്വം അനുഭവിക്കുകയും ചെയ്യുന്നവരാണ് യഥാർഥ സമാശ്വാസവും സ്വർഗരാജ്യവും. യേശുവാണ് നീതിമാനെന്നും അവനുള്ള പ്രതിഫലം എന്തെന്നും സങ്കീർത്തനങ്ങളിലും ഏശായായിലും ഉടനീളം ദൃശ്യമാണ്. അവൻ നീതിക്കുവേണ്ടി പീഡനം ഏറ്റവനാണ്. അവനോടൊപ്പം നടക്കുന്നതാണ് സ്വർഗരാജ്യം. പീഡനമേറ്റ യേശുവിനെ പിൻചെല്ലാനുള്ള ആഹ്വാനമാണിത്. യേശുവിനെ പ്രതി പീഡ സഹിക്കുമ്പോൾ, അത് രക്ഷാകരമാണെന്ന് തുടർന്നു പറയുന്നു (മത്താ.5,11-12).



malankaralibrary.com

*നീതിക്കു വേണ്ടി വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് സംതൃപ്തി ലഭിക്കും (മത്താ.5,6).* ലൗകിക ചിന്താഗതികൾക്ക് മുട്ടു മടക്കാത്തവരാണ് വിലപിക്കുന്നത്. അവർ തിന്മയെ ചെറുക്കുന്നു. അത് സഹനത്തിലൂടെയാണ്. യഥാർഥ നീതിക്കുവേണ്ടി തുനിഞ്ഞിറങ്ങുന്നവരാണിവർ. നീതിക്കായി തീവ്രമായി ആഗ്രഹിക്കുന്നവരാണിവർ. ഇപ്രകാരമുള്ള തീവ്രാഭിലാഷത്തിന്റെയും താൽപ്പര്യങ്ങളുടെയും മനുഷ്യനായി ദാനിയേലിനെ പഴയനിയമം അവതരിപ്പിക്കുന്നു. മഹത്തരമായ സംഗതികൾക്കായി കാംക്ഷിക്കുന്നവരാണവർ. ഉന്നതമായ വിളിക്ക് കാതോർത്ത് കാത്തു കഴിയുന്നവരെയാണ് ഇവിടെ നീതിക്കായി വിശക്കുന്നവരും ദാഹിക്കുന്നവരുമായി അവതരിപ്പിക്കുന്നത്. നമ്മെ സത്യപാതയിൽ നടത്തുന്ന ദൈവത്തെ തേടുവാനുള്ള അഭിവാഞ്ഛ. അതാണ് ഇവിടെ നീതിയെന്നു പറയുന്നത്.

"*ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും*" (മത്താ.5,8). ആത്മശരീരങ്ങൾ സ്വരച്ചേർച്ചയിലും യോജിപ്പിലും പ്രവർത്തിച്ചെങ്കിൽ മാത്രമേ ഹൃദയശുദ്ധി ലഭിക്കയുള്ളു. ആത്മാവിന്റെ ശിക്ഷണത്തിന് ശരീരം വിധേയമാകണമെന്നർഥം. തന്റെ ആരംഭം ദൈവമാണ്, ജീവിക്കുന്നത് അവനിലാണ്, അവനാണ് അന്ത്യം എന്ന് മനുഷ്യൻ അംഗീകരിക്കേണ്ടിയിരിക്കുന്നു. മനുഷ്യമനസ്സ് സംശുദ്ധമായിരുന്നാലേ ദൈവദർശനം സാധ്യമാകൂ. അതിന് ആന്തരിക നയനങ്ങൾ തുറക്കപ്പെടണം. 24-ാം സങ്കീർത്തനം നിർമല ഹൃദയത്തെപ്പറ്റി പറയുന്നു. അവനാണ് കർതൃമലയിൽ, കർതൃസവിധത്തിൽ, കയറുന്നത്. അതായത്, കർത്താവിനെ കണ്ടെത്തുന്നവൻ. ഇതുതന്നെ 15-ാം സങ്കീർത്തനത്തിലും കാണാം. ക്രിസ്തുവിന്റെ മനസ്സിലേക്ക് നാം പ്രവേശിക്കുമ്പോൾ, (ഫിലി.2,5) നാം ദൈവത്തെ കാണും. ഏറ്റവും ഹൃദയശുദ്ധി ഉള്ളവനും നീതിമാനും നിഷ്കളങ്കനും അവൻ മാത്രമാണല്ലോ. അവന്റെ മനസ്സു നിറയെ സ്നേഹമാണ്. ഈ സ്നേഹത്തിനുള്ളിലേക്ക് കടന്നെങ്കിലേ ദൈവത്തിൽ എത്തിച്ചേരാൻ കഴിയൂ. എളിയ സേവനത്തിലൂടെയും അനുസരണത്തിലൂടെയും കർത്താവുമായുള്ള ഐക്യത്തിലേക്ക് കടക്കുന്ന സ്നേഹഹൃദയമാണ് ശുദ്ധഹൃദയം.

അടിസ്ഥാനപരമായ ക്രൈസ്തവ നിലപാടും തെരഞ്ഞെടുപ്പുമാണ് മലയിലെ പ്രസംഗം അവതരിപ്പിക്കുന്നത്.



malankaralibrary.com

# 11
# കർതൃപ്രാർത്ഥന

പ്രാർഥന എന്നത് ദൈവത്തോട് സംസാരിക്കുന്നതും ദൈവത്തിന് കാതോർക്കുന്നതുമാണ്. ദൈവവുമായുള്ള ഈ ബന്ധമാണ് മനുഷ്യനായിരിക്കുക എന്നതിന്റെ സാരാംശം. മനുഷ്യാത്മാവിന്റെ ആണിക്കല്ലായി ഈ ബന്ധം സദാ സന്നിഹിതമായിരിക്കണം. പ്രാർഥനയിലൂടെ ഈ ബന്ധം ഉണർത്തുകയും പുതുക്കുകയും ചെയ്യണം. അനുദിന ജീവിതവ്യാപാരങ്ങളെല്ലാം ഈ ബന്ധത്തിലേക്ക് തിരിഞ്ഞിരിക്കണം. ഈ ദൈവികബന്ധത്തിൽ നിന്നാണ് ഹൃദയസമാധാനവും, ജീവിതക്ലേശങ്ങളിലും രോഗങ്ങളിലും സമാശ്വാസവും ലഭിക്കുന്നത്. മറ്റുള്ളവർക്കായി ഹൃദയം തുറക്കാൻ കഴിയുന്നതും ഇതുമൂലമാണ്. നിരന്തരമായി ദൈവികബന്ധത്തിൽ ആയിരിക്കുക എന്നതാണ് യഥാർഥ പ്രാർഥന. അത് സുകൃതജപങ്ങളാകാം, മനഃപ്രാർഥനയാകാം, വാചിക പ്രാർഥനയാകാം, സങ്കീർത്തനങ്ങളാകാം, പുസ്തകത്തിൽ അച്ചടിച്ച പ്രാർഥനകളാകാം, സ്തുതിപ്പുകളാകാം. അങ്ങനെ, നമ്മിൽ കേന്ദ്രീകരിച്ച ജീവിതമാകാതെ, ദൈവകേന്ദ്രീകൃതമായ ജീവിതം നയിക്കാൻ നമുക്ക് സാധിക്കും. നമ്മെക്കുറിച്ച് ചിന്തിക്കുന്നതിനേക്കാൾ, ദൈവത്തെപ്പറ്റി ചിന്തിക്കാൻ നമുക്ക് സാധിക്കണം. അപ്പോഴേ പ്രാർഥനയിലൂടെ നമ്മെത്തന്നെ അറിയാനും ദൈവത്തെ അറിയാനും നമുക്ക് കഴിയൂ. ദൈവഹിതത്തിന് നമ്മെത്തന്നെ അനുരൂപരാക്കുന്നത് പ്രാർഥനയിലൂടെയത്രേ.

നമ്മുടെ പ്രാർഥന പരീശന്റെ പ്രാർഥന പോലെ ആകരുത്. മുറിയിൽ കടന്ന് കതകടച്ച് സ്വർഗസ്ഥനായ പിതാവിനോട് പ്രാർഥിക്കാനാണ് കർത്താവ് കൽപ്പിച്ചിരിക്കുന്നത്. അതായത്, പ്രാർഥന പ്രകടനം



malankaralibrary.com

ആകാൻ പാടില്ല, പ്രാർഥനയിൽ ഏകാഗ്രത ഉണ്ടായിരിക്കണം എന്നു സാരം. അതുപോലെ പ്രാർഥനയും ജീവിതവും ചേർന്നു പോകണം. അതിഭാഷണത്തിനും പ്രസക്തിയില്ല. ചോദിക്കുന്നതിനു മുമ്പു തന്നെ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന പിതാവാണ് നമുക്കുള്ളത് (മത്താ. 6,5-8). ദൈവമഹത്വം ആയിരിക്കണം നമ്മുടെ പ്രാർഥനയുടെ ലക്ഷ്യം (സങ്കീ.115,1). ദൈവേഷ്ടം നിറവേറ്റുക എന്നതാണ് പ്രാർഥനയുടെ സാരസത്ത. ദൈവഹിതത്തോട് നമ്മുടെ ഹിതം ചേർന്നു പോകാൻ നമ്മെത്തന്നെ സജ്ജമാക്കുന്നതാണ് പ്രാർഥന.

നാം നമ്മുടെ സ്വർഗീയപിതാവിനോട് ചോദിക്കണമെന്ന് നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നമ്മെ അനുനിമിഷം സ്നേഹിക്കുന്ന നമ്മുടെ സ്വർഗീയപിതാവ് എത്രയധികമായി ഉപരിനന്മകൾ നൽകുകയില്ല! (മത്താ.7,7-11). തന്നെത്തന്നെ നമുക്ക് നൽകിയവനാണ് നമ്മുടെ കർത്താവ്. തന്റെ ആത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചവനാണ് അവിടുന്ന്. കർത്താവ് നീട്ടിത്തരുന്ന, അളവു കൂടാതെ വർഷിക്കുന്ന, ഉപരിനന്മ പരിശുദ്ധാത്മാവാണ് (ലൂ.11,13). യഥാർഥ പ്രാർഥന അഥവാ ആരാധന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയാണ് (യോഹ.4,23). ആത്മാവിൽ എന്നാൽ പരിശുദ്ധാത്മാവിൽ, സത്യത്തിൽ എന്നാൽ സത്യം തന്നെ ആയവനിൽ. അതായത്, സ്വർഗസ്ഥ പിതാവിനെ തന്റെ ഏകജാതനിലൂടെ പരിശുദ്ധാത്മാവിൽ ആരാധിക്കുന്നതാണ് സത്യാരാധന. യഥാർഥ ആരാധന ത്രിത്വാരാധന ആണെന്നു സാരം.

എന്നാൽ "സ്തോത്രഗീതം പാപിക്ക് ഇണങ്ങുന്നില്ല" (പ്രഭാ.15,9). "ഇസ്രായേലിന്റെ സ്തുതിയുടെ സിംഹാസനത്തിലാണ് ദൈവം ഉപവിഷ്ടനായിരിക്കുന്നത് (സങ്കീ.22,3). എത്ര പുകഴ്ത്തിയാലും പരിധിയിൽ എത്തുകയില്ല" (പ്രഭാ.43,30). അതുകൊണ്ട് "കർത്താവിനെ മനം തുറന്ന് മഹത്വപ്പെടുത്തുക" എന്ന് തിരുലിഖിതം കൽപ്പിക്കുന്നു (പ്രഭാ. 35,10). "പൂർണഹൃദയത്തോടെ ഉച്ചത്തിൽ ഗീതം ആലപിച്ച് കർത്താവിന്റെ നാമം വാഴ്ത്തുവിൻ"എന്ന് പ്രഭാഷകൻ ആഹ്വാനം ചെയ്യുന്നു (39,35). "കർത്താവ് എനിക്കൊരു നാവു തന്നു. അതുപയോഗിച്ച് ഞാൻ അവിടുത്തെ പ്രകീർത്തിക്കും" എന്ന് അവൻ പറയുന്നു (പ്രഭാ.51,22). സങ്കീർത്തനങ്ങളിൽ ഉടനീളം കാണുന്ന ആശയമാണിത്. ഉച്ചത്തിൽ സ്തുതിക്കാൻ, വാദ്യമേളങ്ങളോടെ സ്തുതിക്കാൻ, ജീവിതകാലം മുഴുവൻ സ്തുതിക്കാൻ, കൃതജ്ഞത അർപ്പിക്കാൻ, കർതൃനാമം നിര



malankaralibrary.com

ന്തരം വിളിച്ചപേക്ഷിക്കാൻ, അവിടുന്ന് ചെയ്തു തന്ന നന്മകൾ അനുസ്മരിക്കാൻ, അവിടുത്തെ കാരുണ്യം പ്രകീർത്തിക്കാൻ, കർത്താവിന്റെ കരുണയും നീതിയും വിശ്വസ്തതയും പ്രകീർത്തിക്കാൻ സങ്കീർത്തകൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ കർത്താവായ യേശു നിരന്തരം ദൈവസംസർഗത്തിൽ ജീവിച്ചു. അവിടുന്ന് പ്രാർഥിക്കാൻ മലമുകളിലേക്ക് കയറിയിരുന്നു. മല ദൈവസാന്നിധ്യത്തെയും മലമുകളിൽ കയറിയ മോശയെയും അനുസ്മരിപ്പിക്കുന്നു. ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പും താബോർ മലയിലെ രൂപാന്തരീകരണത്തിനു മുമ്പും അവിടുന്ന് പ്രാർഥനാ നിമഗ്നനായിരുന്നു (ലൂ.9,18.28). നാം യേശുവിനോടൊത്ത് പ്രാർഥിക്കുന്നു. അവിടുന്ന് പഠിപ്പിച്ച പ്രാർഥന ചൊല്ലുന്നു. അതാണെങ്കിൽ പഴയനിയമത്തിൽ അടിസ്ഥാനം ഉള്ളതുമാണ്.

സ്നേഹത്തിന്റെയും മാനസ്സാന്തരത്തിന്റെയും പാത പിൻചെന്നുകൊണ്ടുവേണം നാം പ്രാർഥിക്കാൻ. സത്യപാതയിൽ വ്യാപരിച്ചുകൊണ്ടുവേണം. ആദ്യം ദൈവരാജ്യവും അവന്റെ നീതിയും തേടുന്ന പാത. നമ്മിൽ നിന്ന് പുറത്തുകടന്ന്, ദൈവത്തിനായി നമ്മെത്തന്നെ തുറന്നു വയ്ക്കുന്ന പാത. ദൈവികബന്ധം ക്രമപ്പെടുത്തിയ ശേഷം സഹജീവികളിലേക്ക് തിരിയുന്ന പാത. അവിടെ ആദ്യം ക്ഷമയുടെ പാഠം കാട്ടുന്നു. പിന്നെ ശത്രുക്കളെയും സ്നേഹിക്കാൻ, അവർക്കുവേണ്ടി പ്രാർഥിക്കാനുള്ള പാഠം നൽകുന്നു (മത്താ. 5,23-26. 43-45). ആത്യന്തികമായി പ്രാർഥന ദൈവദാനമാണ്. പറയപ്പെടുവാൻ വഹിയാത്ത നെടുവീർപ്പുകളോടെ ആത്മാവ് നമുക്കായി പ്രാർഥിക്കുന്നു (റോമ.8,26). അതിനർഥം, നമ്മുടെ എല്ലാ പ്രാർഥനകളിലും ദൈവം സദാ സന്നിഹിതനാണെന്നത്രേ. അവിടുന്ന് നമ്മോടൊപ്പം ആയിരുന്ന് നമ്മെ തന്റെ ഉള്ളംകൈയിൽ വഹിക്കുന്നു. അതുകൊണ്ട് കൃതജ്ഞതാ നിർഭരരായി നമുക്ക് ഉണർന്നിരുന്ന് നിരന്തരം പ്രാർഥിക്കാം (കൊളോ.4,2).

"സ്വർസ്ഥനായ പിതാവാണ്" നമുക്കുള്ളത്. ഈ പിതാവിനെ നമുക്ക് വെളിപ്പെടുത്തിയതും നാമം അറിയിച്ചതും നമ്മിൽ ഒരുവനായിത്തീർന്ന നമ്മുടെ കർത്താവേശുമിശിഹായാണ്. പിതാവിന്റെ കരുണയും സ്നേഹവും യേശുവായി അവതരിച്ചു. മനുഷ്യരെല്ലാം ദൈവതൃക്കരങ്ങളിലാണെന്നും ഓരോരുത്തരെയും വ്യക്തിപരമായി പിതാവ് സ്നേഹിക്കുന്നെന്നും നമ്മുടെ കർത്താവ് വെളിപ്പെടുത്തി. തന്റെ പുത്ര



malankaralibrary.com

നെത്തന്നെ നൽകാൻ തക്കവണ്ണം പിതാവ് നമ്മെ സ്നേഹിക്കുന്നു. അവിടുന്ന് നന്മയും കരുണയും സ്നേഹവും മാത്രമാണ്. "മക്കളേ, തിരിച്ചുവരുവിൻ" എന്ന് അവിടുന്ന് ഇരുകരങ്ങളും നീട്ടി ആഹ്വാനം ചെയ്യുന്നു. എല്ലാ പിതൃത്വങ്ങളുടെയും ഉറവിടമായ ഏകപിതാവിൽ നിന്ന് നാം വരുന്നെന്ന് *സ്വർഗസ്ഥനായ* എന്ന പദം കാട്ടുന്നു. (എഫേ. 3,14-15).

*ഞങ്ങളുടെ പിതാവ്* എന്നു പറയുമ്പോൾ, യേശുക്രിസ്തുവിൽ വീണ്ടും ജനിച്ച് ദൈവമക്കളായിത്തീർന്ന നാം ഏകശരീരമാണ്, ഒന്നാണ്, ഒരു സഭയാണ് എന്നു കാട്ടുന്നു. നാം നമ്മുടെ ഒറ്റപ്പെടലിൽ നിന്ന് പുറത്തുകടന്ന്, ദൈവമക്കളുടെ സഭയിൽ പ്രവേശിക്കുന്നു എന്നു സാരം. നാം ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളാണെന്ന് വെളിപ്പെടുത്തുന്നു. ദൈവനാമം സംപൂജ്യമായി പരിരക്ഷിക്കാനും പ്രകീർത്തിക്കാനും മഹത്വപ്പെടുത്താനും ദൈവിക കുടുംബത്തിലെ അംഗങ്ങളായ നമുക്ക് കടമയുണ്ട്. മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ടവൻ ഇന്ന് നമ്മുടെ മധ്യത്തിൽ, വിശുദ്ധ കുർബാനയിൽ, സന്നിഹിതനാണ്. അവനെ മഹത്വപ്പെടുത്തുന്നതോടൊപ്പം അവന്റെ പരമാധികാരം നാം ഏറ്റുപറയുന്നു. ദൈവഹിതമാണ് നമ്മുടെ മാനദണ്ഡം. അതിന്, ശ്രവിക്കുന്ന ഹൃദയം വേണം. അതിലൂടെ ദൈവം തന്റെ രാജ്യം ഭരണം നടത്തുന്നു. ദൈവരാജ്യം വ്യക്തിയായി അവതരിച്ച യേശുവാണ് ഇതിൽ നമ്മുടെ മാതൃക. അവൻ ഉള്ളിടത്ത് ദൈവരാജ്യമുണ്ട്. ശ്രവിക്കുന്ന ഹൃദയം ഉള്ളിടത്ത് ദൈവരാജ്യമുണ്ട്. അപ്പോൾ, യേശുവുമായി നിരന്തരം താദാത്മ്യപ്പെടാൻ, "*നിന്റെ രാജ്യം വരണം*", നീ തന്നെ വരണമെന്നു നാം പ്രാർഥിക്കേണ്ടതുണ്ട്. തന്റെ സ്വന്തമായിട്ടുള്ളവരിൽ യേശു ജീവിക്കുന്നതാണ് ദൈവരാജ്യത്തിന്റെ ജീവിതം. അവിടുത്തെ ശക്തിയാൽ പരിപോഷിപ്പിക്കപ്പെടുന്ന ഹൃദയത്തിൽ ദൈവരാജ്യം പുഷ്ടി പ്രാപിക്കുന്നു. കർത്താവേ, ഞങ്ങൾ നിന്റേതാകട്ടെ. ഞങ്ങളിലേക്ക് വ്യാപിക്കുക. ഞങ്ങളിൽ ജീവിക്കുക. മനുഷ്യകുലത്തെ നിന്റെ ശരീരത്തിൽ ഒന്നിച്ചുകൂട്ടുക. അങ്ങനെ എല്ലാം നിനക്ക് അധീനമാകട്ടെ (1 കൊറി. 15,28).

ദൈവഹിതം മാനിക്കപ്പെടുന്ന ഇടമാണ് സ്വർഗം. ആഴമായ അർഥത്തിൽ അത് യാഥാർഥ്യമായത് യേശുവിലാണ്. യേശുവാണ് സ്വർഗം. യേശുവിനെപ്പോലെ ആയിത്തീരാൻ നാം പ്രാർഥിക്കുന്നു. തിരുഹിതം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേയെന്ന്. അവൻ



malankaralibrary.com

ആകർഷിച്ചെങ്കിലേ നമുക്ക് അത് ഗ്രഹിക്കാൻ കഴിയൂ. നാം തനിയെ തികച്ചും അശക്തരാണ്.

"*അന്നന്നുവേണ്ട ആഹാരം*" ഭൗമിക ഭക്ഷണത്തെയും നിത്യ ഭക്ഷണമായ വി. കുർബാനയെയും സൂചിപ്പിക്കുന്നു. നമ്മെക്കുറിച്ചുള്ള കരുതൽ ദൈവതൃക്കരങ്ങളിൽ ഏൽപ്പിക്കാൻ ദൈവം ആവശ്യപ്പെടുന്നു. വേണ്ടതു ചോദിക്കാൻ മക്കളെന്ന നിലയിൽ നമുക്ക് അവകാശവും കടമയുമുണ്ട്. അമിതവ്യഗ്രത പുലർത്താതെ അന്നന്നത്തെ അപ്പത്തിനാണ് നാം അപേക്ഷിക്കേണ്ടത്. ഈ അപ്പം യഥാർത്ഥത്തിൽ മിശിഹാ കർത്താവ് തന്നെയാണ്. യേശുവിന്റെ ശിഷ്യന്മാരുടെ അപ്പമാണ് അന്നന്നത്തെ അപ്പം. നാം യഥാർത്ഥത്തിൽ അപേക്ഷിക്കുന്നത് കുർബാനയിലെ അപ്പത്തിനാണ്. അതിൽ നിന്ന് മുറിച്ചു മാറ്റപ്പെടാതിരിക്കാൻ നാം പ്രാർത്ഥിക്കുന്നു.

"*തെറ്റുകാരോട് ക്ഷമിക്കാൻ* കർത്താവ് പഠിപ്പിച്ചു. "*ഞങ്ങളുടെ തെറ്റുകൾ ക്ഷമിക്കണമെ*" എന്ന് അപേക്ഷിക്കാനും കൽപ്പിച്ചു. അതിക്രമങ്ങളെല്ലാം സത്യവും സ്നേഹവുമായ ദൈവത്തിനെതിരെയുള്ള പാപവും മുറിപ്പെടുത്തലുമാണ്. മാപ്പു കൊടുക്കുന്നതിലൂടെ മാത്രമേ പാപത്തെ കീഴടക്കാനാവൂ. പ്രതികാരത്തിലൂടെ അത് സാധ്യമല്ല. ദൈവം ക്ഷമിക്കുന്നവനാണ്. ക്ഷമിക്കാൻ തയാറുള്ളവരിലേ ദൈവത്തിന്റെ ക്ഷമ കടന്നു ചെല്ലുകയുള്ളു. സഹോദരരോട് രമ്യതപ്പെടാതെ ദൈവ സന്നിധിയിൽ കടന്നുചെല്ലാനാകില്ല. യഥാർത്ഥമായ ആരാധനയുടെ മുൻ ഉപാധിയാണിത്. അവഗണനയോ, ഒഴിഞ്ഞു മാറലോ, മറക്കാൻ ശ്രമിക്കുന്നതോ അല്ല മാപ്പു കൊടുക്കൽ. മാപ്പു കൊടുക്കൽ വലിയ വില ഈടാക്കുന്നു. ഒന്നാമത്, മാപ്പു കൊടുക്കുന്ന വ്യക്തിയിൽ നിന്ന്. തന്നോടു ചെയ്ത ദ്രോഹത്തെ അയാൾ തന്റെ ഉള്ളിൽ വച്ചു തന്നെ കീഴടക്കി ദഹിപ്പിക്കണം. അപ്പോൾ അയാൾ നവീകരിക്കപ്പെടും. തദ്ഫലമായി തെറ്റു ചെയ്തവനെ ഈ ആന്തരിക ശുദ്ധീകരണത്തിൽ ഉൾച്ചേർക്കുന്നു. രണ്ടുപേരും സഹനത്തിലൂടെ കടന്നുപോയി തിന്മയെ കീഴടക്കുന്നതിനാൽ, ഇരുവരും നവീകരിക്കപ്പെടുന്നു. അത് നമ്മെ ക്രിസ്തുവിന്റെ കുരിശിൻ ചുവട്ടിൽ എത്തിക്കുന്നു.

ദൈവം നമുക്ക് മാപ്പു നൽകിയത് വലിയ വില കൊടുത്താണ്. ദൈവം താണിറങ്ങിവന്ന് ക്ലേശങ്ങളിലൂടെയും കഷ്ടപ്പാടുകളിലൂടെയും കടന്നുപോയി, കുരിശുമരണം വരിച്ച് മർത്യപാപത്തിന് മാപ്പു നൽകി.



malankaralibrary.com

അത് നമ്മിൽ നിന്ന് കൃതജ്ഞത പ്രതീക്ഷിക്കുന്നു. അവനോടൊപ്പം നിന്ന് സ്നേഹത്തിലൂടെ തിന്മയ്ക്കെതിരെ പോരാടാനും ഉണ്ടാകുന്ന സഹനത്തിലൂടെ കടന്നുപോകാനും ക്ഷണിക്കുന്നു. അതിനു നാം തനിയെ തികച്ചും അശക്തരത്രേ. നാം ക്ഷമിക്കാൻ തയാറായാൽ ദൈവവും ക്ഷമിക്കും. മറിച്ചായാൽ ദൈവവും ക്ഷമിക്കയില്ല. അതെത്ര ഘോരതരമായിരിക്കും.

നമ്മെ പരീക്ഷിക്കാൻ ഉദ്യമിക്കുന്ന പിശാച് പല രീതിയിൽ നമ്മെ സമീപിക്കുന്നു. നമ്മുടെ കർത്താവിനെ പോലും അവൻ വെറുതെ വിട്ടില്ല. ഒരിക്കലല്ല, നിരന്തരം. എന്നാൽ തന്റെ പരീക്ഷണങ്ങളിലൂടെ നമ്മെ സഹായിക്കാൻ അവനു കഴിയുന്നു (എബ്രാ.2,18). അവൻ നമ്മോടൊത്ത് സഹതപിക്കുന്നവനാണ് (എബ്രാ.4,15). ജോബിനെ പരീക്ഷിച്ചത് ദൈവം അനുവദിച്ചതിനാലത്രേ. നമ്മുടെ സ്വഭാവശുദ്ധീകരണത്തിന് പരീക്ഷണങ്ങൾ ഉതകുന്നു. എന്നാൽ നമ്മുടെ ശക്തിയും ബലവും കഴിവും പരമിതമാകയാൽ, പരീക്ഷണത്തിന്റെ അതിരുകൾ വിസ്തൃതമായി നിശ്ചയിക്കല്ലേ എന്നാണ് "*പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ*" എന്നതിനർഥം. അത് അസഹനീയമാകുമ്പോൾ, സംരക്ഷണകരവുമായി അടുത്തുണ്ടാകണമേ എന്നും പ്രാർഥിക്കുന്നു. പരീക്ഷണങ്ങളുടെ ചുമടെടുക്കാൻ തയാറാകുക, വഹിക്കാവുന്നതിൽ അധികം തരരുതേ എന്നും ദൈവതൃക്കരങ്ങളിൽ നിന്ന് വഴുതിപ്പോകാൻ അനുവദിക്കരുതേ എന്നും പ്രാർഥിക്കണം (1കൊറി.10,13) "*തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ.*" വീണ്ടെടുക്കണമെ, സ്വതന്ത്രരാക്കണമെ എന്നാണ് നാം അവസാനമായി പ്രാർഥിക്കുന്നത്.

ഇന്നത്തെ ലോകം തിന്മയുടെ ആധിപത്യത്തിൻ കീഴിലാണ്. ആയുധവ്യാപാരം, മയക്കുമരുന്ന്, മനുഷ്യക്കടത്ത്, യുദ്ധം, ഭ്രൂണഹത്യ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമം തുടങ്ങി വിപണിയുടെ ശക്തികൾ കളത്തിൽ നിറയുന്നു. ദൈവത്തെ മാറ്റി നിർത്തിക്കൊണ്ട്, ദൈവമില്ല എന്നമട്ടിൽ അത്രേ ലോകരാഷ്ട്രങ്ങളുടെ പടപ്പുറപ്പാട്. ഇങ്ങനെ ദൈവത്തെ നഷ്ടപ്പെടുത്തുമ്പോൾ മനുഷ്യൻ തന്നെത്തന്നെയും സഹജീവികളെയും നഷ്ടപ്പെടുത്തുന്നു. അഗ്നിമയമായ ഉഗ്രസർപ്പം വിജയിക്കുന്നു (വെളി.12,13). ദൈവത്തെ കാണാൻ കഴിവു നൽകുന്നതും ക്രിസ്തുവുമായി നമ്മെ ഒട്ടിക്കുന്നതുമായ വിശ്വാസം തിന്മ കവർന്നെടുക്കുന്നു. നന്മ തന്നെയായ ദൈവത്തെ കൈമോശം വരാൻ ഇടയായാൽ ശേഷിച്ച നന്മകളെല്ലാം തൃണതുല്യമത്രേ.



malankaralibrary.com

# 12
# യേശുവിന്റെ ശിഷ്യന്മാർ

യേശുതമ്പുരാൻ മലമുകളിലേക്ക് കയറി തന്റെ പിതാവിനോട് പ്രാർഥിച്ച ശേഷമാണ് തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ തെരഞ്ഞെടുത്തത് (മർക്കോ. 3,13). ദൈവവുമായുള്ള സംയോജനം സൂചിപ്പിക്കുന്നതാണ് മലമുകളിലേക്കുള്ള ഈ കയറ്റവും ഈ പ്രാർഥനയും. രാത്രി മുഴുവനുമുള്ള പ്രാർഥനയ്ക്കു ശേഷമാണ് അവരെ അവിടുന്ന് തെരഞ്ഞെടുത്തത് (ലൂ.6,12-14). പ്രാർഥനയിലാണ് അവർ ജന്മമെടുത്തത്. "തനിക്ക് ഇഷ്ടമുള്ളവരെയാണ്" അവൻ തന്റെ അടുക്കലേക്ക് വിളിച്ചത്. അതായത്, നമുക്ക് നമ്മെത്തന്നെ ശിഷ്യരാക്കാൻ ആകില്ല എന്നർഥം. നമ്മെ ദൈവം തെരഞ്ഞെടുത്തെങ്കിലേ നമുക്ക് അവിടുത്തെ ശിഷ്യരാകാൻ സാധിക്കൂ. പിതാവുമായി ഐക്യപ്പെട്ട തിരുഹിതത്തിൽ അധിഷ്ഠിതമാണ് ഈ തെരഞ്ഞെടുപ്പ്.

"തന്നോടുകൂടെ ആയിരിക്കാനും സുവിശേഷം പ്രഘോഷിക്കാനും പിശാചുക്കളെ ബഹിഷ്കരിക്കാനും" ആയിരുന്നു ഈ തെരഞ്ഞെടുപ്പ് (മർക്കോ.3,14). അവൻ പന്ത്രണ്ടുപേരേ സൃഷ്ടിച്ചു അഥവാ ഉണ്ടാക്കി എന്നാണ് അക്ഷരാർഥം. പഴയനിയമത്തിൽ പൗരോഹിത്യത്തിലേക്കുള്ള നിയമനത്തെ സൂചിപ്പിക്കുന്ന സാങ്കേതിക പദമാണിത് (1രാജാ.12,31;13,33). അവരെ വ്യക്തിപരമായി പേരുചൊല്ലി വിളിക്കുന്നതിലൂടെ, പ്രവാചകന്മാരുമായി അവരെ ബന്ധിക്കുന്നു. ഇതിലൂടെ അവൻ അവരെ പുരോഹിതരും പ്രവാചകരുമാക്കി. പഴയനിയമത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണിത് എന്നു സൂചിപ്പിക്കുന്നു.

തന്നെ താനായിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കാനാണ് അവർ "തന്നോടുകൂടെ ആയിരിക്കുന്നത്". യേശുവിനെ പറ്റി ജനങ്ങൾ



malankaralibrary.com

വിവിധ രീതികളിൽ ചിന്തിച്ചിരുന്നു. എന്നാൽ ഈ ശിഷ്യന്മാർ അടുത്തിടപഴകി തന്നെ മനസ്സിലാക്കണമെന്ന് യേശു ആഗ്രഹിച്ചു. അതോടൊപ്പം സുവിശേഷപ്രഘോഷകരായി അയക്കപ്പെടുന്നതിനുമായിരുന്നു തെരഞ്ഞെടുപ്പ്. അവർ പോകുന്നിടത്തെല്ലാം അവർ യേശുവിനോടു കൂടെ ആയിരിക്കണം എന്നും ധ്വനി. തിരുവചനത്തിന്റെ പ്രകാശം ലോകജനതയ്ക്ക് നൽകുന്നതാണ് പ്രഘോഷണം.

യേശുതമ്പുരാനെ വ്യക്തിപരമായി അനുഭവവേദ്യമാക്കുന്ന പ്രഘോഷണം മാത്രമേ സുവിശേഷപ്രഘോഷണം ആകുകയുള്ളു. ഈ സുവിശേഷപ്രഘോഷണം തിന്മകളുടെ ശക്തികളുമായുള്ള പോരാട്ടം കൂടിയാണ്. ഈ ലോകത്തിന്റെ ബാധയൊഴിപ്പിക്കലും അവരുടെ കടമയാണ്. ഈ ലോകത്തിനു തന്നെ ഭൂതോച്ചാടനം ആവശ്യമാണ് (എഫേ. 6,10-12). ഇന്നത്തെ ലോകാന്തരീക്ഷം വിഷലിപ്തമാണ്. അവർ വിശ്വാസത്തെ പരിഹസിക്കുന്നു. അത് അസംബന്ധമെന്നും അനാവശ്യമെന്നും കരുതുന്നു. ലോകത്തിന്റെ ആത്മീയ കാലാവസ്ഥയെ ദുഷിപ്പിക്കുകയും വിഷലിപ്തമാക്കുകയും ചെയ്യുന്ന ശക്തികൾ സജീവമാണ്.

ബാധ ഒഴിപ്പിക്കുന്നതോടൊപ്പം സൗഖ്യദായകശക്തിയും കർത്താവ് ശിഷ്യർക്ക് നൽകി (മത്താ.10,1). കർത്താവ് വിളിച്ചുചേർത്ത പന്ത്രണ്ടുപേർ വളരെ വ്യത്യസ്തസ്വഭാവക്കാരായിരുന്നു. അവരെ കൂടാതെ വേറേ 72 പേരേ കൂടി കർത്താവ് തെരഞ്ഞെടുത്തയച്ചു. ഒട്ടു വളരെപ്പേർ കർത്താവിന്റെ പിന്നാലെ നടന്നു. ചിലരൊക്കെ ഇടയ്ക്ക് വിട്ടുമാറിപ്പോയി. കർത്താവിനെ അനുഗമിച്ചവരുടെ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. അവർക്കും കർത്താവിന്റെ സഖിത്വത്തിൽ സ്ഥാനമുണ്ടായിരുന്നു (ലൂ.8,1-3).





malankaralibrary.com

# 13

# യേശുവിനെ മനസ്സിലാക്കിയവർ

യഹൂദരിലും വിജാതിയരിലും അനേകർ യേശുവിനെ ശരിയായി, ദൈവപുത്രനായി, മനുഷ്യരക്ഷകനായി, തങ്ങളുടെ സ്വന്തം തമ്പുരാനായി മനസ്സിലാക്കി. ശിശുവായ യേശുവിനെ ദൈവാലയത്തിൽ കാഴ്ച വച്ചപ്പോൾ ആനന്ദതുന്ദിലരായ ശെമയോനും ഹന്നായും, യേശുവിന്റെ ജനനാവസരം ബേത്‌ലഹേമിലെ ഗുഹയിൽ ആരാധിക്കാനെത്തിയ ഇടയന്മാരും ജ്ഞാനികളും ഇക്കൂട്ടത്തിൽ പെടുന്നു. തദവസരം ദൈവാലയത്തിലും ആ നാട്ടിലും നാട്ടിൻപുറങ്ങളിലും മറ്റനേകം ജനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവർക്കാർക്കും രക്ഷകനെ തിരിച്ചറിയാനുള്ള വെളിച്ചം ലഭിച്ചില്ല, അവർക്ക് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

യേശുവിന്റെ പാദത്തിൽ തൈലം പൂശിയ പാപിനി തന്റെ രക്ഷകനെ അവനിൽ തിരിച്ചറിഞ്ഞു. അവനെ തന്റെ സർവസ്വവുമായി അംഗീകരിച്ച് സ്വന്തമാക്കി. യഹൂദർ കല്ലെറിയാൻ കൊണ്ടുവന്ന സ്ത്രീ തന്റെ വിമോചകനെ യേശുവിൽ കണ്ടെത്തി, അവന്റെ കാൽക്കൽ വീണു. “ഞാനും നിന്നെ കല്ലെറിയുന്നില്ല, സമാധാനത്തോടെ പോകുക, മേലിൽ പാപം ചെയ്യരുത്” എന്ന വാക്ക് അവളുടെ ഹൃദയം കുളിർപ്പിച്ചു. സമറിയായിൽ യാക്കോബിന്റെ കിണറ്റിൽ നിന്ന് വെള്ളം കോരാൻ വന്ന സുന്ദരിയെ യേശു ആകർഷിച്ച്, തന്റെ സുവിശേഷവാഹകയാക്കി. പിടിച്ചുപറിക്കാരനായ സക്കായി കർത്താവിന്റെ രക്ഷയ്ക്ക് ഉടമയായി. അന്ധനും അന്ധന്മാരും തളർവാതരോഗികളും പിശാചുബാധിതരും കുഷ്ഠരോഗികളും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവരും യേശുവിനെ തിരിച്ചറിഞ്ഞു. അവസാനമായി വലത്തുഭാഗത്തെ കള്ളനും കുരിശിൻ


malankaralibrary.com

ചുവട്ടിൽ നിന്ന സഹസ്രാധിപനും യേശുവിനെ തിരിച്ചറിഞ്ഞു. യേശുവിന്റെ സ്നേഹം തിരിച്ചറിഞ്ഞ വളരെയധികം മനുഷ്യർ ഉണ്ടായിരുന്നു. ഹൃദയം കഠിനമാക്കാത്തവർ, ഹൃദയത്തിൽ നന്മയുടെ സ്ഫുലിംഗം കെടാതെ സൂക്ഷിച്ചവർ, യേശുതമ്പുരാനെ തിരിച്ചറിഞ്ഞു.

എന്നാൽ നന്മയുടെ വക്താക്കളായി കാണപ്പെട്ട ഫരിസേയരും സദൂക്യരും ഹേറോദേസ് പക്ഷക്കാരും ബറബാസ് പക്ഷക്കാരും നിയമജ്ഞരും പുരോഹിത പ്രമാണികളുമൊന്നും ഈ ദൈവത്തെ തിരിച്ചറിഞ്ഞില്ല. അവരെല്ലാം നിയമങ്ങൾ കൊണ്ട് വരിഞ്ഞു മുറുക്കപ്പെട്ടവരായിരുന്നു. അവരുടെ ഉള്ളിലൊന്നും നന്മയില്ലായിരുന്നു. താഴ്മയോ, വിനയമോ, സ്നേഹമോ, ദൈവകൃപയോ ഇല്ലായിരുന്നു. അവർക്ക് അധികാരവും പണവും പ്രതാപവും ജനസമ്മതിയും സ്ഥാനമാനങ്ങളും വേഷഭൂഷാദികളും പ്രൗഢിയും നിയമവ്യാഖ്യാനങ്ങളും പൂജാവിധികളും ധനസമ്പാദന മാർഗങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഇവയൊന്നും യേശുവിനെ കണ്ടെത്താൻ സഹായിച്ചില്ല. ഇതിനുള്ള കാരണം യോഹന്നാനിൽ നാം കാണുന്നു:

“പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു. തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല” (യോഹ.3,19-20).

എന്നാൽ ദരിദ്രർ, പാപികൾ, പിടിച്ചുപറിക്കാർ, കൊള്ളക്കാരൻ, വേശ്യകൾ തുടങ്ങി യഹൂദർ അവഗണിച്ചിരുന്ന കൂട്ടങ്ങൾ അവനെ തിരിച്ചറിഞ്ഞു. അവർ മാനസ്സാന്തരപ്പെട്ടു. അവരെ അവൻ അനുഗ്രഹിച്ചു.



malankaralibrary.com

# 14
# യേശുവിന്റെ ഉപമകൾ

നമ്മുടെ കർത്താവിന്റെ ഉപമകൾ മനുഷ്യരുടെ ജീവിതചുറ്റുപാടുകളിൽ നിന്ന് സ്വീകരിച്ചിട്ടുള്ളവയാണ്. തന്റെ സ്വന്തം അസ്തിത്വത്തിന്റെ രഹസ്യമാണ് യേശുവിന്റെ പ്രബോധനത്തിന്റെ അകക്കാമ്പ്. ദൈവം നമ്മോടുകൂടെ ആയിരിക്കുന്നതും അവന്റെ വാക്കു പാലിക്കപ്പെടുന്നതും പുത്രനിലാണ് എന്നതാണ് ആ രഹസ്യം. ദൈവരാജ്യം വന്നു കൊണ്ടിരിക്കുന്നതും വന്നു കഴിഞ്ഞിരിക്കുന്നതും തന്റെ ആളത്തത്തിലാണെന്നാണ് യേശു അറിയിച്ചത്. യേശുവിന്റെ ആഗമനത്തിൽ ദൈവരാജ്യം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. തന്റെ വരവിനെപ്പറ്റിയാണ് ആത്യന്തികമായി അവൻ നമ്മോടു പറയുന്നത്. രക്ഷകൻ തന്റെ ഉപമകളിലൂടെ തന്നെത്തന്നെ ആവിഷ്കരിച്ചിരിക്കുന്നു. കുരിശിലാണ് ഉപമകളുടെ രഹസ്യം തുറക്കപ്പെടുന്നത്. കുരിശിന്റെ രഹസ്യമാണ് ഉപമകൾ ഗുപ്തമായ ഭാഷയിൽ സംസാരിക്കുന്നത്. യേശു ദൈവവചനമാകുന്ന വിത്ത് വാരിവിതയ്ക്കുന്നു. അതേസമയം ഫലം പുറപ്പെടുവിക്കാൻ ധരയിൽ വീണ് അഴിയുന്ന വിത്തുമാണത്. ദൈവരാജ്യത്തിന്റെ വിത്താണ് നമ്മുടെ കർത്താവ്.

“ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ വളരെ ഫലം പുറപ്പെടുവിക്കും (യോഹ.12,24). യേശുവാണ് ആ ഗോതമ്പുമണി. അത് ലോകമാസകലം എത്താനുള്ള വഴിയൊരുക്കുന്നത് അവന്റെ കുരിശിലെ പരാജയമാണ്. അതിലൂടെ എല്ലാവരെയും അവൻ ആകർഷിക്കുന്നു. “ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും” ( യോഹ.12,32).



malankaralibrary.com

വാച്യാർഥത്തിൽ നിന്ന് ഉൾക്കാഴ്ചയിലേക്ക് കടന്നാലേ ഉപമകളുടെ പൊരുൾ ഗ്രഹിക്കാൻ കഴിയൂ. ഉപമ എന്ന മാധ്യമത്തിലൂടെ ശ്രോതാക്കൾ യാഥാർഥ്യത്തിലേക്ക് കടക്കുന്നു. ലോകത്തിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പ്രകാശനമാണ് ആത്യന്തികമായി ഉപമകൾ നൽകുന്നത്. കർമനിരതനായ ദൈവത്തെ യേശു അവയിലൂടെ അവതരിപ്പിക്കുന്നു. നമ്മെ ഉള്ളംകൈയിൽ വഹിക്കുന്നതും കൈ പിടിച്ചു നടത്തുന്നതും നമ്മുടെ ജീവിതത്തിൽ ഇടപെടുന്നതും നമ്മുടെ ജീവിതത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നതുമായ ദൈവത്തെ ഉപമകൾ കാണിച്ചുതരുന്നു. മൂന്ന് ഉപമകൾ പരിശോധിക്കാം.

## 1. നല്ല സമറിയാക്കാരന്റെ ഉപമ (ലൂ.10,25-37)

അടിച്ചു വീഴ്ത്തപ്പെട്ട് അർധപ്രാണനായി വഴിവക്കിൽ കിടന്നയാൾ മനുഷ്യവർഗത്തിന്റെ പ്രതിനിധിയാണ്. യഹൂദ പുരോഹിതനോ, ലേവ്യനോ അവനെ സഹായിക്കാൻ തയാറായില്ല. അഥവാ, സഹായിക്കാൻ കഴിഞ്ഞില്ല. അവരും കവർച്ചക്കാരെ ഭയപ്പെട്ടുകാണും. ഒരു പക്ഷേ അവർ വലിയ തിരക്കിലായിരുന്നിരിക്കാം. എന്നാൽ സമറിയാക്കാരനായ കച്ചവടക്കാരൻ അവനു വേണ്ടതെല്ലാം ചെയ്തുകൊടുക്കുന്നു. അവനാണ് യഥാർഥ അയൽക്കാരനായി വർത്തിച്ചത്. ആവശ്യക്കാരായി കാണപ്പെടുന്നവരെ സ്ഹായിക്കുന്നവരെല്ലാം അവർക്ക് അയൽക്കാരായി വർത്തിക്കുന്നവരാണ്.

ഈ ഉപമയിലെ സമറിയാക്കാരൻ യേശു തന്നെയാണ്. പരിക്കുപറ്റി കിടന്ന മനുഷ്യകുലത്തെ സുഖപ്പെടുത്താൻ ദൈവം തന്നെ ഇറങ്ങി പുറപ്പെടുന്നു. ദൈവം യേശുവിൽ തന്നെത്തന്നെ നമ്മുടെ അയൽക്കാരൻ ആക്കിയിരിക്കുന്നു. അവൻ നമ്മുടെ വ്രണങ്ങളിൽ എണ്ണയും വീഞ്ഞും പകരുന്നു. അത് കൂദാശകളുടെ സൗഖ്യദായക ശക്തിയിലേക്ക് വിരൽ ചൂണ്ടുന്നു. സഭയാകുന്ന സത്രത്തിലേക്ക് അവൻ നമ്മെ കൊണ്ടുവരുന്നു. കരുതലോടെ ശുശ്രൂഷിക്കാനുള്ള സംവിധാനം അവിടെ ഒരുക്കിയിട്ടുണ്ട്. ശുശ്രൂഷയ്ക്ക് ആവശ്യമായ പണം അവൻ കെട്ടിവച്ചിട്ടുണ്ട്.

ദൈവദാനത്താലത്രേ മർത്യരെല്ലാം സൗഖ്യമാക്കപ്പെടുകയും നിറയപ്പെടുകയും ചെയ്യുന്നത്. അതുപോലെ എല്ലാവരും യേശുവിനെപ്പോലെ നല്ല സമറിയാക്കാരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.



malankaralibrary.com

## 2. നല്ല പിതാവിന്റെ ഉപമ (ലൂ.15,11-32)

ഉപമയിലെ ധൂർത്തപുത്രൻ മനുഷ്യകുലമാണ്. പിതൃസ്വത്ത് ധൂർത്തടിച്ച്, ജീവിതം ദുർവ്യയം ചെയ്ത്, പന്നികളുടെ ഇടയിൽ എത്തിച്ചേർന്ന അവസ്ഥയിലായിരുന്നു മനുഷ്യകുലം. തോന്നിയതുപോലെ ജീവിക്കുന്നതാണ് സ്വാതന്ത്ര്യം എന്നു കരുതി ധൂർത്തടിച്ചു. അതാണ് മനുഷ്യകുലം ചെയ്തത്. അതല്ലേ മനുഷ്യർ ഇന്നും ചെയ്യുന്നത്? ഇന്നത്തെ അനേകം മനുഷ്യർക്ക് ദൈവത്തെ വേണ്ട, അവർക്ക് തൊഴിൽ മതി, അവരുടെ സുഖസൗകര്യങ്ങൾ മതി. തന്നിഷ്ടം പോലെ ജീവിക്കുക. ഈ വ്യാജമായ സ്വയംഭരണാവകാശം അവരെ അടിമത്തത്തിലേക്ക് നയിക്കുന്നു. ഇന്നത്തെ മനുഷ്യൻ കരുതുന്ന സ്വാതന്ത്ര്യം ദുഃസ്വാതന്ത്ര്യം ആണെന്ന തിരിച്ചറിവിലേക്ക് അവർ എത്തിച്ചേരേണ്ടതുണ്ട്. "സുബോധം ഉണ്ടാകേണ്ടിയിരിക്കുന്നു." പോയ വഴിയിലൂടെ അവർ തിരിച്ചുവരേണ്ടതുണ്ട്. തങ്ങൾ ദൂരദേശത്താണെന്ന അവബോധം അവർക്കുണ്ടാകണം. ഈ ഹൃദയപരിവർത്തനത്തിനാണ് നമ്മുടെ കർത്താവ് മനുഷ്യരെ ആഹ്വാനം ചെയ്യുന്നത്.

സ്നേഹനിധിയായ പിതാവ് തന്റെ മകനെ "ദൂരെ വച്ചു തന്നെ കാണുന്നു". അവൻ ഓടിച്ചെന്ന് അവനെ സ്വീകരിക്കുന്നു (ലൂ.15,32). മനുഷ്യരെ രക്ഷിക്കാനായി ദൈവം തന്റെ ഏകജാതനിലൂടെ ഇറങ്ങിച്ചെല്ലുന്നു. ആദിയിൽ ദൈവം ആദത്തെ ഉടുപ്പിച്ച പ്രസാദവരം എന്ന ആദ്യവസ്ത്രം അവനെ ധരിപ്പിക്കുന്നു. വിശ്വാസത്തിന്റെ ദിവ്യവിരുന്നായ വിശുദ്ധ കുർബാന ഒരുക്കുന്നു.

പഴയനിയമ പശ്ചാത്തലത്തിലെ പിതൃരൂപം ഹോസിയാ അവതരിപ്പിക്കുന്നു (11,1-9). അതിന്റെ തുടർച്ചയാണ് പുതിയനിയമം അവതരിപ്പിക്കുന്ന പിതൃരൂപം. ഉപമയിലെ ഇളയമകനു സംഭവിച്ചവ ഇസ്രായേലിന് സംഭവിക്കുന്നവയായി ഹോസിയാ അവതരിപ്പിക്കുന്നു. പാപികളോട് ദൈവത്തിനുള്ള കരുതലും കരുണയും, നന്മയും അലിവും ഈ ഉപമയിലൂടെ യേശുനാഥൻ കാട്ടുന്നു. ഇതിലൂടെ പിതാവിനെ യേശു വെളിപ്പെടുത്തുന്നു. "കൊഴുത്ത കാളക്കുട്ടിയെത്തന്നെ' കൊന്നാണ് സദ്യ ഒരുക്കിയത്. ഈ കാളക്കുട്ടി മിശിഹാ കർത്താവാണ്.. അവന്റെ കൊലയാണ് സദ്യയ്ക്ക് കൊഴുപ്പേകിയത്. "നാം പാപികളായിരിക്കെ അവൻ നമുക്കുവേണ്ടി മരിച്ചു" (റോമ.5,8). ഈ സ്നേഹനിധിയായ പിതാവിലൂടെ യേശു ഈ ഉപമയിൽ പ്രവേശിക്കുന്നു. ഇതിൽ അരിശം പൂണ്ട ഫരിസേയരെയും നിയമജ്ഞരെയും മൂത്തപുത്രൻ പ്രതിനിധീകരിക്കുന്നു. "നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ'



malankaralibrary.com

എന്നാണ് അവരോടുള്ള അഭ്യർഥന (2കൊറി.5,20). ഇസ്രായേലും വിജാതിയരും തമ്മിലുള്ള ബന്ധത്തെ ഈ ഉപമ കൈകാര്യം ചെയ്യുന്നു എന്ന് ഈ ഉപമയുടെ ഒരു മാനം കാണാവുന്നതാണ്.

## 3. പണക്കാരന്റെയും ലാസറിന്റെയും ഉപമ (ലൂ.16,19-31)

പഴയനിയമത്തിൽ, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ, ദരിദ്രനെയും പണക്കാരനെയും പറ്റി പ്രതിപാദിച്ചിരിക്കുന്നതിന്റെ പുനരവതരണമാണ് ഈ ഉപമ. സങ്കീർത്തനം 73 ഈ ഉപമയുടെ മുന്നവതരണമാണ്. അതുപോലെ 17-ാം സങ്കീർത്തനവും (17,14-15). സുഖലോലുപതയിൽ ജീവിക്കുന്ന പണക്കാരൻ. അരിഷ്ടതയിൽ കഴിയുന്ന ദരിദ്രൻ. മരണാനന്തരം പണക്കാരൻ അടയാളം തേടുന്നു. ഇന്നും എന്നും ജനം അടയാളം തേടുന്നു. "അങ്ങേ ലോകത്തു നിന്ന് ഒരാളെ ഞങ്ങളുടെ പക്കലേക്ക് അയച്ചാലും. അയാൾ വന്ന് അവിടുത്തെ സംഗതികൾ എപ്രകാരമെന്ന് പഠിപ്പിക്കട്ടെ". അബ്രഹാം പണക്കാരനു നൽകിയ മറുപടിയേ ഇന്നും ലഭിക്കയുള്ളു. തിരുലിഖിതത്തിൽ, യേശുവിൽ, വിശ്വസിക്കാത്തവർ, മറ്റാരെങ്കിലും വന്നുപറഞ്ഞാലും വിശ്വസിക്കയില്ല. അടയാളം പലപ്പോഴും വിശ്വാസത്തിലേക്കല്ല, ഹൃദയകാഠിന്യത്തിലേക്കാണ് നയിക്കുന്നത് (യോഹ.11,45-53).

നഗരകവാടത്തിനു വെളിയിൽ വച്ചു മരിച്ച യേശുവിന്റെ രഹസ്യം ലാസറിലൂടെ വെളിപ്പെടുന്നു. കുരിശിൽ നഗ്നനായി വലിച്ചു നീട്ടപ്പെട്ട്, ജനക്കൂട്ടത്തിന്റെ അപമാനത്തിനും പരിഹാസത്തിനും പാത്രമായി ശരീരമാസകലം രക്തവും വ്രണവുമായി മാറിയ യേശുവിന്റെ ചിത്രമാണ് ലാസറിലൂടെ ചിത്രീകരിച്ചിരിക്കുന്നത്. അത് സങ്കീ.22,7ന്റെ പൂർത്തീകരണമാണ്. ഈ ദരിദ്രനെപ്പോലെ നമ്മുടെ കർത്താവ് നിന്ദിതനായി ഭൂമിയിൽ ജീവിച്ചു. മതനേതാക്കന്മാർ ഹൃദയശൂന്യരായി വർത്തിച്ചു. യഥാർഥ ലാസർ മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റു. നാമും ഉയിർക്കുമെന്നു പറയാൻ അവൻ വന്നിരിക്കുന്നു. അടയാളം ആവശ്യപ്പെട്ടവർക്ക് യേശു കൊടുത്ത മറുപടിയാണ് ഈ ഉപമ. മനുഷ്യർക്ക് ദൈവം നൽകുന്ന അടയാളമാണ് മനുഷ്യപുത്രൻ. തന്റെ പെസഹാ രഹസ്യത്തിൽ അവൻ ഈ അടയാളമാണ്. അവൻ തന്നെയാണ് യോനായുടെ അടയാളം. ക്രൂശിതനും ഉത്ഥിതനുമായ അവനാണ് സത്യ ലാസർ. അവനെ വിശ്വസിക്കാനും അനുഗമിക്കാനും ഈ ഉപമ ആഹ്വാനം ചെയ്യുന്നു.



malankaralibrary.com

# 15
# നാലാം സുവിശേഷത്തിന്റെ പ്രത്യേകതകൾ

നാലാം സുവിശേഷം ദൃക്സാക്ഷിയായ യോഹന്നാൻ എഴുതിയതാണ്. കുരിശിൽ കിടന്ന കർത്താവിന്റെ തിരുവിലാവിൽ നിന്ന് രക്തവും വെള്ളവും ഒഴുകിയത് കണ്ടയാളാണ് സാക്ഷ്യം നൽകിയിരിക്കുന്നത് (യോഹ.19,34-35). ഇയാളെ നാം ഈ സുവിശേഷത്തിൽ പലയിടത്തും കണ്ടുമുട്ടുന്നു (യോഹ.19,26;21,24; 13,23; 20,2-10; 1,35.40; 18,15-16). എന്നാൽ യോഹന്നാനുമായി ബന്ധപ്പെട്ട സമൂഹം ഇതിൽ ചില മിനുക്കുപണികൾ നടത്തിയിട്ടുണ്ട്. ഈ സുവിശേഷം രേഖപ്പെടുത്തിയ ആൾ ആദ്യത്തെ സുവിശേഷങ്ങളിൽ ഏതെങ്കിലുമൊന്ന് കണ്ടിരിക്കാനാണ് സാധ്യത. പ്രതീക സൂചകങ്ങളിൽ കെട്ടിപ്പൊക്കിയ ദീർഘപ്രഭാഷണങ്ങളായിട്ടാണ് വിവരണങ്ങൾ. യേശുവിന്റെ ജറുസലേം സന്ദർശനവുമായി ബന്ധപ്പെട്ടാണ് അവതരണം. പലസ്തീനയിലെ ജീവിതപശ്ചാത്തലത്തിന്റെ അടയാളമുദ്രകൾ പേറുന്ന ശൈലിയാണ് ഇതിനുള്ളത്. അന്നത്തെ സാധാരണ ജനങ്ങളുടെ ഭാഷയായിരുന്ന കൊയ്നെ ഗ്രീക്കിലാണ് ഇത് എഴുതിയിരിക്കുന്നത്. ജറുസലേമിലെ പുരോഹിത വൃത്തങ്ങളുമായി യോഹന്നാന് ബന്ധമുണ്ടായിരുന്നു (യോഹ.16,15).

യോഹന്നാന് ഇതിന്റെ രചനയിൽ ദൈവശാസ്ത്ര താൽപര്യമുണ്ടായിരുന്നു. അവന്റെ വ്യക്തിപരമായ സ്മരണകൾ ഇതിൽ കാണാം. ചരിത്രവസ്തുതകളും സഭാപാരമ്പര്യങ്ങളും ഇതിൽ കോർത്തിണക്കിയിരിക്കുന്നു. ഇവയെല്ലാം കോർത്തിണക്കാൻ പരിശുദ്ധാത്മ നിവേശനവും അവനുണ്ടായിരുന്നു. ചരിത്രത്തിൽ സംഭവിച്ചവ വ്യാപക



malankaralibrary.com

മായും ശക്തമായും യോഹന്നാൻ ഉന്നയിച്ചു (1യോഹ. 1,1-3). ചരിത്രത്തിൽ സംഭവിച്ചവ യോഹന്നാൻ ഓർക്കുന്നത് സഭയ്ക്കുള്ളിലും സഭയോടൊപ്പവുമാണ്. അതുകൊണ്ടാണ് മിക്കപ്പോഴും "ഞങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത്. "ഓർക്കുക" എന്ന വാക്ക് മൂന്നിടത്ത് ഉപയോഗിക്കുന്നു (യോഹ.2,17;=സങ്കീ.69,10; യോഹ.2,19-22; 12,14-16). സംഭവങ്ങളുടെ ആന്തരികതയിലേക്ക് കടക്കാൻ ഓർമ്മ സഹായിക്കുന്നു. നേരത്തെ ബാഹ്യമാത്രമായി മനസ്സിലാക്കിയവ ഉത്ഥാനാനന്തരം ആന്തരികമായി ഗ്രഹിക്കാൻ സാധിക്കുന്നു. മുമ്പു സംഭവിച്ചവയുടെ പൊരുൾ സുഗ്രാഹ്യമാകുന്നു. പുതിയ രീതിയിൽ ഗ്രഹിക്കാൻ ഉത്ഥാനം വഴിയൊരുക്കി. അങ്ങനെ ചരിത്രസംഭവങ്ങളുടെ ആഴമായ പൊരുൾ ഗ്രഹിക്കാൻ ഉത്ഥാനം ഇടയാക്കുന്നു.

പഴയനിയമത്തിന്റെ ഉറച്ച അടിത്തറയിലാണ് നാലാം സുവിശേഷം എഴുതിയിരിക്കുന്നത്: "മോശ എന്നെക്കുറിച്ചാണ് എഴുതിയിരിക്കുന്നത്" (യോഹ.5,46). "മോശ തന്റെ ന്യായപ്രമാണത്തിലും പ്രവാചകന്മാർ അവരുടെ ഗ്രന്ഥങ്ങളിലും ആരെക്കുറിച്ച് എഴുതിയിരിക്കുന്നുവോ, അവനെ ജോസഫിന്റെ പുത്രൻ, നസ്രേത്തിൽ നിന്നുള്ള യേശുവിനെ, ഞങ്ങൾ കണ്ടു" (യോഹ.1,45). "അവന്റെ പൂർണതയിൽ നിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം മോശ വഴി നൽകപ്പെട്ടു. കൃപയും സത്യവും യേശുക്രിസ്തു വഴി ഉണ്ടായി" (യോഹ.1,16-18).- "ദൈവം എന്നെപ്പോലെ ഒരു പ്രവാചകനെ ഉയർത്തും. അവനെ ശ്രവിക്കണം" എന്ന് മോശ പ്രവചിച്ചത് (ആവ.18,25) യേശുവിൽ പൂർത്തീകരിക്കപ്പെട്ടതായി യോഹന്നാൻ അവതരിപ്പിക്കുന്നു. മോശയേക്കാൾ ശ്രേഷ്ഠനും ദൈവത്തെ നേരിൽ കണ്ടിട്ടുള്ളവനും ദൈവവുമായി ഗാഢബന്ധം പുലർത്തുന്നവനുമായ അവനെയാണ് ശ്രവിക്കേണ്ടത്. അവൻ കൃപയും സത്യവും വെളിച്ചത്തു കൊണ്ടുവന്നു. സുവിശേഷത്തിലെ സംവാദങ്ങളുടെ ആത്യന്തികലക്ഷ്യം ഈ അവകാശവാദത്തിന് അടിസ്ഥാനവും വിശദീകരണവും നൽകുകയാണ്. മോശ ദൈവത്തിന്റെ പിൻഭാഗം മാത്രം കണ്ടു. എന്നാൽ പുത്രനാകട്ടെ ദൈവത്തെ മുഖാഭിമുഖം കാണുന്നു, അവൻ ദൈവത്തെ മനുഷ്യരുടെ ഇടയിൽ അവതരിപ്പിക്കുന്നു.

യോഹന്നാന്റെ സുവിശേഷം യഹൂദരുടെ പെരുന്നാളുകളുമായി ബന്ധപ്പെടുത്തിയാണ് എഴുതിയിട്ടുള്ളത്. യഹൂദരുടെ പെസഹാതിരു



malankaralibrary.com

നാളിനെ കുറിച്ച് സുവിശേഷത്തിന്റെ ആരംഭത്തിൽ നാം വായിക്കുന്നു (യോഹ.2,13). അവിടെ യഥാർഥ ദൈവാലയത്തിന്റെ സൂചന നൽകുകയും അതിലൂടെ കുരിശിലേക്കും ഉത്ഥാനത്തിലേക്കും കൈ ചൂണ്ടുകയും ചെയ്യുന്നു (യോഹ. 2,14-15). യഹൂദരുടെ പെന്തിക്കോസ്തി തിരുനാളിലാണ് തളർവാതരോഗിയെ സുഖപ്പെടുത്തുന്ന സംഭവവും സംവാദവും നടക്കുന്നത് (യോഹ.5,1). യഹൂദരുടെ പെസഹാതിരുനാളിനോട് ബന്ധപ്പെടുത്തിയാണ് ജീവന്റെ അപ്പമായ വിശുദ്ധ കുർബാനയെ പറ്റിയുള്ള ചർച്ച നടക്കുന്നത് (യോഹ.6,4). യഹൂദരുടെ കൂടാരത്തിരുനാളിന്റെ സമയത്താണ് "ജീവജലത്തിന്റെ ഉറവകൾ" വാഗ്ദാനം ചെയ്ത പ്രഭാഷണം നടക്കുന്നത് (യോഹ.7,38-39). പ്രതിഷ്ഠയുടെ തിരുനാളിന്റെ അവസരം യേശുവിനെ നാം വീണ്ടും ജറുസലേമിൽ കണ്ടുമുട്ടുന്നു (യോഹ.10,22). യേശുവിന്റെ അന്ത്യത്താഴവും കുരിശുമരണവും മറ്റൊരു പെസഹാതിരുനാളിലാണ് (യോഹ.12,1). യേശുവിന്റെ മഹാപുരോഹിത പ്രാർഥന (യോഹ.17) പാപപരിഹാര പ്പെരുന്നാളിന്റെ ദൈവശാസ്ത്ര പരമായ ഉള്ളടക്കത്തിൽ അടിസ്ഥാനമിട്ട് കെട്ടിപ്പടുത്തിരിക്കുന്നതാണ്. അത് കുരിശിലെ ബലിയുടെ ഭാഷാസങ്കേതത്തിൽ വിരിയിച്ചെടുത്ത സംവാദമാണ്. യേശുവിന്റെ രൂപാന്തരീകരണം യഹൂദരുടെ പാപപരിഹാര തിരുനാളിന്റെയും കൂടാരത്തിരുനാളിന്റെയും ചട്ടക്കൂട്ടിലാണ്.

യഹൂദ തിരുനാളുകൾക്ക് ത്രിവിധ അടിത്തറയുണ്ട് : 1. പ്രകൃതി മതങ്ങളുടെ അടിത്തറ: സൃഷ്ടപ്രപഞ്ചത്തെയും അതിലൂടെ ദൈവത്തെ തേടുന്ന മനുഷ്യനെയും ബന്ധിപ്പിക്കുന്നു. 2. അനുസ്മരണ തിരുനാൾ: ദൈവത്തിന്റെ രക്ഷാകര കർമങ്ങൾ അനുസ്മരിച്ച്, അതിനെ സന്നിഹിതമാക്കുന്നു. 3. നിർണായകമായ രക്ഷാകരകർമങ്ങളുടെ പ്രത്യാശ: യേശുവിന്റെ സംവാദങ്ങൾക്ക് ഈ ത്രിവിധമാനങ്ങളുണ്ട്. അവ ആരാധനയിലേക്ക്, കൂദാശയിലേക്ക്, നയിക്കുന്നു.



malankaralibrary.com

# 16

## യേശു സാക്ഷാൽ മുന്തിരിച്ചെടി

കാനായിലെ കല്യാണത്തിൽ പുതിയ വീഞ്ഞ് മുഖ്യകഥാപാത്ര മാണ് (യോഹ.2,1-12). എന്നാൽ വിടവാങ്ങൽ പ്രസംഗത്തിൽ യേശു തന്നെത്തന്നെ സാക്ഷാൽ മുന്തിരിച്ചെടിയായി അവതരിപ്പിക്കുന്നു (യോഹ.15,1-10). “മൂന്നാംദിവസം ഗലീലിയിലെ കാനായിൽ ഒരു കല്യാണമുണ്ടായിരുന്നു” (യോഹ.2,1). കലണ്ടർ നോക്കി കണ്ടുപിടി ക്കേണ്ടതല്ലിത്. ഇതിന് പഴയനിയമ പശ്ചാത്തലമുണ്ട്. ദൈവം സീനായ് മലയിൽ പ്രത്യക്ഷപ്പെട്ട ദിനമാണ് മൂന്നാംദിവസം. “മൂന്നാംദിവസം ഇടിമുഴക്കവും മിന്നൽപിണരുകളും ഉണ്ടായി...കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നു” (പുറ.19,16-18). നാലാം സുവിശേഷത്തിലെ “മൂന്നാം ദിവസം” ചരിത്രത്തിലെ അവസാനത്തേതും നിർണായകവുമായ ദൈവാവിഷ്കരണത്തിന്റെ, ഉത്ഥാനത്തിന്റെ, പ്രതീകസൂചകമാണ്. പഴയനിയമത്തിൽ, ദൈവം ചെറിയ വിള്ളലുകളിൽ കൂടി ഭൂമിയിലേക്ക് വന്നെങ്കിൽ, ഇപ്പോൾ ആകാശം വെട്ടിപ്പിളർന്ന് ഭൂമിയിലേക്ക് വന്നു. അവിടുന്ന് ഉയർത്തപ്പെട്ടപ്പോൾ, ദൈവത്തിന്റെ സ്വന്തം ജീവനിലേക്ക് ഭൂമിയെ എടുത്തുവച്ചു. ആ നിർണായക നിമിഷമാണ് “മൂന്നാംദിവസം”. അതായത് ക്രിസ്തു ഉത്ഥാനം ചെയ്ത ദിവസം! വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ അന്തിമവെളിപാടിലെ ആദ്യഅടയാളമാണ് നാം കാനായിൽ കാണുന്നത്.

മറ്റൊരു രീതിയിൽ ചിന്തിച്ചാൽ ആ “മൂന്നാംദിവസം” സുനിശ്ചിത സാബതുവിശ്രമം എന്ന മഹോത്സവത്തിന്റെ വിരുന്നാണ്. യോഹന്നാൻ 1,29-ൽ “അടുത്ത ദിവസം” എന്നു കാണുന്നു. അത് 1,35-ലും 1,43-ലും ആവർത്തിച്ചിരിക്കുന്നു. അങ്ങനെ കണക്കു കൂട്ടിയാൽ “മൂന്നാം ദിവസം” ആറാം ദിവസമോ, ഏഴാം ദിവസമോ ആകും. ശിഷ്യരുടെ വിളി കഴിഞ്ഞ് ഏഴാം ദിവസമാണെങ്കിൽ, ദൈവം മനുഷ്യരോടൊത്ത് ചെലവഴിക്കുന്ന



malankaralibrary.com

സാബതിന്റെ ദിവസമാണത്. ആ മഹാവിരുന്നിനെപ്പറ്റി ഏശായാ പ്രവചിച്ചിട്ടുണ്ട് (25,6).

"എന്റെ മണിക്കൂർ ആയിട്ടില്ല". യേശുവിന്റെ മണിക്കൂർ അവന്റെ കുരിശും ഉത്ഥാനവും കൊണ്ടുവരുന്നതും വചനത്തിലും കൂദാശയിലും ലോകത്തെല്ലായിടത്തും അവനെ സന്നിഹിതൻ ആക്കുന്നതുമായ അവന്റെ മഹത്വീകരണത്തെ ദ്യോതിപ്പിക്കുന്നു. യേശുവിന്റെ മണിക്കൂർ തുടങ്ങുന്നത് ക്രൂശാരോഹണത്തിന്റെ നിമിഷത്തിലാണ്. പെസഹാ കുഞ്ഞാടിന്റെ കൊലസമയത്താണ് ചരിത്രത്തിൽ അത് സംഭവിച്ചത്. അതേ മണിക്കൂറിൽ സത്യകുഞ്ഞാട് രക്തം ചിന്തുന്നു. ആ മണിക്കൂറിന്റെ മുന്നാസ്വാദനമാണ് കാനായിലെ സംഭവം. മറിയത്തിന്റെ അഭ്യർഥന പ്രകാരമാണ് തന്റെ മണിക്കൂറിനെ മുൻകൂറായി അനുഭവിക്കാൻ യേശു അനുവദിച്ചത്. ഈ അടയാളം ദൈവത്തിന്റെ കവിഞ്ഞൊഴുകുന്ന മഹാമനസ്കത കാട്ടുന്നു. മനുഷ്യനുവേണ്ടി സ്വയം ധാരാളിത്തത്തോടെ ചെലവഴിച്ച ദൈവത്തെ നാമിവിടെ കാണുന്നു. മനുഷ്യവംശത്തോടൊപ്പം ദൈവം ആഘോഷിച്ച വിരുന്നാണ് കാനായിലെ മഹാസമൃദ്ധി. ദൈവം തന്റെ ജനങ്ങളുമായി ആസ്വദിക്കുന്ന വിവാഹവിരുന്നിന്റെ മണിക്കൂർ യേശുവിന്റെ ആഗമനത്തിൽ ആരംഭിച്ചിരിക്കുന്നു.

"ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയാണ്" എന്ന് നമ്മുടെ കർത്താവ് പറയുന്നത് (യോഹ.15) പഴയനിയമ പശ്ചാത്തലത്തിൽ ഗ്രഹിക്കേണ്ടതുണ്ട്. ദൈവം നട്ട ഇസ്രായേൽ എന്ന മുന്തിരിത്തോട്ടത്തെ പറ്റിയും അത് കാട്ടുമുന്തിരിങ്ങ പുറപ്പെടുവിച്ചതിനെ പറ്റിയും ഉടമസ്ഥൻ അതിനെ നശിപ്പിച്ചതിനെ പറ്റിയും ഏശായാ പ്രസ്താവിക്കുന്നു (5,1-7). മണവാട്ടിയായ ഇസ്രായേലിന്റെ പ്രതീകമാണ് മുന്തിരിത്തോട്ടം (ഉത്തമ.2,15;7,12-13). ദൈവം വേണ്ടതെല്ലം ചെയ്തിട്ടും അവരുടെ പ്രതികരണം ന്യായരഹിത പ്രവർത്തനങ്ങളും അനീതിയുടെ ആധിപത്യവുമായിരുന്നു.

സങ്കീർത്തകൻ മുന്തിരിവള്ളിയെപ്പറ്റി ഗീതമാലപിക്കുന്നു (80,8-12). അതിനെ നട്ടുപിടിപ്പിച്ചതിനെ പറ്റിയും അതിന്റെ മതിൽ തകർത്തതിനെ പറ്റിയും അവൻ സംസാരിക്കുന്നു. തുടർന്ന്, അതിനെ പരിഗണിച്ച് സമുദ്ധരിക്കാൻ അപേക്ഷിക്കുന്നു (80,15-19). ഏശായായെ അനുകരിച്ച് നമ്മുടെ കർത്താവ് തന്നെയും മുന്തിരിത്തോപ്പിന്റെ ഉപമ നൽകുന്നു (മർക്കോ. 12,1-12). ഏശായായുടെ കാലത്തുണ്ടായിരുന്ന അതേ സ്ഥിതിവിശേഷം നമ്മുടെ കർത്താവിന്റെ കാലത്തുണ്ടായിരുന്നു (മത്താ.23). മുന്തിരിത്തോപ്പിലെ കൃഷിക്കാരായിട്ടാണ് ഇസ്രായേലിനെ ഇവിടെ ഉപമിച്ചിരിക്കുന്നത്. തന്നെപ്പറ്റിയും അവരെപ്പറ്റിയുമാണ് യേശു പറയുന്നതെന്ന് കേൾവിക്കാർ മനസ്സിലാക്കിയിരുന്നു.



malankaralibrary.com

പഴയനിയമ മുന്തിരിവള്ളിപോലെയല്ല താനെന്ന് "സാക്ഷാൽ" എന്ന വാക്കുകൊണ്ട് അവിടുന്ന് അർഥമാക്കുന്നു. "ഞാൻ ആണ്' എന്നു പറയുന്നതിലൂടെ തന്നെത്തന്നെ മുന്തിരിവള്ളിയായി അവതരിപ്പിക്കുന്നു. അവൻ മുന്തിരിച്ചെടിയായി മാറുന്നു. തന്നെത്തന്നെ ധരയിൽ നട്ടുപിടിപ്പിക്കാൻ അവൻ അനുവദിച്ചു. അവൻ മുന്തിരിച്ചെടിയിലേക്ക് പ്രവേശിച്ചു. പുത്രനിൽ ദൈവം തന്നെ മുന്തിരിച്ചെടിയായി മാറിയിരിക്കുന്നു. എന്നെന്നേക്കും അത് ദൈവത്തിന്റെ സ്വന്തമാണ്. അതിനെ പിഴുതെറിയാൻ സാധ്യമല്ല. പുത്രനിലൂടെ അതിനുള്ളിൽ ദൈവം വസിക്കുന്നു. മനുഷ്യരുമായി ദൈവത്തിനുള്ള ഐക്യം വേർപെടുത്താൻ ആവാത്തതായി. സങ്കീർത്തനത്തിൽ അതിന് അടിസ്ഥാനമുണ്ട്: "ഈ മുന്തിരിവള്ളിയെ പരിഗണിക്കണമെ...അങ്ങയുടെ കരം മനുഷ്യപുത്രന്റെമേൽ ഉണ്ടായിരിക്കട്ടെ"(80,14-17).

തന്റെ ശിഷ്യരെല്ലാം അവനുമായി ഒട്ടിക്കപ്പെട്ട ശാഖകളാണ്. അവരും മുന്തിരിച്ചെടിയാണ്. മുന്തിരിച്ചെടിയിൽ നിലനിൽക്കാനാണ് അവരുടെ വിളി. അതായത്, തന്റെ സ്വന്തക്കാരുമായി യേശു ഒന്നുചേർന്നിരിക്കുന്നു. അവിടുന്ന് അവിഭാജ്യനാണ് എന്നർഥം. അവരും അവനിലും അവനോടൊപ്പവും ഒന്നാണ്. എന്നാൽ ഒട്ടിക്കപ്പെട്ട നമുക്ക് നിരന്തര ശുദ്ധീകരണം ആവശ്യമാണ്. നാം അവനിൽ നിരന്തരം വസിച്ച് ഫലം പുറപ്പെടുവിക്കണം. അവന്റെ സ്നേഹത്തിന്റെ കൽപ്പന ശിരസ്സാ വഹിക്കണം. മരിച്ചുയിർക്കുന്ന പ്രക്രിയയ്ക്ക് വിധേയമായാൽ മാത്രമേ ഇത് സാധിക്കയുള്ളു. അനീതി, അക്രമം, അഴിമതി എന്നിവയുടെ നടുവിലും നീതിപൂർവമായി ജീവിക്കാനുള്ള വെല്ലുവിളി സ്വീകരിക്കണമെന്നു സാരം. യേശു പുറപ്പെടുവിക്കുന്ന ഫലത്തിലേക്ക് അത് വിരൽ ചൂണ്ടുന്നു. സ്നേഹം മൂലം അവൻ കുരിശിൽ മൃതനായി. നമ്മിൽ നിന്ന് കർത്താവ് പ്രതീക്ഷിക്കുന്ന ഫലം സ്നേഹമാണ്. അതോടൊപ്പം കുരിശിന്റെ രഹസ്യം സ്വീകരിക്കണം. നാം പുറപ്പെടുവിക്കേണ്ട ഫലം സ്നേഹമാണെങ്കിൽ, നാം കർത്താവിൽ വസിക്കണം. നാം കർത്താവിനെ മുറുകെ പിടിക്കണം. ഒരിക്കലും നമ്മെ വിട്ട് പോകാൻ അവനെ അനുവദിക്കരുത്. അതോടൊപ്പം പ്രാർഥന കേൾക്കപ്പെടുമെന്ന ഉറപ്പും നൽകപ്പെട്ടിരിക്കുന്നു (യോഹ.15,7). യേശുവിന്റെ നാമത്തിൽ നാം ചോദിക്കേണ്ടത് "ആനന്ദം" എന്ന സുപ്രധാന ദാനമാണ്. അതായത്, പരിശുദ്ധാത്മാവ് എന്ന ശ്രേഷ്ഠദാനം (ലൂ.11,13). സ്നേഹത്തിൽ വസിക്കുക, സ്നേഹത്തിൽ നിരന്തരം നിലനിൽക്കുക എന്നാണ് ഇതിനർഥം (യോഹ.17,26).



malankaralibrary.com

# 17

## യേശു ജീവന്റെ അപ്പം

നാലാം സുവിശേഷത്തിലെ ഒരു സുപ്രധാന ചർച്ചാവിഷയമാണ് അപ്പം (യോഹ.6). മരുഭൂമിയിൽവച്ച് മോശ ജനത്തിന് മന്നാ നൽകി. ഇവിടെ ദൈവപുത്രൻ തന്നെത്തന്നെ അപ്പമായി നൽകുന്നു. മോശ നൽകിയതുപോലെ അവിടുന്ന് ഭൗമികമായ അപ്പം നൽകി ജനത്തിന്റെ വിശപ്പ് ശമിപ്പിച്ചു. തുടർന്നാണ് തന്റെ ശരീരമായ അപ്പത്തെ പറ്റിയുള്ള പ്രതിപാദനം നടത്തിയത്.

കല്ല് അപ്പമാക്കാൻ സാത്താൻ പ്രേരിപ്പിച്ചെങ്കിലും, കർത്താവ് വഴങ്ങിയില്ല. മറിച്ച്, കുരിശിലെ ബലിയിലൂടെ താൻ തന്നെ അപ്പമായി ത്തീർന്നു. അയ്യായിരം പേർക്ക് ഭക്ഷണം നൽകിയ സംഭവം ആദ്യത്തെ മൂന്നു സുവിശേഷകരും വിവരിക്കുന്നു (മത്താ. 14,13-21; മർക്കോ. 6,32-38; ലൂ.9,10-17). നാലായിരം പേർക്ക് ഭക്ഷണം നൽകിയ കാര്യം മത്തായിയും മർക്കോസും രേഖപ്പെടുത്തുന്നു (മത്താ.15,32-38;മർക്കോ. 8,1-9). യോഹ ന്നാനിൽ മോശയും യേശുവും തമ്മിലുള്ള വ്യത്യാസം കാണാം (യോഹ.6). അതാണ് പശ്ചാത്തലം. യേശുവാണ് അന്തിമപ്രവാചകൻ. മോശയേ ക്കാൾ വലിയ പ്രവാചകൻ. മോശ പ്രവചിച്ച മഹാപ്രവാചകനാണ് യേശു (ആവ.18,18). അപ്പം തിന്നവർ പറഞ്ഞു: "ലോകത്തിലേക്ക് വരാ നിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്" (യോഹ.6,14). ജീവജല ത്തെപ്പറ്റി കർത്താവ് പറഞ്ഞപ്പോഴും ജനം തത്തുല്യമായ പ്രസ്താവന നടത്തി: "ഇവൻ യഥാർഥത്തിൽ പ്രവാചകനാണ്" (യോഹ.7,40).

മോശയ്ക്ക് ദൈവവചനം-മന്നാ-നൽകാൻ കഴിഞ്ഞത് ദൈവ സംസർഗത്തിൽ നിന്നാണ്. "ഒരു സ്നേഹിതനോട് എന്നപോലെ" മോശ ദൈവത്തോട് സംസാരിച്ചിരുന്നു (പുറ. 33,11;ആവ.34,10). എങ്കിലും



malankaralibrary.com

ദൈവത്തിന്റെ പിൻഭാഗം കാണാൻ മാത്രമേ മോശയ്ക്ക് സാധിച്ചുള്ളു (പുറ.33,18-22). യേശുവാകട്ടെ, ദൈവത്തിൽ നിന്ന് നേരിട്ടു വന്നു, ദൈവത്തെ നേരിട്ടു കേട്ടു, ദൈവൈക്യത്തിൽ നിന്നു പുറപ്പെട്ടുവന്നു. പിതാവിനെ കണ്ട ദർശനത്തിൽനിന്നും കേട്ടവയിൽ നിന്നുമാണ് യേശു സംസാരിച്ചത്. മോശയ്ക്ക് ഭാഗികമായി നൽകപ്പെട്ടവ യേശുവിൽ പൂർത്തിയായി. "ദൈവം തന്റെ നാമം മോശയ്ക്ക് വെളിപ്പെടുത്തി". ദൈവവും മനുഷ്യനും തമ്മിൽ ബന്ധപ്പെടാൻ സാധ്യതയൊരുക്കി. "ദൈവനാമം താൻ വെളിപ്പെടുത്തി" എന്ന് യേശുവും പറയുന്നു. ഇവിടെയും മോശയെ പൂർണമാക്കുകയാണ് യേശു ചെയ്തത്.

ദൈവം നൽകിയ കൃപാവരമാണ് ന്യായപ്രമാണം. ജീവന്റെ പാത ചൂണ്ടിക്കാട്ടുന്നതും നയിക്കുന്നതുമാണത്. ഇതിനുള്ള കൃതജ്ഞത യാണ് 119-ാം സങ്കീർത്തനം. ഈ ന്യായപ്രമാണം, ദൈവവചനം, ആണ് ഇസ്രായേലിനെ പോറ്റിയ സ്വർഗീയ മന്നാ. ജ്ഞാനമാണ് യഥാർഥ അപ്പമെന്ന് സുഭാഷിതങ്ങളിൽ കാണാം (9,5). എന്നാൽ മോശയുടേത് ഭാഗികവും നിഴലുമാണ്. അതിന്റെ പൊരുൾ യേശുവാണ്. "ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കയുമില്ല" (യോഹ.6,35). ന്യായ പ്രമാണം ഇവിടെ ആൾരൂപം ധരിക്കുന്നു. നാം ജീവനുള്ള ദൈവത്തെ ഭക്ഷിക്കുന്നു. ഇതിന് മനുഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നത് വിശ്വാസം മാത്രം. "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാകുന്നു' എന്നു പറഞ്ഞപ്പോൾ, (യോഹ.6,51) കുരിശിലെ രഹസ്യത്തെയാണ് യേശു ലക്ഷ്യം വച്ചത്. തുടർന്നുള്ള വാചകവും (6,53) സ്പഷ്ടമായി കുർബാനയെ പറ്റിത്തന്നെയാണ്. ക്രൈസ്തവാ സ്തിത്വത്തിന്റെ ഹൃദയത്തിലേക്ക് നേരേ പ്രവേശിക്കയാണ് വിശുദ്ധ കുർബാന. ദൈവവുമായുള്ള മനുഷ്യന്റെ നിലയ്ക്കാത്ത മഹത്തായ കൂടിക്കാഴ്ചയാണ് വിശുദ്ധ കുർബാന. കുർബാനയിൽ പങ്കെടുക്കുന്ന തിലൂടെ നാം "ആത്മാവായി' തീരേണ്ടതിന് കർത്താവ് മാംസമായി തന്നെത്തന്നെ നമുക്ക് നൽകുന്നു. അപ്പം പീഡാനുഭവരഹസ്യം ഉൾ ക്കൊണ്ടിരിക്കുന്നു. ഈ അപ്പം കുരിശിലൂടെയുള്ള കടന്നുപോകലായി തീരണം. കുരിശിലൂടെയും അതുളവാക്കിയ രൂപാന്തരത്തിലൂടെയും മാത്രമേ ഈ ശരീരം നമുക്ക് എത്തിപ്പിടിക്കാൻ കഴിയൂ (യോഹ.12,24). ഈ അപ്പം പീഡാനുഭവ രഹസ്യം ഉൾക്കൊള്ളുന്നു.



malankaralibrary.com

# 18
# നല്ല ഇടയനായ യേശു

"ഞാൻ നല്ലയിടയനാകുന്നു" എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. നല്ല ഇടയന്റെ ചിത്രം എസക്കിയേലിലും (34,1-16) 23-ാം സങ്കീർത്തനത്തിലും കാണാം. ദൈവം തന്നെ തന്റെ ആടുകളെ നേരിട്ടു നോക്കുമെന്നും കരുതലോടെ നയിക്കുമെന്നും എസക്കിയേലിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്നു. "കർത്താവ് എന്റെ ഇടയനാകുന്നു" എന്ന് സങ്കീർത്തകൻ ഉച്ചരിക്കുന്നു. കർതൃരഹസ്യത്തിലേക്ക് നയിക്കുന്ന ഒരു പ്രവചനം സക്കറിയാ നടത്തുന്നു: "ഞാൻ ഇടയനെ അടിക്കും. ആടുകൾ ചിതറിപ്പോകും" (സക്ക.13,7;മത്താ.26,31). കൊല്ലപ്പെടുന്ന ഇടയനെപ്പറ്റി സക്കറിയാ പ്രവചിക്കുന്നു. അവൻ തന്റെ മരണത്തിലൂടെ ലോകരക്ഷകനാകും (സക്ക.12,10.11;13,1). "തങ്ങൾ കുത്തിമുറിവേൽപ്പിച്ചവനെ അവർ നോക്കി നിൽക്കും" എന്നത് ക്രൂശിതനായ ക്രിസ്തുവിനെ പറ്റിയാണ് (യോഹ.19,37; സക്ക.12,10).

"ഇതാ, ലോകപാപം നീക്കുന്ന ദൈവകുഞ്ഞാട്" എന്നു പറഞ്ഞതിൽ നിന്ന്, യോഹന്നാൻ യേശുവിനെ പെസഹാ കുഞ്ഞാടുമായി ബന്ധിക്കുന്നു. കുഞ്ഞാടായി മാറുന്ന ഇടയനെ പറ്റി പ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ട്. "ഞാനാണ് ആടുകളുടെ വാതിൽ" (യോഹ.10,7). അതായത്, ഇടയന്മാർ സത്യഇടയനായ യേശു എന്ന വാതിലിലൂടെ പ്രവേശിക്കണം എന്നു സാരം. യഥാർഥ ഇടയനുള്ള തെളിവാണിത്. ഇടയനെ കുറിച്ചുള്ള എല്ലാ പ്രതീകങ്ങളും തന്നിലേക്ക് ആവഹിച്ച് അവയെ ശുദ്ധീകരിച്ച് അവയുടെ അർഥപൊരുൾ യേശു പൂർണതയിലേക്ക് കൊണ്ടുവരുന്നു. ഇതിൽ പല സംഗതികൾ അടങ്ങിയിരിക്കുന്നു:



malankaralibrary.com

## നല്ല ഇടയനായ യേശു

1. "മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണ് കള്ളൻ വരുന്നത്" (യോഹ.10,10). യഥാർഥ ഇടയൻ ജീവൻ എടുക്കുകയല്ല, ജീവൻ കൊടുക്കുകയാണ്. സമൃദ്ധമായ ജീവൻ നൽകാനാണ് യേശു വന്നത്. എസക്കിയേലും സങ്കീർത്തനവും വാഗ്ദാനം ചെയ്തവ യേശു പൂർത്തിയാക്കുന്നു. സജീവഭക്ഷണമായ ദൈവവചനം നൽകി ഇടയൻ ആടുകളെ പോഷിപ്പിക്കുന്നു. അതാണ് പച്ചയായ പുൽത്തകിടിയും പ്രശാന്തമായ ജലാശയവും. അതാണ് ഇസ്രായേലിലെ ഉയർന്ന മലകൾ (സങ്കീ.23; എസ.34). മനുഷ്യന് ആവശ്യമായ ദൈവവചനവും സ്നേഹവും നൽകുന്നവനാണ് സമൃദ്ധമായി ജീവൻ നൽകുന്ന നല്ല ഇടയൻ.

2. ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കുന്ന സങ്കൽപ്പത്തിൽ ചുറ്റിക്കറങ്ങുകയാണ് ഇടയനെ കുറിച്ചുള്ള പ്രഭാഷണം. അതിന്റെ കേന്ദ്രത്തിൽ നാട്ടപ്പെട്ടിരിക്കുന്നത് കുരിശാണ്. തന്റെ ജീവനെ സ്വതന്ത്ര ദാനമായി നല്ല ഇടയൻ രൂപാന്തരപ്പെടുത്തുന്നു. അവിടുന്ന് തന്നെ ത്തന്നെയാണ് നൽകുന്നത്. അതിലൂടെ അവിടുന്ന് നമുക്ക് ജീവൻ നൽകുന്നു.

3. ഇടയനും ആടുകളും പരസ്പരം അറിയുന്നു (യോഹ.10,3-4). ഇടയൻ ആടുകളെ പേരുചൊല്ലി വിളിക്കുന്നു. ആടുകൾ ഇടയനെ അനുഗമിക്കുന്നു. ഇടയന്റെ സ്വന്തമാണ് ആടുകൾ. അവൻ അവയെ അറിയുന്നു. പിതാവും പുത്രനും തമ്മിലുള്ള അറിവുമായിട്ടാണ് ഇടയനും ആടുകളും തമ്മിലുള്ള അറിവിനെ താരതമ്യപ്പെടുത്തിയിരിക്കുന്നത് (യോഹ. 10,14-15).

4. ഐക്യതാഭാവം ഇവിടെ പ്രസ്പഷ്ടമാകുന്നു. "ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻ പറ്റവും ഒരിടയനും ആകും' (യോഹ.10,16). ചിതറിക്കിടക്കുന്ന ഇസ്രായേൽ മക്കളെ മാത്രമല്ല, എല്ലാവരെയും ഒന്നിച്ചുകൂട്ടുകയാണ് രക്ഷകന്റെ ദൗത്യം (യോഹ.11,52). "സകല ജാതികളെയും ശിഷ്യപ്പെടുത്തുക' എന്ന് വി. മത്തായി പറയുന്നത് ഇതു തന്നെയാണ് (28,19). ഉത്ഥിതനായ കർത്താവ് പറയുന്നതായി നടപടിയിൽ കാണുന്നതും ഇതു തന്നെ (1,8). അതായത്, എല്ലാവർക്കുമായി ഒരിടയനേയുള്ളു എന്നു സാരം.



malankaralibrary.com

# 19
# പത്രോസിന്റെ വിശ്വാസപ്രഖ്യാപനം

കേസറിയാ ഫിലിപ്പിയിൽ വച്ച് വിശുദ്ധ പത്രോസ് ശ്ലീഹാ യേശു തമ്പുരാനിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു: "നീ മിശിഹായാണ്" എന്ന് വി.മർക്കോസിൽ (8,29). "നീ ദൈവത്തിന്റെ മിശിഹായാണ്" എന്ന് വി.ലൂക്കായിൽ (9,20). "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" എന്ന് വി.മത്തായിയിൽ (16,16-18). "നീ ദൈവത്തിന്റെ പരിശുദ്ധനാണ്" എന്ന് വി.യോഹന്നാനിൽ (6,69).

അല്പസ്വൽപ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും സാരസത്ത ഇപ്രകാരമാണ്: യേശു ദൈവത്തിന്റെ പുത്രനാണ്. ഈ പ്രസ്താവന മാനുഷിക ചിന്തയ്ക്ക് ഉപരിസ്ഥമാണ്. ദൈവിക വെളിപാടുവഴി ലഭിക്കുന്നതാണിത്. സാമാന്യജനത്തിന്, അതായത് യേശുവിന്റെ കൂടെ സ്ഥിരമായി സഞ്ചരിക്കാത്തവർക്ക്, യേശു ഏലിയായോ, ജറമിയായോ പോലെ ഒരു പ്രവാചകൻ മാത്രമാണ്. അവർക്ക് യേശു അത്ഭുത പ്രവർത്തകനാണ്. എന്നാൽ യേശുവിനെ ദൈവപുത്രനായി കാണാൻ ശിഷ്യന്മാർക്കു ലഭിച്ച ഉൾക്കാഴ്ച സാമാന്യജനത്തിൽ പലർക്കും ലഭിച്ചില്ല. അപൂർവമായി ഈ ഉൾക്കാഴ്ച ലഭിച്ച ചിലരുണ്ടായിരുന്നു എന്നു മാത്രം.

അക്കാലത്തെ യഹൂദന്മാരുടെ മിശിഹാ സങ്കൽപ്പത്തിൽ നിന്ന് വ്യത്യസ്തമായ രീതിയിലാണ് അവതരിച്ച മിശിഹാ പ്രത്യക്ഷപ്പെട്ടത്. അന്നത്തെ യഹൂദരൊക്കെ മാനുഷികമായും ഭൗമികമായും ജഡികമായുമുള്ള മിശിഹാചിത്രം മനസ്സിൽ സൂക്ഷിച്ചു. അവരിൽ ചിലർ ഇടയ്ക്കിടെ റോമാക്കാർക്കെതിരെ ജനത്തെ ഇളക്കിവിട്ട് മിശിഹാമാരായി വേഷം കെട്ടിയിരുന്നു. അവരെപ്പോലെയുള്ള ഒരു സമരനേതാവിനെ



malankaralibrary.com

പലരും സ്വപ്നം കണ്ടു. ദാവീദിനെപ്പോലെ ഒരു വലിയ രാജ്യാധികാരിയായി ഭൗതികപ്രതാപശാലിയായ ഒരു സമരനേതാവായിരുന്നു അവരുടെ ചിത്രത്തിലെ മിശിഹാ: തന്റെ പീഡാനുഭവത്തെപ്പറ്റി കർത്താവ് പറഞ്ഞപ്പോൾ പത്രോസ് നൽകിയ മറുപടി, സാമാന്യജനത്തിന്റെ പ്രത്യുത്തരമായിരുന്നു, നാമോരോരുത്തരുടെയും പ്രത്യുത്തരമായിരുന്നു അത്. അതായത്, കുരിശിനെ മാറ്റി നിർത്തിക്കൊണ്ടുള്ള മിശിഹാ, രക്ഷകൻ. നമ്മുടെ കർത്താവ് അത് പാടേ നിരാകരിക്കുന്നു: "ജീവൻ കണ്ടെത്തണമെങ്കിൽ, ജീവൻ നഷ്ടപ്പെടുത്തണം". "ഗോതമ്പുമണി നിലത്തുവീണ് അഴിയണം'. പത്രോസിന്റെ തടസ്സപ്രസ്താവനയ്ക്ക് യേശു നൽകിയ മറുപടി, "സാത്താനേ, എന്റെ പിമ്പിൽ പോകൂ" എന്നാണ്. തന്റെ പരീക്ഷണഘട്ടത്തിൽ പ്രലോഭകനോട് പറഞ്ഞതും ഇതുതന്നെ. ആ പ്രലോഭനം പല തരത്തിൽ നിരന്തരം ഉണ്ടായിരുന്നു. യേശുവിന്റെ പാതയിൽ, ക്രൂശിന്റെ പാതയിൽ, പങ്കുപറ്റുന്നതു വഴി മാത്രമേ യഥാർഥ മിശിഹായെ തിരിച്ചറിയാൻ സാധിക്കൂ എന്നു സാരം.

പത്രോസിനെ കുറ്റപ്പെടുത്തുന്നതിലൂടെ, താൻ മിശിഹാ ആണെന്ന സത്യം യേശു നിഷേധിക്കയല്ല ചെയ്യുന്നത്. പിന്നെയോ, അത് പരസ്യമാക്കാൻ സമയമായില്ല എന്ന് വ്യക്തമാക്കുകയായിരുന്നു. അതുപോലെ, മിശിഹായെ പറ്റിയുള്ള മാനുഷിക കാഴ്ചപ്പാടുകൾ പൂർണമല്ല എന്നും കാണിക്കുന്നു. "മിശിഹാസങ്കൽപ്പം" തെറ്റിദ്ധരിക്കപ്പെടാൻ ഇടയുണ്ട്, തെറ്റായി വ്യാഖ്യാനിക്കാൻ സാധ്യതയുണ്ട്, തെറ്റായ പ്രതീക്ഷ തന്നിലർപ്പിക്കാൻ ഇടയുണ്ട്. തനിക്കെതിരെ രാഷ്ട്രീയ നടപടികളിലേക്ക് വഴിതെളിക്കും എന്നതുകൊണ്ടാണ് വിലക്കിയത്. "ഇതാരോടും പറയരുത്" എന്ന് താബോർ മലയിൽ നിന്ന് ഇറങ്ങിയപ്പോൾ യേശു ശിഷ്യന്മാരോട് പറഞ്ഞതും ഇതുകൊണ്ടാണ്.

യേശു തെരഞ്ഞെടുത്ത സംജ്ഞ "മനുഷ്യപുത്രൻ" എന്നതാണ്. പുരാതനപ്രവാചകന്മാരിൽ കാണുന്ന മിശിഹായുടെ ചിത്രം ഈ സംജ്ഞയിലൂടെ യേശു സ്വന്തമാക്കി. കുരിശിന്റെയും സഹനത്തിന്റെയും പാതയാണിത്. ഈ പാതയിലൂടെ തന്നെ പിൻചെല്ലണമെന്ന് യേശു പത്രോസിനോട് പറയുകയാണിവിടെ.

മഹാപുരോഹിതന്റെ വിസ്താരവേളയിലെ ചോദ്യംചെയ്യൽ വിരൽചൂണ്ടുന്നത് യേശുവിന്റെ ദൈവത്വത്തെ സംബന്ധിച്ചാണ്. ശിഷ്യരിലൂടെ സാമാന്യജനത്തിന് ഈ അറിവു ലഭിച്ചു എന്നു സങ്കൽ



malankaralibrary.com

പ്പിക്കാം. "നീയാണോ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ മിശിഹാ?" (മർക്കോ.14,61). മിശിഹായെ വാഴ്ത്തപ്പെട്ടവന്റെ പുത്രനായി സങ്കീർത്തനം അവതരിപ്പിക്കുന്നു (2,7;110).

യേശുവിന്റെ കൂടെ നടന്ന മൂന്നു വർഷക്കാലം കൊണ്ട് യേശുവിൽ സജീവദൈവത്തിന്റെ സാന്നിധ്യം കാണാൻ ശിഷ്യന്മാർക്കു കഴിഞ്ഞു (ലൂ.5,1-11; മത്താ.14,22-33;16,16). മിശിഹായെ കുറിച്ച് അന്നു നിലവിലിരുന്ന ഒരു സങ്കൽപ്പത്തിനുള്ളിലും യേശുവിനെ തളച്ചിടാൻ കഴിയില്ല എന്ന് ശിഷ്യർക്ക് ബോധ്യമായി. യേശു അവരിൽ നിന്നെല്ലാം വ്യത്യസ്തനും ഉന്നതനുമാണ്. അവൻ പ്രവാചകന്മാരിൽ ഒരുവൻ മാത്രമായിരുന്നില്ല. "ഇവൻ തന്നെയാണ് ദൈവം" എന്ന് ശിഷ്യന്മാർക്ക് ബോധ്യമായി. അത് പ്രസ്പഷ്ടമാക്കാൻ, മിശിഹാ, ദൈവപുത്രൻ, കർത്താവ് തുടങ്ങിയ പദങ്ങൾ അവർ ഉപയോഗിച്ചു. തങ്ങളുടെ ബോധ്യം ദൃഢതരമാക്കാനുള്ള പരിശ്രമം അവർ തുടർന്നു. അതവസാനിച്ചത്, "എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന അട്ടഹാസത്തിലാണ് (യോഹ.20,28). ഈ അന്വേഷണം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.



malankaralibrary.com

# 20

# യേശുവിന്റെ രൂപാന്തരീകരണം

യഹൂദരുടെ കൂടാരത്തിരുനാളിന്റെ അവസാനദിവസമാണ് രൂപാന്തരീകരണം നടന്നത്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും രൂപാന്തരീകരണവും തമ്മിൽ ബന്ധമുണ്ട്. "ആറു ദിവസങ്ങൾക്കുശേഷം" (മത്താ. 17,1; മർക്കോ.9,2) അഥവാ "എട്ടു ദിവസങ്ങൾക്കുശേഷം" (ലൂ.9,28) ആണ് രൂപാന്തരീകരണം. വിശ്വാസപ്രഖ്യാപനത്തിലും രൂപാന്തരീകരണത്തിലും പത്രോസ് നിർണായകപങ്കു വഹിക്കുന്നു. പുത്രൻ എന്ന നിലയിൽ യേശുവിന്റെ ദൈവത്വമാണ് രണ്ടു രംഗങ്ങളിലും വിഷയം. രണ്ടിടത്തും പീഡാനുഭവവുമായി ബന്ധപ്പെടുത്തുന്നു. കുരിശും മഹത്വീകരണവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. കുരിശാണ് മഹത്വീകരണം എന്നാണ് യോഹന്നാന്റെ അഭിപ്രായം.

പാപപരിഹാരദിനം എന്ന മഹാതിരുനാളിന്റെ (യോം കിപ്പൂർ) ആറാം ദിവസം മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്നു കൂടാരത്തിരുനാൾ (സുക്കോത്). പത്രോസിന്റെ വിശ്വാസപ്രഖ്യാപനം നടന്നത് പാപ പരിഹാരദിനത്തിലാണ്. അന്നുമാത്രം മഹാപുരോഹിതൻ അതി വിശുദ്ധ സ്ഥലത്തു കയറി ധൂപാർച്ചന നടത്തുകയും യാഹ്‌വെയുടെ നാമം ഉച്ചരിക്കുകയും ചെയ്യുന്നു. ആ നിമിഷത്തിലാണ് പത്രോസ് യേശുവിനെ "ജീവനുള്ള ദൈവത്തിന്റെ പുത്രൻ' എന്ന് ഏറ്റുപറയുന്നത്. "ആറുദിവസം", "എട്ടുദിവസം" എന്നിവ ഒരാഴ്ച നീണ്ടുനിൽക്കുന്ന കൂടാരത്തിരുനാളിനെ സൂചിപ്പിക്കുന്നു. ആ തിരുനാളിന്റെ അവസാന ദിനത്തിലാകാം രൂപാന്തരീകരണം സംഭവിച്ചത്.

കർത്താവ് മൂന്നു ശിഷ്യന്മാരെ "മലയിലേക്ക് നയിച്ചു" (മർക്കോ. 9,2). ദൈവവുമായുള്ള അടുപ്പത്തിന്റെയും യോജിപ്പിന്റെയും സ്ഥലമാണ്



malankaralibrary.com

മല. ബാഹ്യമായും ആന്തരികമായുമുള്ള ആരോഹണത്തിന്റെ ഇടമാണ് മല. അബ്രഹാമും മോശയും മലമുകളിൽ കയറി. "യേശു പ്രാർഥിക്കാനായി മലയിലേക്ക് കയറി.പ്രാർഥിച്ചു കൊണ്ടിരുന്നപ്പോൾ യേശുവിന്റെ മുഖഭാവം മാറി. അവന്റെ വസ്ത്രം വെട്ടിത്തിളങ്ങുന്ന ധവളവർണമായി" (ലൂ.9,28-29). രൂപാന്തരീകരണം പ്രാർഥനാനുഭവമാണ്. അവൻ ശുദ്ധ പ്രകാശമായി മാറി. പ്രകാശത്തിൽ നിന്നുള്ള പ്രകാശമായി.

സീനായ് മലയിൽ നിന്നിറങ്ങിയപ്പോൾ മോശയുടെ മുഖം പ്രകാശിച്ചിരുന്നു. എന്നാൽ മോശ അതറിഞ്ഞില്ല (പുറ.34,29-35). ദൈവത്തോടുള്ള സംസാരവേളയിൽ ദൈവത്തിന്റെ പ്രകാശകിരണം മോശയുടെ മേൽ പതിച്ചു. എന്നാൽ യേശു മുഴുവനായി ഉള്ളിൽ നിന്നു പ്രകാശിച്ചു തിളങ്ങി. മലയിൽ നിന്നിറങ്ങിയപ്പോൾ കർത്താവ് തന്റെ പീഡാനുഭവത്തെപ്പറ്റി ശിഷ്യർക്ക് സൂചന നൽകി. മോശയും ഏലിയായും പീഡാസഹനത്തിന്റെ വ്യക്തികളായിരുന്നു; സാക്ഷികളുമായിരുന്നു. യേശുവിന്റെ പീഡാസഹനം രക്ഷ കൊണ്ടുവരുമെന്ന് അവർ വ്യക്തമാക്കുകയായിരുന്നു. നിയമവും പ്രവാചകന്മാരും ഇസ്രായേലിന്റെ പ്രത്യാശയെ കുറിച്ചാണ് അടിസ്ഥാനപരമായി കൈകാര്യം ചെയ്യുന്നത്.

മോശ ന്യായപ്രമാണം സ്വീകരിച്ചു. എന്നാൽ ഇപ്പോൾ യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് "അവനെ ശ്രവിക്കുവിൻ" എന്ന് സ്വർഗീയപിതാവ് പറയുന്നു. യേശു തന്നെ ന്യായപ്രമാണമായി ത്തീർന്നു. മിശിഹായുഗത്തിന്റെ ഉദ്ഘാടനവും ആവിർഭാവവുമായി രൂപാന്തരീകരണത്തെ മനസ്സിലാക്കാം. ഇവിടെ ദൈവരാജ്യം യേശുവിൽ ശക്തിയോടെ വന്നു. "ദൈവരാജ്യം ശക്തിയോടെ വരുന്നത് കാണുന്നതുവരെ മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ടെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന തിരുവചനം (മർക്കോ. 9,1) രൂപാന്തരീകരണത്തിലേക്ക് വിരൽ ചൂണ്ടുന്നു. അതിന് മൂന്നു ശിഷ്യന്മാരും വ്യക്തിപരമായി സാക്ഷ്യം വഹിച്ചു. ദൈവരാജ്യ തേജസ്സ് യേശുവിൽ നിന്ന് വെട്ടിത്തിളങ്ങി വഴിഞ്ഞൊഴുകുന്നത് അവർ ദർശിച്ചു. യഥാർഥ കൂടാരത്തിരുനാൾ സമാഗതമായെന്നും യേശു തന്നെയാണ് സജീവ ന്യായപ്രമാണമെന്നും ദൈവരാജ്യത്തിന്റെ ശക്തി യേശുവിൽ ആഗതമായെന്നും അവർക്ക് ബോധ്യപ്പെട്ടു. "ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു' (മർക്കോ.9,7). ദൈവസാന്നിധ്യ സൂചകമാണ് ഷെക്കീനാ എന്നറിയപ്പെടുന്ന മേഘം.



malankaralibrary.com

# 21
# യേശു പുതിയ മോശ

വരാനിരിക്കുന്ന രക്ഷകനെ നിയമാവർത്തനഗ്രന്ഥത്തിൽ പുതിയ മോശയായി ചിത്രീകരിച്ചിരിക്കുന്നു. "മോശയെപ്പോലെ ഒരു പ്രവാചകൻ" (നിയമാ.18,15). മോശയിലൂടെ ദൈവം സംസാരിക്കുന്നത് ഇപ്രകാരമാണ്: "നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കായി എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളിൽ നിന്നുയർത്തും...അവനെ വകവയ്ക്കാനും അനുസരിക്കാനും നിങ്ങൾ മനസ്സിരുത്തുക". മോശയെ പ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "കർത്താവ് മുഖാമുഖം സംസാരിച്ച മോശയെപ്പോലെ ഒരു പ്രവാചകൻ പിന്നീടൊരിക്കലും ഇസ്രായേലിൽ ഉണ്ടായിട്ടില്ല (നിയമാ.34,10).

മോശ പ്രവചിച്ച പ്രവചനം നിറവേറാതെ ദീർഘനാൾ, യേശുവിന്റെ വരവുവരെ, ഇസ്രായേലിൽ നിലനിന്നു. ഒരു സ്നേഹിതനോടെന്നപോലെ മോശ ദൈവത്തോടു സംസാരിച്ചു; ദൈവം അവനോടും. ദൈവത്തോടുള്ള ഈ നിത്യപരിചയമാണ് അവന്റെ പ്രവർത്തനത്തിന്റെ ഏക ഉറവ. ദൈവത്തിന്റെ മുഖം മോശ എന്ന പ്രവാചകൻ ജനത്തിന് കാണിച്ചുകൊടുത്തു. നാം പോകേണ്ട വഴിയും സ്വീകരിക്കേണ്ട നിലപാടും ഏതെന്ന് അവൻ വ്യക്തമാക്കി. അവൻ ദൈവത്തിലേക്കുള്ള സത്യപാത കാട്ടി.

ഒരു പുതിയ മോശ ഉദയം ചെയ്യുമെന്ന പ്രവചനമാണ് മോശയുടെ വാക്കുകളിലുള്ളത്. ഇസ്രായേൽ ഈ പ്രതീക്ഷ കാത്തുസൂക്ഷിച്ചു. സ്നേഹിതനോടെന്നപോലെ ദൈവത്തോടും ദൈവം അവനോടും



malankaralibrary.com

മുഖാമുഖം സംസാരിക്കും എന്നതാണ് ഈ പുതിയ മോശയുടെ സവിശേഷത. ദൈവഹിതവും ദൈവവചനവും കലർപ്പില്ലാതെ അവൻ പകർന്നുതരും. മനുഷ്യവംശം മുഴുവൻ കാത്തിരുന്ന ഈ പുതിയ മോശ നമ്മുടെ കർത്താവാണ്. "അങ്ങയുടെ മഹത്വം എന്നെ കാണിക്കണ മെന്ന് ഞാൻ അപേക്ഷിക്കുന്നു" എന്ന് മോശ ദൈവത്തോട് പറഞ്ഞു (പുറ.33,18). "നിനക്ക് എന്റെ മുഖം കാണാൻ കഴിയില്ല" എന്ന് ദൈവം പ്രത്യുത്തരിച്ചു (പുറ.33,20). ദൈവം കടന്നു പോകുമ്പോൾ കൈകൊണ്ട് മോശയുടെ മുഖം മറയ്ക്കുന്നു. അവസാനം പെട്ടെന്ന് കൈ എടുത്തു കൊണ്ട്, "നിനക്ക് എന്റെ പിൻഭാഗം കാണാം, എന്റെ മുഖം കാണാനാ കില്ല' എന്ന് ദൈവം അരുളിച്ചെയ്തു (പുറ. 33,23). ദൈവവുമായുള്ള മോശയുടെ ബന്ധത്തിന് അതിരുകളുണ്ട്, പരിമിതികളുണ്ട് എന്നാണ് ഇതിനർത്ഥം.

ആദ്യമോശയ്ക്ക് നിഷേധിക്കപ്പെട്ട കൃപ അന്ത്യമോശയ്ക്ക് നൽക പ്പെടുമെന്ന പ്രത്യാശ നിലനിന്നു. പുതിയ മോശ ദൈവത്തെ നിരന്തരം കാണുന്നു. അതുകൊണ്ട്, സീനായ് ഉടമ്പടിയേക്കാൾ മഹത്തരമായിരി ക്കും പുതിയ മോശയിലൂടെ ലഭിക്കുന്ന ഉടമ്പടി (എബ്രാ.9,11-24). യോഹന്നാൻ പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന, ദൈവം തന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയത് (1,18). പുതിയ പ്രവാചകനെ പറ്റിയുള്ള വാഗ്ദാനം യേശുവിലാണ് നിറവേറിയത്. ഒരു സ്നേഹിതൻ എന്ന നിലയിലല്ല, പുത്രൻ എന്ന നിലയിലാണ് പിതാവുമായി അവനുള്ള ബന്ധം.

ഈ പുതിയ മോശയുടെ പ്രബോധനം മാനുഷിക പഠനത്തിൽ നിന്നു ലഭിച്ചതല്ല. ദൈവപിതാവുമായി നേരിട്ടുള്ളതും അടുത്തറിഞ്ഞ തുമായ ബന്ധത്തിൽ നിന്നാണ്. മുഖത്തോടു മുഖം നടത്തുന്ന സംഭാഷ ണത്തിൽ നിന്നാണ്, അതുണ്ടായത്. ദൈവത്തിന്റെ മടിയിലിരിക്കുന്ന പുത്രന്റെ ദർശനത്തിൽ നിന്നാണ് അത് രൂപമെടുത്തത്. രാത്രിയിൽ പിതാവുമായി പ്രാർത്ഥനയിൽ ഒറ്റയ്ക്കിരിക്കാനായി അവൻ മല മുകളി ലേക്ക് കയറി. അവിടെ അത്യഗാധമായ സംഭാഷണത്തിൽ ഏർപ്പെട്ടു. പിതാവിന്റെ ആന്തരികസത്ത മുഴുവൻ പുത്രനിലേക്ക് കാന്തികപ്രസ രണം പോലെ ആ നിമിഷങ്ങളിൽ പ്രവഹിച്ചു.



malankaralibrary.com

ഈ പുത്രനിൽ പിതാവിന്റെ മുഖം ദൃശ്യമായി. ഈ മുഖം കാണാനാണ് മോശ താബോർ മലയിൽ ഇറങ്ങിവന്നത്. അവൻ കണ്ട് സംതൃപ്തനായി തിരിച്ചുപോയി. യേശുവിൽ മോശയുടെ പ്രവചനം പൂർത്തിയായി. മോശയ്ക്ക് കാണാൻ സാധിക്കാതിരുന്നത്, ലോകം മുഴുവനുമുള്ള മനുഷ്യർക്ക്, എക്കാലത്തുമുള്ള മനുഷ്യർക്ക്, കാണാൻ കഴിഞ്ഞു. ദൈവത്തിൽ നിന്നുള്ള ദൈവത്തെത്തന്നെ കാണാൻ കഴിഞ്ഞു. യേശുവിനോടൊപ്പം സഞ്ചരിക്കുന്ന ശിഷ്യരും യേശുവിനോട് ചേർന്ന് നിരന്തരം പിതാവിനെ കാണുന്നു. പിതാവുമായുള്ള ഐക്യത്തിലേക്ക് എടുക്കപ്പെടുന്നു. ഇതിനെ നാം രക്ഷയെന്നും വീണ്ടെടുപ്പെന്നും വിളിക്കുന്നു.





malankaralibrary.com

# 22
# പുതിയ ദാവീദും സങ്കീർത്തനങ്ങളും

സങ്കീർത്തനങ്ങളിൽ സംസാരിക്കുന്നത് യേശുനാഥനാണ്. സഭയുടെ ശിരസ്സായും സഭയുടെ ശരീരമായും അവൻ സംസാരിക്കുന്നു. നാം അവനോടൊത്ത് ഒരൊറ്റ ജനതയായി ദൈവത്തോട് പ്രാർഥിക്കുന്നു. യേശുവിന്റെ നാവിൽ സങ്കീർത്തനങ്ങൾ നിരന്തരം ഉണ്ടായിരുന്നു. സങ്കീർത്തനങ്ങളുടെ ആന്തരാർഥം യേശുവിൽ സുവ്യക്തമാകുന്നു. യേശുവിന്റെ തിരുമുഖം ദർശിക്കുന്നതിന് സങ്കീർത്തനങ്ങൾ വളരെ സഹായകമാണ്. കർത്താവിലാണ് സങ്കീർത്തനങ്ങൾക്ക് സമഗ്രവും പൂർണവും അന്തിമവുമായ അർഥം കൈവരുന്നത്. അതായത്, സങ്കീർത്തനങ്ങളുടെ കേന്ദ്രം യേശു തന്നെയാണ്. സങ്കീർത്തനങ്ങൾ പ്രവചിച്ചിരുന്നതെല്ലാം യേശുവിനെ പറ്റിയായിരുന്നു.

ദാവീദിന്റെ പുതിയൊരു രൂപം സങ്കീർത്തനങ്ങളിലൂടെ യേശുവിൽ അവതരിക്കുന്നു. ഇസ്രായേൽക്കാർ ദാവീദിനോടൊപ്പം സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ടിരുന്നതിനാൽ, അന്ധകാരത്തിലും പ്രതീക്ഷാനിർഭരരായി കഴിയാൻ അവർക്ക് കഴിഞ്ഞു. ആദിമസഭയ്ക്ക് യേശു പുതിയ ദാവീദായിരുന്നു. അതിനാൽ യേശുവിനോടൊപ്പം സങ്കീർത്തനങ്ങൾ ആലപിക്കാനും അവയ്ക്ക് പുതിയ അർഥം നൽകാനും സഭയ്ക്ക് കഴിഞ്ഞു.

സങ്കീർത്തനങ്ങൾ ഉപയോഗിക്കാൻ യേശു തന്നെയാണ് നമ്മെ പഠിപ്പിച്ചത്. അങ്ങനെ പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മി



malankaralibrary.com

ലുള്ള അഭേദ്യബന്ധം അവിടുന്ന് നമ്മെ പഠിപ്പിച്ചു. തന്റെ മരണനാഴിക വരെ അവിടുത്തെ അധരങ്ങളിൽ സങ്കീർത്തനങ്ങൾ ഉണ്ടായിരുന്നു. പിതാവിനോടുള്ള സംഭാഷണങ്ങളിലും അവിടുന്ന് സങ്കീർത്തനങ്ങളെ കൂട്ടുപിടിക്കുന്നു. അവ ഒരോ അവസരവും യേശുവിന്റെ മാനസ്സികാവസ്ഥ വെളിപ്പെടുത്തുന്നു. അവ അവന്റെ വികാരപ്രകടനമായി മാറുന്നു. അവ കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും കാവ്യമായി മാറുന്നു. യേശുവാണ് അവ രചിച്ചതും പ്രാർഥിച്ചതും എന്നു പറയാം. യേശു എന്ന ദാവീദിൽ നിന്നാണ് സങ്കീർത്തനങ്ങൾ ഉറവെടുത്തത്.



malankaralibrary.com

# 23
# യേശുവിന്റെ നാമങ്ങൾ

യേശുതമ്പുരാന് അനേകം നാമങ്ങളുണ്ട്: യേശുമിശിഹാ, യേശുക്രിസ്തു, കർത്താവ്, പുത്രൻ, മനുഷ്യപുത്രൻ, ദൈവപുത്രൻ, പ്രവാചകൻ, ഗുരു, അന്തിമമോശ, പുതിയ ദാവീദ്, നസ്രായനേശു, യഹൂദരാജാവ്, അന്തിമയാക്കോബ്, രക്ഷകൻ, അഭിഷിക്തൻ, ആദ്യ ജാതൻ, ഏകജാതൻ, പ്രകാശം, കിരണം, ഛായ, ജീവൻ, ദൈവരൂപം, രാജാവ്, പരിശുദ്ധൻ, ശിശു, അമ്മാനുവേൽ, ബാലൻ, മഹാപുരോ ഹിതൻ, നീതിമാൻ, ദാവീദിന്റെ പുത്രൻ, പുതിയ ആദാം, പാറ, ജീവന്റെ അപ്പം, മുന്തിരിച്ചെടി, വാതിൽ, വഴി, കുഞ്ഞാട്, ഇടയൻ, വടി, ശാഖ, ഗോവണി, സജീവജലം, പുതിയ ആദാം, ദൈവവചനം, മറിയത്തിന്റെ മകൻ, ജോസഫിന്റെ മകൻ, ദാസന്റെ രൂപം, അത്യുന്നതന്റെ പുത്രൻ, സ്വർഗത്തിലുള്ള മനുഷ്യപുത്രൻ, മൂലക്കല്ല്, ചെങ്കോൽ. മേൽപ്പറഞ്ഞ വയിൽ രണ്ടുമൂന്നു നാമങ്ങൾ മാത്രം പരിശോധിക്കാം.

**മിശിഹാ (ക്രിസ്തു)** എന്ന പേരിന് യഹൂദരുടെ ഇടയിലേ അർഥമുണ്ടായിരുന്നുള്ളു. അത് അവർക്ക് മാത്രം മനസ്സിലാകുന്ന ഭാഷ യായിരുന്നു. അതുകൊണ്ട് മിശിഹാ (ക്രിസ്തു) എന്ന പദം യേശുവിന്റെ നാമത്തോട് കൂട്ടിച്ചേർത്ത് യേശുക്രിസ്തു അഥവാ യേശുമിശിഹാ എന്നത് നസ്രായനേശുവിന്റെ പേരായി.

**കർത്താവ് (കുരിയോസ്)** എന്ന നാമം പഴയനിയമത്തിൽ യാഹ്വെ എന്ന കർതൃനാമത്തിനു പകരം യഹൂദർ ഉപയോഗിച്ചിരുന്ന പദമാണ്. അത് പുതിയനിയമത്തിൽ ശിഷ്യന്മാർ യേശുവിനെ കുറിക്കാൻ ഉപയോഗിച്ചു. ദൈവവുമായുള്ള സമാനതയാണ് ഇത്



malankaralibrary.com

സൂചിപ്പിക്കുന്നത്. **"ദൈവപുത്രൻ"** എന്ന നാമവും ദൈവവുമായി സത്താപരമായി യേശുവിനുള്ള ബന്ധം വ്യക്തമാക്കുന്നു. യേശു തന്നെക്കുറിച്ച് ദൈവപുത്രൻ എന്നോ മിശിഹാ എന്നോ നേരിട്ട് ഉപയോഗിച്ചിട്ടില്ല. എന്നാൽ ആ അർഥം വരുന്ന രീതിയിൽ സംസാരിച്ചിട്ടുണ്ട്.

**മനുഷ്യപുത്രൻ**

പഴയനിയമവുമായി ബന്ധമുള്ള പദമാണ് മനുഷ്യപുത്രൻ എന്ന നാമം. സെമിറ്റിക് ഭാഷയിൽ മനുഷ്യൻ എന്നാണ് അർഥം. യേശു 14 പ്രാവശ്യം മനുഷ്യപുത്രൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. "മനുഷ്യപുത്രൻ സാബതിന്റെയും കർത്താവാണ്" (മത്താ.12,8; ലൂ.6,5). മോശയുടെ ന്യായപ്രമാണത്തിന്റെ ആധികാരികവ്യാഖ്യാനം നൽകാൻ കഴിവുള്ളവനാണ് താനെന്ന് യേശു ഇതിലൂടെ വ്യക്തമാക്കുന്നു.

"മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നു" എന്ന് സ്തേഫാനോസ് മരണനാഴികയിൽ പറഞ്ഞത് ഒഴിച്ചാൽ (നടപടി, 7,56), മറ്റാരും യേശുവിനെ ആ പേരു ചൊല്ലി വിളിച്ചിട്ടില്ല. യേശു സൻഹെദ്രിൻ സംഘത്തിന്റെ മുമ്പിൽ പ്രഖ്യാപിച്ച ഒരു വാചകം സ്തേഫാനോസ് ഉച്ചരിക്കുന്നു: "ശക്തിയുടെ വലത്തുഭാഗത്ത് മനുഷ്യപുത്രൻ ഇരിക്കുന്നതും വാനമേഘങ്ങളിൽ അവൻ വരുന്നതും നിങ്ങൾ കാണും" (മർക്കോ. 14,62).

പഴയനിയമത്തിൽ, ദാനിയേലിന്റെ ദർശനത്തിൽ മനുഷ്യപുത്രനെപ്പറ്റി സൂചനയുണ്ട്. കടലിൽ നിന്നു കയറിവരുന്ന നാലു മൃഗങ്ങളെ ദാനിയേൽ കാണുന്നു. അക്രമത്തിൽ അടിസ്ഥാനമിട്ട മൃഗീയശക്തികളെ അത് സൂചിപ്പിക്കുന്നു. തുടർന്ന്, ഇപ്രകാരം കാണുന്നു: "മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. പുരാതനൻ ആയവൻ അവന് ആധിപത്യവും മഹത്വവും രാജത്വവും നൽകി. അവന്റെ രാജത്വം അനശ്വരമാണ്. അവന്റെ ആധിപത്യം ശാശ്വതമാണ്." അയാൾ വന്ന് ദുഷ്ടശക്തികളെ നശിപ്പിക്കുന്നത് കാണുന്നു (ദാനി.7,13-14). ഈ മനുഷ്യപുത്രന്റെ ആഗമനത്തെ കുറിച്ചുള്ള പ്രതീക്ഷ തന്റെ ആളത്തത്തിലേക്കും പ്രവൃത്തിയിലേക്കും ബന്ധിപ്പിച്ച് യേശു രൂപമാറ്റം വരുത്തി. താനാണ് അന്തിമ വിധികർത്താവെന്നും യേശു പറയുന്നു. മനുഷ്യപുത്രനെ പറ്റി എസക്കിയേലും പ്രസ്താവിക്കുന്നു. ഏശായായിൽ കാണുന്ന സഹനദാസന്റെ ചിത്രം യേശു മനുഷ്യപുത്രനോട് കൂട്ടിച്ചേർക്കുന്നു (ഏശാ.53



malankaralibrary.com

"നീയാണോ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ മിശിഹാ?" എന്ന ചോദ്യത്തിന് യേശു നൽകുന്ന ഉത്തരം, "ഞാനാണ്. മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" (മർക്കോ. 16,61-62). ദാനിയേലിന്റെ പ്രവചനത്തോട് (7,13-14) 110-ാം സങ്കീർത്തനം കൂട്ടിച്ചേർത്താണ് യേശു ഈ മറുപടി നൽകിയത്. പീഡാനുഭവ സൂചന നൽകുന്ന ആദ്യപ്രവചനം (മർക്കോ. 8,31), സങ്കീർത്തനം 118,17-22-മായി കൂട്ടിച്ചേർത്ത് നൽകിയിരിക്കുന്നു. "പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു". ജ്ഞാനസാഹിത്യത്തിൽ മറ്റൊരു പാരമ്പര്യവഴി കാണുന്നു (ജ്ഞാനം, 2,16-20). അനേകരുടെ മോചനദ്രവ്യമായി തന്റെ ജീവൻ അർപ്പിക്കാൻ താൻ വന്നിരിക്കുന്നു എന്ന യേശുവചനം ഏശാ.53,10-12-നെ ആധാരമാക്കിയുള്ളതാണ്. അതോടുകൂടി സുഭാഷിതം 21,18-ഉം ഏശായാ 43,3-ഉം കൂട്ടിച്ചേർക്കാം. അനേകം തിരുലിഖിതഭാഗങ്ങൾ യേശുവിലേക്ക് ഒഴുകിയെത്തുന്നു.

**പുത്രൻ**

വി.യോഹന്നാന്റെ സുവിശേഷത്തിൽ പിതൃപുത്രബന്ധം സവിസ്തരം അവതരിപ്പിച്ചിട്ടുണ്ട്. അതിന് പഴയനിയമ പിൻബലവുമുണ്ട്. ഫറവോയോട് ദൈവം പറയുന്നു: "ഇസ്രായേൽ എന്റെ ആദ്യജാതനാണ്...എന്നെ ശുശ്രൂഷിക്കാനായി എന്റെ പുത്രൻ പോകട്ടെ" (പുറ. 4,22-23). ദാവീദിനോട് ദൈവം വാഗ്ദാനം ചെയ്യുന്നു: "നിനക്കു ശേഷം നിന്റെ പുത്രനെ ഞാൻ ഉയർത്തും...ഞാൻ അവനു പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും" (2സാമു.7,12-13; സങ്കീ. 89,27-28. 37-38). "കർത്താവ് എന്നോട് പറഞ്ഞു, നീ എന്റെ പുത്രനാണ്" (സങ്കീ.2,7-8). സീയോനെ കുറിച്ചുള്ള രാജകീയ അരുളപ്പാട് തുടക്കം മുതൽ ഭാവിയിലെ രാജാവിനെ കുറിച്ചുള്ള പ്രത്യാശാവചനമായി മാറി. യേശുവിൽ ഈ പ്രത്യാശ പൂവണിഞ്ഞതായി ആദിമക്രൈസ്തവർ കണ്ടു (നടപടി, 13,32-33).

വി.യോഹന്നാന്റെ സുവിശേഷവുമായി അടുത്ത ബന്ധം പുലർത്തുന്ന എബ്രായലേഖനത്തിൽ അഞ്ചു പ്രാവശ്യം ഈ വാക്ക് പ്രത്യക്ഷപ്പെടുന്നു (1,2.8; 3,6; 5,8; 7,28). വി.പൗലോസിന്റെ ലേഖനത്തിൽ ഒരിക്കൽ മാത്രം ഇത് കാണപ്പെടുന്നു (1കൊറി.15,28). യോഹന്നാന്റെ സുവിശേഷത്തിൽ 18 പ്രാവശ്യവും യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ അഞ്ചു



malankaralibrary.com

പ്രാവശ്യവും രണ്ടാം ലേഖനത്തിൽ രണ്ടുപ്രാവശ്യവും പുത്രൻ എന്ന പദം കാണപ്പെടുന്നു. വി.മത്തായിയിലും (11,25-27) വി.ലൂക്കായിലും (10,21-22) യേശുവിന്റെ ഉദ്ഘോഷത്തിൽ പുത്രൻ എന്ന പദം കാണപ്പെടുന്നു. പുത്രൻ മാത്രമാണ് പിതാവിനെ ശരിക്ക് അറിയുന്നത്. പുത്രന്റെ ഹിതം പിതാവിന്റെ ഹിതവുമായി പരിപൂർണ യോജിപ്പിലാണ്. ഇതു തന്നെ വി.യോഹന്നാനും പറയുന്നു: "പിതാവ് എല്ലാം പുത്രനെ ഏൽപ്പിച്ചിരിക്കുന്നു. എനിക്കുള്ളതെല്ലാം അവിടുത്തേതാണ്. അവിടുത്തേയ്ക്കുള്ളതെല്ലാം എന്റേതും" (യോഹ.17,10). "തന്റെ പുത്രനെ ഏൽപ്പിച്ചു കൊടുക്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ.3,16). യേശു പിതാവിനെ ആബാ എന്നു വിളിക്കുന്നു (മർക്കോ.14,16). അത്യഗാധമായ ഹൃദയടുപ്പവും ഗാഢസൗഹൃദവുമാണ് ഈ വാക്ക് ഉൾക്കൊള്ളുന്നത്. പുത്രന്റെ അതുല്യമായ ഏകത്വവും ഒരുമയും അഖണ്ഡതയുമാണ് ഇത് പ്രകാശിപ്പിക്കുന്നത്.

**ഞാൻ തന്നെ**

സുവിശേഷങ്ങളിൽ "ഞാൻ സൂക്തങ്ങൾ" എന്നറിയപ്പെടുന്ന ഒരു ഗണം ഭാഷണങ്ങളുണ്ട്. മിക്കതും യോഹന്നാന്റെ സുവിശേഷത്തിലാണ്. "ഞാൻ തന്നെ", "ഞാൻ ആണ്", "ഞാനാണ് അവൻ" തുടങ്ങിയ പ്രയോഗങ്ങൾ ഒരു ഗണത്തിൽ പെടുന്നു. "ഞാനാണ് ലോകത്തിന്റെ പ്രകാശം", "ഞാനാണ് സാക്ഷാൽ മുന്തിരിച്ചെടി", "ഞാനാണ് നല്ല ഇടയൻ" തുടങ്ങിയ പ്രയോഗം രണ്ടാമത്തെ ഗണത്തിൽ പെടുന്നു.

"ഞാനാണ് അവൻ എന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹ. 8,24). ജീവജലത്തിന്റെ ഉറവയെപ്പറ്റി സംസാരിച്ച പശ്ചാത്തലത്തിലുള്ളതാണ് ഈ പ്രസ്താവന. കത്തുന്ന മുൾപ്പടർപ്പിൽ നിന്ന് ദൈവം മോശയ്ക്ക് തന്റെ നാമം വെളിപ്പെടുത്തിയത് "ഞാൻ, ഞാൻ തന്നെ" (അഷേർ എഹ്യേ അഷേർ- (യാഹ്‌വെ) എന്നാണ്. അതായത്, അവൻ അവനാണ്. അവൻ ആയിരിക്കുന്നു. അവൻ അവിടെയുണ്ട്, എപ്പോഴുമുണ്ട് (പുറ.3,14). ഏശായാ ഇത് പുനരാവിഷ്കരിക്കുന്നു (43,10-11). "ഞാനാണ് യാഹ്‌വെ" (അനി യാഹ്‌വെ) എന്നതായിരുന്നു പഴയ പ്രമാണവാക്യം. അതിപ്പോൾ "ഞാനാണ് അവൻ" (അനി ഹൂ) എന്ന് ചുരുക്കിയിരിക്കുന്നു. യേശു ഇത് തനിക്കു തന്നെ ഉപയോഗിക്കുന്നു. തന്നെത്തന്നെ അവിടുന്ന് ആവിഷ്കരിക്കുന്നു. തന്റെ അഖണ്ഡതയും അനന്യതയും



malankaralibrary.com

ഏകത്വവും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ഏകത്വം വ്യക്തിപരമായി അവനിൽ സന്നിഹിതമാണ്. "ഞാൻ, ഞാൻ തന്നെ"എന്ന് യേശു പറഞ്ഞപ്പോൾ, പിതാവിന്റെ "ഞാൻ" എന്നതിനൊപ്പം തന്നെത്തന്നെ പ്രതിഷ്ഠിക്കുകയും, പിതാവിലേക്ക് കൈ ചൂണ്ടുകയുമാണ്. യേശു പുത്രനായതിനാൽ, പിതാവിന്റെ നാമം തന്റെ സ്വന്തം അധരങ്ങൾ കൊണ്ട് ഉച്ചരിക്കാൻ അവന് അവകാശമുണ്ട്. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ.14,9). പിതാവുമായുള്ള യേശുവിന്റെ ഏകത്വം പ്രസ്പഷ്ടമാകുന്നത് കുരിശിലാണ്: "നിങ്ങൾ മനുഷ്യ പുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാനാണ് അവൻ എന്നു നിങ്ങൾ തിരിച്ചറിയും" (യോഹ.8,28).

"ഞാൻ ജീവന്റെ അപ്പമാണ്. ഞാൻ ലോകത്തിന്റെ പ്രകാശമാണ്. ഞാൻ വാതിലാണ്. ഞാൻ നല്ല ഇടയനാണ്. ഞാൻ പുനരുത്ഥാനവും ജീവനുമാണ്. ഞാൻ വഴിയും സത്യവും ജീവനുമാണ്. ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയാണ്. ഞാൻ ജീവജലത്തിന്റെ ഉറവയാണ്."

മനുഷ്യർക്ക് "ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" യേശു വന്നത് (യോഹ.10,10). ഇത് വിശദീകരിക്കാനുള്ള പ്രതീകങ്ങളാണ് മുകളിൽ കണ്ടവയെല്ലാം. അവന്റെ ഏക വരദാനം ജീവനാണ്. ദൈവികജീവൻ അവനിൽ സന്നിഹിതമായതിനാൽ, ആ ജീവൻ നൽകാൻ അവനു കഴിയും. മനുഷ്യൻ ജീവനുവേണ്ടി ദാഹിക്കുന്നു. സമൃദ്ധമായ ജീവനുവേണ്ടി അതിയായി ദാഹിക്കുന്നു. നാമതിനെ "സന്തോഷം" എന്നു വിളിക്കുന്നു. യേശു അതിനെ "പരിപൂർണമായ ആനന്ദം" എന്നു വിളിക്കുന്നു (യോഹ. 16,24). സമൃദ്ധമായ ജീവനാണ് ദൈവരാജ്യം. അതു വരാൻ നാം അഭിലഷിക്കുന്നു, പ്രാർഥിക്കുന്നു. ലോകം അതിന്റെ ശരിയായ രൂപം പ്രാപിച്ചതിന്റെ സന്തോഷമാണത്. ദൈവവും ലോകവും തമ്മിലുള്ള ഐക്യതയാണ് ലോകത്തിന്റെ യഥാർഥ രൂപം.

മനുഷ്യനു വേണ്ടത് ദൈവത്തെയാണ്. യേശു നമുക്ക് ജീവൻ നൽകുന്നു. കാരണം, യേശു നമുക്ക് ദൈവത്തെ തരുന്നു. ദൈവവുമായി ഒന്നായിരിക്കുന്നതിനാൽ, അവനിതു സാധിക്കുന്നു. അവൻ തന്നെയാണ് ആ വരദാനം. അവനെ തന്നെയാണ് അവൻ നൽകുന്നത്. അവനാണ് ജീവൻ. പഴയനിയമത്തിൽ അവൻ ആഴമായി വേരൂന്നിയിരിക്കുന്നു. അവനിലേക്ക് എല്ലാ സൂചനകളും പ്രതീകങ്ങളും ഒഴുകിയെത്തുന്നു.



malankaralibrary.com

# 24
# ജറുസലേമിലേക്കുള്ള രാജകീയപ്രവേശനം

നമ്മുടെ കർത്താവ് മൂന്നു പ്രാവശ്യം പെസഹാതിരുനാൾ ആഘോഷിച്ചതായി വി. യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. (1) ദൈവാലയ ശുദ്ധീകരണത്തോട് അനുബന്ധിച്ച് (യോഹ.2,13-15). (2) അപ്പം വർധിപ്പിച്ച അവസരം (യോഹ.6,4). (3) മരണത്തിന്റെയും ഉത്ഥാനത്തിന്റെയുമായ പെസഹാ (യോഹ.12,1;13,1). മൂന്നാമത്തേത് തന്റേതു മാത്രമായ വലിയ പെസഹാ ആകുകയും ക്രിസ്തീയ പെസഹാ ആയ ഉയിർപ്പു തിരുനാളിന്റെ അടിസ്ഥാനശില ആയിത്തീരുകയും ചെയ്തു. എന്നാൽ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും ഒരേ ഒരു പെസഹായുടെ കാര്യമേ പറയുന്നുള്ളു: യേശുവിന്റെ കുരിശു മരണവും ഉത്ഥാനവുമാകുന്ന പെസഹാ. അതു തന്നെയും ലൂക്കായുടെ വിവരണം അനുസരിച്ച്, ഗലീലിയിൽ നിന്ന് ജറുസലേമിലേക്കുള്ള ആരോഹണ തീർഥാടനമാണ്. പഴയനിയമ മൃഗബലികൾ അവസാനിപ്പിച്ച് കുരിശിലെ തന്റെ ആത്മസമർപ്പണമെന്ന ബലിയർപ്പണമാണ് ആ യാത്രയുടെ ലക്ഷ്യം. അത് ദൈവസന്നിധിയിലേക്കുള്ള കരേറ്റവുമാണ് (എബ്രാ.9,24).

ഈ പെസഹായ്ക്കുവേണ്ടി യേശു ജറുസലേം ലക്ഷ്യമാക്കി നടന്നു നീങ്ങിയപ്പോൾ, ശിഷ്യരുടെ ഗണവും മറ്റനേകരും യേശുവിനെ അനുഗമിച്ചിരുന്നു (മത്താ. 20,19; മർക്കോ. 10,46). ജറുസലേമിലേക്ക് നടന്നുകൊണ്ടിരുന്നപ്പോൾ തന്റെ പീഡാനുഭവത്തെപ്പറ്റി യേശു അവരെ ഓർമിപ്പിച്ചു (മർക്കോ. 10,32-34; മത്താ.20,17-19; ലൂ.18,31-34). അവരുടെ



malankaralibrary.com

യാത്ര ജറീക്കോയിൽ എത്തിയപ്പോൾ, "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമെ" എന്ന് ബർതിമെയുസ് എന്ന അന്ധ യാചകൻ ഉച്ചത്തിൽ വിളിച്ചപേക്ഷിച്ചു. "പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന് യേശു പ്രത്യുത്തരിച്ചു. തത്ക്ഷണം അവന് കാഴ്ച ലഭിച്ചു. അവനും തീർഥാടക സംഘത്തിൽ കൂടി (മർക്കോ. 10,46-52). ഈ കാഴ്ച വരാനിരുന്ന മിശിഹായെ പറ്റിയുള്ള പ്രതീക്ഷ കൂടെയുണ്ടായിരുന്നവരിൽ ഉണർത്തി. ദാവീദിന്റെ രാജ്യം പുനഃസ്ഥാ പിക്കാനുള്ള നാഴിക വന്നണഞ്ഞതിന്റെ സൂചനയാണോ ഇതെന്ന് അവർ ചിന്തിക്കാൻ തുടങ്ങി.

യേശുവും അനുയാത്ര ചെയ്തവരും ഒലിവുമലയിലേക്ക് നടന്നു നീങ്ങവേ, യേശു ശിഷ്യന്മാരോട് "ആരും ഒരിക്കലും കയറിയിട്ടില്ലാ ത്തതും കെട്ടിയിട്ടിരിക്കുന്നതുമായ കഴുതക്കുട്ടിയെ അഴിച്ചുകൊണ്ടു വരാൻ" ആവശ്യപ്പെട്ടു (മർക്കോ.11,1-6; മത്താ.21,1-11; ലൂ.19,28-40; യോഹ. 12,12-19). "ആരും കയറിയിട്ടില്ലാത്ത" മൃഗത്തെ യേശു തെരഞ്ഞെടുത്തത്, രാജാവിന്റെ അവകാശത്തിലേക്കുള്ള ചൂണ്ടുപലകയാണ്. വാഹന മൃഗത്തെ തെരഞ്ഞെടുക്കുന്നത് രാജാവു തന്നെയാണ്.

"അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിൽ കെട്ടിയിടും" എന്ന് യൂദായെപ്പറ്റി യാക്കോബ് പ്രവചിച്ചത് യേശുവിൽ വന്നു നിൽക്കുന്നു. ജനതകൾ ഈ രാജാവിനെ അനുസരിക്കും. "കെട്ടിയിട്ടിരിക്കുന്ന കഴുത" വിജാതിയരെ സൂചിപ്പിക്കുന്നു. അവന് "രാജകീയ ചെങ്കോലും അധികാര ദണ്ഡുമുണ്ട്". ആ ആൾ മിശിഹാ രാജാവാണ്. അന്നത്തെ രാജകീയ സങ്കൽപ്പത്തെ അനുസ്മരിപ്പിക്കുന്നതാണ് മിശിഹായുടെ പ്രവൃത്തി (ഉൽപ.49,10-11). ജനങ്ങൾ സക്കറിയായുടെ പ്രവചനവും മനസ്സിൽ കണ്ടു: "സീയോൻപുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാ ന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്തു കയറി വരുന്നു" (സക്ക.9,9). യേശുവിന്റെ രാജത്വം അഭൗമവും അനന്തവുമാണെങ്കിലും, തീവ്രവാദികളായ യഹൂദർക്ക് മറ്റൊരു രാജസങ്കൽപ്പമായിരുന്നു ഉണ്ടാ യിരുന്നത്.



malankaralibrary.com

"ശിഷ്യന്മാർ തങ്ങളുടെ വസ്ത്രങ്ങൾ കഴുതക്കുട്ടിയുടെ മേൽ വിരിച്ചു. യേശു അതിന്മേൽ കയറിയിരുന്നു" (മത്താ. 21,7; മർക്കോ.11,7). "യേശുവിനെ അതിന്മേൽ കയറ്റി ഇരുത്തിയെന്ന് ലൂക്കാ (19,35). രാജ കൽപ്പനപ്രകാരം സോളമനെ രാജാവായി വാഴിച്ചത് ഇതനുസ്മരി പ്പിക്കുന്നു. "നിങ്ങൾ എന്റെ മകൻ സോളമനെ എന്റെ കോവർ കഴുത യുടെ പുറത്തിരുത്തി... രാജാവായി അഭിഷേകം ചെയ്യുവിൻ" (1രാജാ.1,33-34). വസ്ത്രങ്ങൾ വിരിച്ച് എതിരേൽക്കുന്നത് ഇസ്രായേ ലിന്റെ രാജകീയ പാരമ്പര്യമാണ് (1രാജാ.1,33-34). യേശുവിനെ സിംഹാ സനാരൂഢനാക്കുന്ന നടപടിയാണ് ശിഷ്യന്മാർ ഇവിടെ ചെയ്തത്. തീർഥാടകരും അതിൽ പങ്കുചേർന്നു. അവർ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചാണ് യേശുവിനെ സ്വീകരിച്ചത്. 118-ാം സങ്കീർത്തന ത്തിലെ വരികൾ ഉരുവിട്ടുകൊണ്ട് അവർ മുന്നോട്ട് നീങ്ങുന്നു: "ഹോസാനാ, കർതൃനാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം. ഉന്നത ങ്ങളിൽ ഹോസാന" (മർക്കോ. 11,9-10; സങ്കീ.118,20).

*ഹോസാന* എന്ന പദത്തിന് "ഞങ്ങളുടെ സഹായത്തിന് പെട്ടെന്ന് വരണമെ" എന്നായിരുന്നു മൂലാർഥം. ഉണങ്ങി വരണ്ട ധരയിൽ മഴ അയയ്ക്കണമെന്ന അഭ്യർഥനയാണിത്. കൂടാരപ്പെരുന്നാളിന്റെ ഏഴാം ദിവസം പുരോഹിതന്മാർ ബലിപീഠത്തെ ഏഴുപ്രാവശ്യം പ്രദക്ഷിണം വച്ച് മഴയ്ക്കുവേണ്ടി ഉരുവിട്ടിരുന്ന യാചനയാണിത്. കാലക്രമത്തിൽ കൂടാരപ്പെരുന്നാൾ സ്തോത്രാർപ്പണ തിരുനാളായി മാറിയപ്പോൾ, ഹോസാനയ്ക്കും അർഥവ്യത്യാസമുണ്ടായി. യേശുവിന്റെ കാലത്ത്, "വരാനിരിക്കുന്ന മിശിഹായെ" കുറിച്ചുള്ള പ്രതീക്ഷയുടെ പരിവേഷ മുള്ള അർഥം ഇതിന് ലഭിച്ചു. നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന രക്ഷകൻ ഇപ്പോൾ സന്നിഹിതനാണെന്നുള്ള പ്രതീക്ഷ ജനത്തിനു ണ്ടായി. എന്നാൽ ഒരു രാഷ്ട്രീയ സാമ്രാജ്യമാണ് അവരുടെ മനസ്സിൽ ഉണ്ടായിരുന്നത്.

"കർതൃനാമത്തിൽ വരുന്നവൻ അനുഗൃഹീതൻ" എന്നത് തീർഥാ ടകർക്കുവേണ്ടിയുള്ള ആരാധനക്രമ വാക്യമായിരുന്നു. തീർഥാടകർ എത്തുമ്പോൾ, അവരെ അഭിവാദനം ചെയ്തുകൊണ്ട് ജറുസലേം



malankaralibrary.com

നിവാസികൾ പറഞ്ഞിരുന്ന സ്വാഗതവാക്കുകൾ ആയിരുന്നു അവ. “ഞങ്ങൾ കർത്യഭവനത്തിൽ നിന്ന് നിങ്ങളെ ആശീർവദിക്കും”എന്ന് വരുന്നവരോട് പുരോഹിതർ കരങ്ങളുയർത്തി അനുഗ്രഹം വർഷിക്കു മായിരുന്നു. കാലാന്തരത്തിൽ, “കർതൃനാമത്തിൽ വരുന്നവൻ” എന്നത് മിശിഹായുടെ വരവിനെ സൂചിപ്പിക്കുന്ന പ്രയോഗമായി മാറി. അത് യേശുവിനെ സ്വീകരിക്കാനുള്ള സ്തുതിഗീതമായി. മിശിഹായ്ക്ക് നൽകേണ്ട വരവേൽപ്പാണ് നഗരകവാടത്തിൽ യേശുവിന് ലഭിച്ചത്. ഈ ആഘോഷത്തിൽ പങ്കെടുത്തവർ ജറുസലേം നിവാസികളല്ല. പിന്നെയോ, യേശുവിനെ അനുഗമിച്ചവരാണ്.

യേശു നഗരത്തിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകി വശായി (മത്താ.21,10-11). ഭൂമികുലുക്കത്തെ സൂചിപ്പിക്കുന്ന *എസെയ്തേ* എന്ന ഗ്രീക്കുപദം ജനകമ്പത്തെ സൂചിപ്പിക്കുന്നു. യേശുവിന്റെ ജനനാ വസരത്തിലും ഇതുപോലൊരു ജനകമ്പമുണ്ടായി (മത്താ.2,3). “ജനങ്ങൾ ഇളകിവശായി”. യേശുവിനെ ആദരപൂർവം എതിരേറ്റ് ഹോസാന പാടിയവരല്ല, പിന്നീട് അവനെ ക്രൂശിക്കണമെന്ന് മുറവിളി കൂട്ടിയത്. ജറുസലേം നിവാസികൾക്ക് അവനെ തിരിച്ചറിയാൻ കഴിഞ്ഞില്ല.



malankaralibrary.com

# 25

# ദൈവാലയശുദ്ധീകരണം

ഓശാന പെരുന്നാളിന്റെ പിറ്റേദിവസം യേശു ദൈവാലയത്തിൽ ചെന്ന് "അവിടെ കച്ചവടം ചെയ്തു കൊണ്ടിരുന്നവരെ പുറത്താക്കാൻ തുടങ്ങി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവിൽപ്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. ദൈവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോകുവാൻ അവൻ ആരെയും അനുവദിച്ചില്ല" (മർക്കോ. 11,15-17). "എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാ ലയം എന്നു വിളിക്കപ്പെടും. നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹ യാക്കി തീർത്തിരിക്കുന്നു". ഇതേപ്പറ്റി വി.യോഹന്നാനും സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്: "കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവ രെയും നാണയമാറ്റക്കാരെയും അവൻ ദൈവാലയത്തിൽ കണ്ടു. അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി, അവരെയെല്ലാം ആടു കളോടും കാളകളോടും കൂടെ ദൈവാലയത്തിൽ നിന്ന് പുറത്താക്കി. നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടി മറിക്കുകയും ചെയ്തു. പ്രാവുകളെ വിൽക്കുന്നവരോട് ഇവയെ ഇവിടെ നിന്ന് എടുത്തു കൊണ്ടുപോകുവിൻ, എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത് എന്ന പറഞ്ഞു" (യോഹ.2,14-16).

ദൈവാലയവുമായി ബന്ധപ്പെടുത്തി, അതിനു സമീപം കച്ചവടം ആവശ്യമായിരുന്നു. ജറുസലേം ദൈവാലയ ഭണ്ഡാരത്തിൽ സീസറുടെ പടമുള്ള നാണയം ഇടാൻ പാടില്ലായിരുന്നു. അതിനാണ് നാണയ മാറ്റക്കാർ. പാവപ്പെട്ടവർക്ക് ബലിയർപ്പിക്കാനാണ് പ്രാവുകളെ വിൽ ക്കാൻ കൊണ്ടുവന്നത്. അതുപോലെ ദൂരെനിന്ന് വരുന്നവർക്ക് ബലി



malankaralibrary.com

യർപ്പിക്കാൻ ബലിമൃഗങ്ങളും ആവശ്യമായിരുന്നു. നിരവധി ക്ഷാളന ങ്ങൾ ഉണ്ടായിരുന്നതിനാൽ പാത്രങ്ങളും ആവശ്യമായിരുന്നു. എന്നാൽ കച്ചവടത്തിന് നിശ്ചയിക്കപ്പെട്ടിരുന്നിടത്തല്ല കച്ചവടം നടന്നത്.

ദൈവനിശ്ചയപ്രകാരം ജറുസലേം ദൈവാലയം എല്ലാ ജനത കൾക്കുമുള്ള പ്രാർഥനാലയമാണ്. അവിടെ ഓരോ ഗണത്തിൽ പെട്ട വർക്ക് പ്രത്യേകം പ്രത്യേകം സ്ഥലങ്ങളുണ്ടായിരുന്നു. എല്ലാറ്റിനും പിറകിലായി വിജാതിയർക്കുള്ള വിശാലമായ അങ്കണമുണ്ടായിരുന്നു അവിടെയായിരുന്നു കച്ചവടം പൊടിപൊടിച്ചത്. വിജാതിയർ ദൈവ സമക്ഷം അണയുന്നത് ഈ കച്ചവടം തടസ്സം ചെയ്തു. ആ സ്ഥലവും ദൈവാലയ ഭാഗമായിരുന്നു. ആ സ്ഥലത്തിനു പുറത്ത് കച്ചവടം ചെയ്യാ നും നാണയം മാറ്റാനും സൗകര്യം ഉണ്ടായിരുന്നു. കച്ചവടം അവിടെ നിന്ന് കയറിക്കയറി പ്രാർഥനാലയം കൂടി കൈയടക്കി. വിജാതിയരെ രക്ഷയിൽ നിന്നകറ്റി. പുരോഹിതപ്രമാണികൾ ആ സ്ഥലം കച്ചവട ക്കാർക്ക് പാട്ടത്തിന് കൊടുത്തിരുന്നു. അതിന് അവർക്ക് പണവും കിട്ടി യിരുന്നു. ദ്രവ്യാഗ്രഹവും ദൈവഭയമില്ലായ്മയുമാണ് അവരെ ഇതിന് പ്രേരിപ്പിച്ചത്. അഴിമതി ദുരാചാരവും അനാചാരവുമായി മാറി. ഇതാണ് അവർ ചെയ്ത തെറ്റ്. അതായത്, ദൈവാലയത്തിന്റെ ദുരുപയോഗം.

ഇസ്രായേലിന്റെ ദൈവികനിയമം നടപ്പാക്കാനാണ് യേശു ശ്രമി ച്ചത്. ഇതിലൂടെ യേശു ചെയ്തത് മോശയുടെ നിയമവും പ്രവാചക ധർമവും പൂർത്തീകരിക്കുക മാത്രമാണ്. യേശു ചെയ്തത് തെറ്റാ ണെന്ന് പ്രമാണിമാരും പുരോഹിതന്മാരും പറഞ്ഞില്ല. യേശു ചെയ്തത് ശരിയായ സംഗതിയാണെന്ന് അവർക്കറിയാമായിരുന്നു. അവർക്ക് അറിയേണ്ടത് "എന്തധികാരത്താലാണ് യേശു ഇപ്രകാരം പ്രവർത്തി ച്ചത്"എന്നു മാത്രമായിരുന്നു. "അവിടുത്തെ ആലയത്തെ കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്ന് എഴുതപ്പെട്ടിരിക്കുന്നത് അവന്റെ ശിഷ്യന്മാർ അനുസ്മരിച്ചു". യേശു മറുപടി നൽകി: "നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക. മൂന്നു ദിവസത്തിനകം ഞാനത് പുനരുദ്ധരിക്കും" (യോഹ. 2,17-19).

"എന്റെ ആലയം എല്ലാ ജനങ്ങൾക്കുമുള്ള പ്രാർഥനാലയമെന്ന് അറിയപ്പെടും" എന്നത് ഏശായാ 56,7-ൽ നിന്നാണ്. എല്ലാ ജനങ്ങളും



malankaralibrary.com

ഒരുമയോടെ ദൈവത്തിന്റെ ആലയത്തിൽ എത്തിച്ചേർന്ന് ഏകദൈവ ത്തെ കർത്താവായി ആരാധിക്കുന്ന ഭാവികാല പ്രവചനമാണിത്. ജറുസലേം ദൈവലായ ഘടന തന്നെ അങ്ങനെയാണ്. സർവജനങ്ങളും ഒത്തുകൂടേണ്ട വിശാലാങ്കണത്തിലാണ് ശുദ്ധീകരണം നടക്കേണ്ടത്. അതിന് തടസ്സമായി നിന്നതിനെയെല്ലാം തുടച്ചു മാറ്റുകയായിരുന്നു യേശുവിന്റെ അടിസ്ഥാനലക്ഷ്യം.

ഈ സാർവത്രികമാനത്തിന് ഉപോദ്ബലകമായി യോഹ.12,20 മനസ്സിലാക്കാം. തിരുനാളിന് ആരാധിക്കാൻ വന്നവരിലെ ഗ്രീക്കുകാർ (വിജാതിയർ) യേശുവിനെ കാണാൻ ആഗ്രഹിച്ചു. കർത്താവ് പറഞ്ഞു: "മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു" (യോഹ.12,20) ."വിജാതിയർ" എന്ന "കഴുതപ്പുറത്തു കയറി" യേശു ദൈവാലയത്തിൽ വന്നപ്പോഴാണ് വിജാതിയർക്കുള്ള ഇടം കച്ചവടസ്ഥലമായി കണ്ടത്. വിജാതിയർ തന്നെ തേടിയെത്തിയതിൽ യേശു തന്റെ മഹത്വീകരണം കാണുന്നു. അവിടെയും പീഡാനുഭവത്തിലൂടെയാണ് മഹത്വീകരണം എന്ന് കർത്താവ് പഠിപ്പിക്കുന്നു (യോഹ.12,24).

"എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്ക് മോഷ്ടാ ക്കളുടെ ഗുഹയോ? ഇതാ, ഞാൻ, ഞാൻ തന്നെ ഇതു കാണുന്നു" (ജറ.7,11). ജറമിയാ ദൈവാലയത്തിൽ ചെന്ന് പ്രസംഗിച്ചതാണിത്. അ ക്കാലത്തെ അതിക്രമം ഒട്ടും കുറയാതെ കർതൃനാളുകളിലും സംഭവി ച്ചുകൊണ്ടിരുന്നത് കർത്താവ് കാണുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ജറമിയായെയും ഉദ്ധരിക്കുന്നത് (മർക്കോ. 11,17). അക്കാ ലത്ത് ജീവിതവും ആരാധനയും തമ്മിൽ പൊരുത്തമില്ലാതെ രണ്ടു വഴിക്കു പോയി. ആരാധന, അനുഷ്ഠാന കർമങ്ങളിൽ ചുരുങ്ങി. അത്ര മാത്രം അധാർമികത, ദൈവത്തെ മറന്നുള്ള ജീവിതം, കർതൃനാളുക ളിൽ ദൈവാലയവുമായി ബന്ധപ്പെട്ട് നടമാടി.

ജറുസലേം ദൈവാലയത്തിന്റെ തകർച്ച ജറമിയാ പ്രവചിച്ചു. ജനവും ജനനേതാക്കന്മാരും അത് ശ്രദ്ധിച്ചില്ല. ജറമിയാ പ്രവചിച്ചതു പോലെ സംഭവിച്ചു. കർതൃനാളുകളിലെ അധാർമികത കണ്ട്, കർത്താ വും ദൈവാലയത്തിന്റെ ദുരന്തം പ്രവചിച്ചു. എന്നാൽ ജനം അതിന് ചെവികൊടുത്തില്ല. ദൈവാലയം തകർക്കപ്പെട്ടു. ദൈവാലയം തകർ



malankaralibrary.com

ത്തത് ജറമിയായോ യേശുവോ അല്ല. ജനം അത് കള്ളന്മാരുടെ ഗുഹയാക്കി തീർത്തതിനാലാണ് ദൈവമഹത്വവും ദൈവസംരക്ഷണവും ദൈവാലയത്തെ വിട്ടുപോയതും അത് തകർക്കപ്പെട്ടതും.

യേശുവിന്റെ അധികാരം എന്താണെന്ന് ചോദിച്ചവരോട് യേശു പറഞ്ഞു: "നിങ്ങൾ ഈ ദൈവാലയം തകർക്കുവിൻ. മൂന്നു ദിവസത്തിനകം ഞാനത് പുനരുദ്ധരിക്കും" (യോഹ.2,19). കുരിശും ഉത്ഥാനവുമാണ് അവന്റെ അടയാളം. "അവൻ തന്റെ ശരീരമാകുന്ന ആലയത്തെ പറ്റിയാണ് പറഞ്ഞത്." എന്നാൽ അത് യഹൂദർക്ക് മനസ്സിലായില്ല. പീഡാനുഭവത്തിന്റെ അവസരം യേശുവിനെതിരെയുള്ള ഒരാരോപണമായി കള്ളസാക്ഷികൾ ന്യായാധിപന്റെ മുമ്പാകെ ഇതാരോപിച്ചു (മത്താ. 26,61).

യേശുവിന്റെ മരണത്തോടു കൂടി സത്യാരാധനയ്ക്കുള്ള കവാടം തുറക്കപ്പെട്ടു. കരവേലയാൽ നിർമ്മിതമായ ജറുസലേം ദൈവാലയത്തിന്റെ അന്ത്യമായി. തിരശ്ശീല രണ്ടായി കീറിയത് അതാണ് സൂചിപ്പിക്കുക. നവ്യാരാധനയുടെ തുടക്കമായി. മൂകജന്തുക്കളെ വെട്ടി ബലിയർപ്പിക്കുന്ന പ്രതീകാത്മകബലിയും അതിനുള്ള നിഴലായ പൗരോഹിത്യവും ആലയം തന്നെയും ഇല്ലാതായി. ഇവയുടെ സ്ഥാനത്ത് യഥാർത്ഥ ആരാധന സ്ഥാപിതമായി. സത്യാലയം അവന്റെ ശരീരമാണ്. തന്റെ ശരീരരക്തങ്ങളാകുന്ന വിശുദ്ധ കുർബാനയിൽ അവൻ എല്ലാവരെയും ഒന്നിച്ചുചേർത്ത് ഒറ്റ ജനമാക്കുന്നു. - ഇസ്രായേലിനെയും വിജാതിയരെയും, കാളയെയും കഴുതയെയും, ഇടയന്മാരെയും ജ്ഞാനികളെയും. യേശു തന്നെയാണ് പുതിയ ദൈവാലയം. സത്യത്തിലും ആത്മാവിലുമാണ് ഈ നവ്യാരാധന നടക്കുക (യോഹ.4,23).

"ആലയത്തെ പറ്റിയുള്ള തീക്ഷ്ണത" (സങ്കീ.69,9): യഥാർത്ഥ തീക്ഷ്ണത എന്താണെന്ന് കർത്താവിന്റെ ഉത്ഥാനാനന്തരം ശിഷ്യന്മാർ മനസ്സിലാക്കി. യഹൂദർ കച്ചവടം നടത്തിയ സ്ഥാനത്ത് യേശു സൗഖ്യദാതാവായി. "അന്ധന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുത്തെത്തി. അവൻ അവരെ സുഖപ്പെടുത്തി" (യോഹ.2,14). ഇതാണ് യഥാർത്ഥ ദൈവാലയ ശുദ്ധീകരണ ലക്ഷ്യം. അവിടെ അന്ധരും മുടന്തരും ചെകിടരുമായ സകലർക്കും - സകല വിജാതിയർക്കും പുറംതള്ള



malankaralibrary.com

പ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും - അവൻ സൗഖ്യം നൽകുന്നു. അവർ അവന്റെ അടുത്തുവന്ന് സൗഖ്യം പ്രാപിച്ച്, ദൈവത്തെ സ്തുതിക്കുന്നു. അതായത്, യേശു എല്ലാം തകർക്കുന്ന വിനാശകാരനായിട്ടല്ല, സൗഖ്യദാതാവായിട്ടാണ് വന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്നവനായിട്ടാണ് വന്നത്. അത് കുരിശിലൂടെ ആണെന്നു മാത്രം (യോഹ.12,20).

ദൈവാലയത്തിൽ എത്തിയപ്പോഴും ശിശുക്കൾ ഹോസാനാ പാടിക്കൊണ്ടിരുന്നു. അവർ ദൈവാലയത്തിൽ ആർപ്പുവിളിച്ചുകൊണ്ടിരുന്നു. പ്രധാനപുരോഹിതന്മാർ അതിൽ രോഷാകുലരായി. യേശു സങ്കീർത്തനം ഉദ്ധരിച്ചു കൊണ്ട് (8,2) അവർക്ക് മറുപടി നൽകി: "ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതിയൊരുക്കി എന്ന് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ?" (മത്താ.21,16). ഇത് ദൈവികജ്ഞാനത്തിൽ ശിശുക്കളായ വിജാതിയരെ കുറിക്കുന്നു.



malankaralibrary.com

# 26
# യേശുവിന്റെ യുഗാന്ത്യപ്രഭാഷണം

ഈ പ്രഭാഷണത്തിൽ ദൈവാലയത്തിന്റെയും ജറുസലേം നഗരത്തിന്റെയും നാശത്തെ പറ്റിയുള്ള പ്രവചനം കാണാം. അതുപോലെ, വിജാതിയരുടെ സമയം, കാലാന്ത്യം എന്നിവയും ഒന്നിച്ച് കൂട്ടിക്കുഴച്ച് തിരുലിഖിത കർത്താക്കൾ നൽകുന്നു. ജറുസലേമിനെ പറ്റി പരാമർശിച്ചിരിക്കുന്ന പലതും സുവിശേഷ രചനയ്ക്ക് മുമ്പുതന്നെ ഭാഗികമായി നടന്നു കഴിഞ്ഞിരുന്നു. ക്രി.വ. 66-70 ൽ യുഗാന്ത്യഭാഷണത്തിലെ പലതും സംഭവിച്ചു കഴിഞ്ഞിരുന്നു.

പഴയനിയമസൂചകങ്ങൾ ഉപയോഗിച്ചാണ് യേശു തന്റെ ഭാഷണം നടത്തുന്നത്. യേശു പറഞ്ഞവയെ തങ്ങളുടെ ചുറ്റുപാടിൽ പുനരാഖ്യാനം ചെയ്താണ് സുവിശേഷകന്മാർ രേഖപ്പെടുത്തിയത്. യേശു പറഞ്ഞവ അപ്പാടെ പകർത്തിയതല്ല സുവിശേഷങ്ങൾ. തങ്ങളുടേതായ ദൈവദർശന സങ്കേതത്തിലത്രേ അവർ രചിച്ചത്. അന്നത്തെ ജീവിതസാഹചര്യങ്ങൾക്കും അന്നത്തെ ജനത്തിന്റെ ഗ്രഹണശക്തിക്ക് അനുസൃതമായും അവർ രചിച്ചു. പഴയനിയമപ്രവചനങ്ങൾക്ക് യേശു പുതിയ അർത്ഥം നൽകി. ആ പാത സുവിശേഷകരും സ്വീകരിച്ചു. യേശുവിന്റെ തിരുമൊഴികളെ പഴയനിയമ വചനങ്ങൾ കൊണ്ട് അലങ്കരിച്ച് അവർ അവതരിപ്പിച്ചു. അവ യേശുവിന്റെ മൊഴികളുടെ ആക്ഷരിക പ്രതിപാദനമല്ല. യേശുവിന്റെ വചനങ്ങളെ പഴയനിയമ പാരമ്പര്യത്തിന്റെ തുടർച്ചയായി സുവിശേഷകർ പുനരാഖ്യാനം നടത്തി.

**1. ജറുസലേം ദൈവാലയത്തിന്റെയും നഗരത്തിന്റെയും നാശം**

യേശു നിയമജ്ഞരെയും ഫരിസേയരെയും ശാസിച്ചുകൊണ്ട് ദുരിതങ്ങൾ പ്രഖ്യാപിക്കുന്നത് നാം കാണുന്നു (മത്താ. 23): "പ്രവാചക



malankaralibrary.com

ന്മാരെ കൊല്ലുകയും കല്ലെറിയുകയും ചെയ്യുന്ന ജറുസലേമേ, കോഴി തന്റെ കുഞ്ഞുങ്ങളെ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്താന ങ്ങളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു. പക്ഷേ, നിങ്ങൾ വിസമ്മതിച്ചു. ഇതാ, ഞാൻ നിങ്ങളുടെ ഭവനം പരി ത്യക്തമാക്കിയിരിക്കുന്നു" (മത്താ.23,37-38; ലൂ.13,34-35). ദൈവത്തിന് ജറുസലേമിനോടുള്ള സ്നേഹവായ്പ് എത്ര വലുതാണ്! ഈ വാക്യ ത്തിന് ആധാരം നിയമാവർത്തനം 32,10 -11 ഉം സങ്കീർത്തനം 36,7-ഉം ഏശായാ 31, 5-ഉം ആണ്. ചിറകുവിരിച്ച് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന പിടക്കോഴിയുടെ ചിത്രമാണ് ഇവിടെയെല്ലാം. ജറമിയാ 12,17-ലാണ് ദൈവഭവനത്തിന്റെ പരിത്യക്താവസ്ഥയെ പറ്റിയുള്ള പരാമർശം. "എന്റെ ഭവനം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു; എന്റെ അവ കാശം ഞാൻ കൈവെടിഞ്ഞിരിക്കുന്നു". ഇതാണ് യേശു എടുത്തു പറഞ്ഞത്; "നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു" (മത്താ. 23,38). ദൈവം മാറിപ്പോയ ദൈവാലയം. മേലിൽ അത് ദൈവഭവനമല്ല, അവരുടെ ഭവനം മാത്രമായിരിക്കും.

"യഹൂദയുദ്ധം" എന്ന കൃതിയിൽ ഫ്ളാവിയസ് ജൊസേഫൂസ് ജറുസലേമിൽ നടന്ന ഒരസാധാരണ സംഗതി രേഖപ്പെടുത്തിയിട്ടുണ്ട്. ടാസിറ്റസ് അത് തന്റെ രചനയിൽ ചേർത്തു. യഹൂദയുദ്ധം പൊട്ടിപ്പുറ പ്പെടുന്നതിനു മുമ്പു നടന്നതാണ് സംഭവം. ഈ സംഭവം യേശു പറഞ്ഞ തുമായി വളരെ ഒത്തുപോകുന്നു: ക്രി.വ. 66-ലെ പെന്തിക്കോസ്തി തിരുനാളിൽ കർമങ്ങൾ അനുഷ്ഠിക്കാൻ യഹൂദ പുരോഹിതന്മാർ ജറുസലേം ദൈവാലയത്തിൽ ചെന്നപ്പോൾ, അതിശക്തമായ ഭൂകമ്പ വും "നമുക്ക് ഇവിടം വിട്ടുപോകാം" എന്ന ഗംഭീരസ്വരവുമുണ്ടായി. ആരോ അലറുന്നതു പോലെയുള്ള സ്ഫോടക ധ്വനിയായിരുന്നു അത്. ദൈവാലയത്തിന്റെ അന്ത്യമടുത്തു എന്ന നിഗൂഢധ്വനി അതിനെ ചുറ്റി യിരുന്നു. ദൈവം എന്നെന്നേക്കുമായി ജറുസലേം ദൈവാലയത്തോട് വിടവാങ്ങി. അവൻ കടന്നുപോയി. ദൈവമാനവസംഗമം സാധ്യമാ കുന്നിടം എന്ന ആത്മീയാർഥം അതിന് നഷ്ടമായി എന്ന് ഇത് സൂചിപ്പി ക്കുന്നു.

റോമാക്കാർ നിയമിച്ച ഗേസിയുസ് ഫ്ളോറസിനെ സ്ഥാനഭ്രഷ്ട നാക്കിക്കൊണ്ട്, ക്രി.വ. 66 ൽ യഹൂദയുദ്ധം ആരംഭിച്ചു. യഹൂദർ റോമൻ ആക്രമണത്തെ ചെറുത്തുനിന്നു. ഒപ്പം അതൊരാഭ്യന്തരകലഹം കൂടി യായിരുന്നു. തമ്മിൽ തല്ലി തലകീറി നശിക്കുന്ന വിവിധ വിഘടിത



malankaralibrary.com

ഗ്രൂപ്പുകൾ അന്ന് യഹൂദരുടെ ഇടയിൽ നിലനിന്നു. റോമാക്കാർ ജറുസലേം ഉപരോധിക്കുന്നതിനു മുമ്പ്, കർതൃനിർദേശാനുസൃതം ക്രിസ്ത്യാനികൾ യോർദാന്റെ കിഴക്കുള്ള പെല്ലായിലേക്ക് ഓടിപ്പോയി (മർക്കോ. 13,14).

"വിനാശത്തിന്റെ അശുദ്ധലക്ഷണം വിശുദ്ധ സ്ഥലത്തു നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ മലകളിലേക്ക് ഓടിപ്പോകുവിൻ" എന്നായിരുന്നു കർതൃനിർദേശം. "വിനാശത്തിന്റെ അശുദ്ധലക്ഷണം" എന്നത് "തരിശാക്കുന്ന ജുഗുപ്സാപാത്രം" എന്ന് ആക്ഷരികമായി പറയാം. ഈ പദപ്രയോഗം എടുത്തിരിക്കുന്നത് ദാനിയേൽ പ്രവാചകനിൽ നിന്നാണ് (9,27; 11,31; 12,11). ജറുസലേം ദൈവാലയം വിജാതിയർ അശുദ്ധമാക്കുന്നതിനെ പറ്റിയാണ് ദാനിയേൽ പ്രവചിച്ചത്.

ലഹളക്കാരായ യഹൂദർ മുൻ മുഖ്യപുരോഹിതനായിരുന്ന ഹന്നാസ് രണ്ടാമനെയും ജോസഫ് ബെൻ ഗോറിയോണെയും യഹൂദയുദ്ധത്തിലെ ആക്രമണപദ്ധതിയുടെ തലവന്മാരായി ക്രി.വ. 66-ൽ തെരഞ്ഞെടുത്തു. ഈ ഹന്നാസാണ് മാർ യാക്കോബിനെ വധിക്കാൻ 62-ൽ ഉത്തരവിട്ടത്. ശത്രുപക്ഷത്തുള്ള ആളെ സൈന്യാധിപനാക്കിയത് "വിനാശത്തിന്റെ അശുദ്ധ ലക്ഷണമായി" ക്രിസ്ത്യാനികൾ കണ്ടു. തീവ്രവാദികളിൽ നിന്ന് വ്യത്യസ്തമായ സന്ദേശം യേശുവിൽ നിന്നു ലഭിച്ച ക്രിസ്ത്യാനികൾ ഇക്കാരണത്താൽ ഓടിപ്പോയി.

റോമൻ സൈനികാക്രമണം നടത്തിയത് വെസ്പാസ്യൻ എന്ന റോമൻ സൈന്യാധിപനായിരുന്നു. നീറോ ചക്രവർത്തി മരിച്ചതറിഞ്ഞ് അയാൾ 68-ൽ റോമിലേക്ക് തിരികെ പോയി. ജറുസലേം ആക്രമിച്ച് കീഴടക്കാനുള്ള ചുമതല മകനായ ടൈറ്റസിനു നൽകി. യേശുവിനെ ക്രൂശിലേറ്റിയതിന്റെ 40-ാം വാർഷികത്തിൽ, പെസഹാ തിരുനാളിൽ, ടൈറ്റസ് ജറുസലേം നഗരകവാടത്തിലെത്തി. ധാരാളം തീർഥാടകർ ജറുസലേമിലേക്ക് വന്നുകൊണ്ടിരുന്നു. ഗിഷാമിലെ ജോൺ എന്ന വിപ്ലവകാരി തന്റെ എതിരാളിയായ എലയാസർ ബെൻ ശീമോനെ കൊല്ലാൻ തീർഥാടകവേഷത്തിൽ അനുയായികളെ ദൈവാലയത്തിലേക്ക് അയച്ചു. അവർ എതിരാളികളെ ദൈവാലയത്തിൽ വച്ച് നിഷ്ഠൂരം വെട്ടിക്കൊന്ന് ദൈവാലയം നിഷ്കളങ്കരക്തം കൊണ്ട് അശുദ്ധമാക്കി.

ദൈവാലയ നാശത്തിന് മുന്നോടിയായി ക്ഷാമം നിമിത്തം ക്രി.വ. 70 ആഗസ്റ്റ് 5-ന് അനുദിനബലി നിർത്തലാക്കി. വിശുദ്ധസ്ഥലം



malankaralibrary.com

ദൈവത്തിന്റെ ആലയം അല്ലാതായി. റോമാക്കാർ പിന്നീട് ദൈവാലയവും നഗരവും അഗ്നിക്കിരയാക്കി. ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ പോലും നിർമാർജനം ചെയ്തു. ദൈവാലയത്തിന് പതിനൊന്ന് മൈൽ ചുറ്റളവിലുള്ള സ്ഥലം മുഴുവൻ തരിശുഭൂമിയായി മാറി. ഈ വിവരങ്ങളുടെ വെളിച്ചത്തിൽ ദാനിയേലിനെ ആധാരമാക്കി യേശു പറഞ്ഞവയുടെ പൊരുൾ സുവ്യക്തമാണ്. ആ നാളുകൾ കഷ്ടതകളുടെ ദിനങ്ങളായിരുന്നു (ദാനി. 12,1; മർക്കോ. 13,39). ഈ കഷ്ടതകൾക്കു ശേഷം, വരാനിരിക്കുന്ന ശോഭനമായ ഭാവിയെ പറ്റിയും ദാനിയേൽ പ്രവചിച്ചു (12,11). കർത്താവും തത്തുല്യമായ ഒരു പ്രസ്താവന നടത്തിയിരുന്നു (മത്താ.24,22).

ബാബിലോണിയാക്കാർ ക്രി.മു.587-ൽ സോളമന്റെ ദൈവാലയം നശിപ്പിച്ചപ്പോൾ, 20 വർഷത്തേക്ക് ദഹന ബലിയർപ്പണം മുടങ്ങി. ക്രി.മു. 166-നും 164-നും ഇടയ്ക്ക് അന്ത്യോക്കസ് നാലാമൻ എന്ന ഗ്രീക്കു ഭരണാധികാരി അനുദിനബലി വീണ്ടും നിർത്തലാക്കി. സേവൂസ് ദേവന് ബലിയർപ്പിച്ച് ദൈവാലയം അശുദ്ധമാക്കി. ഈ രണ്ടു സംഭവങ്ങൾക്കു ശേഷവും ദൈവാലയം പുനഃപ്രതിഷ്ഠിച്ച് 70-ാം ആണ്ടുവരെ ബലി തുടർന്നു. ക്രി.വ. 70-നു ശേഷം പിന്നെയും യഹൂദരുടെ സായുധ വിപ്ളവം ഉണ്ടായി. റോമൻ ചക്രവർത്തിമാരായ ഹദ്രിയാന്റെയും ജൂലിയന്റെയും കാലത്ത് ബർ കോക്ബായുടെ നേതൃത്വത്തിൽ ദൈവാലയം പുനഃസ്ഥാപിക്കാൻ ശ്രമം നടന്നു. എന്നാൽ അത് വിജയിച്ചില്ല. ജറുസലേമിലും പരിസരത്തും യഹൂദർ താമസിക്കുന്നത് ഹദ്രിയാൻ നിരോധിച്ചു. റോമാക്കാർ വിശുദ്ധ നഗരമായ ജറുസലേമിന്റെ സ്ഥാനത്ത് ഏലിയാ കാപ്പിത്തൊളീനാ എന്ന പുതിയ നഗരം പണിത് യഹൂദർ അല്ലാത്തവരെ അവിടെ പാർപ്പിച്ചു. ജൂപ്പിറ്റർ എന്ന വിജാതിയ ദേവന്റെ ആരാധന തുടങ്ങി. പിന്നീട്, വർഷത്തിലൊരിക്കൽ, ദൈവാലയം തകർത്തതിന്റെ വാർഷിക ദിനത്തിൽ, നഗരം സന്ദർശിക്കാനും മതിലിനടുത്ത് വന്ന് വിലപിക്കാനും യഹൂദർക്ക് അനുവാദം നൽകിയത് നൂറ്റാണ്ടുകൾക്കുശേഷം കോൺസ്റ്റൻടൈൻ ചക്രവർത്തിയാണ്.

യഹൂദരെ സംബന്ധിച്ച് മോശയുടെ നിയമത്തിന്റെ (തോറായുടെ) ഹൃദയം ദൈവാലയവും ബലിയർപ്പണവുമായിരുന്നു. അതു നിലച്ചപ്പോൾ മോശയുടെ നിയമം (തോറാ) പിൽക്കാല പ്രവാചകഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ പുനർവായനയ്ക്ക് വിധേയമായി. യഹൂദയുദ്ധം



malankaralibrary.com

കഴിഞ്ഞപ്പോൾ സദൂക്യരും തീവ്രവാദികളായ കുംറാൻ സമൂഹവും അപ്രത്യക്ഷരായി. ഫരിസേയർ മാത്രം അവശേഷിച്ചു. യാമ്നിയാ സ്കൂളിലെ ഫരിസേയർ യഹൂദവിശ്വാസത്തിന് നവരൂപം നൽകി. മോശയുടെ നിയമം അനുശാസ്സിച്ചിരുന്ന ബലിയർപ്പണം പോലും നിന്നുപോയപ്പോൾ, പുതിയ രീതിയിലുള്ള വ്യാഖ്യാനത്തിന് പഴയ നിയമം വിധേയമായി.

ആരാധനയുടെ പരിണാമഘട്ടത്തിൽ വിഗ്രഹാരാധന, മൃഗബലി യർപ്പണം, പരിച്ഛേദനം, ജറുസലേം ദൈവാലയം തുടങ്ങിയവ ഘട്ടം ഘട്ടമായി നിർത്തലാക്കപ്പെട്ടു. തൽസ്ഥാനത്ത് അവസാനക്കണ്ണി എന്ന നിലയിൽ യേശു ആത്മാവിലും സത്യത്തിലുമുള്ള ആരാധന ആരംഭിച്ചു. ആദിമക്രിസ്ത്യാനികൾ 70-ാം ആണ്ടിനു മുമ്പുവരെ ജറുസലേം ദൈവാലയത്തിൽ പോയി പ്രാർഥിച്ചിരുന്നു. എന്നാൽ അപ്പം മുറിക്കൽ ഭവനങ്ങളിൽ നടത്തി (നടപടി, 2,46). മൃഗബലിയർ പ്പണത്തിന്റെ സ്ഥാനത്ത് "അപ്പം മുറിക്കൽ" എന്ന കൂട്ടായ്മ ഉടലെ ടുത്തു. യേശുവിന്റെ അന്ത്യത്താഴത്തോടും കുരിശുമരണത്തോടും ഉത്ഥാനത്തോടും ബന്ധപ്പെട്ട കൂട്ടായ്മ ആയിരുന്നു അത്. യേശുവിന്റെ മരണത്തോടും ഉത്ഥാനത്തോടും കൂടെ ജറുസലേം ദൈവാലയത്തിന്റെ അന്ത്യം സംഭവിച്ചു കഴിഞ്ഞിരുന്നു. പാപപരിഹാരത്തിനായി യേശു തന്നെ നവദൈവാലയമായി തീർന്നെന്ന് പൗലോസ് വ്യക്തമാക്കി (റോമ.3,23-25). യേശു ജീവിക്കുന്ന സാക്ഷ്യപേടകം ആയിത്തീർന്നു. യേശു തന്റെ സ്വയാർപ്പണത്തിലൂടെ ലോകപാപം മുഴുവൻ ദൈവ സ്നേഹത്തിൽ സമർപ്പിച്ച് നിർമൂലനം ചെയ്തു. ദൈവമാനവ സംഗമ സ്ഥാനം യേശു തന്നെയാണ്. ഇതാണ് എബ്രായലേഖനം അവതരി പ്പിച്ചിരിക്കുന്നത്.

**2. വിജാതിയരുടെ കാലം**

"വിജാതിയരുടെ കാലം പൂർത്തിയാകുന്നതുവരെ അവർ ജറുസലേം ചവുട്ടിമെതിക്കും" (ലൂ. 21,24). ജറുസലേമിന്റെ നാശത്തിനും ലോകാന്ത്യത്തിനും ഇടയിലാണ് വിജാതിയരുടെ കാലം. ഇതേപ്പറ്റി മറ്റു വാക്കുകളിൽ മത്തായിയും മർക്കോസും സാക്ഷ്യപ്പെടുത്തുന്നു: "എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവി ശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടും. അതിനുശേഷം അന്ത്യം വരും" (മത്താ.24,14). "ആദ്യം എല്ലാ ജനതകളോടും സുവിശേഷം



malankaralibrary.com

പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു" (മർക്കോ. 13,10). വ്യത്യസ്ത പാരമ്പ ര്യങ്ങളോട് ബന്ധപ്പെടുത്തിയാണ് ഈ വ്യത്യസ്ത പ്രസ്താവനകൾ. എന്നാൽ സാരാംശത്തിൽ അവ ഒന്നുതന്നെ. അവ പരസ്പര പൂരക ങ്ങളാണ്. ഇതെല്ലാം ലോകാവസാനത്തിനു മുമ്പ് നടക്കേണ്ടതാണ്. അതായത്, വിജാതിയരുടെ ഇടയിൽ സുവിശേഷം എത്തിച്ചതിനു ശേഷമേ യുഗാന്ത്യം ഉണ്ടാകയുള്ളൂ. വിജാതിയരുടെ കാലം എന്നാൽ ലോകജനതതി മുഴുവൻ ഒന്നുചേരുന്ന സഭയുടെ കാലമാണ്.

ഇതു തന്നെയാണ് വി. പൗലോസിന്റെയും കാഴ്ചപ്പാട്: "ഇസ്രാ യേലിൽ കുറേപ്പേർക്കു മാത്രമേ ഹൃദയകാഠിന്യം ഉണ്ടായിരുന്നുള്ളു. അതും വിജാതിയർ പൂർണമായി സ്വീകരിക്കപ്പെടുന്നതുവരെ മാത്രം. അതിനുശേഷം ഇസ്രായേൽ മുഴുവൻ രക്ഷപ്രാപിക്കും." (റോമ. 11,25-26). ഇന്നത്തെ കാലം തന്നെയാണ് വിജാതിയരുടെ കാലം. ദൈവത്തിന്റെ രക്ഷാകരപദ്ധതി വിജയമണിയണമെങ്കിൽ ഈ പ്രക്രിയ നടക്കണം. ലോകം അതിന്റെ പരിസമാപ്തിയിൽ എത്തണമെങ്കിൽ സുവിശേഷം എല്ലാ ജനതകളുടെയും ഇടയിൽ പ്രഘോഷിക്കപ്പെടണം.

### 3. യുഗാന്ത്യം

കള്ളമിശിഹാമാരെപ്പറ്റി യേശു മുന്നറിയിപ്പു നൽകുന്നു. വെളി പാടിനും ദർശനങ്ങൾക്കും വേണ്ടിയുള്ള തീവ്രാഭിലാഷത്തിനുള്ള താക്കീതു കൂടിയാണിത്. അതുകൊണ്ട് വിവേകികളും ജാഗരൂകരുമായി രിക്കാൻ കർത്താവ് അനുശാസ്സിക്കുന്നു. പത്തു കന്യകമാരുടെ ഉപമ (മത്താ. 25,1-13), ഉണർവുള്ള കാവൽക്കാരനെ കുറിച്ചുള്ള വിവരണം (മർക്കോ. 13,33-36) എന്നിവയിൽ ജാഗരൂകതയെപ്പറ്റിയാണ് ചർച്ച. ദൈവസാന്നിധ്യത്തിൽ ആണെന്നുള്ള അവബോധത്തോടെ സത്യ ത്തോടും നീതിയോടും കൂടിയുള്ള പ്രവർത്തനമാണ് ജാഗ്രത കൊണ്ട് അർഥമാക്കുന്നത്. നീതിനിഷ്ഠയോടുകൂടി ചെയ്യുന്ന പ്രവൃത്തിയാണ് യഥാർഥ ജാഗ്രത (മത്താ.24,45-51;ലൂ.12,41-46). ദൈവതൃക്കണ്ണുകളുടെ മുമ്പിലാണ് നാമെന്ന ബോധ്യത്തിൽ പ്രവർത്തിക്കണം എന്നു സാരം.

തന്റെ അനുയായികൾക്ക് ഉണ്ടാകുവാനിരിക്കുന്ന പീഡകളെ പറ്റിയാണ് മറ്റൊരു പ്രവചനം (മർക്കോ. 13,19). സുവിശേഷ പ്രഘോ ഷണം കുരിശിന്റെ തണലിലേ സാധ്യമാകൂ. കുരിശിനാൽ മുദ്രിതമാ കാത്ത സദ്വാർത്തയില്ല. കുരിശ് മനുഷ്യപുത്രന്റെ പ്രതീകമാണ്. അത് അവന്റെ പ്രതീകമായി നിത്യം നിലനിൽക്കുകയും ചെയ്യും.



malankaralibrary.com

ഈ ഭാഗത്ത് ലോകാവസാനത്തെ കുറിച്ചും മനുഷ്യപുത്രന്റെ രണ്ടാമത്തെ വരവിനെ കുറിച്ചും അന്ത്യവിധിയെ കുറിച്ചും പ്രതിപാദിക്കുന്നു (മർക്കോ. 13,24-27). ഈ പ്രഭാഷണഭാഗം തയാറാക്കിയിരിക്കുന്നത് ദാനിയേലിന്റെയും എസക്കിയേലിന്റെയും ഏശായായുടെയും പ്രവചനങ്ങളിൽ നിന്നെടുത്ത ആശയങ്ങളും പദപ്രയോഗങ്ങളും ഉപയോഗിച്ചാണ്. ഈ ആശയങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. പീഡനങ്ങളെ പറ്റിയുള്ള പഴയ പ്രതീകങ്ങൾക്ക് പുനരാഖ്യാനം നൽകുന്നു. ദാനിയേലിന്റെ ഗ്രന്ഥത്തിൽ തന്നെ പഴയനിയമ ഭാഗങ്ങളുടെ പുനർവായനയും പുനരാഖ്യാനവും കാണാം. യേശുവും അപ്രകാരം ചെയ്യുന്നു. ആദിമ ക്രിസ്ത്യാനികളും യേശുവിന്റെ വാക്കുകൾക്ക് തങ്ങളുടെ സാഹചര്യത്തിൽ പുനർവായന നടത്തുന്നു. എന്നാൽ യേശുവിന്റെ അടിസ്ഥാന സന്ദേശത്തിന് അവർ മാറ്റമൊന്നും വരുത്തിയില്ല. യേശു ഭാവിയെപ്പറ്റി പ്രവചിച്ചു, എന്നാൽ അത് പ്രകടിപ്പിക്കാൻ ഉപയോഗിച്ച വാക്കുകളും ശൈലികളും തന്റേതായിരുന്നില്ല, പിന്നെയോ, പഴയനിയമത്തിന്റേതായിരുന്നു.

മനുഷ്യപുത്രന്റെ ആഗമനം (ദാനി.7,14-15): ദാനിയേൽ ദർശിച്ച "മനുഷ്യപുത്രൻ" ഇസ്രായേൽ ജനതയാണ്. ഒറ്റ വ്യക്തിയല്ല. എന്നാൽ ഇവിടെ യേശു എന്ന വ്യക്തിയാണ് മനുഷ്യപുത്രൻ. ദാനിയേലിന്റെ പ്രാചീനവെളിപാടിന് ഒരു രൂപമുണ്ടായിരുന്നു. ഭൂതവും ഭാവിയും വർത്തമാനവും യേശു എന്ന വ്യക്തിയിൽ സമന്വയിപ്പിച്ചിരിക്കുന്നു. യേശു എന്ന വ്യക്തിയിൽ ഭാവി അലിഞ്ഞുചേർന്നിരിക്കുന്നു. അവനിൽ ഭാവി വർത്തമാനമായിരിക്കുന്നു.

ലോകാന്ത്യത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് പഴയനിയമത്തിലെ വാക്കുകളും സൂചനകളും പ്രതീകങ്ങളും ഉപയോഗിച്ചാണ്. ഭൂതകാലത്തെ ദൈവവചനത്തെ ആധാരമാക്കി ഭാവിയെ കുറിച്ചുള്ള നമ്മുടെ വീക്ഷണം തന്നെ മാറ്റുന്നു. അതിലൂടെ ദൈവവചനത്തിന്റെ ശാശ്വതമൂല്യം വെളിപ്പെടുത്തുന്നു. ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതത്തിലേക്ക് അവൻ നമ്മെ നയിക്കുന്നു.



malankaralibrary.com

# 27
# സത്യത്താലുള്ള വിശുദ്ധീകരണം

ഈ ലോകം വിട്ട് പിതൃഭവനത്തിലേക്ക് തിരികെ പോകുന്നതാണ് യേശുവിന്റെ സമയം. അതു മനസ്സിലാക്കിയ യേശു ഈ ലോകത്തിൽ തനിക്കുള്ളവരെ അത്യഗാധമായി സ്നേഹിച്ചു. അവരുടെ കൂടെ പെസഹാ ഭക്ഷിച്ചിട്ട്, പുതിയ പെസഹായായ തന്നെത്തന്നെ അവർക്ക് നൽകി. അത് കുരിശിലെ ബലിയിൽ പൂർത്തിയാക്കി, മഹത്വത്തിലേക്ക്, പിതൃഭവനത്തിലേക്ക്, അവിടുന്ന് തിരികെ പോയി (യോഹ.13,1-2). യഹൂദരുടെ പെസഹാ തിരുനാളിന്റെ തലേദിവസം മൂന്നു മണിക്കാണ് യേശു മരിച്ചതെന്ന് യോഹന്നാൻ പറയുന്നു. അതായത്, യഹൂദർ പെസഹാകുഞ്ഞാടിനെ കൊല്ലുന്ന സമയത്താണ് യേശു മരിച്ചത്.

യേശുവിന്റെ, പിതൃഭവനത്തിലേക്കുള്ള യാത്ര ഒരു മടക്കയാത്രയാണ്. ഈ മണിക്കൂറിലേക്കാണ് യേശു നടന്നടുത്തത്. ഇത് യേശുവിന്റെ പുറപ്പാടിന്റെ നാഴികയാണ്. അവസാനം വരെ, എല്ലാം പൂർത്തിയാകുന്നതു വരെ, അവൻ മനുഷ്യരെ സ്നേഹിച്ചു. അധഃപതിച്ച മനുഷ്യവർഗത്തിന്റെ പരിധികൾക്ക് അപ്പുറത്തേക്കുള്ള പുറപ്പാടായിരുന്നു അത്. തന്റെ സ്നേഹവും പുറപ്പാടും കൊണ്ട് അത് മനുഷ്യകുലത്തിന് യേശു സാധ്യമാക്കി (യോഹ.19,30). അത്യഗാധ സ്നേഹത്തിന്റെ മുന്നേറ്റമാണ് ആ പുറപ്പാട്. താൻ ആരെന്നു വെളിപ്പെടുത്താൻ യേശു താഴേക്കിറങ്ങിവന്നു. മനുഷ്യത്വത്തെ തന്നിൽ ലയിപ്പിച്ച് പിതൃഭവനത്തിലേക്ക് കരേറിയത്, സകലരെയും പിതൃഭവനത്തിൽ എത്തിക്കാനാണ്. അവൻ സകലരെയും തന്നിലേക്ക് ആകർഷിക്കുന്നു (യോഹ. 12,32). അതുകൊണ്ട് എല്ലാവരും ഒരു പുറപ്പാടിലാണ്. അവൻ സ്വന്തക്കാ



malankaralibrary.com

രുടെ പക്കലേക്ക് വന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല (യോഹ.1,11). എന്നാൽ അവൻ തനിക്കുള്ളവരെ അവസാനം വരെ സ്നേഹിച്ചു (യോഹ.13,1). അവൻ തന്റെ സ്വന്തക്കാരെ ഒരുമിച്ചു ചേർത്തു. അവൻ സകലരെയും തന്റെ സ്വന്തക്കാരാക്കി.

**1. പാദം കഴുകൽ**

അന്ത്യത്താഴസമയത്ത് യേശു ശിഷ്യന്മാരുടെ പാദം കഴുകിയ സംഭവം യേശുവിന്റെ താഴ്മയുടെ അഗാധതലം വെളിപ്പെടുത്തുന്നു. പിതാവിനോട് സത്തയിൽ സമനായിരിക്കുന്ന പുത്രൻ സ്വർഗം വിട്ടിറങ്ങി മനുഷ്യനായി, ദാസവേഷം ധരിച്ചു. കുരിശുമരണം വരെ അനുസരണമുള്ളവനായി ജീവിച്ചു. മരിച്ച് പാതാളത്തിലേക്ക് വീണ്ടും താണിറങ്ങി. ജീവിതത്തിലൂടനീളം അവിടുന്ന് താഴ്മയുടെ പടികൾ ഇറങ്ങി. അവയിൽ സുപ്രധാനമായ സംഗതിയാണ് ശിഷ്യരുടെ പാദം കഴുകൽ. പാദം കഴുകൽ പ്രതീകാത്മകമായി യേശുവിന്റെ മരണത്തെയും നമ്മോടുള്ള സ്നേഹത്തെയും സൂചിപ്പിക്കുന്നു. അതുപോലെ യേശു നമുക്ക് എളിമയുടെയും വിനയത്തിന്റെയും താഴ്മയുടെയും മാതൃക കാട്ടിത്തരുന്നു. നാമും അതുപോലെ ചെയ്യാൻ ആഹ്വാനം ചെയ്യുന്നു.

യേശുവിന്റെ സ്വയംസമർപ്പണവും തന്റെ ശുശ്രൂഷയും തമ്മിൽ വേർതിരിക്കാനാവില്ല. ദാനവും ശുശ്രൂഷയും അവിഭാജ്യമാണ്. മരണത്തെ ശുശ്രൂഷയിൽ നിന്ന് വേർപെടുത്താനാവില്ല. യേശുവിന്റെ ജീവിതം, മരണം എന്നിവയിലൂടെ യേശു നമ്മെ സമീപിക്കുന്നു. തന്റെ പരിശുദ്ധാത്മാവുവഴി നമ്മെ രൂപാന്തരപ്പെടുത്തുന്നു. ക്രിസ്തുവെന്ന മഹാരഹസ്യമാകുന്ന വലിയ കൂദാശ നമ്മെ ശുദ്ധീകരിച്ച് നൂതന സൃഷ്ടിയാക്കുന്നു. തദ്ഫലമായി യേശുവിന്റെ പ്രവൃത്തി നമ്മുടേതാകുന്നു. കാരണം, യേശുവാണ് നമ്മിൽ പ്രവർത്തിക്കുന്നത് (യോഹ. 14,12). "ദാസന്റെ രൂപം സ്വീകരിച്ചതിന്റെ പൂർണതയാണ് പാദം കഴുകൽ. തന്റെ ഭക്ഷണമേശയ്ക്ക് ചുറ്റുമിരിക്കാൻ നമ്മെ യോഗ്യരാക്കാനാണിത് ചെയ്തത്. യേശുവിന്റെ സ്നേഹമാണ് നമ്മെ കഴുകി ശുദ്ധിയുള്ളവരാക്കുന്നത്.

നമ്മെ വീണ്ടും വീണ്ടും ശുദ്ധീകരിക്കാൻ, വീണ്ടും വീണ്ടും അവിടുന്ന് നമ്മുടെ പാദം കഴുകാൻ, അനുവദിച്ചാലേ യേശുവിനോട് ചേർന്ന് ഒന്നായിത്തീർന്ന്, അവിടുന്ന് പ്രവർത്തിച്ചതുപോലെ നമുക്കും



malankaralibrary.com

പ്രവർത്തിക്കാനാവൂ.“ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്” എന്ന് വി. പൗലോസ് പറഞ്ഞത് (ഗലാ.2,20) ഉച്ചരിക്കാൻ കഴിഞ്ഞാൽ, അവൻ ചെയ്തവ ചെയ്യാൻ നമുക്കും കഴിവു കിട്ടും. കരുണാസാഗരമായ യേശുവിൽ നിമഗ്നരാകുന്നവർക്കേ ഇതു സാധിക്കൂ.

**2. യേശു നമ്മെ ശുദ്ധിയുള്ളവരാക്കി**

ദൈവസന്നിധിയിൽ അണയുന്നവർ ശുദ്ധിയുള്ളവരായിരിക്കണം. എന്നാൽ ദൈവത്തിലേക്ക്, പ്രകാശത്തിലേക്ക് അടുക്കുന്തോറും മനുഷ്യന് തന്റെ ശുദ്ധിരാഹിത്യം മനസ്സിലാകുകയും ശുദ്ധരാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവബോധം ഉണ്ടാകുകയും ചെയ്യും. യഹൂദമതം ഉൾപ്പെടെയുള്ള മതങ്ങളിലെല്ലാം നിരവധി ക്ഷാളനങ്ങൾ ഉണ്ടായിരുന്നു. ശുദ്ധിവരുത്തലാണ് അവയുടെ ലക്ഷ്യം. ദൈവത്തോടടുക്കാൻ അവ വഴിയൊരുക്കുന്നെന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ ശുദ്ധിയും അശുദ്ധിയും ശരീരത്തിലല്ല, മനസ്സിലാണെന്ന് നമ്മുടെ കർത്താവ് പഠിപ്പിച്ചു (മർക്കോ.7,14,23). വിശ്വാസമാണ് യഥാർത്ഥത്തിൽ ഹൃദയത്തെ ശുദ്ധീകരിക്കുന്നത്. ദൈവം തന്നെ മുൻകൈ എടുത്തതിനാലത്രേ ഇതു സാധ്യമാകുന്നത്. മനുഷ്യർ ഹൃദയം തുറന്ന് ശുദ്ധിവരുത്താൻ ശ്രമിക്കുമ്പോൾ, ദൈവാത്മാവ് അവരെ സ്പർശിച്ച് ശുദ്ധിവരുത്തും. വി. പത്രോസ് തന്നെ ഇക്കാര്യം വ്യക്തമാക്കുന്നു (നടപടി, 15,5-11).

. യേശുവിന്റെ ജീവവചസ്സുകളാണ് നമ്മെ ശുദ്ധീകരിക്കുന്നത്: “ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവർ ആയിരിക്കുന്നു” (യോഹ.15,3). ദൈവവചനം നമ്മിലേക്ക് ആഴ്ന്നിറങ്ങി, നമ്മെ രൂപാന്തരപ്പെടുത്തുന്നു. അത് നമ്മുടെ ഹൃദയം തുറക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തെ കാണാൻ ഹൃദയം സംശുദ്ധമാക്കുകയും കാഴ്ചയുള്ള ഹൃദയം തരികയും ചെയ്യുന്നു. ശുദ്ധരാകാനുള്ള അഭിവാഞ്ച ചെന്നവസാനിക്കുന്നത് യേശുവിലാണ്. യേശു തന്നെയാണ് ദൈവതിരുമുമ്പാകെ നമ്മെ യോഗ്യതയുള്ളവരാക്കുന്നത്. പഴയനിയമ ക്ഷാളനങ്ങൾ പുതിയനിയമ കൂദാശകളുടെ ചുവടുവയ്പായിരുന്നു. യേശുവിന്റെ തിരുമണിക്കൂറിൽ പഴയതൊക്കെ അപ്രത്യക്ഷമായി, അർഥരഹിതമായി, അവയ്ക്ക് അന്ത്യമായി. ദൈവം നമ്മിൽ പ്രവർത്തിക്കുന്നതിനാലാണ് നാം ശുദ്ധിയുള്ളവർ ആയിരിക്കുന്നത്. നൈർമല്യം ദൈവദാനമാണ്, വരദാനമാണ്. നമ്മുടെ കർമാനു



malankaralibrary.com

ഷ്ഠാനങ്ങളല്ല, അവിടുത്തെ കൃപാദാനമാണ് നമ്മെ നിർമലരും പവിത്രീകൃതരും വിശുദ്ധരുമാക്കുന്നത്.

### 3. സത്യത്താലുള്ള വിശുദ്ധീകരണം

ശിഷ്യർക്കുവേണ്ടി യേശു തന്റെ പിതാവിനോട് പ്രാർഥിക്കുന്നതിന്റെ കൂട്ടത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "അവരെ നീ സത്യത്താൽ വിശുദ്ധീകരിക്കണമെ. നിന്റെ വചനമാണ് സത്യം. നീയെന്നെ ലോകത്തിലേക്ക് അയച്ചതു പോലെ, ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17,17-19). ഇതോടു ചേർന്നു പോകുന്ന ഒരു വാക്യം കൂടി ഉദ്ധരിക്കാം: "പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച എന്നെ, 'ഞാൻ ദൈവപുത്രനാണ്' എന്നു പറഞ്ഞതു കൊണ്ട്, 'നീ ദൈവദൂഷണം പറഞ്ഞു' എന്ന് നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?" (യോഹ.10,36).

പിതാവ് യേശുവിനെ വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ചതാണ്. അപ്പോൾ ഇത് ഒന്നാമത്തേത്. പുത്രൻ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നത് രണ്ടാമത്തേത്. ശിഷ്യരെ സത്യത്താൽ വിശുദ്ധീകരിക്കാൻ പ്രാർഥിക്കുന്നത് മൂന്നാമത്തേത്. ഇങ്ങനെ ത്രിവിധ വിശുദ്ധീകരണത്തെ പറ്റിയാണ് പ്രതിപാദനം.

ദൈവം വിശുദ്ധി തന്നെയാണ്. അത് ദൈവത്തിന്റെ സത്താപരമായ ഗുണവിശേഷമാണ്. ദൈവമായിരിക്കുന്ന അവസ്ഥയുടെ പ്രകാശനമാണ് വിശുദ്ധി. ഇതു സൂചിപ്പിക്കുന്ന എബ്രായപദം ഖാദോഷ് എന്നാണ്. അതിനർഥം വേർതിരിക്കുക എന്നതാണ്. ആരാധനാസംബന്ധമായി പറഞ്ഞാൽ, വ്യക്തിയെയോ, വസ്തുവിനെയോ ദൈവതൃക്കരങ്ങളിൽ ഏൽപ്പിക്കുക എന്നാണർഥം. ദൈവാരാധനയ്ക്കായി വ്യക്തിയെ വേർതിരിക്കുന്നു, വസ്തുക്കളെ ദൈവസമർപ്പണത്തിന് മാറ്റിവയ്ക്കുന്നു. ഇത് വിശുദ്ധീകരണമാണ്. വിശുദ്ധി തന്നെയായ ദൈവത്തിന്റെ കരങ്ങളിലേക്ക് വ്യക്തിയെയോ വസ്തുവിനെയോ സമർപ്പിക്കുന്നതാണ് വിശുദ്ധീകരണം.

അഭിഷേകത്തെ വിശുദ്ധീകരണമായി കണ്ടാൽ, വ്യക്തിയെ നവ്യമായ തലത്തിലും മണ്ഡലത്തിലും മാറ്റി പ്രതിഷ്ഠിക്കുന്നു എന്നു മനസ്സിലാക്കാം. ഉയർത്തപ്പെട്ട ദൈവതൃക്കരങ്ങളിൽ ആയിരിക്കാനാണ്



malankaralibrary.com

വ്യക്തി മാറ്റി നിർത്തപ്പെടുന്നതും ജീവിക്കുന്നതും. പൂർണമായി ദൈവത്തിനു സമർപ്പിച്ചു എന്നു പറഞ്ഞാൽ, അയാൾ മറ്റുള്ളവർക്കുവേണ്ടി മാറ്റി നിർത്തപ്പെട്ടിരിക്കുന്നു എന്നർത്ഥം. അപ്പോൾ ആ വ്യക്തിയിൽ മാറ്റമുണ്ടാകുന്നു. വേർതിരിക്കപ്പെടലും പ്രേഷിതദൗത്യവും ഒറ്റ യാഥാർത്ഥ്യമാണ്. ഇതാണ് വിശുദ്ധീകരണം.

പിതാവ് പുത്രനെ വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ചു എന്നതിന് (യോഹ.10,36) ജറമിയായുടെ വിളിയുമായി സാമ്യമുണ്ട്: "ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രകാശമായി ഞാൻ നിന്നെ നിയോഗിച്ചു" (1,5). വിശുദ്ധീകരിക്കുക എന്നു പറഞ്ഞാൽ, ദൈവം ഒരാളിന്റെ മേൽ തന്റെ പൂർണമായ അവകാശം സ്ഥാപിക്കുന്നു എന്നാണർത്ഥം. ദൈവം അവനെ തനിക്കുവേണ്ടി വേർതിരിക്കുന്നു. അത് മറ്റുള്ളവർക്കുവേണ്ടി അയക്കപ്പെടാനാണ്. വിശുദ്ധീകരണം നിയോഗ ദൗത്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ വിശുദ്ധീകരണവും മനുഷ്യാവതാരവും തമ്മിൽ അഭേദ്യബന്ധമുണ്ട്. പിതാവ് പുത്രനെ വേർതിരിക്കുന്നത് മനുഷ്യാവതാരത്തിനാണ്. ഭൂമിയിലേക്ക് അയക്കുന്നതിനാണ്. വിശുദ്ധീകരണലക്ഷ്യം അയക്കപ്പെടലാണ്. വേർതിരിക്കുന്നത് നിയോഗദൗത്യം നിവർത്തിക്കാനാണ്.

"ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" എന്നതിന്റെ അർത്ഥമെന്ത്? അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ മാറ്റിനിർത്തിയിരിക്കുന്നു, വേർതിരിച്ചിരിക്കുന്നു. ഞാൻ എന്നെത്തന്നെ ബലിയായി സമർപ്പിക്കുന്നു. ഇവിടെ വിശുദ്ധീകരിക്കുക എന്നു പറഞ്ഞാൽ, ബലിവസ്തുവിനെ ബലിയർപ്പണത്തിനായി മാറ്റിനിർത്തിയിരിക്കുന്നു, സമർപ്പിച്ചിരിക്കുന്നു എന്നർത്ഥം. ഇത് വിശുദ്ധീകരണത്തിന്റെ രണ്ടാം ഭാവം. യേശുവിന്റെ ദൗത്യനിർവഹണം ബലി തന്നെയാണ്. ഇത് കർത്താവിന്റെ തിരുവത്താഴത്തിന്റെ സൂചകമാണ്. അന്ത്യത്താഴത്തിലാണ് ഈ വേർതിരിക്കൽ അഥവാ വിശുദ്ധീകരണം സംഭവിച്ചത്. എല്ലാക്കാലത്തും എല്ലായിടത്തും അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ യേശുവാകുന്ന സനാതനബലി മൂർത്തീഭവിക്കയാണ്.

"നീ അവരെ സത്യത്താൽ വിശുദ്ധീകരിക്കണമെ" (യോഹ.17,17) എന്നതിന്റെ പൊരുളെന്ത്? "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17,19). യേശുവിന്റെ വിശുദ്ധീകരണത്തിൽ അവരെയും ഭാഗഭാക്കു



malankaralibrary.com

കളാക്കി, സ്വന്തമാക്കി, ലോകത്തിൽ ദൈവത്തിന്റെ ദൗത്യവാഹകരാക്കി മാറ്റുന്നു. യേശു തന്റെ ശിഷ്യരെയെല്ലാം ദൈവതൃക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നു. അവരുടെ വിശുദ്ധീകരണം യേശുവിന്റേതുമായി കൂട്ടിയിണക്കുന്നു. അങ്ങനെ അവരും യേശുവിന്റെ പവിത്രതയിൽ പങ്കാളികളാകുന്നു. വചനമായ സത്യത്താൽ അവരെ വിശുദ്ധീകരിക്കാൻ യേശു പ്രാർഥിക്കുന്നു. വിശുദ്ധീകരണശക്തി സത്യമാണ്. അവരുടെ അങ്കിയും അഭിഷേകതൈലവും സത്യമാണ്. ഈ സത്യം മിശിഹാ കർത്താവ് തന്നെയാണ്. അവർ ക്രിസ്തുവാകുന്ന പുതിയ അങ്കി ധരിക്കണം. അങ്ങനെ അവന്റെ അഭിഷേകത്തിലും പൗരോഹിത്യ കർമത്തിലും ബലിയിലും പങ്കുചേരണം. ശിഷ്യരുടെ വിശുദ്ധീകരണം എന്നാൽ യേശുവിന്റെ പൗരോഹിത്യ സത്തയിലും പൗരോഹിത്യ ദൗത്യത്തിലും പങ്കുചേരുക എന്നതാണ്. സത്യത്തിന് ശുശ്രൂഷ ചെയ്യുക എന്നതാണ് അവരുടെ ദൗത്യം. ആ സത്യം ക്രിസ്തുവാകുന്നു.

വിശുദ്ധീകരിക്കുക എന്നുപറഞ്ഞാൽ, ദൈവാരാധനയക്ക് യോഗ്യരാക്കുക എന്നാണർഥം. "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമെ" (യോഹ.17,17). സത്യം ഒരു സ്നാനമാണ്. മനുഷ്യരെ ദൈവതിരുമുമ്പിൽ നിൽക്കാൻ ശുദ്ധിയുള്ളവർ ആക്കുന്ന സ്നാനം. യേശുവാണ് ആ സത്യം. യേശു നൽകുന്ന സ്നാനം, യേശുവിലേക്കുള്ള സ്നാനം, ആണ് സത്യത്താലുള്ള വിശുദ്ധീകരണം. ഇത് സത്യത്താലുള്ള സ്നാനമാണ്.



malankaralibrary.com

# 28
## ഒറ്റുകാരനും തള്ളിപ്പറഞ്ഞവനും

യേശു നേരിട്ട് തെരഞ്ഞെടുത്ത 12 പേരിൽ ഒരാൾ ഒറ്റിക്കൊടുത്തു, മറ്റയാൾ തള്ളിപ്പറഞ്ഞു (യോഹ.13,21). ആ രണ്ടു ശിഷ്യന്മാരും ഇപ്രകാരം ചെയ്യുമെന്ന് യേശു മുൻകൂട്ടി പ്രവചിച്ചിരുന്നു. അന്ത്യത്താഴ സമയത്ത് യേശു ആത്മാവിൽ അസ്വസ്തനായി. ലാസറിന്റെ കല്ലറയിലും, "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നതിനെ" പറ്റിയുള്ള സംഭാഷണത്തിലും യേശു അസ്വസ്തനായി (യോഹ.11,33-38; 12,24-27). "പ്രാണസ്നേഹിതൻ തന്നെ കുതികാലുയർത്തി" എന്ന സങ്കീർത്തന വാക്യം (41,9) യൂദായുടെ ഒറ്റിക്കൊടുക്കലിൽ പൂർത്തീകരിക്കപ്പെട്ടു. എക്കാലത്തെയും ആത്മവഞ്ചനയും ഒറ്റിക്കൊടുക്കലും തള്ളിപ്പറയലും യേശു തന്റെമേൽ ചുമക്കുന്നു.ചരിത്രത്തിന്റെ ആകുലതകളെല്ലാം അന്ത്യം വരെ അവിടുന്ന് സഹിക്കുന്നു.

യൂദാ പണസഞ്ചി സൂക്ഷിപ്പുകാരനായിരുന്നു.അതിൽ നിന്ന് അവൻ മോഷ്ടിക്കാറുണ്ടായിരുന്നു (യോഹ.12,6). യേശു അപ്പക്കഷണം മുക്കി യൂദായ്ക്ക് നൽകി. "അപ്പക്കഷണം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു" (യോഹ.13,27). യൂദാ മറ്റേതോ ശക്തിക്കധീനനായി. വഹിക്കാൻ എളുപ്പമുള്ള നുകം അവൻ തട്ടിമാറ്റി. അങ്ങനെ യേശുവിന്റെ സ്നേഹസൗഹൃദത്തിൽ നിന്ന് അകന്നകന്നു പോയി. അപ്പോൾ അവൻ മറ്റൊരു ശക്തിക്ക് ഹൃദയം തുറന്നുകൊടുത്തു അതിന്റെ അടിമ ആയതിനാലാണ് അവൻ ഗുരുവിനെ ഒറ്റിക്കൊടുത്തത്.

ഒരു നുറുങ്ങുവെട്ടം ഉള്ളിൽ അവശേഷിച്ചതിനാലാണ് നാണയം തിരികെ കൊടുത്ത് യേശുവിനെ രക്ഷിക്കാൻ അവൻ ശ്രമിച്ചത്. "ഞാൻ പാപം ചെയ്തുപോയി" എന്ന് അവൻ ഏറ്റുപറഞ്ഞു (മത്താ.27,3-8).



malankaralibrary.com

എന്നാൽ ആ അനുതാപം നിലനിന്നില്ല. തന്റെ ഘോരപാപത്തെ കുറിച്ചുള്ള ചിന്ത അവനെ നിരാശയുടെ പടുകുഴിയിൽ തള്ളിയിട്ടു. അവൻ തന്നിൽ കേന്ദ്രീകരിച്ച് ചിന്തിക്കയും തന്നെ ഗ്രസിച്ച അന്ധകാരത്തെ മാത്രം കാണുകയും ചെയ്തു. യേശുവും അവന്റെ തേജസ്സും കരുണയും അവന്റെ ദൃഷ്ടികൾക്ക് അഗോചരമായി. യേശുവിന്റെ വെളിച്ചം കാണാൻ കഴിഞ്ഞിരുന്നെങ്കിൽ, അകക്കണ്ണ് തുറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, തന്റെ അന്ധകാരത്തെ കീഴടക്കാൻ അവനു കഴിയുമായിരുന്നു. അവന്റെ പശ്ചാത്താപത്തെ കൂരിരുട്ട് കീഴടക്കി. അവൻ ഇരുൾ മാത്രമാണ് ദർശിച്ചത്. അത് അവനെ നാശത്തിലേക്ക് നയിച്ചു.

“ആ അപ്പക്കഷണം സ്വീകരിച്ച ഉടനേ അവൻ പുറത്തേക്ക് പോയി. അപ്പോൾ രാത്രിയായിരുന്നു” (യോഹ. 13,30). എന്നെന്നേക്കുമായി പുറത്തേക്കുള്ള പോക്കായിരുന്നു അത്. അവൻ രാത്രിയുടെ ശൂന്യതയിലേക്ക് പോയി. ആ അവസാന നിമിഷത്തിൽ പോലും ആ കരുണാമയനായ ഗുരു അവനോട് ക്ഷമിക്കുമായിരുന്നു. എന്നാൽ തീവ്രവാദിയായ അവന്റെ ഉള്ളിൽ സദാ നിറഞ്ഞു നിന്നത് വിപ്ലവമായിരുന്നു. സർവശക്തനായ ഗുരുവിന് അന്ത്യനിമിഷത്തിൽ പോലും ക്ഷമിക്കാൻ കഴിയുമെന്ന് അവൻ ചിന്തിച്ചില്ല. എത്ര ശത്രുക്കൾ വന്നാലും ഗുരുവിന് രക്ഷപെടാൻ പറ്റുമെന്നായിരിക്കാം അവൻ കരുതിയത്.

ഒരിക്കൽ പ്രകാശം ലഭിച്ചവർക്കുപോലും ചെറിയ ചെറിയ വിശ്വാസ ലംഘനങ്ങൾ തുടരെത്തുടരെ ചെയ്യുന്നതുവഴി ആത്മീയ നാശം സംഭവിക്കാമെന്ന് യൂദായുടെ ദൃഷ്ടാന്തം നമ്മെ പഠിപ്പിക്കുന്നു (എബ്രാ.6,4). ദുഷ്ചിന്തകൾ അവരിൽ കുത്തി നിറയ്ക്കപ്പെടുന്നു. അവർ പ്രകാശത്തിൽ നിന്ന് അന്ധകാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അനുതാപത്തോടെയുള്ള തിരിച്ചുവരവിന് അവർ പ്രാപ്തരല്ലാതാകുന്നു. അതാണ് യൂദായ്ക്ക് സംഭവിച്ചത്.

പത്രോസ് തള്ളിപ്പറഞ്ഞതും മഹാപരാധമാണ്. കർത്താവ് അവന് മുന്നറിയിപ്പ നൽകിയിരുന്നു. എന്നാൽ അവന്റെ മിശിഹാചിത്രം വ്യത്യസ്തമായിരുന്നു. പീഡാനുഭവത്തെപ്പറ്റി കർത്താവ് വെളിപ്പെടുത്തിയപ്പോൾ, “കർത്താവേ, ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ” എന്ന് പത്രോസ് പ്രതിവചിച്ചു. “നീ തള്ളിപ്പറയും ” എന്ന് നമ്മുടെ കർത്താവ് പറഞ്ഞപ്പോൾ പത്രോസ് പറഞ്ഞു: “നിന്നോടുകൂടെ മരി



malankaralibrary.com

ക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല". രണ്ടിടത്തും പത്രോസിന് തെറ്റുപറ്റി. "നീയെന്റെ പാദങ്ങൾ കഴുകേണ്ട" എന്നു പറഞ്ഞപ്പോഴും അതേ മനോഭാവമാണ് പത്രോസിന് ഉണ്ടായിരുന്നത്. ദൈവപുത്രനായ നീ നിന്നെത്തന്നെ ഇപ്രകാരം താഴ്ത്തേണ്ട എന്നാണ് അവൻ ചിന്തിച്ചത്. സഹനവഴിയിലൂടെ മാത്രമേ മഹത്വത്തിൽ എത്താനാവൂ എന്ന് അവൻ മനസ്സിലാക്കിയത് സാവധാനത്തിലാണ്. ദൈവം എന്തു ചെയ്യണമെന്ന് ദൈവത്തോട് നിർദേശിക്കയല്ല നാം ചെയ്യേണ്ടത്. പിന്നെയോ, ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ, അവനെ സ്വീകരിക്കാൻ പഠിക്കയാണ് വേണ്ടത്. അതായത്, നമ്മെത്തന്നെ പൂർണമായി ദൈവതൃക്കരങ്ങളിൽ വിനയാന്വിതരായി സമർപ്പിക്കയാണ് വേണ്ടത്.

പത്രോസ് അനുതപിച്ചു. അവൻ കയ്പോടെ കരഞ്ഞു. ആ അനുതാപം സ്വീകരിച്ച് കർത്താവ് അവന് മോചനം നൽകി. ഉത്ഥാനം ചെയ്ത കർത്താവ് ഓടിയെത്തി അവനെ മാറോട് ചേർത്തുനിർത്തി ചോദിച്ചു: "എല്ലാവരേക്കാളും ഉപരിയായി നീ എന്നെ സ്നേഹിക്കുന്നുവോ?" "കർത്താവേ നീ എല്ലാം അറിയുന്നുവല്ലോ. ഞാൻ നിന്നെ സ്നേഹിക്കുന്നെന്നും നീ അറിയുന്നുവല്ലോ". പത്രോസിൽ സ്നേഹം തിങ്ങിനിറഞ്ഞിരുന്നു എന്ന് കർത്താവിന് അറിയാമായിരുന്നു. എടുത്തുചാട്ടക്കാരനും തന്നിൽ തന്നെ ആശ്രയിച്ചിരുന്നവനുമായ പത്രോസ് പടുകുഴിയിൽ വീണു. എന്നാൽ കർത്താവ് അവനെ പൊക്കിയെടുത്ത് തന്റെ അജഗണങ്ങളുടെ മുഴുവൻ ചുമതലയും അവനെ ഏൽപ്പിച്ചു. അവൻ തന്റെ കുരിശുമെടുത്ത് പീഡാസഹനത്തിലൂടെ കടന്നുപോകുമെന്ന കാര്യവും അവനെ ഓർമിപ്പിച്ചു. "നീ എന്നെ അനുഗമിക്കുക" എന്നു പറഞ്ഞ വാക്ക് അവൻ ശിരസ്സാ വഹിച്ചു.



malankaralibrary.com

# 29
# യേശുവിന്റെ മഹാപുരോഹിതപ്രാർത്ഥന

യോഹന്നാൻ എഴുതിയ സുവിശേഷം 17-ാം അധ്യായത്തിൽ കാണുന്ന മഹാപുരോഹിത പ്രാർഥനയും യോം കിപ്പൂർ എന്ന യഹൂദ പാപപരിഹാര പെരുന്നാളും തമ്മിൽ ബന്ധമുണ്ട്. ഈ പെരുന്നാൾ യാഥാർഥ്യം കണ്ടെത്തുന്നത് ഈ പ്രാർഥനയിലാണ്. മഹാപുരോഹിതൻ തന്നെ സ്വയം പാപപരിഹാരമാകുകയും പാപപരിഹാരബലി അർപ്പിക്കുകയും ചെയ്ത് ഒരേ സമയം പുരോഹിതനും ബലിവസ്തുവുമായി നമുക്കുവേണ്ടി പ്രാർഥിക്കുന്നു.

പാപപരിഹാര പെരുന്നാളിലെ അനുഷ്ഠാനങ്ങളെപ്പറ്റി ലേവ്യ പുസ്തകം വിവരിക്കുന്നു (23,26-32). ഈ പെരുന്നാൾദിനം പ്രധാന പുരോഹിതൻ പാപപരിഹാര ബലിക്കായി രണ്ട് ആൺ കോലാടുകളെയും (16,1-34) ദഹനബലിക്കായി ഒരു മുട്ടാടിനെയും തെരഞ്ഞെടുക്കുന്നു. തനിക്കും പുരോഹിത ഗോത്രത്തിനും ഇസ്രായേൽ ജനതയ്ക്ക് മുഴുവനും വേണ്ടിയും, പാപം നിമിത്തം അശുദ്ധമാക്കപ്പെട്ട വിശുദ്ധ സ്ഥലത്തിനും സമാഗമ കൂടാരത്തിനും വേണ്ടിയും അവയെ അർപ്പിക്കണം. ഇത് വർഷത്തിൽ ഒരിക്കലേ പാടുള്ളു. തദവസരം മാത്രം യാഹ്വെ എന്ന കർതൃനാമം ഉച്ചരിക്കാൻ മഹാപുരോഹിതന് അനുവാദമുള്ളു. ദൈവജനത്തിന്റെ പാപങ്ങളെല്ലാം പോക്കി ദൈവത്തിന്റെ സ്വന്തജനം എന്ന അവരുടെ സ്ഥാനമഹത്വം വീണ്ടെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ദൈവത്തിന്റെ സ്നേഹത്തിനും വിശുദ്ധിക്കും ധരയിൽ ഇടം നൽകുക എന്ന ലക്ഷ്യം ഇതുവഴി സാധിക്കുന്നു എന്നതാണ് സങ്കൽപ്പം. അങ്ങനെ തന്നോട് ഐക്യപ്പെട്ട ഒരു പരിശുദ്ധ ജനതയെ ദൈവത്തിനും സൃഷ്ടിക്കുമിടയിൽ മധ്യസ്ഥരാക്കി തീർക്കുക



malankaralibrary.com

എന്നതാണ് ലക്ഷ്യം. അതാണ് സീനായ് ഉടമ്പടിയുടെ പരമമായ ഉദ്ദേശം. പാപപങ്കിലമായ ലോകത്തെ വീണ്ടും ദൈവവുമായി രമ്യത പ്പെടുത്തുവാൻ ആയിരുന്നു ഈ പാപപരിഹാരബലി.

ഈ ഘടന തന്നെയാണ് യേശുവിന്റെ മഹാപുരോഹിത പ്രാർഥനയ്ക്കും ഉള്ളത്. തന്റെ മരണത്തിലേക്ക് പ്രവേശിക്കുന്ന ദിവ്യമുഹൂർത്തത്തിൽ തനിക്കു വേണ്ടിയും തന്റെ ശ്ലീഹന്മാർക്കു വേണ്ടി യും തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിയും-എല്ലാക്കാല ത്തുമുള്ള സഭയ്ക്കു വേണ്ടിയും- യേശു ദൈവതിരുമുമ്പാകെ പ്രാർഥി ക്കുന്നു (യോഹ.17,20). യേശുവാണ് പാപപരിഹാര ദിനത്തിലെ യഥാർഥ മഹാപുരോഹിതൻ.

എബ്രായലേഖന കർത്താവും ഈ രീതിയിലുള്ള വിചിന്തന മാണ് നടത്തുന്നത്. - യോഹ.17-നും എബ്രായ ലേഖനത്തിനും വളരെ യധികം ആശയപ്പൊരുത്തമുണ്ട്.-ക്രിസ്തുസംഭവത്തെ ആധാരമാക്കി പഴയനിയമത്തിലെ അനുഷ്ഠാനങ്ങളെ രണ്ടിടത്തും വ്യാഖ്യാനിച്ചിരി ക്കുന്നു. ദൈവമനുഷ്യ അനുരഞ്ജനസാധ്യത ഒരുക്കുന്ന പാപപരിഹാര ദിനത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ മഹാപുരോഹിത പ്രാർഥന.

ഇതുമൂലം ബലിമൃഗങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടു. തൽ സ്ഥാനത്ത് ആത്മീയ ബലിയർപ്പണം - വിശുദ്ധ കുർബാന - സ്ഥാപിത മായി. വചനം മാംസമായി. അവന്റെ ശരീരത്തെ കാഴ്ചയായി അവൻ അർപ്പിച്ചു. ക്രൂരമായ മരണത്തെ അവൻ വചനമാക്കി മാറ്റി. അങ്ങനെ യേശു തന്നെ ദൈവാലയമായി തീർന്നു. അവന്റെ സ്വയം സമർപ്പണ ത്തിന്റെ സാക്ഷാത്കാരമാണ് മഹാപുരോഹിത പ്രാർഥന. അത് കുർബാനയെ പ്രതിനിധാനം ചെയ്യുന്നു. അത് നവ്യമായ ആരാധന യാണ്. ലോകപാപം പേറി സഹനദാസൻ മഹാപുരോഹിതകർമ്മം അനുഷ്ഠിക്കുന്നു (ഏശാ.53). അവൻ ഒരേ സമയം പുരോഹിതനും ബലിവസ്തുവുമായി തീർന്നിരിക്കുന്നു. അങ്ങനെ ദൈവവുമായി നിത്യമായ രമ്യത നേടിയെടുത്തു.

**1. നിത്യജീവൻ**

നമ്മുടെ കർത്താവ് തന്റെ രക്ഷാകരവ്യാപാരം വഴി നമുക്ക് നിത്യ ജീവൻ നൽകി. ഈ നിത്യജീവനെ പറ്റി (സോയേ) നാം സുവിശേഷ ത്തിൽ വായിക്കുന്നു: "അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ



malankaralibrary.com

മനുഷ്യരുടെ പ്രകാശമായിരുന്നു" (യോഹ.1,304) "ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ.17,3). നശ്വരവും ക്ഷണഭംഗുരവുമായ ഈ ലോകജീവിതത്തിന് വിപരീതമായ ഒരു മരണാനന്തര ജീവിതമല്ലത്. നിത്യജീവൻ ജീവിതം തന്നെയാണ്. യഥാർത്ഥ ജീവിതം തന്നെ. അത് ഇപ്പോൾ തന്നെ ജീവിക്കാം. ഭൗതിക മരണത്തിനുപോലും അതിനെ വെല്ലുവിളിക്കാനാവില്ല. ഇപ്പോൾ ഇവിടെ ജീവൻ സ്വന്തമാക്കുക. ആർക്കും ഒരിക്കലും നശിപ്പിക്കാനാവാത്ത ജീവൻ സ്വന്തമാക്കുക. നമ്മുടെ കർത്താവ് പറഞ്ഞു: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കയില്ല" (യോഹ.11,25-26). ജീവൻ ഭൗതികദേഹം വെടിഞ്ഞാലും അവരുടെ ജീവൻ അമർത്യത പ്രാപിക്കും. ഇപ്പോൾ ഇവിടെവച്ച് ആ ജീവൻ സ്വന്തമാക്കുന്നവരെ സ്പർശിക്കാൻ മരണത്തിനു പോലും ശക്തിയില്ല. "ഞാൻ ജീവിക്കുന്നു, അതിനാൽ നിങ്ങളും ജീവിക്കും" (യോഹ.14,19). യേശുവിന്റെ യഥാർത്ഥശിഷ്യൻ ജീവിക്കുന്നവനാണ്. വിരസമായ അസ്തിത്വത്തിന് അപ്പുറമുള്ള യഥാർത്ഥ ജീവിതം കണ്ടെത്തി സ്വീകരിക്കുന്നവനാണ് ശിഷ്യൻ. ആദിമക്രൈസ്തവർ "ജീവിക്കുന്നവർ" (ഹൊയ് സോൻതെസ്) എന്ന് തങ്ങളെത്തന്നെ വിളിച്ചിരുന്നു

നമുക്ക് നിത്യജീവൻ ലഭിക്കുന്നത് ഒരു തിരിച്ചറിവിലൂടെയാണ്. "ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതാണ് നിത്യജീവൻ " (യോഹ.17,3). ഈ തിരിച്ചറിവ് ആന്തരിക കൂട്ടായ്മ ജനിപ്പിച്ച്, ദൈവവുമായി ആന്തരികൈക്യം ഉണ്ടാക്കുന്നു. ഏകദൈവത്തിലുള്ള വിശ്വാസമാണ് ആ തിരിച്ചറിവ്. ദൈവം പിതാവാണെന്നും യേശുക്രിസ്തു രക്ഷകനാണെന്നുമുള്ള തിരിച്ചറിവാണത്. നാം സത്യദൈവത്തെ അറിയുന്നത് യേശുക്രിസ്തുവിലൂടെയാണ്. യേശുക്രിസ്തുവുമായി നാം കൂടിക്കാഴ്ച നടത്തുമ്പോഴാണ് നാം തിരിച്ചറിവ് അനുഭവിക്കുന്നത്. അതിലൂടെ ദൈവത്തിലേക്കും ജീവനിലേക്കും നാം ഉൾച്ചേരും. പഴയനിയമത്തിൽ ദൈവത്തിലും ദൈവം അയച്ച മോശയിലും ജനം വിശ്വസിക്കേണ്ടിയിരുന്നു. മോശയിൽ ജനം ദൈവതിരുമുഖം ദർശിച്ചു. പുറപ്പാടിന്റെ ഈ പ്രതിധ്വനിയാണ് യോഹ. 17,3-ൽ കാണുന്നത്. ദൈവികബന്ധത്തിൽ നിന്ന് മനുഷ്യനു ലഭിക്കുന്ന



malankaralibrary.com

സൗജന്യദാനമാണ് നിത്യജീവൻ. മനുഷ്യൻ ദൈവികജീവൻ തുടിക്കുന്നവനായി മാറുന്നു. ജീവിതം തന്നെ അതിന്റെ പൂർണതയിൽ കരഗതമാകുന്നതാണ് നിത്യജീവൻ. ജീവനാകുന്ന യേശുവിനെ പിൻചെല്ലുന്നവൻ ജീവൻ തന്നെ കണ്ടെത്തിയിരിക്കുന്നു. ഈ ജീവൻ നമ്മുടെ ഭൗമിക ജീവമണ്ഡലത്തിനും അതീതമാണ്. അത് നിത്യം നിലനിൽക്കുന്നതാണ്. മനുഷ്യജീവിതത്തിന്റെ പരമവും ആത്യന്തികവുമായ ലക്ഷ്യം നിത്യജീവനാണ്. യേശുവിലൂടെ, യേശുവിൽ തന്നെ ദൈവവുമായി സ്പന്ദിക്കുന്ന ബന്ധമാണ് നിത്യജീവൻ. ഹൃദയസംവാദത്തിലൂടെ ദൈവവുമായി ഒന്നായി ഭവിക്കുന്നതാണിത്.

**2. ദൈവനാമം**

ദൈവനാമത്തിന്റെ വെളിപ്പെടുത്തലിലൂടെയാണ് യേശു നമുക്കിത് നൽകുന്നത്. "ലോകത്തിൽ നിന്ന് നീ എനിക്ക് നൽകിയവർക്ക് ഞാൻ നിന്റെ നാമം വെളിപ്പെടുത്തി...നിന്റെ നാമം ഞാൻ അവരെ അറിയിച്ചു. നീ എനിക്കു തന്ന സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അതറിയിക്കും" (യോഹ.17,6.26).

യേശു ദൈവനാമം വെളിപ്പെടുത്തി എന്നു പറഞ്ഞാൽ എന്താണർഥം? ഇവിടെ യേശു പുതിയ മോശയായി പ്രത്യക്ഷപ്പെടുന്നു. മുൾപ്പടർപ്പിൽ തുടങ്ങിയ നാമത്തിന്റെ വെളിപ്പെടുത്തൽ ഇവിടെ പൂർത്തിയാകുന്നു. തന്റെ നാമം വിളിച്ചപേക്ഷിക്കാൻ ദൈവം മനുഷ്യനെ അനുവദിച്ചു. കാലക്രമത്തിൽ നാമം എന്നത് ദൈവത്തിന്റെ മനുഷ്യരോടു കൂടെയുള്ള വാസത്തെ കുറിക്കുന്നതായി തീർന്നു. മനുഷ്യരുടെ ഇടയിലെ ദൈവസാന്നിധ്യമാണ് ദൈവത്തിന്റെ നാമം. ദൈവം സന്നിഹിതനും അപരിമേയനുമാണ്. ഈ ചിന്തയാണ് യേശുവിന്റെ വാക്കുകളുടെ പശ്ചാത്തലം. യേശു പുതിയ നാമം വെളിപ്പെടുത്തുമെന്നല്ല, പിന്നെയോ, ദൈവത്തിന്റെ പ്രത്യേക വിധത്തിലുള്ള സാന്നിധ്യം മനുഷ്യരുടെ ഇടയിൽ ഉണ്ടാക്കുമെന്നത്രേ. യേശുവിൽ ദൈവം മനുഷ്യർക്ക് തന്നെത്തന്നെ പങ്കുവയ്ക്കുന്നു. അതുകൊണ്ട്, യേശുവിനെ കാണുന്നവൻ പിതാവിനെ കാണുന്നു (യോഹ.14,10). ഇപ്പോൾ ദൈവം യേശു എന്ന വ്യക്തിയിൽ മൂർത്തീഭവിച്ചിരിക്കുന്നു. ഇപ്പോൾ ദൈവം മനുഷ്യനായി നമ്മുടെ ഉള്ളിൽ സജീവ സാന്നിധ്യമായിരിക്കുന്നു. ഇപ്പോൾ ദൈവം നമ്മോടു കൂടെയാണ്. ഇപ്പോൾ ദൈവം മനുഷ്യനാണ്.പ്രപഞ്ചം



malankaralibrary.com

മുഴുവൻ ക്രിസ്തുവിൽ ദൈവത്തിന്റെ വാസസ്ഥലമായിരിക്കാനാണിത്, പ്രപഞ്ചത്തിന്റെ സമൂല പരിവർത്തനത്തിനാണ്, സ്നേഹത്തിൽ ജീവിക്കാനാണ്, നാമം വെളിപ്പെടുത്തിയത്.

സഭാരംഭകാലത്ത് നാമം, നിയമം, ഉടമ്പടി, ആരംഭം തുടങ്ങിയവ യേശുവിന്റെ സംജ്ഞകളായിരുന്നു. ക്രിസ്തു എന്ന വ്യക്തി തന്നെയാണ് ദൈവനാമം. ദൈവം നമ്മെ സമീപിക്കുന്നത് അവനിലൂടെയാണ്. ഇത് കഴിഞ്ഞകാല സംഭവമല്ല. ക്രിസ്തുവിൽ ദൈവം ഇപ്പോൾ ഓരോ മനുഷ്യനെയും സ്നേഹപൂർവം സമീപിക്കുന്നു. ദൈവസമക്ഷം അണയാൻ ദൈവം ഇപ്രകാരം വഴിയൊരുക്കുന്നു. ക്രിസ്തുവിനെ മറ്റുള്ളവരെ അറിയിക്കുക എന്നു പറഞ്ഞാൽ, ദൈവത്തെ അറിയിക്കുക എന്നാണർഥം. “ഞാൻ നിന്റെ നാമം ഇനിയും അറിയിക്കും” എന്നു പറഞ്ഞാൽ, ഈ ആകർഷണപ്രക്രിയ തുടർന്നുകൊണ്ടേയിരിക്കും എന്നാണർഥം (യോഹ.12,32).

**3. ശിഷ്യരുടെ ഐക്യം**

തന്റെ ശ്ലീഹന്മാരും അവരുടെ വചനം മൂലം തന്നിൽ വിശ്വസിക്കുന്നവരും (യോഹ.17,20) ഐക്യത്തിൽ ജീവിക്കാനായി യേശു പ്രാർഥിക്കുന്നു. ഈ അപേക്ഷ അവിടുന്ന് നാലുപ്രാവശ്യം ആവർത്തിക്കുന്നു. യേശുവിനെ പിതാവ് അയച്ചതാണെന്ന് അറിയാനും അങ്ങനെ ലോകം യേശുവിൽ വിശ്വസിക്കാനും വേണ്ടിയാണ് ഐക്യത്തിൽ ആയിരിക്കേണ്ടത്. ഈ ഐക്യത്തിന്റെ മാതൃക പിതാവും പുത്രനും തമ്മിലുള്ള ഐക്യമാണ്.

“നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്...അവരെ കാത്തുകൊള്ളണമെ” (യോഹ.17,11). വീണ്ടും, യോഹ.17,21-ൽ പറയുന്നു: “അവരെല്ലാം ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, നീയെന്നെ അയച്ചെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർഥിക്കുന്നു”. വീണ്ടും, “നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് നീ എനിക്കു തന്ന മഹത്വം ഞാൻ അവർക്ക് നൽകിയിരിക്കുന്നു. അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലും ആയിരിക്കുന്നു. അങ്ങനെ നീ എന്നെ അയച്ചെന്ന് ലോകം അറിയട്ടെ” (യോഹ.17,22-23). നമ്മുടെ കർത്താവ് തുടരെത്തുടരെ ശിഷ്യരുടെ ഐക്യത്തിനുവേണ്ടി



malankaralibrary.com

പ്രാർഥിക്കുന്നു. എക്കാലത്തുമുള്ള തന്റെ അനുയായികളുടെ ഐക്യത്തിനു വേണ്ടിയാണ് ഈ പ്രാർഥന.

ഈ ഐക്യം മനുഷ്യനിർമിതമല്ല, സംഘടനകളുടെ ഐക്യം പോലെയോ, രാഷ്ട്രീയകക്ഷികളുടെ ഐക്യം പോലെയോ അല്ലിത്. പിന്നെയോ, ഇത് സ്വർഗീയപിതാവ് ദാനമായി നൽകുന്നതാണ്. പിതാവും പുത്രനും തമ്മിലുള്ള ഐക്യം തന്നെയാണ് ഈ ഐക്യത്തിന്റെ മൂലസ്രോതസ്സ്. ശിഷ്യരുടെ ഐക്യത്തിലൂടെ യേശുവിന്റെ ജീവിതദൗത്യം ലോകത്തിന് വ്യക്തമാകണം, സന്നിഹിതമാക്കണം. യേശുവിലുള്ള വിശ്വാസമാണ് ഐക്യത്തിന്റെ അടിസ്ഥാനവും സഭൈക്യത്തിന്റെ നാരായവേരും. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്ന് ഉരുത്തിരിയുന്ന ഐക്യത്തിൽ ഒന്നായി തീരുകയും, ദൈവത്തെ അറിയാനുള്ള രക്ഷയുടെ മാർഗത്തിലേക്ക് ലോകത്തെ നയിക്കാനുള്ള യേശുവിന്റെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരുകയും, അങ്ങനെ ലോകത്തെ വീണ്ടെടുക്കുകയും ചെയ്യുന്ന ശിഷ്യരുടെ സമൂഹമാണ് സഭ. യേശുവിന്റെ പ്രാർഥനയിൽ നിന്നാണ് സഭ ജന്മമെടുക്കുന്നത്. തന്നെത്തന്നെ ഹോമിക്കുന്ന ദിവ്യകർമത്തിലാണ് സഭ പിറക്കുന്നത്.





malankaralibrary.com

# 30
# യേശുവിന്റെ പെസഹാ

യേശുവിന്റെ ഈ ലോകത്തിൽ നിന്നുള്ള കടന്നുപോക്ക്, അതുമായി ബന്ധപ്പെട്ട സംഗതികൾ എന്നിവയ്ക്ക് യേശുവിന്റെ പെസഹാ എന്നു പറയാം. യേശുവിന്റെ അന്ത്യത്താഴവും അതോട് ബന്ധപ്പെട്ട കുർബാന സ്ഥാപനവും പീഡാനുഭവവും മരണവും യഹൂദ പെസഹായുടെ കാലയളവിലാണ് നടന്നത്. ശിഷ്യരുമായി യേശു അന്ത്യത്താഴം കഴിച്ചത് വ്യാഴാഴ്ച തന്നെ. എന്നാലത് യഹൂദരുടെ പെസഹാ ഭക്ഷണമല്ലായിരുന്നു. യഹൂദരുടെ പെസഹാദിനത്തിലും അല്ലായിരുന്നു. അന്ത്യത്താഴത്തിന്റെ അവസാനം യേശു അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമാക്കി മാറ്റി ശിഷ്യന്മാർക്ക് നൽകി. ജറുസലേം ദൈവാലയത്തിൽ പെസഹാ കുഞ്ഞാടുകളെ അറക്കുന്ന സമയത്താണ് യേശുവിന്റെ കുരിശുമരണം സംഭവിച്ചത്. അന്ന് വൈകുന്നേരം മുതലായിരുന്നു യഹൂദരുടെ പെസഹാ.

യേശുവിന്റെ പെസഹാരഹസ്യവുമായി ബന്ധപ്പെട്ട സംഗതികൾ ചരിത്രത്തിൽ സംഭവിച്ചവ തന്നെ. എന്നാൽ അവയെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്ന സംഗതികൾ മുഴുവൻ അപ്പാടെ കൃത്യമായി "ഇങ്ങനെയാണ് സംഭവിച്ചത്" എന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. കാരണം, യേശുവിന്റെ യഥാർത്ഥ വചസ്സുകളും (ഇപ്സീസ്സിമാ വേർബാ യേസു), യേശുവിന്റെ സ്വരവും (ഇപ്സീസ്സിമാ വോക്സ് യേസു) തമ്മിലന്തരമുണ്ട്. താദാത്മ്യവുമുണ്ട്. പുതിയനിയമത്തിൽ നാം കേൾക്കുന്നത് യേശുവിന്റെ സ്വരമാണ്. എന്നാൽ യേശു പറഞ്ഞ അതേ വാക്കുകളാണോ നാം കേൾക്കുന്നത്? അടിസ്ഥാനവിശ്വാസ സത്യങ്ങൾ ചരിത്രപരമായി നടന്നതും വിശ്വസനീയവുമാണ്. വചനം മാംസമായതു പോലെ,



malankaralibrary.com

യാഥാർഥ്യമായതു പോലെ -ഫാക്തും എസ്ത്-(യോഹ.1,14), അന്തിമ ഭോജനം, കുർബാനസ്ഥാപനം, കുരിശുമരണം, ഉത്ഥാനം എന്നീ സംഭവങ്ങളും യാഥാർഥ്യമാണ്, സംഭവിച്ചവയാണ് (ഫാക്തും എസ്ത്). ഈ ലോകത്തിൽ യഥാർഥമായി നടന്നവയാണ്. അവ യഥാർഥത്തിൽ സംഭവിച്ചവ ആയതിനാലാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അന്തഃ സത്ത സത്യമായിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ സുദൃഢമായ ആധാരശില ഈ വിശ്വാസമാണ്.

യേശുവിന്റെ കാലത്തെ യഹൂദലോകം വളരെ സങ്കീർണമായിരുന്നു. അവരുടെ ഇടയിൽ വ്യത്യസ്ത കലണ്ടറുകൾ പ്രചരിച്ചിരുന്നു. അവയനുസരിച്ച് വ്യത്യസ്ത പെസഹാ തീയതികളും ഉണ്ടായിരുന്നു. യഹൂദരുടെ ഇടയിലെ തീവ്രവാദികളായ കുംറാൻ സമൂഹത്തിന് അവരുടേതായ കലണ്ടറും പെസഹാ തീയതിയും ഉണ്ടായിരുന്നു എന്ന് ജൂബിലിഗ്രന്ഥം സാക്ഷിക്കുന്നു. മതപുരോഹിതന്മാർക്ക് മറ്റൊരു കലണ്ടർ ഉണ്ടായിരുന്നു. ഇവയിൽ ഏതു കലണ്ടർ അനുസരിച്ചാണ് യേശു പെസഹാ അനുഷ്ഠിച്ചത് എന്നു പറയാൻ പ്രയാസം. സുവിശേഷത്തിൽ കാണുന്ന പൊരുത്തക്കേടുകൾ എന്ന് തോന്നിക്കുന്നവയ്ക്ക് ഒരു കാരണം ഈ വ്യത്യസ്ത കലണ്ടറുകളാണ്. യഹൂദരുടെ പെസഹാ അനുഷ്ഠാനങ്ങളെപ്പറ്റി സുവിശേഷങ്ങൾ വളരെ കുറച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. യേശുവിന്റെ അന്ത്യഭോജനത്തെ പറ്റിയുള്ള യഥാർഥവും മൗലികവുമായ വിവരണത്തിൽ സുവിശേഷകന്മാർ യഹൂദ പെസഹായെപ്പറ്റി പരാമർശിക്കുന്നില്ല. അത് അവരുടെ വിഷയമല്ലായിരുന്നു. യേശുവിന്റെ വിചാരണ നടക്കുന്നതുവരെ യഹൂദ പുരോഹിതന്മാർ പെസഹാ അത്താഴം കഴിച്ചിരുന്നില്ല.

നാം ഓർത്തിരിക്കേണ്ട മറ്റൊരു സംഗതിയുണ്ട്. അതായത്, യേശുവിന്റെ മരണശേഷം വളരെ വർഷങ്ങൾ കഴിഞ്ഞാണ് പുതിയ നിയമ ഗ്രന്ഥങ്ങൾ -സുവിശേഷങ്ങൾ - എഴുതപ്പെട്ടത്. മർക്കോസിന്റെ സുവിശേഷം ലിഖിത രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത് ക്രി.വ. 66-നും 70-നും ഇടയ്ക്ക് റോമിൽ വച്ചാണ്. വിജാതിയ ക്രിസ്ത്യാനികളെ മുമ്പിൽ കണ്ടുകൊണ്ടാണ് മർക്കോസ് എഴുതിയത്. മത്തായിയുടെ സുവിശേഷത്തിന്റെ മൂലരൂപം ക്രി.വ.75-നും 90-നും ഇടയ്ക്ക് പ്രസിദ്ധീകൃതമായി. യഹൂദ ക്രിസ്ത്യാനികളെ മുമ്പിൽ കണ്ടുകൊണ്ട്, പ്രവചനങ്ങളുടെ പൂർത്തീകരണമായി മത്തായി സുവിശേഷം അവതരിപ്പിക്കുന്നു. ലൂക്കാ ഗ്രീസിൽവച്ച് ക്രി.വ.70-നുശേഷം സുവിശേഷം



malankaralibrary.com

രചിച്ചു. മത്തായിയും മർക്കോസും ഉപയോഗിച്ച മൂലരേഖകളും മറ്റു ചില പാരമ്പര്യങ്ങളും ലൂക്കാ ഉപയോഗിച്ചു. ലൂക്കായും വിജാതിയ ക്രിസ്ത്യാനികളെയും മുമ്പിൽ കണ്ടുകൊണ്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സമാന്തരസുവിശേഷങ്ങൾക്ക് ഏതാണ്ട് ഒരേ ഘടനയാണ്. യോഹന്നാൻ ക്രി.വ. 95-ൽ എഫേസോസിൽ വച്ച് തന്റെ സുവിശേഷരചന പൂർത്തിയാക്കി. യേശു, ദൈവപുത്രനായ ക്രിസ്തു ആണെന്ന് വിശ്വസിക്കുന്നതിനും അങ്ങനെ അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് താൻ സുവിശേഷരചന നടത്തിയതെന്ന് ഗ്രന്ഥകാരൻ പറയുന്നു (യോഹ.20,30-31).

സുവിശേഷങ്ങളുടെ അന്തിമരൂപം ഉണ്ടായത് ജറുസലേമിന്റെയും ദൈവാലയത്തിന്റെയും തകർച്ചയ്ക്ക് ശേഷമാണ്. എന്നാൽ കർതൃവചനങ്ങളുടെ സമാഹാരം സഭകളിൽ പരമ്പരാഗതമായി നിലനിന്നു. കുരിശുമരണം മുതൽ സുവിശേഷങ്ങളുടെ അന്ത്യരൂപീകരണം വരെയുള്ള കാലം കർതൃമൊഴികൾ സഭകളിലും സമൂഹങ്ങളിലും സജീവമായി നിലനിന്നു. ഓരോ സുവിശേഷകനും തന്റെ ലക്ഷ്യമനുസരിച്ച് ഈ കർതൃവചനങ്ങൾ ഉപയോഗിച്ചു. സുവിശേഷങ്ങൾ അന്തിമരൂപം പ്രാപിക്കുന്നതിനു മുമ്പ് സഭാപാരമ്പര്യം അനുസരിച്ച് വെട്ടിത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ഉണ്ടായി. അങ്ങനെ വിവരണങ്ങളിൽ വൈവിധ്യം ഉണ്ടായി. എന്നാൽ അടിസ്ഥാനപരമായി ആ എഴുത്തുകാർ സത്യത്തിന്റെ വക്താക്കളായിരുന്നു. അവരെ നയിച്ചത് പരിശുദ്ധാത്മാവാണ്. സമാന്തര സുവിശേഷകരും യോഹന്നാനും നൽകുന്ന വിവരണങ്ങളിൽ അൽപ്പസ്വൽപ്പം വ്യത്യാസമുണ്ട്. എന്നാൽ സാരസത്തയിൽ യാതൊരന്തരവുമില്ല.

"പെസഹാബലി അർപ്പിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം ദിവസം ശിഷ്യന്മാർ പെസഹാ ഒരുക്കി" എന്ന് മർക്കോസ് പറയുന്നു. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ഏഴുദിവസം നീണ്ടുനിന്നു. ഒന്നാം ദിവസം വൈകിട്ട് യേശുവും ശിഷ്യന്മാരും അന്ത്യത്താഴം നടത്തി (മർക്കോസ്, 14,12.17). അന്നു രാത്രിയിലാണ് ഗത്സമേനിലെ പ്രാർഥന നടന്നത്. തദവസരം യേശുവിനെ പിടികൂടി. രാത്രിയിലെ കുറേ വിസ്താരവും പരിഹാസവും നടന്നു. പിറ്റേദിവസം രാവിലെ പീലാത്തോസിന്റെ പക്കലെത്തിച്ച് വിസ്തരിച്ചു. റോമൻ ഗവർണർമാർ വിചാരണ നടത്തിയിരുന്നത് പ്രഭാതത്തിലാണ്. പീലാത്തോസ് യേശുവിനെ കൊലയ്ക്ക് വിധിച്ചു. രാവിലെ ഒൻപതു മണിക്ക്



malankaralibrary.com

യേശുവിനെ കുരിശിലേക്ക് നയിച്ചു. ഉച്ചയ്ക്ക് പന്ത്രണ്ടിന് കുരിശിൽ തറച്ചു. മൂന്നു മണിക്ക് യേശു കുരിശിൽ കിടന്ന് മരിച്ചു. അന്ന് സന്ധ്യയ്ക്ക് മുമ്പേ അടക്കി. കാരണം, "അത് സാബതിനു തൊട്ടുമുമ്പുള്ള ഒരുക്ക ദിവസമായിരുന്നു" (മർക്കോ. 15,42). ആ സാബതുദിവസം തന്നെ യായിരുന്നു ആ വർഷത്തെ യഹൂദ പെസഹാ എന്ന് അനുമാനിക്കു ന്നതിൽ തെറ്റില്ല.

അതിന് യോഹന്നാൻ തെളിവ് നൽകുന്നു. യേശുവിനെ പീലാ ത്തോസിന്റെ അടുത്തു കൊണ്ടുവന്നപ്പോൾ, യഹൂദ മതാധികാരികൾ "അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല" (യോഹ.18,28). അതായത്, യേശുവിനെ വിധിച്ച സമയത്ത് യഹൂദരുടെ പെസഹാഭോജനം കഴിഞ്ഞിരുന്നില്ല. പെസഹാ അന്നു വൈകുന്നേരത്താണ് ആരംഭിക്കേണ്ടിയിരുന്നത്. കുരിശിലേറ്റി യത് യഹൂദരുടെ പെസഹായുടെ തലേന്നാൾ ആണ്. യഹൂദർ പെസഹാ കുഞ്ഞാടുകളെ കൊല്ലുന്ന മണിക്കൂറിലാണ് യേശു മരിച്ചത്. ആ വർഷത്തെ യഹൂദപെസഹാ ഈ കണക്കനുസരിച്ച് വെള്ളിയാഴ്ച വൈകിട്ടു മുതൽ ശനിയാഴ്ച വൈകിട്ടു വരെ ആയിരുന്നു. യേശുവിന്റെ വിചാരണയും കുരിശുമരണവും പെസഹാനാളിൽ തന്നെയാകാൻ സാധ്യത കുറവാണ്. "തിരുനാളിൽ വേണ്ട,ജനങ്ങൾ ബഹളമുണ്ടാക്കും" എന്ന് മർക്കോസ് തന്നെ പറയുന്നു (14,2).

യേശു ഏതു കലണ്ടർ ഉപയോഗിച്ചാണ് പെസഹാ അത്താഴം കഴിച്ചതെന്ന ഖണ്ഡിതമായി പറയാനാകില്ല. സമാന്തര സുവിശേഷ കരും യോഹന്നാനും ഏതു യഹൂദ കലണ്ടർ ഉപയോഗിച്ചാണ് വിവര ണം തയാറാക്കിയതെന്നും കൃത്യമായി പറയാൻ സാധ്യമല്ല. യേശു വിന്റെ അന്ത്യത്താഴം -പെസഹാ- വ്യാഴാഴ്ചയായിരുന്നു എന്നതാണ് രണ്ടാം നൂറ്റാണ്ടു മുതലുള്ള പ്രബലമായ അഭിപ്രായം. തന്റെ പന്തി ഭോജനത്തിൽ യേശു തന്നെത്തന്നെ സത്യകുഞ്ഞാടായി ശിഷ്യന്മാർ ക്കു നൽകി. തന്റേതു മാത്രമായ പെസഹാ സ്ഥാപിച്ചു. യേശുവിന്റെ അന്ത്യത്താഴം പഴയ പെസഹായല്ല. ആദിമസഭ യേശുവിന്റെ അന്ത്യ ത്താഴത്തിന് പുതിയ വ്യാഖ്യാനം നൽകി.

**1. വി. കുർബാനസ്ഥാപനം**

വി. കുർബാനസ്ഥാപനത്തെപ്പറ്റി സമാന്തരസുവിശേഷങ്ങളും വി. പൗലോസ് ശ്ലീഹായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരണങ്ങൾ



malankaralibrary.com

തമ്മിൽ കാതലായ കാര്യങ്ങളിൽ അന്തരമില്ല. എന്നാൽ അവതരണ ശൈലിയിൽ അൽപസ്വൽപം വ്യത്യാസമുള്ളത് കാര്യമാക്കാനില്ല. ഈ വിവരണങ്ങളെല്ലാം അന്ത്യത്താഴത്തോടും യഹൂദരുടെ പെസഹാ പശ്ചാത്തലത്തോടും കർത്താവിന്റെ പീഡാനുഭവത്തോടും ബന്ധപ്പെടുത്തുന്നു. യേശു ഉച്ചരിച്ച തിരുവചനങ്ങൾ തന്നെയാണ് രചയിതാക്കൾ കുറിച്ചത്. അത് സഭയിൽ പരമ്പരാഗതമായി നിലനിന്നതും കൈമാറിയതുമാണ്. അവ വ്യത്യസ്ത സ്വഭാവമുള്ള രണ്ട് പാരമ്പര്യ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. യേശുവിന്റെ വാക്കുകൾ പുറപ്പാട് 24 – ഉം ജറമിയാ 31-ഉം അധ്യായങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കി, തങ്ങളുടെ പശ്ചാത്തലമനുസരിച്ചുള്ള ഊന്നൽ നൽകി.

വി. മർക്കോസ്: "ഇത് സ്വീകരിക്കുവിൻ. ഇത് എന്റെ ശരീരമാണ്. ..ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു (14,22–24).

വി. മത്തായി ശ്ലീഹാ: "വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരമാണ്...ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ് " (26,26–28).

വി. പൗലോസ് ശ്ലീഹാ: "ഇത് നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ...ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. നിങ്ങൾ ഇത് പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ചെയ്യുവിൻ" (1കൊറി.11,24–25).

വി. ലൂക്കാ: "ഇത് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി ഇത് ചെയ്യുവിൻ... ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (22,19–20).

വി.മത്തായിയും വി.മർക്കോസും വിരൽ ചൂണ്ടുന്നത് പുറപ്പാട് ഗ്രന്ഥത്തിലേക്കാണ് (24,8). സീനായ് മലമുകളിൽ വച്ച് രക്തം കൊണ്ട് ഉടമ്പടി മുദ്ര വയ്ക്കപ്പെട്ട രംഗമാണ് അവർ നമ്മുടെ സ്മരണയിൽ കൊണ്ടുവരുന്നത്. വി.പൗലോസും വി.ലൂക്കായും ഉടമ്പടിയെപ്പറ്റി പറഞ്ഞു കൊണ്ട് ജറമിയായെ അനുസ്മരിപ്പിക്കുന്നു: "ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം വരുന്നു" (31,31).

"അനേകർക്കുവേണ്ടി" ചിന്തപ്പെടുന്ന രക്തം എന്നു പറയുമ്പോൾ, മത്തായിയും മർക്കോസും ഏശായായെ അനുസ്മരിപ്പിക്കുന്നു.



malankaralibrary.com

"അനേകർക്കുവേണ്ടി" മരണത്തിന് ഏൽപ്പിച്ചുകൊടുക്കപ്പെട്ട സഹന ദാസനെ പറ്റിയാണ് ഏശായാ പ്രവചിച്ചത് (53,12). "നിങ്ങൾക്കുവേണ്ടി" ചിന്തപ്പെടുന്ന രക്തം എന്നു പറയുമ്പോൾ, ബലി അർപ്പിക്കുന്ന ശിഷ്യഗണത്തെ മുമ്പിൽ കണ്ടുകൊണ്ടാണ് പൗലോസും ലൂക്കായും എഴുതുന്നത്.

ആദിമസഭ യേശു പറഞ്ഞ വാക്കുകളുടെ പഴയനിയമ പശ്ചാത്തലം തേടി. കൂദാശ വചനങ്ങൾ മന്ത്രോച്ചാരണമല്ല. അത് പ്രാർഥനയാണ്. യേശുവിലും യേശുവിനോടൊത്തുമുള്ള പ്രാർഥന. നമ്മുടെ കുർബാന (അനാഫറ, എവുക്കരിസ്തിയാ), യഹൂദരുടെ ബെറാക്കായിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. എബ്രായ പാരമ്പര്യത്തിൽ "അനേകർ" എന്നാൽ "എല്ലാവരും" എന്നാണർഥം. "അനേകർക്ക്" എല്ലാവരും എന്ന അർഥം കൈവന്നത് വിജാതിയരുടെ വിളിയോടുകൂടിയാണ്. അതിനുമുമ്പ് യഹൂദരുടെ പൂർണത മാത്രമാണ് ആ പദം അർഥമാക്കിയിരുന്നത്. "ചിന്തപ്പെടുന്നത്" രക്തത്തെയല്ല, പാനപാത്രത്തെയാണ് സൂചിപ്പിക്കുന്നത്. പാനപാത്രത്തിൽ നിന്ന് ചിന്തപ്പെടുന്ന രക്തം. ദൈവിക ജീവനാണ് ഇതിൽ നിന്ന് വർഷിക്കപ്പെടുന്നത്. അതായത്, വിശുദ്ധ കുർബാന എന്ന കൗദാശിക പ്രവൃത്തിയെയാണ് ഇത് സൂചിപ്പിക്കുന്നത്. കുരിശിൽ രക്തം ചിന്തപ്പെട്ടത് എല്ലാവർക്കും വേണ്ടിയാണ്. എന്നാൽ കൂദാശയിൽ ചിന്തപ്പെടുന്ന രക്തം പരിമിതപ്പെട്ട സമൂഹത്തിനാണ്. അത് അനേകർക്കുവേണ്ടിയാണ്, അത് എല്ലാവർക്കും ലഭിക്കുന്നില്ല. കുർബാനയിൽ പരിമിതമാനവും യേശുവിന്റെ മരണത്തിൽ സാർവത്രികമാനവുമാണുള്ളത്. "മനുഷ്യപുത്രൻ വന്നിരിക്കുന്നത്... അനേകർക്കു വേണ്ടി സ്വന്തം ജീവൻ നൽകാനാണ്" (മർക്കോ. 10,45). ഇത് ഏശായായിലെ സഹനദാസന്റെ ചിത്രമാണ് (53). സഹനദാസന്റെ നിയോഗദൗത്യവും മനുഷ്യപുത്രന്റെ കർമനിയോഗവും തന്നിൽ പൂർത്തിയായെന്ന് യേശു അറിഞ്ഞിരുന്നു. ഇത് ആദിമസഭ സാവധാനത്തിൽ മനസ്സിലാക്കി: "അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചനദ്രവ്യമായി നൽകി" (1തിമോ.2,6). അതായത്, യേശു മരിച്ചത് മനുഷ്യവർഗം മുഴുവനും വേണ്ടിയാണ് (റോമ.11,25-26) വി.കുർബാന സ്ഥാപനത്തോടുകൂടെ സഭ തന്നെ സ്ഥാപിക്കപ്പെടുകയായിരുന്നു.

**2. ഞായറാഴ്ച ദിവ്യബലി**

"എന്റെ ഓർമയ്ക്കായി ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ"എന്ന് യേശു കൽപ്പിച്ചത്, യഹൂദരുടെ പെസഹാ ഭോജനമല്ല. അന്ത്യവിരുന്ന്



malankaralibrary.com

പെസഹാ ഭോജനമായിരുന്നെങ്കിൽ, അതാവർത്തിക്കാൻ യേശു ആവശ്യപ്പെടുമായിരുന്നില്ല. കാരണം, അത് ആണ്ടിലൊരിക്കൽ നിശ്ചിതാനുഷ്ഠാനങ്ങളോടെ ഇസ്രായേൽക്കാർ അനുഷ്ഠിച്ചിരുന്നതാണ്. യേശുവിന്റെ അന്ത്യത്താഴം ആവർത്തിക്കാനുമല്ല യേശു നിർദേശിച്ചത്. അത്താഴത്തിന്റെ അവസരം ചെയ്ത അപ്പത്തിന്റെയും വീഞ്ഞിന്റെയും മേലുള്ള സ്തോത്രാർപ്പണവും വാക്കുകളും ചെയ്തികളും ആവർത്തിക്കാനാണ് കൽപ്പിച്ചത്. ഇത് നൂതനമാണ്, പുതിയ ഉടമ്പടിയാണ്, പുതിയ പെസഹായാണ്. പുതിയ ആരാധനയുടെ സാരാംശ ഘടകങ്ങൾ യേശു നൽകി. കാലാന്തരത്തിൽ സഭാജീവിതത്തിൽ അവ വളർന്ന് വികസിച്ചു.

ആദ്യമാദ്യം ചിലയിടങ്ങളിൽ ഭക്ഷണത്തോട് ബന്ധപ്പെടുത്തി ആയിരുന്നു ഈ കൃതജ്ഞതാസ്തോത്രം (1കൊറി.11,20-22.34). അത് പിന്നീട് നിന്നുപോയി. കുർബാനയുടെ ഘടകങ്ങൾ ക്രമീകൃതമായി നിയതരൂപം പ്രാപിച്ചു. അതുകൊണ്ട് കുർബാനയെ "കർത്താവിന്റെ തിരുവത്താഴം" എന്ന് ചിന്തിക്കാനും പറയാനും പാടില്ല.

അപ്പത്തിന്റെയും വീഞ്ഞിന്റെയും മേലുള്ള കൃതജ്ഞതാ സമർപ്പണ പ്രാർഥനയാണ് കുർബാനയുടെ അടിസ്ഥാന മൂലഘടകം. അതിനെ വികസിപ്പിച്ചാണ് ഇന്നത്തെ കുർബാന ക്രമങ്ങളെല്ലാം. അവിടെ കർത്താവിന്റെ മരണവും ഉത്ഥാനവുമാണ് പ്രധാന ഘടകം. ദൈവം തന്റെ പുത്രനിലൂടെ ചൊരിഞ്ഞ മഹാദാനത്തിനുള്ള കൃതജ്ഞതാർപ്പണമാണിത്. ഇത് സ്വർഗീയപിതാവിനുള്ള സ്തോത്രാർപ്പണമാണ്. അപ്പം മുറിക്കൽ, കർത്താവിന്റെ അത്താഴം എന്നീ പദങ്ങൾ 16-ാം നൂറ്റാണ്ടുവരെ കുർബാനയെ കുറിക്കാൻ സഭാചരിത്രത്തിൽ ഉപയോഗിച്ചിട്ടില്ല.

സഭാരംഭം മുതൽ, കർത്താവുത്ഥാനം ചെയ്ത ഞായറാഴ്ച രാവിലെ വി. കുർബാന അർപ്പിക്കുന്ന രീതി ഉടലെടുത്തു. ആഴ്ചയുടെ ആദ്യദിവസത്തിന്റെ പ്രഭാതം ക്രിസ്തീയാരാധനാ മണിക്കൂറായി. ഞായറാഴ്ച കർത്താവിന്റെ ദിവസമായി (നടപടി,20,7; 1കൊറി.16,2; വെളി.1,10; ഡിഡാക്കെ,14,1; ഇഗ്നേഷ്യസ്, മഗ്നേഷ്യർക്ക്,9,1). ഉത്ഥിതനായ കർത്താവുമായുള്ള കൂടിക്കാഴ്ചയാണ് വി.കുർബാന



malankaralibrary.com

# 31
## ഗത്സമെൻ തോട്ടം

അന്ത്യത്താഴത്തിനുശേഷം യേശുവും ശിഷ്യന്മാരും ഒലിവുമല യിലേക്ക് പോയി (മർക്കോ. 14,26). അവർ ഗത്സമെൻ എന്ന സ്ഥല ത്തെത്തി. "ഞാൻ പ്രാർഥിക്കുമ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുവിൻ" എന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു (മർക്കോ.14,32). അതൊരു തോട്ടമായിരുന്നു (യോഹ. 18,1). അത് ഒലിവിൻ തോട്ടമായിരുന്നു. പറുദീസാ എന്ന തോട്ടവും ഗത്സമെൻ തോട്ടവും തമ്മിൽ ദൈവശാസ്ത്രപരമായി ബന്ധമുണ്ട്. ക്രൂശിക്കപ്പെട്ട സ്ഥലത്തും ഒരു തോട്ടം ഉണ്ടായിരുന്നു. തോട്ടത്തിൽ ഒരു കല്ലറയും (യോഹ.19,41). ഒരു തോട്ടത്തിൽ വച്ച് മനുഷ്യകുലത്തിന്റെ തലവന് വീഴ്ചയുണ്ടായി. മറ്റൊരു തോട്ടത്തിൽ വച്ച് ദൈവഹിതത്തിനുള്ള കീഴ്വഴക്കവും വീണ്ടെടുപ്പും രക്ഷയും ഉണ്ടായി. ഇതാണ് ദൈവശാസ്ത്രബന്ധം.

നമ്മുടെ കർത്താവ് സക്കറിയാ പ്രവാചകനെ കൂട്ടുപിടിച്ച് സ്വന്തം മരണം പ്രവചിച്ചു: "ഞാൻ ഇടയനെ അടിക്കും. ആടുകൾ ചിതറിപ്പോ കും" (സക്ക.13,7; മത്താ.26,31). "അടിക്കുക" എന്നാൽ അടിച്ചുകൊല്ലുക എന്നർഥം. തദനുസൃതം മിശിഹായെ അടിച്ചുകൊന്നു. ഇസ്രായേൽ ജനം ഒരിക്കൽകൂടി ചിതറിപ്പോയി. യേശു തന്നെയാണ് ഇസ്രായേൽ ജനത്തിന്റെയും മനുഷ്യകുലം മുഴുവന്റെയും ഇടയൻ. ഈ ഇടയൻ മനുഷ്യകുലത്തിന്റെ പാപം പേറി ക്രൂരമരണത്തിന് വിധേയനാക്കപ്പെട്ടു.

എന്നാൽ അതോടൊപ്പം രക്ഷയുടെ വാഗ്ദാനവും നൽകുന്നു: "ഞാൻ ഉയിർപ്പിക്കപ്പെട്ടശേഷം നിങ്ങൾക്കുമുമ്പേ ഗലീലിയിലേക്ക് പോകും"എന്ന് കർത്താവ് വാഗ്ദാനം ചെയ്യുന്നു (മർക്കോ. 14,28). ഉത്ഥി തനായ യേശു ഇടയനായി മരണത്തിലൂടെ ജീവന്റെ പാതയിലേക്ക്



malankaralibrary.com

നമ്മെ നയിച്ചുകൊണ്ട് മുമ്പേ പോകുന്നു. വിജാതിയരുടെ പക്കലേക്കുള്ള രക്ഷയുടെ സൂചനയും ഇതിലുണ്ട്. കാരണം, ഗലീലിയിൽ കൂടുതലും വിജാതിയർ ആയിരുന്നു. എന്നാൽ ഇതൊന്നും അപ്പോൾ ഗ്രഹിക്കാൻ ശിഷ്യന്മാർക്ക് കഴിഞ്ഞില്ല.

അന്ത്യത്താഴത്തിൽ വച്ച് ഹല്ലേൽ സങ്കീർത്തനങ്ങൾ ആലപിച്ച ശേഷം (113-118) യേശുവും ശിഷ്യന്മാരും കൂടി പ്രാർഥനാനിർഭരരായി ഗത്സമെൻ തോട്ടത്തിൽ പ്രവേശിച്ചു. അവിടെ വച്ച് യേശു തനിയെ പ്രാർഥിക്കുന്നു. എന്നാൽ തൊട്ടടുത്ത് പത്രോസും യാക്കോബും യോഹന്നാനും ഉണ്ടായിരുന്നു. "യേശു പര്യാകുലനാകാനും അസ്വസ്തനാകാനും തുടങ്ങി" (മർക്കോ. 14,33). എന്നിട്ട് ശിഷ്യരോട് പറഞ്ഞു: "എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ" (മർക്കോ.14,34). ഇത് സങ്കീർത്തനം 43,5 സൂചിപ്പിക്കുന്നു. കർത്താവ് നിലത്തുവീണ്, സാഷ്ടാംഗപ്രണാമം ചെയ്ത് പ്രാർഥിച്ചു. അതായത്, പൂർണമായി തന്നെത്തന്നെ പിതാവിന് സമർപ്പിച്ചു എന്നർഥം. കഴിയുമെങ്കിൽ ആ മണിക്കൂർ തന്നെ കടന്നു പോകട്ടെ എന്ന് കർത്താവ് നിലത്തുവീണ് പ്രാർഥിച്ചു. "ആബാ, പിതാവേ, എല്ലാം നിനക്ക് സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിത്തരണമെ. എന്നാൽ എന്റെ ഹിതമല്ല. നിന്റെ ഹിതം മാത്രം നടക്കട്ടെ" (മർക്കോ.14,35-36).

മനുഷ്യന് ജന്മസിദ്ധമായ ഭയത്തിന്റെ അനുഭവം മനുഷ്യൻ എന്ന നിലയിൽ യേശുവിന് ഉണ്ടായി. "അവന്റെ വിയർപ്പുതുള്ളികൾ രക്തത്തുള്ളികൾ പോലെ തോന്നിച്ചു" (ലൂ.22,44). "ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. പിതാവേ, ഈ മണിക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമെ. അല്ല, ഇതിനു വേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്ക് ഞാൻ വന്നത്" എന്നാണ് യോഹന്നാൻ ഇതേപ്പറ്റി പറയുന്നത്. ഇതിന് സങ്കീർത്തനം 43,5-മായി ഉറ്റബന്ധമുണ്ട്. ഇത് യോഹന്നാനിൽ വേറേയിടങ്ങളിലും കാണുന്നു (11, 33; 13, 21). ഭയാധിക്യത്താൽ യേശു "നെടുവീർപ്പിട്ട് കരഞ്ഞു" എന്നർഥം വരുന്ന ഗ്രീക്കു വാക്കാണ് യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത്. മരണത്തിന്റെ ഭീകരമുഖം കണ്ട്, ജീവൻ തന്നെയായ യേശുപോലും ഒന്നു പകച്ചു പോയി. തിന്മയുടെ ക്രൂരതയും കൗശലവും അവൻ കണ്ടു. പാപത്തിന്റെയും മരണത്തിന്റെയും കയ്പേറിയ കാസാ അവൻ അനുഭവിച്ചു. യേശുവിന്റെ മനുഷ്യാത്മാവിന്റെ വേദനയും കണ്ണീരുമാണ് "ഞാൻ അസ്വസ്ഥനായിരിക്കുന്നു"



malankaralibrary.com

എന്ന വചനത്തിൽ കാണുന്നത്. "എനിക്ക് പേടിയാകുന്നു"എന്നും ഇത് വിവർത്തനം ചെയ്യാം. എന്നാൽ ഇതിനായിട്ടാണല്ലോ താൻ വന്നിരിക്കുന്നത് എന്ന അവബോധം ഉയർന്നുവന്നു. അങ്ങനെ കുരിശിന്റെ ഭീകരത യേശു സ്വീകരിച്ച് ഏറ്റുവാങ്ങുന്നു. ദൈവികേച്ഛയോട് ഒട്ടിച്ചേർന്നുകൊണ്ട് തികച്ചും പൂർണമായി ദൈവഹിതം സ്വീകരിക്കുന്ന പുത്രനെ നാമിതിൽ കാണുന്നു.

"യേശു വലിയ വിലാപത്തോടും കണ്ണീരോടും കൂടെ പ്രാർഥനകൾ അർപ്പിച്ചു" എന്ന് എബ്രായ ലേഖനം പറയുമ്പോൾ (5,7), മേൽപ്പറഞ്ഞ അർഥത്തിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്.

അവന്റെ പ്രാർഥന കേട്ട് ദൈവം അവനെ ഭയത്തിൽ നിന്ന് രക്ഷിച്ചു. "ദൈവദൂതൻ വന്ന് സമാശ്വസിപ്പിച്ചു" എന്ന് ലൂക്കാ പറയുന്നതും ഇതുതന്നെ (22,43). പ്രാർഥനയിലൂടെ യേശുവിനു ലഭിച്ച ആന്തരിക ബലത്തെ ഇത് സൂചിപ്പിക്കുന്നു. കുരിശു തന്നെ യേശുവിന്റെ മഹത്വീകരണമാണ്. ദൈവസ്നേഹം വെട്ടിത്തിളങ്ങുന്നത് കുരിശിലാണ്. കുരിശിൽ നിന്ന് നവജീവൻ നമ്മിലേക്ക് ഒഴുകുന്നു. കുരിശിൽ വച്ച് യേശു മരണത്തെ കീഴ്പെടുത്തി. തന്റെ അനുസരണത്തിലൂടെ അവൻ ജീവൻ നേടി. അത് നമുക്കെല്ലാം നൽകാൻ അവൻ ജീവാത്മാവായിത്തീർന്നു (എബ്രാ.5,9-10).



malankaralibrary.com

# 32

## നിരന്തര ജാഗരൂകത

നിരന്തരമായി ജാഗരൂകരായിരിക്കാൻ കർത്താവ് നമ്മെ ക്ഷണിക്കുന്നു. ഇടയന്മാർ ജാഗരൂകരായിരുന്നു. അതുകൊണ്ട് മാലാഖയുടെ സന്ദേശം കേൾക്കാനും സ്വീകരിക്കാനും അവർക്ക് കഴിഞ്ഞു. മറിയവും ജോസഫും ജാഗരൂകരായിരുന്നു. എന്നാൽ യേശുവിന്റെ ശിഷ്യന്മാർ ജാഗരൂകർ അല്ലായിരുന്നു. ശത്രുക്കൾ യേശുവിനെ പിടിച്ചപ്പോൾ അവർ ഓടിക്കളഞ്ഞു. അവരിൽ ഒരുവൻ ഒറ്റിക്കൊടുത്തു. മറ്റൊരുവൻ തള്ളിപ്പറഞ്ഞു. അവർ നാലുപാടും ചിതറിപ്പോയി. "പ്രലോഭനത്തിൽ വീഴാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർഥിക്കുവിൻ"എന്ന് കർത്താവ് ഉപദേശിച്ചെങ്കിലും, ശിഷ്യന്മാർ മയങ്ങിപ്പോയി.

ദുഷ്ടശക്തികൾക്ക് സാധ്യതകൾ തുറന്നുകൊടുക്കുന്നത് ശിഷ്യരുടെ മയക്കവും ഉറക്കവുമാണ്. ഇത് പിൽക്കാല സഭയെ സംബന്ധിച്ച് ഏറെ വാസ്തവമാണ്. സഭ നിദ്രയിൽ ആകുമ്പോഴെല്ലാം നാരകീയ ശക്തികൾ സഭയുടെമേൽ ആധിപത്യത്തിനും മേൽക്കോയ്മയ്ക്കും തുനിയാറുണ്ട്. അശ്രദ്ധമായ മയക്കം ആത്മാവിനെ ക്ഷയിപ്പിച്ച് ചുണകെടുത്തുന്നു. ചേതനയറ്റതാക്കുന്നു. ദുഷ്ടൻ കർമനിരതനായിരിക്കുന്നു, ആത്മാവ് ഉറക്കം തൂങ്ങിക്കഴിയുന്നു. അനീതി കണ്ടിട്ട് ആത്മാവിന് ഞെട്ടലോ, അലട്ടലോ ഇല്ല. ആത്മാവ് മരവിച്ചിരിക്കുന്നു. മയക്കത്തിന്റെ തിക്തകഫലമാണിത്. ഒരുതരം ആത്മസംതൃപ്തിയിൽ തലപൂഴ്ത്തി, ആത്മാവ് മന്ദിച്ചിരിക്കുന്നു. ഒരുതരം മിഥ്യാസംതൃപ്തി. ആത്മാവിന്റെ ഈ മരവിപ്പാണ്, ജാഗരൂഗതക്കുറവാണ്, കർമനിരതനാകാനുള്ള ശക്തി ദുഷ്ടന് നൽകുന്നത്. നമ്മുടെ ആത്മാവിന്റെ ചേതനയറ്റ അവസ്ഥ കണ്ട് കർത്താവ് പറയുന്നു: "എന്റെ ആത്മാവ് ദുഃഖപൂരിതമായിരിക്കുന്നു. മരണത്തോളം അത് വേദന അനുഭവിക്കുന്നു" (മർക്കോ.14,34).



malankaralibrary.com

# 33
# യേശുവിന്റെ വിസ്താരവും വിധിയും

യേശു എന്ന വ്യക്തിയെയും യേശുവിന്റെ ശുശ്രൂഷയെയും യഹൂദപ്രമാണികളിൽ പലരും രാഷ്ട്രീയമായി വ്യാഖ്യാനിച്ചു. തദ്ഫലമായി അവർക്ക് യേശുവിനെ തന്നെ പൂർണമായി നഷ്ടപ്പെട്ടു. "റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധ സ്ഥലവും രാജ്യവും നശിപ്പിക്കും" (യോഹ.11,48) എന്ന് മഹാപുരോഹിതന്മാരും ഫരിസേയരും ഭയപ്പെട്ടു. യേശുവായിരിക്കും ഇതിന് കാരണക്കാരൻ എന്ന അവർ കരുതി. ഹന്നാസിനും കയ്യാഫാസിനും തങ്ങളുടെ കുടുംബവാഴ്ചയുടെ സ്ഥാപിത താൽപര്യങ്ങൾ ഉണ്ടായിരുന്നു. ഫരിസേയരെ യേശു നിശ്ശിതമായി വിമർശിച്ചിരുന്നു. അവരോടൊപ്പം ഹേറോദേസ് പക്ഷക്കാരും ബറബ്ബാസ് എന്ന തീവ്രവിപ്ലവകാരിയുടെ അനുയായികളും ഉണ്ടായിരുന്നു. ഇക്കൂട്ടരെല്ലാം യേശുവിനെ കൊല്ലാൻ ഒത്തുകൂടി. എല്ലാ യഹൂദരുമല്ല, പിന്നെയോ, സ്ഥാപിത താൽപര്യക്കാരും സ്വാർഥമതികളുമായ മതനേതാക്കന്മാരും മറ്റു ചിലരുമാണ് കെണിയൊരുക്കിയത്. യേശുവിന്റെ ദൈവാലയ ശുദ്ധീകരണാവസരത്തിലെ അവകാശവാദം അവരെ ചൊടിപ്പിച്ചു. ഓശാന ദിവസത്തിലെ സംഭവത്തിൽ "ജറുസലേം മുഴുവൻ നടുങ്ങി'. "ജനത്തിനുവേണ്ടി ഒരാൾ മരിക്കണം" എന്നത് പ്രവചനമായിരുന്നു. ആ പ്രസ്താവന മരണശിക്ഷയ്ക്ക് വിധിക്കുന്നതിനു തുല്യമായിരുന്നു.

യേശുവിനെ പിടിച്ച് ന്യായാധിപ സംഘത്തിന്റെ മുമ്പിൽ കൊണ്ടുവന്നു. അവിടെ പുരോഹിതപ്രമുഖരും ശ്രേഷ്ഠന്മാരും നിയമജ്ഞരും ഒത്തുകൂടിയിരുന്നു. ഒന്നാമത്, യേശു ദൈവാലയത്തിൽ നിന്ന് കച്ചവടസാധനങ്ങൾ പുറത്താക്കിയത് ദൈവാലയത്തോടുള്ള കടന്നാ



malankaralibrary.com

ക്രമണമായി അവർ കരുതി. അതിനെ മോശയുടെ നിയമത്തോടുള്ള വെല്ലുവിളിയായി സങ്കൽപ്പിച്ചു. രണ്ടാമത്, താൻ മിശിഹാ ആണെന്നുള്ള യേശുവിന്റെ അവകാശവാദം. ഇസ്രായേലിന്റെ ഏകദൈവവിശ്വാസത്തിന്റെ തായ്‌വേരിൽ തന്നെ കത്തിവച്ച് മതവിശ്വാസത്തിന് കടകവിരുദ്ധമായി പ്രവർത്തിച്ചു എന്ന ആരോപണം. - ഇവ രണ്ടും മതപരമായ ആരോപണങ്ങളായിരുന്നു. എന്നാൽ യഹൂദർക്ക് മതവും രാഷ്ട്രവും അഭേദ്യമായി കെട്ടുപിണഞ്ഞു കിടന്നു.

"നീയാണോ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ മിശിഹാ?"എന്ന് പ്രധാനപുരോഹിതൻ ചോദിച്ചു. "ഞാൻ തന്നെ. മനുഷ്യപുത്രൻ ശക്തിയുടെ വലത്തുവശത്ത് ഇരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" എന്ന് യേശു പ്രത്യുത്തരിച്ചതായി വി.മർക്കോസ് (14,62). "നീ ദൈവപുത്രനായ മിശിഹാ ആണോ എന്ന് ഞങ്ങളോട് പറയുക" എന്നാണ് വി.മത്തായിയിൽ (26,63). ഇത് വി.മത്തായി 16,16-നെ അനുസ്മരിപ്പിക്കുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" എന്നാണ് പത്രോസ് പ്രഖ്യാപിച്ചത്. യേശു വിസ്താരസമയത്ത് സത്യസാക്ഷ്യം നൽകിയപ്പോൾ, വാതിലിന് അപ്പുറത്ത്, മാംസരക്തങ്ങളാൽ പ്രേരിതനായി പത്രോസ് ഇതിനെതിരെ സംസാരിക്കയായിരുന്നു.

യേശുവിന്റ മറുപടി, "ഞാൻ തന്നെ" എന്നത് (മർക്കോ. 14,62), പുറപ്പാടു പുസ്തകത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പുടുത്തുന്നതാണ്. "ഞാൻ, ഞാൻ തന്നെ" (പുറ.3,14). ഇത് യഹൂദരെ ഞെട്ടിച്ചു. "നീ ദൈവപുത്രനായ ക്രിസ്തുവാണല്ലേ?"എന്നു ചോദിച്ചപ്പോൾ, "നീ പറഞ്ഞുവല്ലോ' എന്നാണ് യേശുവിന്റെ മറുപടിയായി വി.മത്തായി നൽകിയിരിക്കുന്നത് (26,64). "നീ ദൈവപുത്രനാണോ?"എന്നു ചോദിച്ചപ്പോൾ " ഞാൻ ആണെന്ന് നിങ്ങൾ തന്നെ പറയുന്നല്ലോ"എന്നാണ് വി.ലൂക്കായിൽ (22,70).

അപ്പോൾ യഹൂദർ യേശുവിൽ ദൈവദൂഷണക്കുറ്റം ആരോപിച്ചു. പല കള്ളസാക്ഷികളും മുന്നോട്ടുവന്ന് കള്ളസാക്ഷ്യം നൽകിയെങ്കിലും അവ നിലനിന്നില്ല. ദൈവാലയം പൊളിച്ചാൽ, മൂന്നു ദിവസങ്ങൾ കൊണ്ട് പുതുക്കി പണിയും എന്നു പറഞ്ഞതായി ആരോപിച്ചു. അതും ഗൗരവമായ ആരോപണമായിരുന്നു യേശു മരണാർഹനാണെന്ന് അവർ തീരുമാനിച്ചു. ദൈവദൂഷണം കേൾക്കുമ്പോൾ മഹാ



malankaralibrary.com

പരാധമാണെന്ന് സൂചിപ്പിക്കാൻ ന്യായാധിപസംഘത്തിന്റെ അധ്യക്ഷനായ മഹാപുരോഹിതൻ ഔദ്യോഗിക ചുമതലയുടെ ചട്ടപ്രകാരം തന്റെ മേലങ്കി കീറി (മത്താ.26,65).

തുടർന്ന്, കൂടിനിന്നവർ യേശുവിനെ പരിഹസിക്കുകയും പ്രഹരിക്കുകയും ചെയ്തു. അവനെ ചങ്ങലകൾ കൊണ്ട് ബന്ധിച്ച് പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി. റോമൻ ദേശാധിപതി സാധാരണയായി ന്യായവിസ്താരം നടത്തിയിരുന്നത് പ്രഭാതത്തിലാണ്. കോഴി കൂവിയതോടുകൂടി പ്രഭാതമായി.

ശ്ലീഹന്മാർ വിവരിക്കുന്നത് വിസ്താരത്തിന്റെ കൃത്യമായ കോടതി പകർപ്പല്ല. എന്നാൽ കാതലായ കാര്യങ്ങളിൽ അവർ സത്യസന്ധവും കൃത്യവുമായ വിവരണമാണ് നൽകിയത്. യേശുവിനെ മരണശിക്ഷയ്ക്ക് വിധിക്കണമെന്ന് ശഠിച്ച് കുറ്റം ആരോപിച്ചവർ ആരാണ്? യോഹന്നാൻ പറയുന്നു: "യഹൂദർ". അതിന് ഇവിടെ കൃത്യമായ അർത്ഥമുണ്ട്. ദൈവാലയത്തിലെ ശ്രേഷ്ഠ വർഗത്തെയാണ് "യഹൂദർ" എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അതായത്, ദൈവാലയത്തിൽ അധികാരം കൈയാളുന്ന വളരെ ചെറിയ ഒരു കൂട്ടം, ഉപരിവർഗം മാത്രം. അതുപോലെ ബറബാസിന്റെ അനുയായികളും കാണും. ഇവരാണ് "അവനെ ക്രൂശിക്കുക" എന്ന് അക്രോശിച്ചത്. അല്ലാതെ ഭൂരിഭാഗം വരുന്ന യഹൂദജനതയല്ല. യേശുവിൽ നിന്ന് നന്മ സ്വീകരിച്ചവരുമല്ല. പുരോഹിതപ്രമാണികൾ ഗൂഢമായി അറസ്റ്റുചെയ്ത് പീലാത്തോസിന്റെ മുമ്പിൽ യേശുവിനെ ഹാജരാക്കിയത് മഹാഭൂരിഭാഗം യഹൂദരും അറിഞ്ഞു കാണുകയില്ല. അതാണ് യാഥാർഥ്യം. വി.മത്തായി രേഖപ്പെടുത്തിയിരിക്കുന്ന "എല്ലാ യഹൂദജനങ്ങളും" എന്ന പ്രയോഗം ചരിത്രപരമല്ല. യോഹന്നാനും മർക്കോസും ചരിത്രയാഥാർഥ്യം ശരിയായി അവതരിപ്പിച്ചിരിക്കുന്നു.

എഴുപതാമാണ്ടിൽ നാടും നഗരവും തകർക്കപ്പെട്ടതിന്റെ കാരണമായി "ആ ജനം മുഴുവൻ" മിശിഹായെ വധിക്കാൻ കൂട്ടുനിന്നു എന്ന് വി.മത്തായി ഒരു ദൈവശാസ്ത്ര വിശദീകരണം നൽകുകയാണ്. "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും ആയി ക്കൊള്ളട്ടെ" എന്ന് ജനം മുഴുവൻ പറയുന്നത് അന്ന് അവിടെ കൂടിനിന്ന് ആർത്തുവിളിച്ചവരെ ഉദ്ദേശിച്ചാണ്. അതും പ്രതികാരത്തിനല്ല, അതിനുള്ള നിലവിളിയുമല്ല (ഉൽപ്പ.4,10). യേശുവിന്റെ രക്തം



malankaralibrary.com

അനുരഞ്ജനത്തിനായി അപേക്ഷിക്കുന്നു. അത് "എല്ലാവർക്കും വേണ്ടി ചിന്തപ്പെടുന്ന" രക്തമാണ്. അത് ആർക്കും എതിരായി ചിന്തപ്പെടുന്ന രക്തമല്ല. അത് ശാപമല്ല, സാന്ത്വനമാണ്, വിമോചനമാണ്, രക്ഷയാണ്.

പീലാത്തോസ് യേശുവിൽ കുറ്റമൊന്നും കണ്ടില്ല. "നീ രാജാവാണോ? എന്നു പീലാത്തോസ് ചോദിച്ചപ്പോൾ, "നീ തന്നെ പറയുന്നു, ഞാൻ രാജാവാണെന്ന്. ഇതിനുവേണ്ടി തന്നെയാണ് ഞാൻ ലോകത്തിലേക്ക് വന്നത്. സത്യത്തിന് സാക്ഷ്യം നൽകാൻ. സത്യത്തിൽ നിന്നുള്ളവർ എന്റെ സ്വരം കേൾക്കുന്നു". "എന്നാൽ എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നെങ്കിൽ, ഞാൻ യഹൂദർക്ക് ഏൽപ്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു" (യോഹ.18,36.37). യേശു സത്യത്തെയാണ് തന്റെ രാജ്യം എന്നു വിശേഷിപ്പിക്കുന്നത്. സത്യം ഭരണം നടത്തുന്ന ഇടം. അത് ഒരു ഭൂപ്രദേശമല്ല. ദൈവരാജ്യം സത്യരാജ്യമാണ്. ഉടൻ പീലാത്തോസ് ചോദിച്ചു: "എന്താണ് സത്യം". എന്നാൽ യേശു അതിന് ഉത്തരം പറഞ്ഞില്ല.

സായുധവിപ്ലവത്തിലൂടെ റോമാക്കാരിൽ നിന്ന് തങ്ങളുടെ രാജ്യത്തെ സ്വതന്ത്രമാക്കാൻ ശ്രമിച്ച തീവ്രവാദികൾ ഇടയ്ക്കിടെ പലസ്തീനായിൽ ഉടലെടുത്തിരുന്നു. അങ്ങനെയൊരു സായുധവിപ്ലവത്തിനിടയിൽ കൊലപാതകം നടത്തിയതിന് തടങ്കലിൽ കഴിഞ്ഞവനാണ് ബറബാസ്. ആരെ വേണമെന്ന് പീലാത്തോസ് ചോദിച്ചപ്പോൾ അവിടെ നിന്ന "ജനക്കൂട്ടം" ബറബാസിനെ മതിയെന്ന് ആർത്തുവിളിച്ചു. അവൻ മോചിക്കപ്പെട്ടു. യേശുവിനെ ചമ്മട്ടി കൊണ്ട് അടിപ്പിച്ച്, ക്രൂശിക്കാനായി അവർക്ക് വിട്ടുകൊടുത്തു. പടയാളികൾ യേശുവിനെ ചെമന്ന ഉടുപ്പ് ധരിപ്പിച്ചു. തലയിൽ മുൾക്കിരീടം വച്ചു. ഒരു ഞാങ്ങണ കൈയിൽ കൊടുത്തു. "യൂദന്മാരുടെ രാജാവേ, സ്വസ്തി" എന്നു പറഞ്ഞ് അവന്റെ തലയിൽ അടിച്ച് അവനെ അവഹേളിച്ചു. അവിടെ ആ അവസരം യേശുവിന്റെ അനുയായികൾ ഇല്ലായിരുന്നു. എന്നാൽ ബറബാസിന്റെ ആളുകളും പ്രമാണികളുടെ പക്ഷക്കാരും ഒരുങ്ങി വന്നിരുന്നു. ആ ജനക്കൂട്ടമാണ് ക്രൂശിക്കാൻ ആർത്തുവിളിച്ചത്. അല്ലാതെ എല്ലാ യഹൂദരുമല്ല.



malankaralibrary.com

# 34
# യേശു കുരിശിൽ

യേശുവിന്റെ കുരിശുമരണത്തെപ്പറ്റി നാലു സുവിശേഷകരും നൽകുന്ന വിവരണം സാരാംശത്തിൽ പൊരുത്തമുള്ളവയാണ്. പഴയ നിയമത്തിലെ അനേകം വാക്യങ്ങളും സൂചനകളും ഉപയോഗിച്ചാണ് അവർ ഇത് വിവരിച്ചിരിക്കുന്നത്. പഴയനിയമവാക്യങ്ങളും യേശുവിന്റെ പീഡാസഹനവും അവർ കോർത്തിണക്കി. പൂർണമായി അർഥം കണ്ടെത്താതിരുന്ന തിരുവചനങ്ങൾ ക്രിസ്തുവിൽ അർഥസംപുഷ്ടമായി. ആ നിഗൂഢവചനങ്ങളുടെയും പ്രതീകങ്ങളുടെയും അർഥതലങ്ങൾ വെളിപ്പെടുകയും ഉള്ളറ രഹസ്യങ്ങൾ തുറക്കപ്പെടുകയും അവയ്ക്ക് നൂതനഭാഷ്യം ഉണ്ടാകുകയും ചെയ്തു.

യേശുവിന്റെ കുരിശുമരണം വിശദീകരിക്കാനാവാത്ത സംഭവമായി ആദിമക്രൈസ്തവർക്ക് അനുഭവപ്പെട്ടു. ഉത്ഥിതനായ യേശു അവരെ ഈ അന്ധകാരത്തിൽ നിന്ന് സാവധാനം വെളിച്ചത്തിലേക്ക് നയിച്ച്, അവർക്ക് ശരിയായ ദിശാബോധം നൽകി. എമ്മാവോസിലേക്ക് പോയവർക്ക് യേശു തന്നെ ശരിയായ പാത കാട്ടിക്കൊടുത്തു. അതായത്, മോശയും പ്രവാചകന്മാരും സങ്കീർത്തനങ്ങളും പ്രവചിച്ചവയാണ് സംഭവിച്ചിരിക്കുന്നതെന്ന സത്യം. അവർ യേശുവിനോടൊത്ത് നടന്നു. അവനോട് സംസാരിച്ചു. അവന്റെ സാന്നിധ്യത്തിൽ സത്യാന്വേഷണം നടത്തി. അതായത്, യേശുവിന്റെ മരണം പഴയനിയമ ഗ്രന്ഥത്തിലെ പ്രവചനങ്ങളിൽ അവർ കണ്ടെത്തുകയും അവർ വെളിച്ചത്തിലേക്ക് കടന്നുവരികയും വിശ്വാസത്തിൽ ഉറപ്പുള്ളവരായി തീരുകയും ചെയ്തു (ലൂ.24,13-27). ഈ രണ്ടു ശിഷ്യന്മാരുടെ അനുഭവം തന്നെ ആയിരുന്നു ആദിമസഭയുടെ അനുഭവം. അവർ പഴയനിയമം പുതിയ കാഴ്ചപ്പാ



malankaralibrary.com

ടോടെ പഠിച്ച് പ്രകാശിതരും വിശ്വാസത്തിൽ ഉറപ്പുള്ളവരുമായി. കർതൃജീവിതം മൊത്തത്തിൽ പഴയനിയമ പ്രവചനങ്ങളുടെ വെളിച്ചത്തിൽ പ്രകാശിതമായി. അങ്ങനെ ആദിമസുവിശേഷകർ ക്രിസ്തു സംഭവവും പഴയ നിയമവും തമ്മിലുള്ള ഗാഢമായ ബന്ധം കണ്ടെത്തി, സുവിശേഷം എഴുതി. വളരെ പ്രത്യേകമായി 22-ാം സങ്കീർത്തനത്തിലും ഏശായാ 53-ാം അധ്യായത്തിലും പറഞ്ഞിരിക്കുന്നവയ്ക്ക് യേശുവിന്റെ പീഡാനുഭവത്തിന്റെ വെളിച്ചത്തിൽ ആദിമസഭ പുതിയൊരർത്ഥം കണ്ടു.

കുരിശിൽ കിടന്ന യേശു ഉച്ചരിച്ച ആദ്യവചനം,"പിതാവേ, അവരോട് ക്ഷമിക്കണമെ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" എന്നതാണ് (ലൂ.24,34). ഈ പ്രാർത്ഥന പിതാവ് കേട്ട്, ഈ കൊലപാതകികളോട് നിശ്ചയമായും ക്ഷമിക്കും. അവർക്കും കരുണ ലഭിക്കും. അതിനാണല്ലോ പുത്രൻ മനുഷ്യനായി അവതരിച്ചത്. ഈ അറിവില്ലായ്മയെപ്പറ്റി അഥവാ, അജ്ഞതയെപ്പറ്റി പത്രോസും പറയുന്നു: "നിങ്ങളുടെ നേതാക്കളെപ്പോലെ തന്നെ നിങ്ങളും അജ്ഞത മൂലമാണ് ഇങ്ങനെ പ്രവർത്തിച്ചതെന്ന് എനിക്കറിയാം." (നടപടി,3,17). തന്റെ അജ്ഞതയെപ്പറ്റി വി. പൗലോസും പറയുന്നു: "മുമ്പ് ഞാൻ അവനെ നിന്ദിക്കുകയും പീഡിപ്പിക്കുകയും അധിക്ഷേപിക്കുകയും ചെയ്തെങ്കിലും, എനിക്ക് കരുണ ലഭിച്ചു. കാരണം, അറിവില്ലാതെ അവിശ്വാസിയായിട്ടാണ് ഞാൻ പ്രവർത്തിച്ചത്" (1തിമോ.1,13). എന്നാൽ ജറുസലേമിലെ നിയമജ്ഞർ യേശു ജനിക്കുന്നത് ബേത്‌ലഹേമിലാണെന്ന് അറിഞ്ഞിട്ടും അന്ധരായിരുന്നു (മത്താ.2,4-6). യേശുവിനെ ക്രൂശിച്ച പട്ടാളക്കാർക്ക് അറിവില്ലായിരുന്നു. എന്നാൽ വധശിക്ഷയ്ക്ക് വിധിച്ചവർക്ക് അറിവുണ്ടായിരുന്നു. കർത്താവ് അവരുടെയെല്ലാം തെറ്റുകൾ അജ്ഞതയായി കരുതി പിതാവിനോട് മോചനം അപേക്ഷിക്കുന്നു.

കുരിശിൽ കിടന്ന യേശുവിനെ മൂന്നു കൂട്ടം ആളുകൾ പരിഹസിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്നു: ദൈവാലയ നാശത്തെപ്പറ്റി കർത്താവ് പറഞ്ഞത് അവർ ഓർമിപ്പിക്കുന്നു. "അതിലെ കടന്നുപോയവർ തലകുലുക്കിക്കൊണ്ട് അവനെ ദുഷിച്ചുപറഞ്ഞു: ദൈവാലയം നശിപ്പിച്ച് മൂന്നു ദിവസം കൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക, കുരിശിൽ നിന്ന് ഇറങ്ങിവരിക". (മർക്കോ. 15,29-30). കർത്താവിന്റെ നിസ്സഹായവസ്ഥ കണ്ട് അവർ പരിഹസിക്കയാണ്. ഒപ്പം സാത്താൻ മുമ്പ് ചെയ്തതുപോലെ പ്രലോഭിപ്പിക്കുകയുമാണ്.



malankaralibrary.com

യേശുവിന്റെ മരണത്തിൽ ഭൗമികദൈവാലയം തകരുകയും പുതിയ ദൈവാലയം ഉയരുകയും ചെയ്യുമെന്നത് ആ പരിഹാസകർ അറിഞ്ഞില്ല. യേശു മരിച്ചപ്പോൾ ഈ തകർച്ചയുടെ പ്രതീകമായി ദൈവാലയത്തിലെ ഉൾവിരി കീറി. മഹാപുരോഹിതൻ മാത്രം ആണ്ടിലൊരിക്കൽ ഈ വിരിക്കകത്തു കയറി ധൂപാർപ്പണം നടത്തുകയും യാഹ്‌വെ എന്ന നാമം ഉച്ചരിക്കയും ചെയ്യുന്ന രീതി ഈ കീറലിലൂടെ അവസാനിച്ചു. അതോടൊപ്പം ദൈവത്തിലേക്കുള്ള പാത തുറന്നിരിക്കുന്നു എന്നും സൂചിതം. ദൈവം തന്നെ തിരശ്ശീല കീറി യേശുവിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തി. ആർക്കും ഏതവസരത്തിലും ഈ അതിവിശുദ്ധ സ്ഥലത്ത്-യേശുവിൽ-കയറാം.

പരിഹാസകരിൽ രണ്ടാമത്തെ കൂട്ടം ന്യായാധിപ സംഘാംഗങ്ങളാണ്. പ്രധാനപുരോഹിതരും നിയമജ്ഞരും പ്രമാണികളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ജ്ഞാനത്തിന്റെ പുസ്തകത്തിൽ നിന്ന് കടമെടുത്താണ് അവർ പരിഹസിക്കുന്നത്: "ഇവൻ ഇസ്രായേലിന്റെ രാജാവാണല്ലോ. കുരിശിൽ നിന്ന് ഇറങ്ങിവരട്ടെ. ഞങ്ങൾ ഇവനിൽ വിശ്വസിക്കാം. ഇവൻ ദൈവത്തിൽ ആശ്രയിച്ചു. വേണമെങ്കിൽ ദൈവം ഇവനെ രക്ഷിക്കട്ടെ. 'ഞാൻ ദൈവപുത്രൻ' എന്നാണല്ലോ ഇവൻ പറഞ്ഞിരുന്നത് (മത്താ.27,42-43; ജ്ഞാനം, 2,13-20).ജ്ഞാനത്തിന്റെ പുസ്തകത്തിൽ യേശുവിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാതെ തന്നെ ഈ പരിഹാസകർ പ്രഖ്യാപിക്കയാണ്. ഇവിടെയും പ്രലോഭനം ഒളിഞ്ഞിരിപ്പുണ്ടായിരുന്നു.

മൂന്നാമത്തെ ഗണം യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട കവർച്ചക്കാരായിരുന്നു(ലേസ്തോസ്) (മർക്കോ.15,32; യോഹ.18,40). റോമൻ അധിനിവേശത്തെ ചെറുത്തുനിന്ന തീവ്രവാദികളാണവർ. അവരിൽ ഒരുവനാണ് യേശുവിനെ പരിഹസിക്കുന്നത്. മറ്റവൻ യേശുവിനെ തിരിച്ചറിഞ്ഞ്, "യേശുവേ, നിന്റെ രാജകീയശക്തിയിൽ നീ ആഗതനായി, നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ, എന്നെയും ഓർക്കണമെ"എന്ന് അപേക്ഷിച്ചു (ലൂ.23,42). ഈ കവർച്ചക്കാരൻ പ്രത്യാശയുടെ ആൾരൂപമാണ്. അതായത്, നമ്മുടെ അന്ത്യനിമിഷത്തിലും ദൈവത്തിന്റെ കാരുണ്യത്തിന് നമ്മെ എത്തിപ്പിടിക്കാൻ കഴിയുമെന്ന ഉറപ്പിന്റെ ഐക്കണാണ് ആ നല്ല കള്ളൻ. കർത്താവ് അവനോട് പറഞ്ഞു: "നീ ഇന്ന് എന്നോടു കൂടെ പറുദീസായിൽ ആയിരിക്കും".



malankaralibrary.com

മറ്റേ കള്ളൻ പരിഹസിച്ചു പറഞ്ഞു: "നീ ക്രിസ്തുവല്ലേ. നിന്നെയും ഞങ്ങളെയും രക്ഷിക്കുക" (ലൂ.23,39).

കുരിശിൽ കിടന്നുകൊണ്ട് വളരെ ഉച്ചത്തിൽ യേശു അലറി പറഞ്ഞു: "ഏലീ, ഏലീ, ലമാ സബക്താനീ"-എന്റെ ദൈവമേ, എന്റെ ദൈവമേ,എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു?"- ഇത് സങ്കീർത്തനം 22,1 ആണ്. ഇത് 'മിശിഹാ കരച്ചിൽ' ആയിരുന്നു. മനുഷ്യകുലത്തിന്റെ സഹനം ഏറ്റെടുത്തുകൊണ്ട് ചങ്കു പൊട്ടിയുള്ള നിലവിളിയാണിത്. യേശുവിന്റെ പീഡാസഹനം മുഴുവൻ സങ്കീർത്തനം 22 മുൻകൂട്ടി കണ്ടു. ഭൂതകാലത്തിൽ തുടങ്ങി, വർത്തമാനത്തിലൂടെ കടന്ന്, ഭാവിയിലേക്ക് നീണ്ടു കിടക്കുന്ന പ്രാർഥനയാണ് ഈ സങ്കീർത്തനം.

യേശുവിന്റെ മേൽവസ്ത്രം അവർ പങ്കിട്ടെടുത്തു. അവന്റെ അങ്കി (ഹിത്തോൺ) മഹാപുരോഹിത വസ്ത്രം പോലെ ഒറ്റനൂൽ കൊണ്ട് നെയ്തെടുത്തതായിരുന്നു. യേശുവിന്റെ മഹാപുരോഹിത സത്തയിലേക്കാണ് യോഹന്നാൻ നമ്മുടെ ശ്രദ്ധ തിരിക്കുന്നത് (യോഹ.19,23-24). ഈ ക്രൂശിതൻ രാജാവ് മാത്രമല്ല, മഹാപുരോഹിതൻ കൂടിയാണ്.

യഹൂദരെ അവഹേളിക്കാൻ പീലാത്തോസ് ഒരു ഫലകമെഴുതി കുരിശിൽ തൂക്കി: "നസ്രായനേശു, യഹൂദരുടെ രാജാവ്". അത് ലത്തീനിലും ഗ്രീക്കിലും ഹീബ്രുവിലും എഴുതിയിരുന്നു (യോഹ.19,19). നിന്ദിക്കാൻ ആണെങ്കിലും യേശുവിന്റെ രാജത്വം, കുരിശാകുന്ന സിംഹാസനത്തിൽ കിടന്നു കൊണ്ടുള്ള ഈ അറിയിപ്പ്, ഇന്ന് ലോകം മുഴുവൻ അംഗീകരിക്കുന്നു.

കുരിശിൽ കിടന്ന് "എനിക്ക് ദാഹിക്കുന്നു" എന്ന് യേശു പറഞ്ഞപ്പോൾ, അവർ അവന് വിനാഗിരി നൽകി (യോഹ. 19,28). 69-ാം സങ്കീർത്തനത്തിൽ കാണുന്ന പീഡിതന്റെ വിലാപത്തിന്റെ അലയടികളാണ് നാമിവിടെ കാണുന്നത് (69,21). കുരിശിൻ ചുവട്ടിൽ നിന്ന മറിയത്തെ യോഹന്നാനെ ഭരമേൽപ്പിക്കുന്നു. നാമോരോരുത്തരും മറിയത്തെ നമ്മുടെ അമ്മയായി പൂജിക്കണമെന്നാണ് ഇതിനർഥം. "സ്ത്രീ" എന്ന് വിളിച്ചത് ഉൽപ്പത്തി 2,23-ലേക്ക് വിരൽ ചൂണ്ടുന്നു. പുതിയ ആദാമിനു സ്വന്തമായ പുതിയ സ്ത്രീയായി യോഹന്നാൻ മറിയത്തെ ചിത്രീകരിക്കുന്നു. കാനായിലെ കല്യാണത്തിലും ഈ പദം കാണുന്നുണ്ടല്ലോ.



malankaralibrary.com

## യേശു കുരിശിൽ

ദിവസത്തിന്റെ ഒൻപതാം മണിക്കൂറിൽ, അതായത്, ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഒരു സങ്കീർത്തനവാക്യം ഉച്ചരിച്ചു കൊണ്ട് യേശു തന്റെ ആത്മാവിനെ സമർപ്പിച്ചു: "എല്ലാം പൂർത്തിയായി...പിതാവേ, നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (യോഹ.19,30; ലൂ.23,46; സങ്കീ.31,5). തദവസരം പ്രപഞ്ചത്തിന്റെ മൂലഭൂതങ്ങൾ ഇളകി. അപ്പോൾ ശതാധിപൻ പറഞ്ഞു: "സത്യമായും ഈ മനുഷ്യൻ ദൈവ പുത്രനായിരുന്നു" (മർക്കോ.15,39). പടയാളികൾ യേശുവിന്റെ പാർശ്വം കുന്തംകൊണ്ട് കുത്തി. ഉടനെ രക്തവും വെള്ളവും ഒഴുകി (യോഹ. 19,34). അത് സങ്കീ.34,19-20 -ന്റെ പൂർത്തീകരണമാണ്. ഈ രക്തവും വെള്ളവും കുർബാനയെയും മാമോദീസായെയും സൂചിപ്പിക്കുന്നു.

അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത പുതിയ കല്ലറയിൽ - അരിമത്യാക്കാരൻ ജോസഫിന്റെ കല്ലറയിൽ - 100 റാത്തൽ സുഗന്ധ ദ്രവ്യങ്ങളോടു കൂടെ യേശുവിനെ ജോസഫും നിക്കോദിമൂസും കൂടി സംസ്കരിച്ചു (യോഹ.19,41). അത് രാജകീയ ശവസംസ്കാരമായി രുന്നു, പുതിയ കച്ച, അഥവാ കച്ചകൾ, സുഗന്ധദ്രവ്യങ്ങളുടെ ആധിക്യം, പുതിയ കല്ലറ എന്നിവ ഈ സൂചന നൽകുന്നു. യേശുവിന്റെ മരണം വരെ വളരെ സാധാരണക്കാരായ മനുഷ്യർ മാത്രമായിരുന്നു അവന്റെ ശിഷ്യന്മാരായി തീർന്നവർ. എന്നാൽ മരിച്ചു കഴിഞ്ഞപ്പോൾ മുതൽ പ്രമാണികൾ ശിഷ്യരാകാൻ തുടങ്ങി. അവരുടെ പ്രതിനിധികളായി രുന്നു ജോസഫും നിക്കോദിമൂസും.



malankaralibrary.com

# 35

## കുരിശുമരണവും അനുരഞ്ജനവും പാപപരിഹാരവും രക്ഷയും

യേശുവിന്റെ കുരിശുമരണത്തോടുകൂടി യഹൂദ ദൈവാലയ ബലിസംപ്രദായങ്ങളും അനുഷ്ഠാനങ്ങളും പിന്തള്ളപ്പെട്ടു. തൽസ്ഥാനത്ത് നവമായ ഒന്ന് ഉദയം ചെയ്തു. പ്രവാചക പ്രതീക്ഷകളും സങ്കീർത്തനങ്ങളിലെ പുത്തൻ പ്രത്യാശകളും പൂർത്തീകരിക്കപ്പെട്ടു. മൃഗബലികളിൽ ദൈവം സംപ്രീതനായില്ല. അവയ്ക്ക് ശുദ്ധീകരിക്കാനോ പാപപരിഹാരമാകാനോ കഴിവില്ലായിരുന്നു. അവ വരാനിരുന്നതിന്റെ പ്രതീകങ്ങളും നിഴലുകളും മുൻകുറികളും ചവിട്ടുപടികളും താത്കാലിക സംവിധാനങ്ങളുമായിരുന്നു. ഇപ്പോൾ പുതിയ ആരാധന യാഥാർഥ്യമായി. കുരിശിലെ ബലിയിലൂടെ മുൻകുറികളും നിഴലുകളും സത്യം കണ്ടെത്തി. ദൈവകുഞ്ഞാട് ലോകപാപം ഏറ്റെടുത്ത് നിശ്ശേഷം കഴുകിക്കളഞ്ഞിരിക്കുന്നു. ദൈവമനുഷ്യബന്ധം നവീകരിച്ച്, അനുരഞ്ജിപ്പിച്ചിരിക്കുന്നു.

പഴയനിയമ ബലികളുടെ കാലം കഴിഞ്ഞെന്ന് ആദിമസഭ ആരംഭത്തിലേ മനസ്സിലാക്കി. യേശു ദൈവാലയത്തിൽ നിന്ന് ബലിമൃഗങ്ങളെ പുറത്താക്കിയപ്പോഴേ അവയുടെ പ്രസക്തി നഷ്ടപ്പെട്ടു. ദൈവാലയം പ്രാർഥനയ്ക്കുള്ള സ്ഥലമായി മാത്രം നിലനിന്നു. എന്നാൽ ഛേദനാചാരം തുടങ്ങിയ അനുഷ്ഠാനങ്ങളെ സംബന്ധിച്ചുള്ള തീർപ്പ് അൽപ്പം കഴിഞ്ഞാണുണ്ടായത്.

ക്രൂശിതനായ യേശു "ഹിലസ്തേരിയോൻ"-അനുരഞ്ജനം, പാപപരിഹാരം- ആണ് (റോമ. 3,25). വാഗ്ദാന പേടകത്തിലെ കൃപാസനത്തെ സൂചിപ്പിക്കുന്ന പദമാണിത്. യേശുവിനെ കൃപാസനമായി



malankaralibrary.com

ആദിമസഭ കണ്ടു. യേശുവിലാണ് ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനം സാധ്യമാകുന്നത്. യേശുവിന്റെ പീഡാസഹനത്തിൽ ലോകപാപച്ചെളി മുഴുവൻ പരമപരിശുദ്ധനായ ദൈവത്തെ സ്പർശിക്കുന്നു. അങ്ങനെ നാം ശുദ്ധരാകുന്നു, അനുരഞ്ജനം സാധിക്കുന്നു. ലോകത്തിലെ തിന്മയുടെ ശക്തിയേക്കാൾ ശക്തിമത്താണ് യേശുവിന്റെ സംശുദ്ധീകരണം. അത് പാപത്തെ പാടേ മായിച്ചുകളയുന്നു, തിന്മയെ തന്റെ നന്മയിൽ മുക്കിക്കളയുന്നു. ദൈവം തന്നെ അനുരഞ്ജനപീഠമാകുന്നു, തന്റെ പുത്രനിലൂടെ എല്ലാ സഹനവും സമസ്താപരാധങ്ങളും ഏറ്റെടുക്കുന്നു.

പഴയനിയമത്തിന്റെ ഈ ആന്തരികാർഥം യേശുവിന്റെ കുരിശിൽ നിറവേറി. പ്രവാചകന്മാർ പ്രവചിച്ച നവീനമായ ആരാധന എത്തിനിന്നത് കുരിശിലെ ബലിയിലാണ്. എബ്രായലേഖനം ഇക്കാര്യം വിവരിക്കുന്നു: “കാളകളുടെയും കോലാടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കിക്കളയാൻ സാധിക്കുകയില്ല” (എബ്രാ.10,1). തുടർന്ന് 40-ാം സങ്കീർത്തനം ഉദ്ധരിക്കുന്നു: “അവൻ എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു...അവന്റെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു” (സങ്കീ.40,6-8); എബ്രാ.10,5.7). “അവൻ എന്റെ കാതുകൾ തുറന്നു” എന്ന സങ്കീർത്തന വാക്യം (40,6) ലേഖനകർത്താവ് “അവൻ എനിക്കൊരു ശരീരം സജ്ജമാക്കി” എന്നു തിരുത്തിയിരിക്കുന്നു.

“അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം”. കാതുകൊണ്ട് ശരിയായി കേൾക്കുന്നതിനെയാണ് അനുസരണം എന്നു പറയുന്നത്. അത് ബലിയേക്കാൾ ശ്രേഷ്ഠമാണ്. കാതുകൊണ്ട് കേൾക്കുന്നത് വചനമാണല്ലോ. ദൈവവചനം ശ്രവിച്ച്, തദനുസൃതം ജീവിക്കുന്നതാണ് സത്യാരാധന. മനുഷ്യാത്മാവിനെ ദൈവതിരുമുമ്പിൽ തുറന്നുവയ്ക്കുന്ന പ്രാർഥനയാണ് സത്യാരാധന. അതാണ് ആത്മീയബലി. മനുഷ്യാസ്തിത്വം ദൈവോന്മുഖമായിരിക്കുന്നതിന്റെ അളവനുസരിച്ചാണ് ദൈവാരാധനയുടെ സാഫല്യം. പഴയനിയമത്തിൽ, മോശയുടെ നിയമത്തെ സ്നേഹിച്ച്, അതിനാൽ നയിക്കപ്പെടുന്നതായിരുന്നു സത്യാരാധന; യഥാർഥ ബലി. ദൈവവചനാനുസൃതം ജീവിക്കുമ്പോൾ, നാം ദൈവത്തെ ബഹുമാനിക്കുന്നു. നമുക്ക് രൂപാന്തരീകരണം സംഭവിക്കുന്നു. എന്നാൽ നമ്മുടെ അനുസരണം ഭാഗികവും അപൂർണവുമാണ്. അതുകൊണ്ട് പൂർണമായ ബലിക്കുള്ള അന്തർദാഹം മനുഷ്യനിൽ നിലനിന്നു. ഉദാ. സങ്കീ.51, 16-19.



malankaralibrary.com

അതിന്റെ പൂർത്തീകരണം എബ്രായലേഖന കർത്താവ് കുരിശിൽ ദർശിച്ചു. അതുകൊണ്ടാണ് "കാതുകൾ"എന്നത് ശരീരം എന്നാക്കി ഉദ്ധരിച്ചത്. വചനം ശരീരം ധരിക്കുന്നു, അതിലൂടെ പുതിയ അനുസരണം സാധ്യമാകുന്നു. തന്റെ ശരീരത്തിലൂടെ അവൻ മനുഷ്യകുലത്തെ തിരിച്ചു കൊണ്ടുവരുന്നു. കുരിശിൽ പൂർത്തിയാക്കപ്പെട്ട സ്നേഹമായ വചനമാണ് പരിപൂർണമായ അനുസരണം. സമ്പൂർണ ബലിക്കുള്ള അന്തർദാഹം അവനിൽ പൂർത്തീകരിക്കപ്പെടുന്നു. അവന്റെ അനുസരണമാണ് നവമായ ബലി. ഈ സ്നേഹത്തിലൂടെ നമ്മുടെ അനുസരണക്കേടുകളെല്ലാം മായിച്ചു കളയുകയും ചെയ്യുന്നു.

മാനുഷിക ധാർമികത ഉചിതമായ ദൈവാരാധനയ്ക്ക് അപര്യാപ്തമായിരുന്നു. നമുക്ക് സാധിക്കാതിരുന്നത് പുത്രൻ നിർവഹിച്ചു. ക്രിസ്തുവിന്റെ ഈ അനുസരണത്തിലേക്ക് നമ്മെ വഹിച്ചു കൊണ്ടുപോകുന്നത് മാമോദീസായും കുർബാനയുമാണ്. അത് കുരിശിലെ അനുസരണത്തിന്റെ ആചരണമാണ്. ഇവ നമ്മെ ശുദ്ധീകരിച്ച്, യേശു അർപ്പിക്കുന്ന സമ്പൂർണാരാധനയിലേക്ക് ആവഹിക്കുന്നു.

റോമാലേഖനത്തിൽ നാം വായിക്കുന്നു: "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം യഥാർഥമായ ആത്മീയാരാധന (12,1). വചനാനുസൃതമായ ആരാധനയാണ് ആത്മീയാരാധന (ലോഗിക്കേ ലാത്രേയിയാ). മനുഷ്യാസ്തിത്വം മുഴുവൻ ദൈവത്തിന് സമർപ്പിക്കുക എന്നാണർഥം. വ്യക്തിത്വം ദൈവവചനം പോലെ ആയിത്തീരുന്നു. നമ്മുടെ ഭൗതികാസ്തിത്വം, ശാരീരികാവസ്ഥ, വചനത്താൽ തുളച്ചുകയറണം. ദൈവത്തിനുള്ള കാഴ്ചയായി, സമ്മാനമായി, ശരീരം രൂപാന്തരപ്പെടണം. ഇത് നമ്മുടെ ധാർമികജീവിതം കൊണ്ടുമാത്രം സാധ്യമല്ല. എന്നാൽ യേശുക്രിസ്തു തന്റെ പരിശുദ്ധിയുടെ ശക്തിയാൽ നമ്മുടെ എല്ലാ അപര്യാപ്തതകളെയും കീഴടക്കുന്നു. നാം ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ദൈവം നമ്മെ തന്നിലേക്കെടുത്തു. ജീവനുള്ള മനുഷ്യരാണ് സത്യാരാധന. മനുഷ്യരെ ദൈവത്തിനുള്ള സജീവ കാഴ്ചയായി രൂപാന്തരപ്പെടുത്തുന്ന വചനത്തിന്റെയും സൗഖ്യം നൽകുന്ന കൂദാശയുടെയും ശുശ്രൂഷകനാണ് പുരോഹിതൻ.



malankaralibrary.com

# 36
# യേശുവിന്റെ ഉത്ഥാനം

ക്രിസ്തുമതത്തിന്റെ അടിസ്ഥാനവിശ്വാസമാണ് യേശുവിന്റെ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം (1 കൊറി. 15,14-15). ഉത്ഥിതനായ കർത്താവിനെ ശ്ലീഹന്മാരും മറ്റു പലരും കണ്ടുമുട്ടിയതായി പുതിയ നിയമം സാക്ഷിക്കുന്നു. ഇതിന് മുൻ മാതൃകകളില്ല. തീർത്തും നവീന മായ യാഥാർഥ്യമാണിത്. "മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർ ക്കണം" എന്നത് ശിഷ്യന്മാരുടെ ചിന്തയ്ക്ക് ഉപരിസ്ഥമായിരുന്നു (മർക്കോ.9,9-10). യേശു ഉത്ഥാനം ചെയ്തത് പൂർണമായും പുതിയ ഒരു ജീവന്റെ രൂപത്തിലേക്കാണ്. ജീവന്റെ ഒരു നവരൂപമായിരുന്നു യേശുവിന്റെ ഉത്ഥാനം. മനുഷ്യാസ്തിത്വത്തിന്റെ ഒരു നവീന മാനവും പൊരുളും തെളിവും നവചക്രവാളവുമാണത്. അത് പരിണാമദശയി ലെ വൻകുതിപ്പാണ്. മനുഷ്യകുലത്തിനു മുഴുവൻ ഒരു നവീനഭാവി തുറക്കുകയാണ് യേശുവിന്റെ ഉയിർപ്പ് ചെയ്തത് (1കൊറി.15,16.20). അത് സാർവ ലൗകികസംഭവമാണ്. ലാസറും യായീറോസിന്റെ മകളും വിധവയുടെ മകനും മരിച്ചവരിൽ നിന്ന് ഈ ലോകത്തിലേക്ക് തിരിച്ചു വന്നതുപോലെയല്ല യേശുവിന്റെ ഉയിർപ്പ്. യേശു ദൈവത്തിന്റെ വിശാല വിസ്ത്രിതിയിലേക്ക്, സർവവ്യാപിത്വത്തിലേക്ക്, നവജീവനി ലേക്ക് പ്രവേശിച്ചു. ആ തലത്തിൽ നിന്നാണ് യേശു ശിഷ്യന്മാർക്ക് കാണപ്പെട്ടതും തന്നെത്തന്നെ വെളിപ്പെടുത്തിയതും.

യേശുവിനെ ദൈവം അയച്ച മിശിഹായായി ആത്യന്തികമായി ശിഷ്യർക്ക് അനുഭവപ്പെട്ടത് ഉത്ഥാനത്തിലൂടെയാണ് . അത് അതുല്യ വും അപ്രതീക്ഷിതവും മുൻമാതൃകകൾ ഇല്ലാത്തതും ഭൗതികാനുഭവ ങ്ങളുടെ അതിരുകൾ ഭേദിച്ചതും ആയിരുന്നു. അതുകൊണ്ട് യേശു



malankaralibrary.com

വിന്റെ ശിഷ്യന്മാർ ഈ ബോധ്യത്തിലേക്ക് കടന്നുവന്നത് സാവധാന മായിരുന്നു. സംശയത്തിൽ നിന്ന് ദൃഢമായ വിശ്വാസത്തിലേക്കുള്ള യാത്ര ക്ലേശകരവും ആയാസപൂർണവുമായിരുന്നു.

ഈ സംഗതി വിവരണാതീതമാണ്. യേശു തികച്ചും വ്യത്യസ്ത നായിരിക്കുന്നു. എന്നാൽ അത് കർത്താവാണെന്ന് ശിഷ്യർ തിരിച്ച റിഞ്ഞു. ദൈവശക്തിയാൽ നിത്യം ജീവിക്കുന്ന പുതിയൊരു അസ്തിത്വ മായി അവൻ മാറിയിരിക്കുന്നു. അവൻ മേലിൽ ഭൗമികനല്ല, എന്നാൽ അവൻ ഭൗമികതലം നിറഞ്ഞു നിൽക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെ അനുഭവത്തിന്റെ ലോകത്തിന് ഉപരിസ്ഥമായ സംഗതിയിലാണ് ശിഷ്യർക്ക് ബോധ്യം ലഭിച്ചതും അവർ അതിന്റെ സാക്ഷികളും പ്രഘോ ഷകരുമായതും. അവസാനത്തേതും പരമോന്നതവുമായ പരിണാമ ക്കുതിപ്പാണത്. ദൈവവും മനുഷ്യനും ഒത്തുചേർന്ന് ഒന്നാകുന്ന കുതിപ്പ് (റോമ.8,19-21). സൃഷ്ടപ്രപഞ്ചം ആകാംക്ഷയോടെ കാത്തിരു ന്നത് ഇതിനാണ്.

ഉത്ഥാന യാഥാർഥ്യം സംബന്ധിച്ച് രണ്ടുതരം വിവരണം പുതിയ നിയമ ഗ്രന്ഥങ്ങളിലുണ്ട്: 1. വിശ്വാസപ്രഘോഷണ പാരമ്പര്യം. 2. വിവരണ പാരമ്പര്യം.

1. ചരിത്രത്തിൽ സംഭവിച്ചതിന്റെ സാരസത്ത അടിസ്ഥാന വിശ്വാസപ്രഖ്യാപനമായി ചെറിയ വാക്യങ്ങളിൽ അവതരിപ്പിക്കുന്നത് വിശ്വാസപ്രഘോഷണ പാരമ്പര്യത്തിൽ പെടുന്നു. ഉദാ. "കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു, അവൻ ശെമയോന് കാണപ്പെട്ടു" (ലൂ.24,34). നടന്ന സംഭവം പറഞ്ഞിട്ട്, അതിന് സാക്ഷിയെ നൽകുന്നു. മറ്റൊന്ന്: "യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമ.10,9). "യേശു കർത്താവാണ്" എന്നത് യേശുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസപ്രഘോഷണമാണ്. "ദൈവം അവനെ മരിച്ചവരിൽ നിന്നു യിർപ്പിച്ചു" എന്നത് ചരിത്രസംഭവത്തിന്റെ സാക്ഷ്യമാണ്. അത് രക്ഷ കൊണ്ടുവരുന്നു എന്നതാണ് ഈ പ്രഘോഷണത്തിന്റെ പ്രസക്തി. നിത്യരക്ഷയുടെ ദിവ്യമന്ത്രമാണ് ഈ വിശ്വാസപ്രഘോഷണം. കൊറി ന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിലും നാം ഇതുപോലൊന്ന് കാണുന്നു: "എനിക്കു ലഭിച്ചത് സർവപ്രധാനമായി കരുതി ഞാൻ



malankaralibrary.com

നിങ്ങൾക്ക് ഏൽപ്പിച്ചു തന്നു. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടു ള്ളതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടു പേർക്കും പ്രത്യക്ഷനായി" (15,3-5).

തനിക്കു സംഭവിച്ചവയെല്ലാം "തിരുലിഖിതാനുസൃതമാണെന്ന്" ഉത്ഥാനം ചെയ്ത കർത്താവു തന്നെ പറഞ്ഞത് ശിഷ്യന്മാർ മനസ്സി ലാക്കി. വിശുദ്ധ ലിഖിതങ്ങളുടെ, അതായത് പഴയനിയമത്തിന്റെ, പൂർത്തീകരണമായി അവർ അവ വ്യാഖ്യാനിച്ചു. അത് നമ്മുടെ പാപ ങ്ങൾക്കു വേണ്ടിയാണ്. "യേശു സംസ്കരിക്കപ്പെട്ടു" എന്നത് ചരിത്ര സംഭവമാണ്. യേശുവിന്റെ കല്ലറ എല്ലാവർക്കും അറിയാമായിരുന്നു. അത് ശൂന്യമായിരുന്നു എന്ന് നാലു സുവിശേഷകരും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. പത്രോസ് പഴയനിയമത്തിൽ നിന്ന് ഉദ്ധരിച്ച് അത് തെളിയിക്കുന്നു (നടപടി, 2,26-28; സങ്കീ.16,10-11). ഉത്ഥാനപ്രഘോഷണ ത്തിന്റെ ഒരു പ്രാചീനരൂപം പത്രോസിന്റെ പ്രസംഗത്തിൽ നാം കാണുന്നു. ഉത്ഥാനത്തിന് തെളിവായി സങ്കീർത്തനം - 16 ഉദ്ധരിക്കുന്നു. യഥാർഥ ദാവീദ് ജീർണിക്കയില്ല. അവൻ സത്യമായും ഉയിർത്തെഴുന്നേ റ്റിരിക്കണം. ശൂന്യമായ കല്ലറയെ പറ്റിയുള്ള ആദിമസഭയുടെ വിശ്വാസം ഇതായിരുന്നു. "അവന്റെ പരിശുദ്ധൻ അഴിഞ്ഞു പോകാൻ അവൻ അനുവദിക്കയില്ല'.

"തിരുലിഖിതമനുസരിച്ച് യേശു മൂന്നാം ദിവസം ഉയിർപ്പിക്കപ്പെട്ടു" (1 കൊറി.15,4). ഉത്ഥാനം സംഭവിച്ചതുതന്നെ തിരുലിഖിതാനുസൃത മാണ്. സങ്കീർത്തനം 16,10-ഉം ഏശായാ 53-ഉം ഇതിലേക്ക് വെളിച്ചം വീശുന്നു. ഹോസിയാ പ്രവാചകനിൽ മൂന്നാം ദിവസത്തെപ്പറ്റി പരാ മർശമുണ്ട് (6,1-2). എന്നാൽ പുതിയ നിയമത്തിലും ആദിമസഭാ പിതാ ക്കന്മാരുടെ കൃതികളിലും ഈ ഭാഗം തെളിവായി ഉദ്ധരിച്ചിട്ടില്ല. വെള്ളി യാഴ്ചയിലെ സംഭവങ്ങളുടെ തുടർച്ചയായി മൂന്നാം ദിവസമാണല്ലോ ഞായറാഴ്ച.

2. മേൽപ്പറഞ്ഞ വിശ്വാസപ്രഘോഷണപാരമ്പര്യം വിവരണ പാരമ്പര്യത്തിൽ എത്തിയപ്പോൾ, വ്യത്യസ്ത വിവരണങ്ങൾ പ്രത്യക്ഷ പ്പെട്ടു. എന്നാൽ അവയൊന്നും ഉയിർപ്പെന്ന അവാച്യ സംഭവത്തെ നിഷേധിക്കുന്നതായിരുന്നില്ല. ആ പാരമ്പര്യങ്ങൾ രൂപപ്പെടുത്തിയ



malankaralibrary.com

വരുടെ ജീവിതപശ്ചാത്തലവും ഭൂപ്രദേശ സവിശേഷതകളും അതിന് ഹേതുവായി. ഇത്തരം വിവരണങ്ങളിലെ വിശദാംശങ്ങൾ അക്ഷരശ്ശഃ സംഭവിച്ചതായി കരുതേണ്ടതില്ല. എന്നാൽ അവയും സാധുവായ സാക്ഷ്യങ്ങൾ തന്നെയാണ്. വിശ്വാസപ്രഖ്യാപനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ആഖ്യാനങ്ങളും ഇവയിൽ കാണാം.

വി. മത്തായി രണ്ട് ഉത്ഥാനസംഭവങ്ങൾ രേഖപ്പെടുത്തുന്നു: ശൂന്യമായ കല്ലറയിങ്കൽവച്ച് കർത്താവ് സ്ത്രീകൾക്ക് പ്രത്യക്ഷപ്പെടുന്നത് ഒന്ന്. ഗലീലിയിൽ വച്ച് 11 പേർക്ക് കാണപ്പെടുന്നത് മറ്റൊന്ന്. എന്നാൽ ഒരു സുവിശേഷകനും യേശുവിന്റെ ഉയിർപ്പ് വർണിച്ചിട്ടില്ല. അത് ദൈവപിതാവും യേശുവും തമ്മിലുള്ള ദൈവിക രഹസ്യത്തിൽ നടന്ന സംഭവമാണ്. ദിവ്യരഹസ്യത്തിന്റെ ഉള്ളറയിൽ നടന്ന സംഭവമാണ്. അതിനാൽ അത് നിർവചനാതീതമാണ്. അത് മാനുഷികാനുഭവത്തിന്റെ പരിധിക്ക് പുറത്തു നിൽക്കുന്നു. ഉത്ഥിതനായ കർത്താവുമായുള്ള കൂടിക്കാഴ്ചകളെ കുറിച്ചും അവൻ പറഞ്ഞ വാക്കുകളെ കുറിച്ചുമാണ് ആഖ്യാനപാരമ്പര്യം പ്രതിപാദിക്കുന്നത്. വിശ്വാസ പ്രഘോഷണപാരമ്പര്യത്തിൽ വിശ്വാസത്തെ സ്ഥിരീകരിക്കാനുള്ള കേന്ദ്രവസ്തുക്കൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ പുരുഷന്മാർ മാത്രമാണ് സാക്ഷികൾ. മറ്റതിൽ സ്ത്രീകൾക്ക് മുഖ്യ പങ്കുണ്ട്. അവർക്ക് പുരുഷന്മാരുടെ സാക്ഷ്യത്തേക്കാൾ പ്രാമാണ്യമുണ്ട്. അവയുടെ വിശദാംശങ്ങൾ വരെ വർണിച്ചിരിക്കുന്നു.

നമ്മുടെ കർത്താവ് വി. പൗലോസിന് കാണപ്പെട്ടതിനെപ്പറ്റി മൂന്നു വിവരണങ്ങളുണ്ട് (നടപടി,26,13; 9,7; 22,9). സൂര്യപ്രഭയെ വെല്ലുന്ന ഒരു പ്രകാശം ആഞ്ഞടിച്ചു. എബ്രായ ഭാഷയിൽ തന്നോട് സംസാരിക്കുന്ന സ്വരം അവൻ കേട്ടു. കൂടെ യാത്ര ചെയ്തിരുന്നവർ സ്വരം കേട്ടെങ്കിലും ആരെയും കണ്ടില്ല (9,7). മറ്റൊരിടത്ത് കാണുന്നത്, "ഒരു പ്രകാശം കണ്ടു. എന്നാൽ എന്നോട് സംസാരിച്ചവന്റെ സ്വരം അവർ കേട്ടില്ല" (22,9). ശൗലിന്റെ അനുഭവവും കൂടെ ഉണ്ടായിരുന്നവരുടെ അനുഭവവും വ്യത്യസ്തമായിരുന്നു എന്നതാണ് സാരം. ശൗലിന് ഒരു ദൗത്യവും ലഭിച്ചു. കൂടെയുണ്ടായിരുന്നവർ സാക്ഷികൾ മാത്രമായിരുന്നു. ശുദ്ധപ്രകാശമായ ഉത്ഥിതൻ തന്റെ വചനത്തിലൂടെ ദിവ്യദൗത്യം കൈമാറുന്നു. മാനുഷിക വിവരണങ്ങൾക്ക് ഉപരിസ്ഥമായ ഒരു സംഗതി ഡമാസ്കസിലേക്കുള്ള വഴിയിൽ വച്ച് സംഭവിച്ചു. അത് ശൗലിനെ ആഴമായി സ്പർശിച്ചു. അവനെ മറ്റൊരു വ്യക്തിയായി മാറ്റി.



malankaralibrary.com

സഭയുടെ വലിയ ശത്രുവായിരുന്നവൻ സഭയ്ക്ക് അടിത്തറ ഇടാൻ ഓടിനടന്നു, അതിനുവേണ്ടി രക്തസാക്ഷിയായി മരിച്ചു.

ശിഷ്യന്മാർ ആരും ഉത്ഥിതനെ ആദ്യം തിരിച്ചറിഞ്ഞില്ല. തിരിച്ചറിയാതിരിക്കുക, പിന്നെ തിരിച്ചറിയുക എന്നിങ്ങനെ രണ്ടു മാനങ്ങൾ ഈ വിവരണങ്ങളിലുണ്ട്. അത് എമ്മാവോസിലേക്ക് പോയ ശിഷ്യന്മാരുടെ അനുഭവത്തിലും (ലൂ.24,13-35) കടൽക്കരയിൽ മീൻ പിടിക്കാൻ പോയ ശിഷ്യന്മാരുടെ അനുഭവത്തിലും (യോഹ.21,1-14) കാണാം. അപ്പം മുറിക്കുന്നതിലൂടെ യേശു തന്നെത്തന്നെ വെളിപ്പെടുത്തുന്നു. എന്നാൽ അപ്രത്യക്ഷമാകലിലൂടെ അവനെ ശിഷ്യർ തിരിച്ചറിയുന്നു. ഇതാണ് സുവിശേഷങ്ങളിലെ വിവരണരീതി.

ഇനി നടപടിയിലെ വിവരണം നോക്കാം: നാൽപ്പതു ദിവസത്തേക്ക് അവൻ അവർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് ദൈവരാജ്യത്തെപ്പറ്റി പഠിപ്പിക്കുകയും അവരോടൊത്ത് ഭക്ഷണം കഴിക്കുകയും ജറുസലേം വിട്ടുപോകരുതെന്ന് കൽപ്പിക്കുകയും ചെയ്തു (നടപടി, 1,3-4). "ഭക്ഷണം കഴിക്കുക" എന്നതിന് "സ്യുനാലിത്സൊമെനോസ് "എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. "അവരോടൊപ്പം ഉപ്പു ഭക്ഷിച്ചു" എന്ന് പദാർഥം. ഉടമ്പടി സ്ഥാപിക്കുന്നതിന്റെ പ്രതീകമാണ് അപ്പവും ഉപ്പും പങ്കുവച്ചാസ്വദിക്കുന്നത് (സംഖ്യ,18,19; 2ദിന.13,5). ഈടുറപ്പിന്റെയും സ്ഥിരതയുടെയും ജാമ്യാടിസ്ഥാനമായിട്ടാണ് ഉപ്പിനെ പരിഗണിക്കുന്നത്. ജീവൻ സംരക്ഷിക്കുന്നതിനാണ് ഭക്ഷണം. പുതിയതും നിത്യം നിലനിൽക്കുന്നതുമായ ജീവൻ തന്റെ അനുയായികളുമായി യേശു പങ്കുവയ്ക്കുന്നു എന്നാണ് "ഉപ്പു തിന്നു"എന്നതിനർഥം. ഇതൊരുടമ്പടി സംഭവമാണ്. കർത്താവ് തന്റെ ശിഷ്യന്മാരെ താനുമായും ജീവിക്കുന്ന ദൈവവുമായും പുതിയ ഉടമ്പടി കൂട്ടായ്മയിലേക്ക് ആനീതരാക്കുന്നു.

ചരിത്ര ചക്രവാളങ്ങളെ പൊട്ടിപ്പിളർത്തി ഉല്ലംഘിക്കുകയും ചരിത്രത്തിന് അതീതമായി തീരുകയും ചെയ്ത ചരിത്രപരമായ സംഭവമാണ് ഉത്ഥാനം. ഇത് പരിണാമ ശൃംഖലയിലെ ഒരു വൻകുതിപ്പിന് സമമാണ്. ചരിത്രത്തിനപ്പുറത്തേക്ക് വിരൽ ചൂണ്ടുന്ന യേശുവിന്റെ ഉത്ഥാനം ചരിത്രത്തിനുള്ളിൽ തന്നെ അതിന്റെ പാദമുദ്രകൾ പതിപ്പിച്ചിരിക്കുന്നു. ഇത് ഒരു മിസ്റ്റിക്കൽ അനുഭവമല്ല. ചരിത്രസംഭവമാണ്. ചരിത്രാതീതസംഭവമാണ്, ചരിത്രത്തിന് ഉപരിസ്ഥമായ സംഭവവുമാണ്.



malankaralibrary.com

# 37

## നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം

നമ്മുടെ കർത്താവ് തന്റെ ഉത്ഥാനത്തിനുശേഷം 40 ദിവസത്തോളം ശിഷ്യർക്ക് കാണപ്പെട്ട് അവരെ വിശ്വാസത്തിൽ ഉറപ്പിച്ചു. യേശുവിന്റെ മരണത്തോടുകൂടി എല്ലാം തീർന്നില്ലെന്നും, ശരീരം കല്ലറയിൽ തന്നെ കിടന്നില്ലെന്നും, അവൻ ജീവിക്കുന്നെന്നും ശിഷ്യന്മാർക്ക് ബോധ്യം നൽകാനുള്ള പരിശ്രമമാണ് പ്രത്യക്ഷീകരണങ്ങളിൽ നാം കാണുന്നത്. "യേശു ഇപ്പോഴും ജീവിക്കുന്നു, അവൻ ജീവൻ തന്നെയാണ്" എന്ന് ലോകത്തിനു മുമ്പിൽ പ്രഘോഷിക്കാനുള്ള ദൗത്യവും അവർക്ക് അതിലൂടെ ലഭിച്ചു.

ഉത്ഥിതനായ യേശുവിനു ചുറ്റും ഇസ്രായേൽ ജനത്തെ ഒന്നിച്ചു കൂട്ടാനുള്ള ചുമതലയാണ് ഒന്നാമതായി അവർക്ക് ലഭിച്ചത്. എന്നാൽ ഇസ്രായേലിൽ അനേകർ അത് തിരസ്കരിച്ചതിനാൽ, വിജാതിയരിലേക്ക്-എല്ലാ ജനതകളിലേക്കും-തിരിയാനുള്ള ദൗത്യം അവർ ഏറ്റെടുത്തു (മത്താ.28,18-19; നടപടി,1,8;22,21).

യേശു ശിഷ്യരിൽ നിന്ന് വിടവാങ്ങുന്ന കാര്യം ലൂക്കാ ഇപ്രകാരം പ്രസ്താവിക്കുന്നു: "യേശു ശിഷ്യന്മാരെ ബഥാനിയായിൽ വച്ച് കൈകൾ ഉയർത്തി അനുഗ്രഹിച്ചു. അനുഗ്രഹിച്ചു കൊണ്ടിരിക്കെ അവൻ അവരിൽ നിന്നു മറയുകയും സ്വർഗത്തിലേക്ക് സംവഹിക്കപ്പെടുകയും ചെയ്തു. അവർ അവനെ ആരാധിച്ചു. അത്യന്തം ആഹ്ലാദത്തോടെ അവർ ജറുസലേമിലേക്ക് മടങ്ങി. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട്, സദാസമയവും ദൈവാലയത്തിൽ കഴിഞ്ഞുകൂടി" (ലൂ. 24,50-53). യേശുവിന്റെ പുതിയതരം സാന്നിധ്യത്തെ കുറിച്ച് ശിഷ്യന്മാർക്ക് ഉറച്ച ബോധ്യമുണ്ടായി. അവനിപ്പോൾ നവീനരീതിയിൽ സന്നിഹിതനാണെന്ന്



malankaralibrary.com

അവർ മനസ്സിലാക്കി (മത്താ.28,20). അതുകൊണ്ടാണ് അവർക്ക് അത്യന്തം ആഹ്ലാദം ഉണ്ടായത്.

സ്വർഗാരോഹണസംഭവം നടപടിപുസ്തകത്തിലും വിവരിക്കുന്നു (1,6-11). ശിഷ്യരുടെ മനസ്സിൽ ദൈവരാജ്യത്തെപ്പറ്റി പഴയ ആശയങ്ങൾ നിഴലിച്ചുനിന്നു (നട.1,6). ദാവീദിന്റെ രാജ്യഭരണത്തിന് തുല്യമായ ഒന്നായിരുന്നു അവരുടെ മനസ്സിൽ നിറഞ്ഞു നിന്നത്. യേശുവാകട്ടെ ദൈവരാജ്യത്തെ കുറിച്ച് പഠിപ്പിച്ചു. "അവൻ അവർക്ക് വേണ്ടത്ര തെളിവുകൾ നൽകിക്കൊണ്ട് ജീവിക്കുന്നവനായി കാണപ്പെട്ടു" (1,3). പരിശുദ്ധാത്മാവാസത്താൽ ശിഷ്യർ നിറയുമെന്ന വാഗ്ദാനം കൊണ്ടും ലോകാതിർത്തി വരെ തനിക്ക് സാക്ഷികളാകണമെന്ന ദൗത്യംകൊണ്ടും യേശു പ്രത്യുത്തരിച്ചു.

"അവൻ ഉന്നതത്തിലേക്ക് സംവഹിക്കപ്പെട്ടു. ഒരു മേഘം വന്ന് അവനെ മറച്ചു" (1,9). ഇത് ദൈവശാസ്ത്ര ഭാഷയാണ്. മേഘം ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്നു (പുറ.40,34-35; 13,21-22; മത്താ.17,5; മർക്കോ.9,7; ലൂ.9,34-35). ദൈവത്തിന്റെ രഹസ്യത്തിലേക്കുള്ള പ്രവേശനമായിരുന്നു യേശുവിന്റെ കരേറ്റമെന്ന് മേഘം സൂചിപ്പിക്കുന്നു. "ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു" എന്നു പറഞ്ഞാൽ (സങ്കീ.110), കാലദേശങ്ങളുടെ മേലുള്ള സാർവത്രിക ദൈവികാധിപത്യത്തിൽ പങ്കുചേരുക എന്നാണർഥം. യേശു ഉപവിഷ്ഠനായിരിക്കുന്നത് ദാവീദിന്റെ കർത്താവെന്ന നിലയിൽ ദൈവിക സിംഹാസനത്തിലാണ്, ദാവീദിന്റെ ഭൗമിക സിംഹാസനത്തിലല്ല.

ജീവിക്കുന്ന ദൈവത്തിന്റെ ജീവനിലേക്കും ശക്തിയിലേക്കും ഒന്നാകാനായി പ്രവേശിക്കുന്ന യേശു സ്ഥലത്തിന്റെ മേലുള്ള ദൈവത്തിന്റെ സർവാധിപത്യത്തിലേക്കും പരമാധികാരത്തിലേക്കും കാലെടുത്തു വയ്ക്കുകയാണ്. ഇപ്പോൾ എന്നേക്കുമായി ദൈവത്തിന്റെ സ്വന്തം ശക്തിയാൽ നമുക്കു വേണ്ടിയും നമ്മുടെ കൂടെയും അവൻ സന്നിഹിതനാണ്. അവന്റെ പോക്ക് അവന്റെ വരവാണ്. വിടവാങ്ങൽ ആഗമനമാണ്. അതുകൊണ്ടാണ് അവർ അത്യന്തം ആഹ്ലാദിച്ചത്.

സ്വർഗാരോഹണത്തിനു മുമ്പ് ഒരു പ്രത്യേക സ്ഥലത്തുമാത്രം ജീവിച്ചവൻ, ഇപ്പോൾ എല്ലായിടത്തും സന്നിഹിതനാണ്. അവൻ ദൈവത്തിന്റെ മലമുകളിലാണ്. അവനെ എപ്പോൾ വേണമെങ്കിലും നമുക്ക് വിളിക്കാം. അവൻ നമ്മെ കാണുകയും കേൾക്കുകയും ചെയ്യുന്നു.



malankaralibrary.com

എന്നാൽ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ബന്ധപ്പെട്ടിരുന്ന രീതിയിൽ ഇപ്പോൾ യേശുവിനോട് ബന്ധപ്പെടാനാവില്ല. മാനുഷികസൗഹൃദത്തിന്റെയും സന്ധിക്കലിന്റെയും രീതി കടന്നുപോയി. ഇപ്പോൾ മുതൽ യേശുവിനെ പിതാവിനോടൊന്നിച്ചു മാത്രമേ സ്പർശിക്കാനാവൂ. ഉയർത്തപ്പെട്ടാലേ നമുക്ക് അവനെ തൊടാനാകൂ. പിതാവിന്റെ അടുക്കലേക്ക് കയറിയാലേ അവനെ സ്പർശിക്കാനാകൂ. അതുകൊണ്ടാണ് “നീയെന്നെ തൊടരുത്” എന്ന് മഗ്ദലന മറിയത്തോട് കർത്താവ് പറഞ്ഞത് (യോഹ.20,17).

ദൈവപുത്രന്റെ ആദ്യത്തെ വരവ് മാംസത്തിലും ബലഹീനതയിലുമായിരുന്നു. ഇടയ്ക്കുള്ള ഇപ്പോഴത്തെ വരവ് ആത്മാവിലും ശക്തിയിലുമാണ്. അവസാനത്തെ ആഗമനം തേജസ്സിലും പ്രൗഢിയിലും ആയിരിക്കും (നട.1,11). ഈ കർത്താവ് വരാനായി നമുക്ക് പ്രാർഥിക്കാം. മാറാനാതാ.



malankaralibrary.com

# മലയാളത്തിലുള്ള ചില പട്രിസ്റ്റിക് ടെക്സ്റ്റുകൾ

ഡിഡാക്കെ
റോമിലെ വി.ക്ലെമെന്റ്, കോറിന്തോസുകാർക്കെഴുതിയ ലേഖനം
അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ ഏഴു ലേഖനങ്ങൾ
ഹിയെരാപ്പൊളീസിലെ പപ്പിയാസിന്റെ രേഖാശകലങ്ങൾ
വി. പോളിക്കാർപ്പ് ഫിലിപ്പിയർക്കെഴുതിയ ലെഖനം
വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം
ബർണബാസിന്റെ ലേഖനം
ഡയഗ്നേറ്റസിനുള്ള ലേഖനം
ഹെർമാസിന്റെ ഇടയൻ
റോമിലെ വി. ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന “രണ്ടാം ലേഖനം”
ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന “കന്യകകൾക്കുള്ള രണ്ടു കത്തുകൾ”
ഡിഡസ്കാലിയാ
സാർദിസിലെ മെലിറ്റോയുടെ പെസഹാപ്രസംഗം
വി. ഗ്രിഗറി നസ്യാൻസൻ, പെസഹാപ്രസംഗം
വി. സിപ്രിയാൻ, കത്തോലിക്കാ സഭയുടെ ഐക്യം
വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ
വി. സിപ്രിയാൻ, പ്രാർഥനയെപ്പറ്റി
സോളമന്റെ ഗീതകങ്ങൾ
ഹിപ്പോളിറ്റസ്, അപ്പസ്തോലികപാരമ്പര്യം
എവാഗ്രിയസ്, പ്രാക്തിക്കോസ്
എവാഗ്രിയസ്, പ്രാർഥനയെപ്പറ്റി
എവാഗ്രിയസ്, പ്രാർഥിക്കാനുള്ള ഉപദേശം
ആദായിയുടെ പ്രബോധനം
സെറാപിയോൻ, പ്രാർഥനക്രമം (എവുക്കൊലോഗിയോൻ)
മർക്കോസിന്റെ അനാഫറ
ദെർ ബലീസെ പപ്പീറസ്
ഈബാസ് മാരിക്കയച്ചകത്ത് (ഇംഗ്ലീഷിൽ)
ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്
മാർ തോമായുടെ നടപടികൾ
പെക്തോറിയുസിന്റെ ശിലാലിഖിതം



malankaralibrary.com

## മലയാളത്തിലുള്ള ചില പട്രിസ്റ്റിക് ടെക്സ്റ്റുകൾ

അബേർചിയുസിന്റെ ശിലാലിഖിതം
വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം
ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ
തെർത്തുല്യൻ, പ്രാർത്ഥനയെപ്പറ്റി
ഒരിജൻ, പ്രാർത്ഥനയെപ്പറ്റി
ഒരിജൻ, ഉത്തമഗീതഭാഷ്യം
ഒരിജൻ, ലൂക്കാഭാഷ്യം
യോഹന്നാന്റെ സുവിശേഷം, ഒരിജന്റെ ഭാഷ്യം
അലക്സാണ്ട്രിയയിലെ ക്ലെമെന്റ്, പ്രാർത്ഥനയെപ്പറ്റി
ജറുസലേമിലെ വി. സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ
വി. ജോൺ ക്രിസൊസ്തോം, പ്രാർത്ഥനയെപ്പറ്റി
വി. ജോൺ ക്രിസൊസ്തോം, ക്രിസ്തുശാസ്ത്രം
വി. ജോൺ ക്രിസൊസ്തോം, ബാബിലാസിന്റെ ചരിത്രം
വി. ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ
വി. ഗ്രിഗറി നീസ്സാ, കർതൃപ്രാർത്ഥന
വി. ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം
വി. അഗസ്റ്റിൻ, പ്രാർത്ഥനയെപ്പറ്റി
വി. അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ
വി. ബേസിൽ, പ്രാർത്ഥനയെപ്പറ്റി
വി. ജറോം, പ്രാർത്ഥനയെപ്പറ്റി
വി.ജറോം, മഹദ്വ്യക്തികൾ
ജന്നാഡിയുസ്, മഹദ്വ്യക്തികൾ
വി. ജോൺ ഡമഷീൻ, സത്യവിശ്വാസം
ബർ എബ്രായാ, പ്രാർത്ഥനയെപ്പറ്റി
ബർ എബ്രായാ, സഭാചരിത്രം രണ്ടാം ഭാഗം
മാർ അഫ്രാത്, പ്രാർത്ഥനയെപ്പറ്റി
മാർ അപ്രേം, പ്രാർത്ഥനയെപ്പറ്റി
മാർ അപ്രേം, പറുദീസാ ഗീതങ്ങൾ
മാർ അപ്രേം, ഉത്പത്തിഭാഷ്യം
മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ
മാർ അപ്രേം, കന്യാത്വഗീതങ്ങൾ
മാർ അപ്രേം, വിശ്വാസഗീതങ്ങൾ
മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സാറോൺ ഭാഷ്യം)



malankaralibrary.com

## മലയാളത്തിലുള്ള ചില പട്രിസ്റ്റിക് ടെക്സ്റ്റുകൾ

മാർ അപ്രേം,നിസിബിയൻ ഗീതങ്ങൾ
മാർ അപ്രേം,സഭാഗീതങ്ങൾ
മാർ അപ്രേം,പെസഹാഗീതങ്ങൾ (പുളിപ്പില്ലാത്ത അപ്പം, ക്രൂശാരോഹണം, സ്വർഗോരോഹണം എന്നിവയെപ്പറ്റി)
മാർ അപ്രേം,ഉപവാസഗീതങ്ങൾ
മാർ അപ്രേം,പ്രസെഗങ്ങൾ വാല്യം-1
മാർ അപ്രേം,പ്രസംഗങ്ങൾ,വാല്യം2
മാർ അപ്രേം,രക്തസാക്ഷികൾ (രക്തസാക്ഷികളെപ്പറ്റി, പ്രഭാഷണങ്ങൾ)
മാർ അപ്രേമിന്റെസന്യാസനിയമങ്ങൾ
സോപാനഗ്രന്ഥം (ലീബർ ഗ്രാദൂം), പ്രാർഥനയെപ്പറ്റി
അപ്പമെയായിലെ യോഹന്നാൻ, പ്രാർഥനയെപ്പറ്റി
മാർ ഫീലൊക്സീനുസ്, പരിശുദ്ധാത്മാവിന്റെ ആവാസത്തെക്കുറിച്ച്,
മാർ ഫീലൊക്സീനുസ്, പ്രാർഥനയെ കുറിച്ച് മൂന്നു രേഖകൾ
മാർ ബാബായ്, പ്രാർഥനയെക്കുറിച്ച് കുറിയാക്കോസിനുള്ള കത്ത്
അജ്ഞാതഗ്രന്ഥകാരൻ, പ്രാർഥനയെപ്പറ്റി (രണ്ടു രേഖകൾ 6/7നൂ.)
നഥ്ഫാറിലെ അബ്രഹാം, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
യൗസേപ്പ് ഹസ്സായാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
യോഹന്നാൻ ദല്യാതാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
നിനവേയിലെ ഇസഹാക്ക്, പ്രാർഥനയെപ്പറ്റി നാല് രേഖകൾ
സഹ്ദോണാ, പ്രാർഥനയെക്കുറിച്ച്
മൂറത്തോറിയൻ രേഖാശകലം
എവുസേബിയസ്, സഭാചരിത്രം
സൊക്രാട്ടസ്, സഭാചരിത്രം
മൊപ്സുവെസ്ത്യായിലെ തിയഡോർ, മതാധ്യാപന പ്രസംഗങ്ങൾ
മൊപ്. തിയഡോർ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം
സൈറസിലെ തിയഡൊറേറ്റ്, ക്രിസ്തുശാസ്ത്രം (എരാനിസ്തെസ്)
വി. അത്തനേഷ്യസ്, വി.അന്തോണിയോസിന്റെ ജീവചരിത്രം
വി. ലെയോ, ഫ്‌ളാവിയന് അയച്ച കത്ത്
അൻസീറാ, നെയോ ചെസാറിയാ, ഗാംഗ്ര സിനഡുകൾ
മാർ മാറൂഥായുടെ കാനോനകൾ
സിനോഡിക്കോൻ ഓറിയെന്താലെ
ആദ്യത്തെ ഏഴ് എക്യുമേനിക്കൽ സൂനഹദോസുകൾ
ഈശോദാദ്, പുതിയനിയമഭാഷ്യം



malankaralibrary.com

ഈശോദാദ്, സുവിശേഷഭാഷ്യം
പ്രാചീനസന്യാസചരിത്രം (പല്ലാഡിയുസിന്റെ ലൗസിയാക് ചരിത്രം)
ഷിതോപൊളീസിലെ സിറിൽ, വി.എവുതീമിയസിന്റെ ജീവചരിത്രം
ഷിതോപൊളീസിലെ സിറിൽ, പലസ്തീനയിലെ സന്യാസികൾ
മാർ ബാബായ്, ക്രിസ്തുശാസ്ത്രം (*ലീബർ ദെ യൂണിയോണെ*)
അറബികളുടെ മെത്രാനായ ഗീവർഗീസ്, കൂദാശാഭാഷ്യം
മോശബർകേഫാ, കൂദാശാഭാഷ്യം
ഡയനീഷ്യസ് ബർ സലീബി, കൂദാശാഭാഷ്യം
സെവുഡോ ഡയനീഷ്യസ്, കൂദാശാഭാഷ്യം
ഗബ്രിയേൽ ഖത്രായാ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കാറ്റലോഗ്
മാർ യേശുദ്നാഹ്, സന്യാസചരിത്രം
മാർ തിമോതി രണ്ടാമൻ, കൂദാശാഭാഷ്യം
അർബേലിലെ ജോർജ് (ഗീവർഗീസ്), കൂദാശാഭാഷ്യം
അബ്രഹാം ബർലീഫേ, കൂദാശാഭാഷ്യം
അപ്പസ്തോലികകാനോനകൾ
മാർ ദാദീശോ ഖത്രായാ, ഏകാന്തജീവിതത്തെപ്പറ്റി (അഞ്ചു ഭാഗങ്ങൾ)
മാർ റാബൂളയുടെ സന്യാസനിയമങ്ങൾ
മാർ അബ്രഹാമിന്റെ സന്യാസനിയമങ്ങൾ
മാർ ദാദീശോയുടെ സന്യാസനിയമങ്ങൾ
മാർ ബാബായിയുടെ സന്യാസനിയമങ്ങൾ
മാർ ഫീലൊക്സീനൂസിന്റെ സന്യാസനിയമങ്ങൾ
മാർ യാക്കോബിന്റെ സന്യാസനിയമങ്ങൾ
മാർ കുറിയാക്കോസിന്റെ സന്യാസനിയമങ്ങൾ
മാർ അപ്രേമിന്റെ സന്യാസനിയമങ്ങൾ
വി. അഗസ്റ്റിൻ, ഗിരിപ്രഭാഷണം
വി. അഗസ്റ്റിൻ, യോഹന്നാന്റെ സുവിശേഷഭാഷ്യം (വി. യോഹന്നാന്റെ സുവിശേഷം ആഗസ്തീനോസിന്റെ ഭാഷ്യം).
വി. ജോൺ ക്രിസൊസ്തോം, ശ്ലീഹന്മാരുടെ നടപടികൾ (ശ്ലീഹന്മാരുടെ നടപടികൾ, ജോൺ ക്രിസൊസ്തോമിന്റെ ഭാഷ്യം)



malankaralibrary.com

# ചേടിയത്തച്ചന്റെ പുസ്തകങ്ങൾ

1. പൈതൃകപ്രബോധനം, അഞ്ചൽ, 1973.
2. പെരുന്നാളുകളും വേദവായനക്കുറിപ്പും, TVM, 1973.
3. കൂദാശീത്തോ ഞായർ, തിരുവനന്തപുരം, 1973.
4. സഭാപിതാക്കാർ, കോട്ടയം, 1980.
5. മലങ്കരഗീതങ്ങൾ, കോട്ടയം, 1981.
6. ക്രൈസ്തവഗീതങ്ങൾ, കോട്ടയം, 1982.
7. സുറിയാനി സഭാപിതാക്കാർ, കോട്ടയം, 1982.
8. വി.ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം,(Ed.), TVM, 1982.
9. വി.ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന (Ed.),കോട്ടയം,1982.
10. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം, കോട്ടയം, 1982.
11. ബൈബിൾ ഗീതങ്ങൾ,കോട്ടയം,1983.
12. മാർ തോമായുടെ ദുക്റാനാ, കോട്ടയം,1984.
13. തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 1986.
14. അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം, 1986.2013.
15. ഒരിജൻ, ഉത്തമഗീതഭാഷ്യം,കോട്ടയം,1986.
16. സഭാപിതാക്കന്മാർ-1, കോട്ടയം,1987.
17. ഡിഡസ്കാലിയ, കോട്ടയം,1987.
18. മാതൃകീർത്തനങ്ങൾ,1988. 2011.
19. സഭാപിതാക്കന്മാർ,-2, കോട്ടയം,1988.
20. മാർ മാരൂഥാ-കാനോനകൾ, കോട്ടയം,1989.
21. സൊക്രാട്ടസ്, സഭാചരിത്രം,കോട്ടയം, 1990.
22. ബർ എബ്രായാ, സഭാചരിത്രം,കോട്ടയം,1990.
23. ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം, 1990.
24. സന്യാസത്തിന്റെ അന്തർധാര, കോട്ടയം,1992.
25. ലത്തീൻ സഭാപിതാക്കന്മാർ, കോട്ടയം,1992.
26. ജറോം-ജന്നാഡിയസ്, മഹദ്വ്യക്തികൾ, കോട്ടയം,1992.
27. ഹെർമാസിന്റെ ഇടയൻ, കോട്ടയം,1992.
28. പ്രാർഥന സഭയിൽ, കോട്ടയം 1993.
29. പ്രാർഥന സുറിയാനി സഭയിൽ, കോട്ടയം, 1993.
30. യഹോവാസാക്ഷികൾ,കോട്ടയം,1993.
31. പ്രാചീന സന്യാസചരിത്രം, കോട്ടയം, 1993.
32. ആദിമസഭാപിതാക്കന്മാർ, കോട്ടയം, 1993.
33. ത്രിയേക ദൈവം, കോട്ടയം, 1993.



malankaralibrary.com

34. ആദിമസഭയുടെ സന്ദേശം, കോട്ടയം, 1994.
35. പലസ്തീനയിലെ സന്യാസികൾ, തിരുവനന്തപുരം, 1994.
36. എവുതീമിയസിന്റെ ജീവചരിത്രം, തിരുവനന്തപുരം, 1994.
37. സത്യദൈവവും സത്യാരാധനയും, കോട്ടയം, 1995.
38. അപ്പസ്തോലിക പിതാക്കന്മാർ, കോട്ടയം, 1996.
39. സഭാചരിത്രപഠനങ്ങൾ, കോട്ടയം,1996 .
40. സൂനഹദോസുകൾ, കോട്ടയം, 1996.
41. സിനോഡിക്കോൺ ഓറിയെന്താലെ, കോട്ടയം, 1996.
42. മാർ ഈശോദാദ്, സുവിശേഷഭാഷ്യം, കോട്ടയം,1997.
43. മാർ തോമായുടെ നടപടികൾ, കോട്ടയം,1998.
44. മലങ്കരസഭാചരിത്രം-1, തിരുവനന്തപുരം, 1998.തിരുവല്ല, 2000.
45. എവുസേബിയസ്, തിരുസഭാചരിത്രം, കോട്ടയം,1998.
46. എക്യൂമെനിസം, കോട്ടയം, 1998.
47. കേരളത്തിലെ ക്രൈസ്തവസഭകൾ, കോട്ടയം,1998.
48. ശിശുസ്നാനം വേദാനുസൃതം,കോട്ടയം,.1998.
49. പൗരസ്ത്യകാതോലിക്കോസ്, കോട്ടയം,1999.
50. സഭാപിതാക്കന്മാർ-3, കോട്ടയം, 2000.
51. വി.സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2000.
52. കുർബാനയുടെ വ്യാഖ്യാനങ്ങൾ, കോട്ടയം, 2000.
53. മാർ ബാബായ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2000.
54. മധ്യകാലസഭാചരിത്രം, കോട്ടയം, 2000.
55. പട്രിസ്റ്റിക് ക്വിസ്, കോട്ടയം, 2001.
56. മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 2001.
57. മാർ അപ്രേം, ഉൽപത്തിഭാഷ്യം, കോട്ടയം, 2001.
58. മാർ അപ്രേം, പറുദീസാഗീതങ്ങൾ, കോട്ടയം, 2001.
59. മാർ അപ്രേം, കന്യാത്വഗീതങ്ങൾ, കോട്ടയം, 2001.
60. മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001.
61. മാർ അപ്രേം, സുവിശേഷഭാഷ്യം, കോട്ടയം, 2002.
62. മാർ ഈശോദാദ്, പുതിയനിയമഭാഷ്യം, കോട്ടയം, 2002.
63. മാത്യൂസ് മാർ അത്തനാസ്യോസിന്റെ കാനോനാകൾ, കോട്ടയം, 2002.
64. വി. ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2003.
65. ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്, 2003.
66. വിശുദ്ധ ജോൺ ഡമഷീൻ, സത്യവിശ്വാസം, കോട്ടയം, 2003.
67. വിശുദ്ധ അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ,KTM, 2003.
68. ഒരിജൻ, ലൂക്കാഭാഷ്യം, കോട്ടയം, 2005.
69. യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം, കോട്ടയം, 2005.
70. കത്തോലിക്കാവിശ്വാസവും പെന്തക്കോസ്ത് വീക്ഷണങ്ങളും, 2005 .



malankaralibrary.com

71. യോഹന്നാന്റെ സുവിശേഷം-തിയഡോറിന്റെ ഭാഷ്യം, 2006.
72. പ്രാചീന സന്യാസനിയമങ്ങൾ, കോട്ടയം, 2006.
73. വി. ജോൺ ക്രിസൊസ്തോം-ക്രിസ്തുശാസ്ത്രം, കോട്ടയം, 2006.
74. പട്രോളജി, വാല്യം,1, കോട്ടയം, 2006.
75. പട്രോളജി, വാല്യം-2, കോട്ടയം, 2006. .
76. മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്, തിരുവനന്തപുരം,2006.
77. സൈറസിലെ തിയഡൊറെറ്റ്, ക്രിസ്തുശാസ്ത്രം കോട്ടയം, 2007.
78. കമ്മൂണിയോ ഇൻ ക്രിസ്തോ - നിയമാവലി, TVM, 2007.
79. പട്രോളജി, വാല്യം-3, കോട്ടയം, 2008.
80. മാർ അപ്രേം, വിശ്വാസഗീതങ്ങൾ, കോട്ടയം, 2008.
81. സുറിയാനിസഭാസാഹിത്യം,കോട്ടയം,2008.
82. മാർ അപ്രേം, നിസിബിയൻ ഗീതങ്ങൾ,കോട്ടയം,2009.
83. മാർ അപ്രേം, സഭാഗീതങ്ങൾ,കോട്ടയം,2009.
84. മാർ അപ്രേം,പെസഹാഗീതങ്ങൾ,കോട്ടയം,2009.
85. മാർ അപ്രേം, ഉപവാസഗീതങ്ങൾ,കോട്ടയം,2009.
86. സാക്ഷികളുടെ നിര,2009.
87. മാർ അപ്രേം,പ്രസംഗങ്ങൾ,വാല്യം-1, കോട്ടയം,2010.
88. വി. ഗ്രിഗറി നീസ്സാ-മോശയുടെ ജീവചരിത്രം,കോട്ടയം,2010.
89. മാർ അപ്രേം,പ്രസംഗങ്ങൾ,വാല്യം-2,കോട്ടയം,2011.
90. മാർ അപ്രേം, രക്തസാക്ഷികൾ, കോട്ടയം, 2012.
91. മോശയുടെ ഗ്രന്ഥം-ഒരിജന്റെ പ്രസംഗങ്ങളിൽ, കോട്ടയം, 2012.
92. മാർ അപ്രേം, രക്തസാക്ഷികൾ, കോട്ടയം, 2012.
93. എക്യൂമെനിസത്തിന്റെ മറുവശം, പത്തനംതിട്ട, 2013.
94. മലങ്കര കത്തോലിക്കാസഭ,കോട്ടയം, 2013.
95. ഒരിജന്റെ വീക്ഷണങ്ങൾ, കോട്ടയം, 2016.
96. സങ്കീർത്തനങ്ങളിലെ മിശിഹാ, കോട്ടയം, 2016.
97. നമ്മുടെ കർത്താവായ യേശുമിശിഹാ,പത്തനംതിട്ട,2017.
98 The Christology of Mar Babai the Great, 1982.
99. Bibliographical Survey (co-ed.), 1983.
100. Ecumenism in Danger (co-ed.), 1986.
101. St.Thomas the Apostle of India, by +Martin Gielen, (ed.), 1991.
102. Mar Babai, Some Useful Counsels on the Ascetical Life, KTM, 2001 .
103. Christology, Kottayam,2002.
104. The Malankara Catholic Church, Kottayam, 2003.2012.
105. Archbishop Mar Ivanios in his Thoughts,(ed.) TVM 2004.
106. The Catholicos of the East, (tr. A .J. Joy) Trivandrum, 2005.
107. Die malankarisch-katholische Kirche, Kottayam, 2012.



malankaralibrary.com

# Bibliography

**Josef Ratzinger/Pope Benedict XVI, Jesus von Nazareth,**
Citta del Vaticano-Milano:
I.Teil: Von Taufe im Jordan bis zur Verklaerung, 2007;
II.Teil: Vom Einzug in Jerusalem bis zur Auferstehung, 2011;
III. Die Kindheitsgeschichten, 2012.
**ജോസ് മാണിപ്പറമ്പിൽ, നാത്സറേത്തിലെ യേശു, ആളൂർ,**
വാല്യം, 1, മാമോദീസാ മുതൽ രൂപാന്തരീഭാവം വരെ, 2013;
വാല്യം 2, ജറുസലേം പ്രവേശനം മുതൽ തിരുവുത്ഥാനം വരെ, 2011;
വാല്യം 3, യേശുവിന്റെ ബാല്യകാല ചരിത്രകഥകൾ, 2013.

## മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ

1. ജി. ചേടിയത്ത്, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).
2. ............, *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).
3. ............, *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).
4. ............, *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (*ഉൽപ്പത്തിഭാഷ്യം*, പേജ് 11-161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178-241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, പേജ്, 242-278.) (OIRSI-257).
5. ............, സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം, 2002, പേജ്, 358 (OIRSI-263).
6. ............, *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്,264 (*വിശ്വാസഗീതങ്ങൾ*, പേജ്, 1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206-255) (OIRSI-301).
7. ............, *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI -309).
8. ............, *സഭാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 124, (OIRSI-310).
9. ............, *പെസഹാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 96 (OIRSI-312).
10. ............, *ഉപവാസഗീതങ്ങൾ*, കോട്ടയം, 2009, പേജ് 160 (OIRSI-318).
11. ............, *പ്രസംഗങ്ങൾ, -വാല്യം 1.*, കോട്ടയം, 2010, പേജ് 124, (OIRSI-326).
12. ............, *പ്രസംഗങ്ങൾ, വാല്യം 2.*, കോട്ടയം, 2011, പേജ് 256, (OIRSI-336).
13. ............, *രക്തസാക്ഷികൾ,കോട്ടയം,2012, പേജ്,110,* (OIRSI-357).



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



“പിതാവുമായുള്ള സമ്പൂർണ യോജിപ്പിന്റെ വെളിച്ചത്തിൽ യേശുവിനെ കാണുകയാണ് ഈ പുസ്തകം. യേശുവിന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രം ദൈവപിതാവാണ്. ഈ കേന്ദ്രത്തിൽ നിന്നാണ് അവിടുന്ന് ഇന്നും നമുക്ക് സന്നിഹിതനാകുന്നത്...അവിടുന്ന് മാംസം ധരിച്ചാണ് ധരയിലേക്ക് എഴുന്നെള്ളിയത്. അങ്ങനെ ദൈവം സത്യമായും ചരിത്രത്തിലേക്ക് പ്രവേശിച്ചു...സുവിശേഷങ്ങളിലെ യേശുരൂപം യഥാർഥ യേശുരൂപമായി ചിത്രീകരിക്കാൻ ഞാൻ ആഗ്രഹിച്ചു. ചരിത്രത്തിലെ യേശു സുവിശേഷങ്ങളിലെ യേശുവാണെന്ന് ചിത്രീകരിക്കാൻ ഞാൻ പരിശ്രമിച്ചു. അവിടുത്തെ ദൈവത്വം അവിടുന്ന് നമുക്ക് പങ്കുവച്ചുതന്നു. കർത്താവിന്റെ മുഖം തേടിയുള്ള എന്റെ അന്വേഷണത്തിൽ നിന്ന് രൂപപ്പെട്ടതും അതിന്റെ പ്രകാശനവുമാണ് ഈ പുസ്തകം. കർത്താവിന്റെ രൂപത്തിന്റെ ഒരുൾക്കാഴ്ച, ഒരന്തർദർശനം, എനിക്കു ലഭിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ആ ഉൾക്കാഴ്ച യേശുവുമായുള്ള കൂടിക്കാഴ്ച തേടുന്നു, അവനിൽ വിശ്വസിക്കാൻ വേണ്ടി അന്വേഷണം നടത്തുന്നു. എല്ലാ വായനക്കാർക്കും ഈ ഗ്രന്ഥം ഉപകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു”.

(ബനഡിക്ട് മാർപാപ്പാ, നസ്രത്തിലെ യേശു എന്ന ഗ്രന്ഥത്തിൽ നിന്ന്)

malankaralibrary.com